**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

**(2022 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത് )**

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

പതിനഞ്ചാം  കേരള നിയമസഭ

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി**
**(2021-2023)**

ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം 6-ാം  തീയതി സഭയിൽ സമർപ്പിച്ചത് )

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04  മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

31/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | .. | 98 |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശുപാർശകളും | | |
| അനുബന്ധം II : | .. | 107 |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023) യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 നവംബർ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി രാമകൃഷ്ണൻ

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2022 ഡിസംബർ 6.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 മുതൽ 2016-17 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

## മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ

**ഓഡിറ്റ് ഖണ്ഡിക**

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | | പരാമർശം | തുക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| വേങ്ങര | 1997-98 | 1 | കുഴൽക്കിണർ | 30,600 |
| | | 2 | വിധവാ പെൻഷൻ | 6,510 |
| എടരിക്കോട് | 1999-2000 | 1 | മണ്ണിട്ട് നികത്തൽ (വിവിധ മരാമത്തുകൾ) | 14,457 |
| മാറഞ്ചേരി | 1997-98 | 1 | റോഡ് നിർമ്മാണം (വിവിധ മരാമത്തുകൾ) | 14,241 |
| | | 2 | ഫർണിച്ചർ വാങ്ങൽ | 79,000 |
| ആലങ്കോട് | 1998-99 | | ട്രാക്ടർ വാങ്ങിയത് | 3,73,673 |
| കരുവാരക്കുണ്ട് | 1998-99 | 1 | പുന്നക്കാട് ആനവാരിക്കൽ വി.സി.ബി.-കം-ബ്രിഡ്ജ് | 34,020 |
| | 1999-2000 | 1 | ബസ്സ്റ്റാന്റ് ലേലം | 18,800 |
| | | 2 | വി.സി.ബി. നിർമ്മാണം | 91,274 |
| | | 3 | പുന്നക്കാട് കളിസ്ഥല നിർമ്മാണം | 1,24,629 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| മുത്തേടം | 1-4-2000-30-9-2001 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | 1 | വരവിനം | 8,679 |
| | | 2 | രേഖകളില്ലാതെ അധികമായി പിൻവലിച്ച തുക | 1,04,023 |
| | | 3 | റോഡ് പണി | 59,027 |
| | 1-4-1997-31-3-2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | 1 | പണം രേഖകളില്ലാതെ പിൻവലിച്ചത് | 1,45,09,768 |
| | | 2 | മുൻകൂർ ക്രമീകരിക്കാത്തത് | 12,800 |
| | | 3 | അധിക തുക പിൻവലിച്ചത് | 19,616 |
| | | 4 | കൃഷി പദ്ധതികൾ | 27,005 |
| | | 5 | ഐ.സി.ഡി.എസ്. | 19,774 |
| | | 6 | കെട്ടിട നിർമ്മാണം | 12,000 |
| | | 7 | റോഡ് നിർമ്മാണം | 1,75,038 |
| | | 8 | ജലസേചനം | 43,063 |
| വഴിക്കടവ് | 2000-01 | 1 | മണിയോഡർ തിരിച്ചുവന്നത് വരവു വെക്കാത്തത് | 4,560 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | | 2 | കുടിവെള്ള പദ്ധതി | 37,178 |
| | | 3 | റോഡ് | 1,64,622 |
| വെളിയങ്കോട് | 1997-98 | 1 | വീട് നിർമ്മാണം | 21,000 |
| | 1998-99 | 2 | തണ്ണിത്തുറ-ബദർപള്ളി റോഡ് | 12,452 |
| | 1999-2000 | 3 | മാസ്റ്റർപടി-പാടത്ത്കായൽ റോഡ് | 23,862 |
| കുറുവ | 1999-2000 | | സോപ്പ് നിർമ്മാണ യൂണിറ്റ് | 10,000 |
| മങ്കട | 1999-2000 | 1 | ജെ.ആർ.വൈ. വീട് നിർമ്മാണം | 47,000 |
| | | 2 | ഖാദി നിർമ്മാണ കേന്ദ്രം - മുൻകൂർ നൽകിയത് | 1,50,000 |
| | | 3 | കമ്പ്യൂട്ടർ പരിശീലന കേന്ദ്രം - കമ്പ്യൂട്ടർ വാങ്ങിയത് | 39,600 |
| | 1997-98 | 1 | വീട്-പട്ടികജാതി/പട്ടികവർഗ്ഗം | 3,50,000 |
| | | 2 | പദ്ധതി ഫണ്ട് തനത് ഫണ്ടിലേക്ക് മാറ്റി പദ്ധതി ചെലവായി കാണിച്ചത് | 3,00,000 |
| അങ്ങാടിപ്പുറം | 1997-98 | | റോഡ്-അങ്ങാടിപ്പുറം-പരിയാപുരം | 16,479 |
| മക്കരപ്പറമ്പ് | 2000-01 | 1 | മരാമത്ത് കുളമ്പ് റോഡ് | 12,510 |
| | | 2 | ജലസേചനം - കാണാമ്പാടം | 49,612 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| എടയൂർ | 1998-99 | 1 | മരാമത്തുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ- അലവൻസ് അധികം നൽകി | 12,082 |
| | | 2 | വിവിധമരാമത്തുകൾ - ഷ്രിങ്കേജ് കണക്കാക്കാത്തത് | 15,545 |
| | 1997-98 | 1 | അട്ടക്കളമുറ്റത്തെ കോഴി വളർത്തൽ - കോഴിക്കുട് വിതരണം - അപാകത | 67,500 |
| | | 2 | അട്ടക്കളമുറ്റത്തെ കോഴി വളർത്തൽ - യാത്രാചെലവ് - അപാകത | 11,601 |
| | 1999-2000 | 1 | ജലസേചനം-കൺവീനർക്ക് അധിക നിരക്ക് നൽകിയത് | 13,599 |
| | | 2 | ജലസേചനം-കൺവീനർക്ക് അധിക നിരക്ക് നൽകിയത് | 10,662 |
| | | 3 | ഫില്ലിംഗ് - അധിക നിരക്ക് നൽകി | 16,430 |
| | 2000-2001 | 1 | കുഴൽക്കിണർ - ഉപയോഗിക്കാത്ത | 26,051 |
| | | 2 | സാധനങ്ങൾ തിരിച്ചേൽപ്പിച്ചില്ല | |
| ചെറിയമുണ്ടം | 1999-2000 | | റോഡ് പുനരുദ്ധാരണം | 27,124 |
| താനാളൂർ | 1998-99 | 1 | റീടെണ്ടർ നഷ്ടം | 24,459 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | 1997-98 | 2 | പൂർത്തീകരിക്കാത്ത വീട് | 75,000 |
| | 2000-01 | 3 | വീട് മേൽക്കൂര | 61,200 |
| താനൂർ | 1998-99 | | പോഷകാഹാര വിതരണം | 41,432 |
| ഒഴൂർ | 2000-01 | | റോഡ് പ്രവൃത്തി | 16,620 |
| കല്പകഞ്ചേരി | 1999-2000 | | മരം ലേലം | 18,294 |
| തവനൂർ | 2000-01 | 1 | ഗുണഭോക്തൃ വിഹിതം | 37,313 |
| | | 2 | മൊബിലൈസേഷൻ അഡ്വാൻസ് | 85,000 |
| താഴെക്കോട് | 2000-01 | | കൃഷി പ്രോത്സാഹനം | 35,226 |
| കോട്ടയ്ക്കൽ | 2001-02 | | പത്രപ്പരസ്യം - ചാർജ് അധികം നൽകിയത് | 15,160 |
| പൊൻമള | 1998-99 | | റോഡ് നിർമ്മാണം | 44,617 |
| പൊൻമള | 1999-2000 | | വനിതാവ്യവസായ യൂണിറ്റ് | 4,50,000 |
| ചേലേമ്പ്ര | 1998-99 | 1 | പഞ്ചായത്താഫീസ് കെട്ടിട നിർമ്മാണം - അപാകത | 1,03,835 |
| | | 2 | പാലത്തിങ്കൽ കായകേട്ടാറ്റു റോഡ് പുനരുദ്ധാരണം | 11,278 |
| കൊണ്ടോട്ടി | 1999-2000 | 1 | ചോലക്കൽ ചെപ്പിലിക്കുന്ന് റോഡ് പുനരുദ്ധാരണം | 59,807 |
| | | 2 | കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് | 38,500 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| | 1998-99 | 1 | പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ - ഡെപ്പോസിറ്റ് ക്രമീകരണ അപാകത – പിഴപ്പലിശ | 31,325 |
| | | 2 | ഡി.പി.സി. അംഗീകരിക്കാത്ത പ്രോജക്ടുകൾ | 43,660 |
| പള്ളിക്കൽ | 1999-2000 | 1 | വീട് റിപ്പയർ ധനസഹായം | 10,000 |
| | | 2 | വനിതാവ്യവസായ കേന്ദ്രം സ്ഥാപിക്കൽ | 1,99,501 |
| | 1998-99 | 1 | ഗുണഭോക്തൃവിഹിതം കുറവു ചെയ്യാത്തത് | 13,709 |
| | | 2 | മൈത്രീഭവന നിർമ്മാണം | 62,500 |
| | | 3 | അംഗനവാടി കക്കൂസ് നിർമ്മാണം | 25,000 |
| വാഴക്കാട് | 1999-2000 | 1 | ചോലക്കുഴി റോഡ് പൂർത്തീകരണം | 15,000 |
| | | 2 | കീപ്രാട്ടുതാഴം വി.സി.ബി നിർമ്മാണം | 37,041 |
| വാഴയൂർ | 1999-2000 | | പശു വളർത്തൽ (വനിത) | 2,48,500 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2003-04; ഓഡിറ്റ് ഖണ്ഡിക 3.10.14)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

## 1. വേങ്ങര ഗ്രാമപഞ്ചായത്ത്

1. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 2. എടരിക്കോട് ഗ്രാമപഞ്ചായത്ത്

2. അധിക ചെലവിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. എ. പി. രാമചന്ദ്രന്റെ മേൽ സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും സർട്ടിഫിക്കറ്റിന് എതിരെ ടിയാൻ ബഹു. മഞ്ചേരി ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കേസിൽ ബഹു. കോടതി പരാതിക്കാരന് അനുകൂലമായി വിധി പുറപ്പെടുവിച്ചിട്ടുണ്ടെന്നും സെക്രട്ടറി, എടരിക്കോട് ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു.

3. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 3. മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

4. ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. പി. കൃഷ്ണന്റെ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ടിയാൻ മരണപ്പെട്ടതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞില്ലായെന്ന് മാറഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

5. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**6. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 4. ആലംകോട് ഗ്രാമപഞ്ചായത്ത്

7. കോലത്തുംപാടം കോൾപടവ് കമ്മിറ്റിക്ക് എഗ്രിമെന്റ് വച്ച് നൽകിയ ട്രാക്ടർ ദുരുപയോഗം ചെയ്തത് എങ്ങനെയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ട്രാക്ടർ കാർഷികാവശ്യത്തിനായി ഉപയോഗിക്കാതെ മണ്ണ് നീക്കം ചെയ്യുന്നതിനുംമറ്റും ദുരുപയോഗം ചെയ്യുകയുണ്ടായെന്നും ട്രാക്ടർ പരിശോധിച്ചതിൽ റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവിധം എഞ്ചിനുകളും മറ്റും നശിച്ചതായി അറിയിച്ചതിനാൽ റിപ്പയർ ചെയ്യാനുള്ള ശ്രമം ഉപേക്ഷിക്കുകയും ഗ്രാമപഞ്ചായത്ത് ഭരണസമിതി ട്രാക്ടർ ലേലം ചെയ്യാൻ തീരുമാനിക്കുകയുണ്ടായെന്നും ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ആലംകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

8. പ്രസ്തുത ട്രാക്ടർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും സ്വീകരിച്ച നടപടി റിപ്പോർട്ട് അറിയിക്കുവാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

9. **റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവിധം കോലത്തുപാടം കോൾപടവ് കമ്മിറ്റിക്ക് നൽകിയ ട്രാക്ടർ നശിച്ചതിനാലാണ് പ്രസ്തുത ട്രാക്ടർ ലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ട്രാക്ടർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## 5. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് വർഷം 1998-1999**

**പുന്നക്കാട് ആനവാരിക്കൽ വി.സി.ബി.-കം-ബ്രിഡ്ജ്-തുക 34,020 രൂപ**

ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. രാമൻ 2018-ൽ മരണപ്പെട്ടുവെന്നും അന്വേഷണത്തിൽ ടിയാന് അനന്തരാവകാശികൾ ഇല്ലെന്നാണ് അറിയാൻ കഴിഞ്ഞതെന്നും സെക്രട്ടറി കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു.

**ഓഡിറ്റ് വർഷം 1999-2000**

1. ബസ് സ്റ്റാന്റ് ലേലം - തുക 18,800 രൂപ
2. വി.സി.ബി നിർമ്മാണം - തുക 91,274 രൂപ
3. പുന്നക്കാട് കളിസ്ഥല നിർമ്മാണം - തുക 1,24,629 രൂപ

11. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ, ഓഡിറ്റ് വകുപ്പ് എന്നിവർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 6. മുത്തേടം ഗ്രാമപഞ്ചായത്ത്

1-4-2000 മുതൽ 30-9-2001 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**1. വരവിനം-തുക 8,679 രൂപ**

12. വരവിനത്തിൽ കുറവായി അടവാക്കിയതായി കണ്ടെത്തിയ 8,679 രൂപ തിരിച്ച് അടവാക്കിയെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തടസ്സം നീക്കാൻ സമിതി തീരുമാനിച്ചു.

**2. രേഖകളില്ലാതെ അധികമായി പിൻവലിച്ച തുക- 1,04,023 രൂപ**

**3. റോഡ് പണി തുക- 59,027 രൂപ**

13. മേൽ പരാമർശങ്ങൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

1-4-1997 മുതൽ 31-3-2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.

**ഓഡിറ്റ് വർഷം 2000-01**

**1. പണം രേഖകളില്ലാതെ പിൻവലിച്ചത് - തുക 1,45,09,768 രൂപ**

14. പ്രസ്തുത വിഷയം പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്യുകയും ഉത്തരവാദികളായ സെക്രട്ടറിമാർ വർഷങ്ങൾക്ക് മുമ്പ് വിരമിക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്തതിനാൽ തുടർനടപടികൾ പ്രായോഗികമല്ലാത്താതിനാൽ ടി പരാമർശം ഒഴിവാക്കി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

15. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**16. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കരുവാരക്കുണ്ട്, മൂത്തേടം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**2. മുൻകൂർ ക്രമീകരിക്കാത്തത് -തുക 12,800 രൂപ**

17. മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എ. മുരളീധരന് 14 ലക്ഷത്തോളം രൂപയുടെ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരുന്നുവെന്നും അച്ചടക്ക നടപടിയുടെ ഭാഗമായി 1,77,120 രൂപ അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് നൽകിയിട്ടുണ്ടായിരുന്നുവെന്നും ലയബിലിറ്റിയുടെയും അച്ചടക്ക നടപടിയുടെയും ഭാഗമായുള്ള തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വന്നിട്ടില്ലായെന്നും അതുംകൂടി അക്കൗണ്ടിൽ വന്നുകഴിഞ്ഞാൽ മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂയെന്നും മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

18. **ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**3. അധിക തുക പിൻവലിച്ചത് -തുക 19,616 രൂപ**

19. ഉത്തരവാദിയായ ഉദ്യോഗസ്ഥന് ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മുത്തേടം ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**4. കൃഷി പദ്ധതികൾ -തുക 27,005 രൂപ**

21. ആരോപണ വിധേയനായ ഉദ്യോഗസ്ഥൻ ശ്രീ. ഉണ്ണിരാജയ്ക്ക് ലയബിലിറ്റി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടിയാൻ ബാധ്യത തുക അടയ്ക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും കൂടാതെ അദ്ദേഹം നിലവിൽ ജോലി ചെയ്തുവരുന്ന കൃഷി വകുപ്പ് മേലധികാരികൾക്കും ഇത് സംബന്ധിച്ച് കത്ത് നൽകാമെന്നും മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു.

22. ശ്രീ. ഉണ്ണിരാജയിൽ നിന്നും ബാധ്യത തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**23. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ബാധ്യത തുക ഈടാക്കുന്നതിനുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**5. ഐ.സി.ഡി.എസ്. -തുക 19,774 രൂപ**

**6. കെട്ടിട നിർമ്മാണം -തുക 12,000 രൂപ**

**7. റോഡ് നിർമ്മാണം-തുക 1,75,038 രൂപ**

24. പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചു നൽകിയ തുക ഈടാക്കുന്നതിന് റിക്കവറി നടപടി സ്വീകരിക്കുവാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ നൽകിയിരുന്നുവെന്നും ആലപ്പുഴ ജില്ലാ കളക്ടർ കുട്ടനാട് തഹസീൽദാർ മുഖേന റിക്കവറി നടപടി സ്വീകരിക്കുകയും കുറച്ച് പൈസ അടവാക്കുകയും ചെയ്തിട്ടുള്ളതാണെന്നും പക്ഷേ ടിയാന് മറ്റു സ്വത്തു വകകളൊന്നുമില്ലെന്നും റിപ്പോർട്ട് നൽകിയിതിന്റെ അടിസ്ഥാനത്തിൽ പെൻഷനിൽ നിന്നും കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചെങ്കിലും അതിനെതിരെ അദ്ദേഹം കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നും പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ലാത്തതിനാലാണ് 45,150 രൂപയുടെ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് തുക തിരിച്ചടവാക്കാതിരുന്നത് എന്ന് മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

25. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിച്ച ശേഷം അതുമായി ബന്ധപ്പെട്ട വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

26. **പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിച്ച ശേഷം അത് സംബന്ധമായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**8. ജലസേചനം-തുക 43,063 രൂപ**

27. നിയമസഭാ സമിതി തെളിവെടുപ്പിന് ശേഷം ആരോപണ വിധേയനായ ഉദ്യോഗസ്ഥനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് 1,35,000 രൂപയാണ് അധികമായി ഒടുക്കേണ്ടിയിരുന്നതെന്നും പ്രസ്തുത തുക ഈടാക്കുന്നതിനുവേണ്ടി ആർ. ആർ. നടപടി സ്വീകരിക്കുകയും ടിയാൻ കുറച്ച് തുക അടവാക്കുകയും ചെയ്തിട്ടുണ്ടെന്നും മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

28. അധികത്തുക കൈപ്പറ്റിയവരിൽ സർവ്വീസിലുള്ളവരിൽ നിന്ന് തുക ഈടാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

29. **അധിക തുക കൈപ്പറ്റിയ സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് തുക തിരികെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## 7. വഴിക്കടവ് ഗ്രാമപഞ്ചായത്ത്

**1. മണിയോർഡർ തിരിച്ചുവന്നത് വരവ് വയ്ക്കാത്തത്-തുക 4,560 രൂപ**

**2. കുടിവെള്ള പദ്ധതി-തുക 37,178 രൂപ**

30. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

31. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**3. റോഡ്-തുക 1,64,622 രൂപ**

32. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ശ്രീ. എ. കെ. ഭാസ്കറിന്റെ പേരിൽ മൂന്ന് പ്രവൃത്തികളുടെ തുക ഈടാക്കിയിട്ടുണ്ടെന്നും ഒരു പ്രവൃത്തിയുടെ തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട സർച്ചാർജ് നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കത്തുണ്ടെന്നും ടിയാനെ

സർചാർജ് നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടില്ലായെന്നും 1,53,281 രൂപയിൽ നിന്നുമാണ് ടിയാനെ ഒഴിവാക്കിയിരിക്കുന്നതെന്നും അവശേഷിക്കുന്ന 11,341 രൂപ പുന്നയ്ക്കൽ റോഡ് ടാറിംഗിന് അധികമായി നൽകിയ തുകയാണെന്നും ടിയാന്റെ പേരിൽ സർചാർജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തതായി 2008-ലെ നോട്ടിഫിക്കേഷനിൽ കാണുന്നെങ്കിലും ഇദ്ദേഹത്തെ നേരിട്ട് സമീപിച്ചതിൽ സർചാർജ് നോട്ടീസ് ലഭിച്ചിട്ടില്ലായെന്നാണ് അറിയാൻ കഴിഞ്ഞതെന്നും എങ്കിലും ടി തുക അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെന്നും വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

33. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

34. **പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## 8. വെളിയങ്കോട് ഗ്രാമപഞ്ചായത്ത്

**1. വീട് നിർമ്മാണം-തുക 21,000 രൂപ**

35. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**2. തണ്ണിത്തുറ-ബദർപ്പള്ളി റോഡ്-തുക 12,452 രൂപ**

36. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**3. മാസ്റ്റർപടി-പാടത്ത് കായൽ റോഡ് സോപ്പ് നിർമ്മാണം യൂണിറ്റ്-തുക 23,862 രൂപ**

37. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 9. കുറുവ ഗ്രാമപഞ്ചായത്ത്

38. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 10. മങ്കട ഗ്രാമപഞ്ചായത്ത്

**1. ജെ. ആർ.വൈ. വീട് നിർമ്മാണം-തുക 47,000 രൂപ**

39. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ജെ. ആർ. വൈ. പദ്ധതി പ്രകാരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് മങ്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

40. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**2. ഖാദി നിർമ്മാണ കേന്ദ്രം-മുൻകൂർ നൽകിയത്-തുക 1,50,000 രൂപ**

41. ഖാദി നിർമ്മാണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ 14 തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ടെന്നും മങ്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു.

42. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**3. കമ്പ്യൂട്ടർ പരിശീലന കേന്ദ്രം-കമ്പ്യൂട്ടർ വാങ്ങിയത്-തുക 39,600 രൂപ**

43. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് വർഷം 1997-1998**

**1. വീട് പട്ടികജാതി/പട്ടികവർഗ്ഗം-തുക 3,50,000 രൂപ**

**2. പദ്ധതി ഫണ്ട് തനത് ഫണ്ടിലേയ്ക്ക് മാറ്റി പദ്ധതി ചെലവായി കാണിച്ചത്-തുക 3,00,000 രൂപ**

44. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

45. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 11. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

**റോഡ് അങ്ങാടിപ്പുറം-പരിയാപുരം-തുക 16,479 രൂപ**

46. അങ്ങാടിപ്പുറം-പരിയാപുരം റോഡ് നിർമ്മാണത്തിന് അനുവദിച്ച തുകയിൽ ടാറിംഗിന് അധികം നൽകിയ 654 രൂപ ഓവർസീയർ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 15,825 രൂപ ഈടാക്കിയിട്ടില്ലായെന്നും ഉത്തരവാദിയായ ശ്രീമതി കെ. ലീലാവതിയിൽ നിന്നും തുക ഈടാക്കുന്നതിനായി ആർ. ആർ. നടപടി സ്വീകരിക്കാൻ നിർദ്ദേശം

നൽകിക്കൊണ്ട് പാലക്കാട് ജില്ലാ ഡെപ്യൂട്ടി തഹസീൽദാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു.

47. ഉത്തരവാദിയായ ഉദ്യോഗസ്ഥ ശ്രീമതി കെ. ലീലാവതിയിൽ നിന്നും തുക തിരിച്ചടയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**48. ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരിച്ചുപിടിയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## 12. മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

**1. മരാമത്ത് കുളമ്പ് റോഡ്-തുക 12,510 രൂപ**

**2. ജലസേചനം-കാഞ്ഞാമ്പാടം-തുക 49,612 രൂപ**

49. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നിവർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**50. സർക്കാരും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 13. എടയൂർ ഗ്രാമപഞ്ചായത്ത്

**1. മരാമത്തുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ-അലവൻസ് അധികം നൽകി-തുക 12,082 രൂപ**

**2. വിവിധ മരാമത്തുകൾ ഷ്രിങ്കേജ് കണക്കാക്കാത്തത്- -തുക 15,545 രൂപ**

51. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് വർഷം 1997-98**

**1. അടുക്കള മുറ്റത്തെ കോഴിവളർത്തൽ-കോഴിക്കൂട് വിതരണം-അപാകത-തുക 67,500 രൂപ**

**2. അടുക്കള മുറ്റത്തെ കോഴിവളർത്തൽ-യാത്രാ ചെലവ് -അപാകത-തുക 11,601 രൂപ**

52. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് വർഷം 1999-2000**

**1. ജലസേചനം-കൺവീനർക്ക് അധിക നിരക്ക് നൽകിയത്-തുക 13,599 രൂപ**

**2. ജലസേചനം-കൺവീനർക്ക് അധിക നിരക്ക് നൽകിയത്-തുക 10,662 രൂപ**

**3. ഫില്ലിംഗ്- അധിക നിരക്ക് നൽകിയ തുക 16,430 രൂപ**

53. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് വർഷം 2000-2001**

**1. കുഴൽകിണർ-ഉപയോഗിക്കാത്ത സാധനങ്ങൾ തിരിച്ചേൽപ്പിച്ചില്ല-തുക 26,051 രൂപ**

54. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 14. ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

**റോഡ് പുനരുദ്ധാരണം-തുക 27,124 രൂപ**

55. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിൽ നിന്നും സെക്രട്ടറിക്കെതിരെയുള്ള നടപടി ഒഴിവാക്കിയിട്ടുണ്ടെന്നും ഇനി കൺവീനറിൽ നിന്നുമാണ് തുക ഈടാക്കാനുള്ളതെന്നും വർക്ക് കൃത്യമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ കൺവീനർമാർ മരണപ്പെട്ടുപോയതായും ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

56. സ്വകാര്യ വ്യക്തികളുടെ റോഡ് നിർമ്മാണം പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തികളുടെയും ഫണ്ട് ഉപയോഗിച്ച് ചെയ്തതാണോ എന്ന് സമിതി ചോദിച്ചതിന് അല്ലെന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയും തുടർന്ന് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

## 15. താനാളൂർ ഗ്രാമപഞ്ചായത്ത്

**1. റീ ടെണ്ടർ നഷ്ടം-തുക 24,459 രൂപ**

57. റീ ടെണ്ടർമൂലമുണ്ടായ നഷ്ടം ഈടാക്കുന്നതിനുള്ള തടസ്സം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സെക്രട്ടറി റിട്ടയർ ചെയ്തുപോയെന്നും 13.5 ലക്ഷം രൂപയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ഏറ്റെടുത്ത കരാറുകാരൻ വർക്ക് ചെയ്ഞ്ച് ചെയ്തെന്നും പഞ്ചായത്ത് ഭരണ സമിതി വർക്ക് റെഗുലറൈസ് ചെയ്യാനും ഇ.എം.ഐ. അടച്ച തുക മുതൽ കൂട്ടാനും തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും

കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) മറുപടി നൽകി.

58. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**59. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് വർഷം 1997-1998**

**2. പൂർത്തീകരിക്കാത്ത വീട്-തുക 75,000 രൂപ**

60. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് താനാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്) സമിതിയെ ബോധിപ്പിച്ചു. തുടർന്ന് ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**61. ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**3. വീട് മേൽക്കൂര-തുക 61,200 രൂപ**

62. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 16. താനൂർ ഗ്രാമപഞ്ചായത്ത്

**പോഷകാഹാര വിതരണം-തുക 41,432 രൂപ**

63. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 17. ഒഴൂർ ഗ്രാമപഞ്ചായത്ത്

**റോഡ് പ്രവൃത്തി-തുക 16,620 രൂപ**

64. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 18. കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

**മരം ലേലം-തുക 18,294 രൂപ**

65. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 19. തവനൂർ ഗ്രാമപഞ്ചായത്ത്

**1. ഗുണഭോക്തൃവിഹിതം-തുക 37,313 രൂപ**

66. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**2. മൊബിലൈസേഷൻ അഡ്വാൻസ്-തുക 85,000 രൂപ**

67. സമിതി ശിപാർശയിന്മേൽ നടപടി സ്വീകരിച്ച് തുക ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

68. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 20. താഴെക്കോട് ഗ്രാമപഞ്ചായത്ത്

**കൃഷി പ്രോത്സാഹനം-തുക 35,226 രൂപ**

69. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 21. കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

**പത്രപരസ്യം-ചാർജ്ജ് അധികം നൽകിയെന്ന്-തുക 15,160 രൂപ**

70. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 22. പൊന്മള ഗ്രാമപഞ്ചായത്ത്

**1. റോഡ് നിർമ്മാണം-തുക 44,617 രൂപ**

71. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**2. വനിതാ വ്യവസായ യൂണിറ്റ്-തുക 4,50,000 രൂപ**

72. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 23. ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

### 1. പഞ്ചായത്താഫീസ് കെട്ടിട നിർമ്മാണം - അപാകത -തുക 1,03,835 രൂപ

73. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 11-6-1998-ലാണ് പഞ്ചായത്ത് കെട്ടിടം ഉദ്ഘാടനം ചെയ്തതെന്നും കെട്ടിടം ഉദ്ഘാടനം ചെയ്യുന്ന സമയത്ത് ആവശ്യമായ സൗകര്യങ്ങളൊന്നുമില്ലായിരുന്നുവെന്നും മുകളിലത്തെ നിലയിൽ എൻ.ആർ.ഇ.ജി.എസ്. കുടുംബശ്രീ, വി.ഇ.ഒ. തുടങ്ങിയ ഓഫീസുകൾ നിലവിൽ പ്രവർത്തിച്ചുവരികയാണെന്നും ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസ് അറേഞ്ച് ചെയ്യുകയുണ്ടായിയെന്നും എന്നാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകളൊന്നും കണ്ടെത്താൻ കഴിഞ്ഞില്ലായെന്നും 1998-ലാണ് കെട്ടിടത്തിന്റെ പ്രവൃത്തി നടന്നതെന്നും ഇപ്പോഴും ടി കെട്ടിടത്തിൽ തന്നെയാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ച് വരുന്നതെന്നും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

74. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### 2. പാലത്തിങ്കൽ കായകേട്ടാറു റോഡ് പുനരുദ്ധാരണം - തുക 11,278 രൂപ

75. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 24. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് വർഷം 1999-2000**

### 1. ചോലയ്ക്കൽ ചെപ്പിലിക്കുന്ന് റോഡ് പുനരുദ്ധാരണം - തുക 59,807 രൂപ

76. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

77. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

### 2. കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് - തുക 38,500 രൂപ

78. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്കാണോ മോട്ടോർ പമ്പ് സെറ്റ് നൽകിയതെന്നും ആനുകൂല്യം കൈപ്പറ്റിയ 11 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഹാജരാക്കാതിരുന്നത് സംബന്ധിച്ചും സമിതി ആരാഞ്ഞതിന് ആനുകൂല്യം കൈപ്പറ്റിയ 11 പേരും അതത്

ഗ്രാമസഭാ മിനിട്ട്സ് പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരാണെന്നും കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

79. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**80. ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് വർഷം 1998-1999**

**1. പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ - ഡെപ്പോസിറ്റ് ക്രമീകരണ അപാകത - പിഴപ്പലിശ - തുക 31,325 രൂപ**

81. പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**82. പ്രസ്തുത പരാമർശത്തിലെ പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**2. ഡി.പി.സി. അംഗീകരിക്കാത്ത പ്രോജക്ടുകൾ - തുക 43,660 രൂപ**

83. കോടതി വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**84. പ്രസ്തുത പരാമർശം സംബന്ധിച്ച് കോടതി വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## 25. പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് വർഷം 1999-2000**

**1. വീട് റിപ്പയർ ധനസഹായം - തുക 10,000 രൂപ**

**2. വനിതാ വ്യവസായം കേന്ദ്രം സ്ഥാപിക്കൽ - തുക 1,99,501 രൂപ**

85. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഓഡിറ്റ് വർഷം 1998-1999**

**1. ഗുണഭോക്തൃ വിഹിതം കുറവ് ചെയ്യാത്തത് - തുക 13,709 രൂപ**

**2. മൈത്രി ഭവന നിർമ്മാണം - തുക 62,500 രൂപ**

**3.അംഗനവാടി കക്കൂസ് - നിർമ്മാണം - തുക 25,000 രൂപ**

86. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

## 26. വാഴക്കാട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് വർഷം 1999-2000**

**1. ചോലക്കുഴി റോഡ് പൂർത്തീകരണം - തുക 15,000 രൂപ**

87.പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

88. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**2. കിപ്രാട്ടുതാഴം വി.സി.ബി നിർമ്മാണം - തുക 37,041 രൂപ**

89. പ്രസ്തുത പരാമർശത്തിന്മേൽ സർചാർജ്ജ് പുറപ്പെടുവിച്ചതിനെതിരെ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. സി നാരായണൻ കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും സർചാർജ്ജ് സമയബന്ധിതമല്ലാത്തതിനാൽ നിലനിൽക്കുന്നതല്ലെന്ന് കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

90. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

91. **ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## 27. വാഴയൂർ ഗ്രാമപഞ്ചായത്ത്

**1. പശുവളർത്തൽ (വനിത) - തുക 2,48,500**

92. പ്രസ്തുത തുക വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിന് സമിതി കാരണം ആരാഞ്ഞതിന് 2,48,500 രൂപയിൽ 1,10,600 രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും അതിനുശേഷം ബാക്കിയുള്ള തുകയിൽ നിന്നും 1,60,000 രൂപ പഞ്ചായത്തിന്റെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ബാക്കി തുക മെയിന്റനൻസ് ചാർജ്ജായി 31-3-2014-ൽ അടവാക്കുകയും ചെയ്തിട്ടുണ്ടെന്നും വാഴയൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി.

93. പ്രസ്തുത തുക തിരിച്ചടച്ചതിന്റെ വിശദവിവരം ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**94. വാഴയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക തിരിച്ചടച്ചതിന്റെ വിശദവിവരം ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**പൊതു പരാമർശങ്ങൾ**

**1. കുടിവെള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു**

ജനകീയാസൂത്രണത്തിൽ നിർമ്മിച്ച കുടിവെള്ള വിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു.

പദ്ധതി നടത്തിപ്പ് ചെലവ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ അറ്റകുറ്റപ്പണി, വൈദ്യുതി ചാർജ്ജ്, ഓപ്പറേറ്റർ വേതനം എന്നീ ഇനങ്ങളിൽ ലക്ഷങ്ങളാണ് ഓരോ വർഷവും ഗ്രാമപഞ്ചായത്തുകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത്.

2141/00/എൽ.എസ്.ജി.(ഡി.പി.)31-5-2000, 39412/ഡി.പി2/എൽ.എസ്.ജി.ഡി1, 14-8-2000 എന്നീ സർക്കാർ ഉത്തരവുകളിൽ കുടിവെള്ള പദ്ധതികളുടെ പരിപാലനം വിശദീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതികൾ പൂർത്തിയാകുന്നതോടെ പദ്ധതി നിർവ്വഹണം നടത്തിയ ഗുണഭോക്തൃസമിതി പരിപാലന കമ്മിറ്റികളായി പുനഃസംഘടിപ്പിക്കണം. നടത്തിപ്പ് ചെലവുകൾ പൂർണ്ണമായും പരിപാലന കമ്മിറ്റിയാണ് നടത്തേണ്ടത്. പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കരുതെന്നും നിർദ്ദേശമുണ്ട്. സർക്കാർ ഉത്തരവുകൾ നടപ്പാക്കാൻ മിക്ക പഞ്ചായത്തുകളും ആർജ്ജവം കാണിക്കുന്നില്ല.

നടത്തിപ്പ് ചെലവ് നേരിട്ട് വഹിക്കുന്നത് ഗ്രാമപഞ്ചായത്തുകളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചേക്കും. നികുതി പരിഷ്കരണം വൈകുന്നതിനാലും പഞ്ചായത്തുകളിൽ നിക്ഷിപ്തമായിരിക്കുന്ന പുതിയ സേവന ബാധ്യതകൾ നിറവേറ്റുന്നതിനാലും ഇപ്പോൾ തന്നെ മിക്ക പഞ്ചായത്തുകളുടേയും തനത് സാമ്പത്തിക നില പരിതാപകരമാണ്. വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള വരുമാന ചോർച്ചയും കുടിവെള്ള പദ്ധതികളുടെ പരിപാലന ചെലവ് കൂടി തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നത് സാമ്പത്തിക തകർച്ചയ്ക്ക് വഴിയൊരുക്കും.

പരിപാലന ചെലവ് തനത് ഫണ്ടിൽ നിന്നും നിറവേറ്റാനാകാതെ വരുമ്പോൾ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട മറ്റ് വിഭാഗം ഫണ്ടുകൾ വകമാറ്റുന്ന സ്ഥിതിവിശേഷവും സംഭവിക്കാം. കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ സർക്കാരിനുതന്നെ ഇത്തരത്തിൽ നിർദ്ദേശം നൽകേണ്ടി വന്നേക്കും. മാത്രമല്ല യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാതെയും അറ്റകുറ്റപ്പണി നടത്താതെയും പദ്ധതി പ്രവർത്തനം അവസാനിപ്പിക്കാനും അതുവഴി ജനങ്ങൾക്ക് കുടിവെള്ളം മുട്ടുന്ന അവസ്ഥയും ഉണ്ടായേക്കും. മാത്രമല്ല ഇതുവഴി പദ്ധതിപ്പണം ചെലവഴിച്ച് സൃഷ്ടിച്ച ലക്ഷങ്ങളുടെ ആസ്തികൾ അന്യാധീനപ്പെടാനും ഇടയായേക്കും. ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കുവാനായി മലപ്പുറം ജില്ലയിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

## 1. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17)

1999-2000 ജനകീയാസൂത്രണ പദ്ധതിയിൽ പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് , അറ്റകുറ്റപ്പണി എന്നിവയ്ക്കായി 2000-2001-ൽ 4,05,617 രൂപയും 2001-2002-ൽ 64,672 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു.

## 2. നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 6)

മുസല്യാരങ്ങാടി ശുദ്ധജലവിതരണ പദ്ധതിയിലെ പമ്പ് ഓപ്പറേറ്റർമാർക്ക് ഓണറേറിയം 24,000 രൂപയും വൈദ്യുതി ചാർജ്ജ് 7,719 രൂപയും 2001-2002-ൽ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതായി കാണുന്നു.

തനത് ഫണ്ടിൽ നിന്നുള്ള തുടർ ചെലവ് ഉത്തരവിന് വിരുദ്ധമായതിനാൽ സർക്കാർ സാധൂകരണം വാങ്ങുകയോ ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ വേണം.

## 3. നന്നംപ്ര ഗ്രാമപഞ്ചായത്ത്

[2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(2)]

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പമ്പ് ഓപ്പറേറ്ററുടെ വേതനമായി 1,29,492 രൂപയും വൈദ്യുതി ചാർജ്ജായി 1,38,933 രൂപയും അടക്കം 2,68,425 രൂപ ചെലവഴിച്ചു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(i))

ഓഡിറ്റ് ഖണ്ഡിക 3.10.i(1), 3.10.i(3) എന്നിവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

95. നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് നിലവിൽ മുനിസിപ്പാലിറ്റിയുടെ ഭാഗമാണെന്നും ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് അടച്ചത് സർക്കാർ സാധൂകരിച്ച നടപടി അംഗീകരിക്കാമെന്നും സമിതി തീരുമാനിക്കുകയും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച മറുപടി അംഗീകരിക്കുകയും ചെയ്തു.

96. നന്നംപ്ര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**97. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സമിതി മുൻപാകെ ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**വൈദ്യുതീകരണം : പദ്ധതികൾ നിർവ്വഹിക്കപ്പെട്ടില്ല; 59.8 ലക്ഷം വൈദ്യുതി ബോർഡിൽ**

പദ്ധതി വിഹിതം ലക്ഷങ്ങൾ വൈദ്യുതി ബോർഡിൽ നിക്ഷേപമായിട്ടും ഗ്രാമപഞ്ചായത്തുകളുടെ വൈദ്യുതി മേഖലാ പദ്ധതികൾ നിർവ്വഹിക്കപ്പെട്ടില്ല.

മലപ്പുറം ജില്ലയിലെ ആറ് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ മാത്രം 59,79,972 രൂപ സംസ്ഥാന വൈദ്യുതി ബോർഡിൽ വർഷങ്ങളായി നിക്ഷേപമായി കിടക്കുന്നതായി കാണുന്നു. നിക്ഷേപത്തിന് ആധാരമായ വൈദ്യുതീകരണം, വൈദ്യുതി ലൈൻ നീട്ടൽ, വോൾട്ടേജ് മെച്ചപ്പെടുത്തൽ എന്നീ പദ്ധതികളിൽ ഒന്നു പോലും നിർവ്വഹിക്കപ്പെട്ടതായി തെളിവില്ല. ചില ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി തുക ബോർഡ് കൈപ്പറ്റിയതിനുള്ള രസീത് പോലും ലഭ്യമല്ല.

ജനകീയാസൂത്രണ വർഷങ്ങളിൽ അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പേരിലാണ് വൻതുകകൾ ബോർഡിൽ നിക്ഷേപിച്ചത്. ചില ഗ്രാമപഞ്ചായത്തുകൾ തുക നിക്ഷേപിച്ച് മൂന്നും നാലും വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. സമയബന്ധിതമായി പൂർത്തിയാക്കേണ്ട പദ്ധതികൾ നിക്ഷേപമായി ഒതുങ്ങിയതിന്റെ മുഖ്യ ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തുകൾക്കാണ്. പദ്ധതികൾ ശരിയായി മോണിട്ടറിംഗ് നടത്തി ജനങ്ങൾക്ക് ഉപകാരപ്രദമാക്കാൻ ഗ്രാമപഞ്ചായത്തുകൾ ശ്രമിച്ചതിന് തെളിവില്ല. സർക്കാർ ഉയർന്ന പലിശയ്ക്ക് സംഭരിച്ച് നൽകുന്ന പദ്ധതിവിഹിതം വൈദ്യുതി ബോർഡിന് സഹായകരമായി മാറ്റിമറിക്കപ്പെട്ടതിൽ ഗ്രാമപഞ്ചായത്തുകളുടെ കെടുകാര്യസ്ഥത പ്രകടമാണ്.പദ്ധതി സംബന്ധിച്ച യാതൊരു രേഖകളും ചില ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ നിക്ഷേപത്തുക തന്നെ നഷ്ടമാകാനും ഇടയുണ്ട്.

വിവിധ ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ വിവരിക്കുന്നു.

1. ചട്ടപ്രകാരം വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വേണം പണം ബോർഡിൽ നിക്ഷേപിക്കേണ്ടത്. ഗ്രാമപഞ്ചായത്തുകൾ ഇത് പാലിച്ചതിന് തെളിവില്ല. വൈദ്യുതി ബോർഡ് ആവശ്യപ്പെട്ട തുക പദ്ധതികളുടെ പേരിൽ നിക്ഷേപിക്കുകയാണുണ്ടായത്.

2. ചില ഗ്രാമപഞ്ചായത്തുകളിൽ ഏത് പദ്ധതികൾക്കാണ് പണം ഒടുക്കിയതെന്ന് വ്യക്തമല്ല. വൗച്ചറുകൾ പ്രകാരം ഒടുക്കിയ പണത്തിന് രസീത് പോലുമില്ല. എന്തിനാണ് പണം ഒടുക്കിയതെന്ന വിശദാംശം പോലും വൗച്ചറിൽ ലഭ്യമല്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ പോലും ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമല്ല. നിക്ഷേപ തുക ഗ്രാമപഞ്ചായത്തുകൾക്ക് നഷ്ടപ്പെടുവാൻ ഇത് ഇടയാക്കും.

4. വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ "റഫ് എസ്റ്റിമേറ്റി"-ന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചത്. പദ്ധതികൾ ലക്ഷ്യമിട്ട രീതിയിൽ ഇനി പൂർത്തിയാക്കാൻ കൂടുതൽ തുക നിക്ഷേപിക്കേണ്ടിവരും.

5. പദ്ധതികൾ പൂർത്തിയാക്കപ്പെട്ടാൽ വൈദ്യുതി ചാർജ്ജ് അടക്കമുള്ള ആവർത്തന ചെലവുകൾക്ക് ഗ്രാമപഞ്ചായത്തുകൾ പണം കണ്ടെത്തേണ്ടി വരും. ധന പ്രതിസന്ധി നേരിടുന്ന പഞ്ചായത്തുകളെ ഇത് കൂടുതൽ ദുരിതത്തിലാക്കും.

നിക്ഷേപത്തുകയുടെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു.

| നമ്പർ | ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല) | ഓഡിറ്റ് വർഷം | ഖണ്ഡിക | കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുക | നിക്ഷേപിച്ച വർഷം | പരാമർശം |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | പരപ്പനങ്ങാടി | 1999-2002 | 24 | 15,21,369 | 2000-2001<br>2001-2002 | വൈദ്യുതി ബോർഡിന്റെ പണം കൈപ്പറ്റ് രസീതില്ല. വിനിയോഗ രേഖയില്ല, പൂർത്തീകരണ സർട്ടിഫിക്കറ്റില്ല, പദ്ധതി വിശദാംശങ്ങളില്ല. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 2 | താഴെക്കോട് | 2001-2002 | 12 | 1,90,167 | 2001-2002 | പൂർത്തീകരണ മൂല്യനിർണ്ണയ രേഖകൾ ലഭ്യമല്ല. |
| | താഴെക്കോട് | 2000-2001 | 72 | 3,29,512 | 2000-2001 | പൂർത്തീകരണ മൂല്യനിർണ്ണയ രേഖകൾ ലഭ്യമല്ല. |
| 3 | എടപ്പറ്റ | 2000-2001 | 2(9) | 12,55,382 | 2000-2001 | വൈദ്യുതി ബോർഡിന്റെ രസീതില്ല. പദ്ധതി നിർവ്വഹണ രേഖയില്ല, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | എടപ്പറ്റ | 2001-2002 | 3(10) | 5,20,055 | 2001-2002 | വൈദ്യുതി ബോർഡിന്റെ രസീതില്ല. പദ്ധതി നിർവ്വഹണ രേഖയില്ല, പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 4 | കുഴിമണ്ണ | 2001-2002 | 11 | 2,85,534 | 2001-2002 | പദ്ധതി പൂർത്തീകരിച്ചതിന് തെളിവില്ല. |
| | കുഴിമണ്ണ | 2000-2001 | 20 | 4,81,185 | 2000-2001 | പദ്ധതി പൂർത്തീകരിച്ചതിന് തെളിവില്ല. |
| 5 | കീഴുപറമ്പ് | 1999-2000 | 11 | 2,29,340 | 99-2000 | തുക അടച്ചതിന്റെ രസീത്, കരാർ, അംഗീകൃത പദ്ധതി രേഖ, എസ്റ്റിമേറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവയില്ല. |
| | കീഴുപറമ്പ് | 2000-2001 | 15 | 1,96,967 | 2000-2001 | തുക അടച്ചതിന്റെ രസീത്, കരാർ, അംഗീകൃത പദ്ധതി രേഖ, എസ്റ്റിമേറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവയില്ല. |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 6 | പോരുർ | 2000-2001 2001-2002 | 22 | 9,70,461 | 2001-2002 | അവസാന ബില്ല്, പദ്ധതി നിർവ്വഹണ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കി യില്ല. |
| | **ആകെ** | | | **59,79,972** | | |

പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കാൻ സാധ്യതകൾ തേടേണ്ടതാണ്. അതിന് കഴിഞ്ഞില്ലെങ്കിൽ നിക്ഷേപത്തുക തിരിച്ച് ഈടാക്കി മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

വൈദ്യുതി പദ്ധതികൾ വൈദ്യുതി ബോർഡിൽ നിക്ഷേപമായത് സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കാണാവുന്നതിനാൽ ഇതേപ്പറ്റി സമഗ്രാന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(ii))

ഓഡിറ്റ് ഖണ്ഡികയ്ക്ക് (3.10(ii), 2, 3, 4, 5, 6) സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

99. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മരാമത്ത് പണികൾക്ക് മുൻകൂറുകൾ; 18.7 ലക്ഷം ക്രമീകരിച്ചില്ല**

ജനകീയാസൂത്രണ വർഷങ്ങളിൽ മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയ 1872346 രൂപ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

മലപ്പുറം ജില്ലയിലെ ഏഴ് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ കണ്ടെത്തിയതാണിത്. സമാന സ്ഥിതി മറ്റ് ജില്ലകളിലും നിലവിലുണ്ട്. ഇവയെല്ലാം പരിഗണിക്കുമ്പോൾ ക്രമീകരിക്കുവാനുള്ള മുൻകൂറുകൾ കോടികൾ വരും.

മരാമത്ത് പണികൾക്ക് പദ്ധതി വിഹിതത്തിൽ നിന്നാണ് മുൻകൂർ നൽകിയത്. വർഷങ്ങളായി ഗുണഭോക്തൃ സമിതി കൺവീനർമാരിൽ കിടക്കുന്ന പണം ക്രമീകരിച്ചതിന് തെളിവില്ല. സർക്കാർ ഉയർന്ന പലിശയ്ക്ക് സംഭരിക്കുന്ന പദ്ധതി വിഹിതം സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുന്നത് നിയമവിരുദ്ധമാണ്. മാത്രമല്ല നാടിന്റെ വികസനം ഇതിനാൽ നിഷേധിക്കപ്പെട്ടിരിക്കുകയാണ്.

മുൻകൂർ നൽകിയ ചില പണികൾ തുടങ്ങിയിട്ടില്ല. ചിലത് തുടങ്ങിയ ഉടൻ ഉപേക്ഷിച്ചിരിക്കുകയാണ്. സമയബന്ധിതമായി പൂർത്തിയാക്കേണ്ട പണികളാണിവ. വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും നിരക്കിലും പണികൾ പൂർത്തിയാക്കാൻ സാധ്യതയില്ല. മാത്രമല്ല ഗുണഭോക്തൃ സമിതികളും വർഷങ്ങൾക്ക് മുമ്പ് രൂപീകരിച്ചതാണ് പഞ്ചായത്തുകളിൽ ഗുണഭോക്തൃ സമിതികൾ വഴിയുള്ള പദ്ധതി നിർവ്വഹണവും അവസാനിച്ചിരിക്കുകയാണ്. ഈ അവസ്ഥകൾ പരിഗണിക്കുമ്പോൾ മുൻകൂറുകൾ അടിയന്തരമായി തിരിച്ച് ഈടാക്കണം.

വർഷങ്ങളായി മുൻകൂറുകൾ ക്രമീകരിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ നടപടി ഓംബുഡ്സ്മാൻ കോടതി വിധിയുടെ ലംഘനം കൂടിയാണ്. 10-8-2001-ൽ ഒ.പി.1072/2001 കേസിന്റെ വിധിയിൽ സമയത്തിനുള്ളിൽ പണികൾ തുടങ്ങി/പാർട്ട് ബില്ല് തയ്യാറാക്കി/പൂർത്തിയാക്കാത്ത സ്ഥിതിയിൽ മുൻകൂറുകൾ 18 ശതമാനം പലിശ ചുമത്തി ഈടാക്കാൻ കോടതി നിർദ്ദേശിച്ചിരുന്നു. വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. സർക്കാരിന്റെ സത്വര നടപടികൾ ക്ഷണിക്കുന്നു.

മുൻകൂർ നൽകിയതിന്റെ വിവരം താഴെ:-

## 1. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

പമ്പ് ഹൗസ് നിർമ്മിച്ചില്ല; 37250 രൂപ കൺവീനറിൽ

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 12)

ജലസേചന പദ്ധതിയിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് ഗുണഭോക്തൃ സമിതി കൺവീനർ 37,250 രൂപ കൈപ്പറ്റിയിരുന്നു. പമ്പ് ഹൗസ് നിർമ്മിച്ചതിന് തെളിവില്ല.

**ശുചിത്വ പദ്ധതി ; 2 ലക്ഷം തിരികെ വാങ്ങിയില്ല**

(2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 29)

കോളനികളിൽ കമ്മ്യൂണിറ്റി കക്കൂസുകൾ സ്ഥാപിക്കുവാൻ തയ്യാറാക്കിയ പദ്ധതി പ്രായോഗികമല്ലെന്ന് ഉറപ്പായിട്ടും ഗുണഭോക്തൃ സമിതി കൺവീനർക്ക് നല്കിയ 2 ലക്ഷം ഈടാക്കിയില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10.iii(1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**101. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

ആതവനാട് ഗ്രാമപഞ്ചായത്ത്

**അംഗനവാടി കെട്ടിടനിർമ്മാണം:മുൻകൂർ ക്രമീകരിച്ചില്ല**

(1999-2000, 2001-2002 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 1

അംഗനവാടി കെട്ടിടനിർമ്മാണ പദ്ധതി (1999-2000)ൽ പണി പൂർത്തീകരിക്കാത്ത അംഗനവാടികൾക്ക് നൽകിയ മുൻകൂർ 72,000 രൂപ വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചില്ല.

**ഓഡിറ്റ് ഖണ്ഡിക**

**പി.എച്ച്.സി നിർമ്മാണ വികസന പദ്ധതികൾ പൂർത്തിയായില്ല**

(1999-2000, 2000-2001 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 6,7)

പി.എച്ച്.സി കെട്ടിട നിർമ്മാണം വികസനം എന്നീ പദ്ധതികൾക്ക് 3/01 ലും 3/00 ലുമായി ഗുണഭോക്തൃ സമിതി കൺവീനർക്ക് 30,250 രൂപ മുൻകൂർ നൽകിയെങ്കിലും നാളിതുവരെ പദ്ധതി പൂർത്തിയാക്കിയതിന് തെളിവില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**അങ്കണവാടി കെട്ടിടനിർമ്മാണം : മുൻകൂർ ക്രമീകരിച്ചില്ല.**

102. നാല് പ്രവൃത്തികളിൽ രണ്ട് പ്രവൃത്തികളുടെ തുക കൺവീനർമാരിൽ നിന്നും തിരിച്ച് പിടിക്കുകയും ബാക്കി രണ്ട് പ്രവൃത്തികൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി ആതവനാട് ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

103. ആർ.ആർ. നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**104. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തുക ഈടാക്കാനുള്ളതിന് ആർ.ആർ. നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

105. പി.എച്ച്.സി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതായി സെക്രട്ടറി ആതവനാട് ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചതിനെ തുടർന്ന് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശിപാർശകൾ**

**106. പി.എച്ച്.സി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

തവനൂർ ഗ്രാമപഞ്ചായത്ത്

**മാണൂർ അയങ്ങ് കുളം പരിഷ്കരണം മുൻകൂറിൽ ഒതുങ്ങി**

(1997-1998 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 10)

1997-1998 വാർഷിക പദ്ധതിയിൽ അംഗീകരിച്ച് 3/98 ൽ 50,000 രൂപയും 3/99 ൽ 35,000 രൂപയും ഉൾപ്പെടെ ഗുണഭോക്തൃ സമിതി കൺവീനർക്ക് 85,000 രൂപ നൽകിയെങ്കിലും മാണൂർ-അയങ്ങ് കുളം പരിഷ്കരിക്കപ്പെട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

107. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**108. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

**7.83 ലക്ഷത്തിന്റെ മരാമത്ത് പണികൾ പൂർത്തിയായില്ല**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 6)

ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും 783178 രൂപ മുൻകൂർ നൽകിയ 9 മരാമത്ത് പണികൾ പൂർത്തിയാക്കിയതിന് രേഖയില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

109. പത്ത് പരാമർശങ്ങളിൽ ഒൻപത് എണ്ണത്തിന് അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട പരാമർശമാണെന്നും അതിൽ എട്ട് എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഒരു പാലത്തിന്റെ പ്രവൃത്തി മാത്രം പൂർത്തികരിച്ചിട്ടില്ല എന്നും പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 1999-2000 വർഷത്തെ പദ്ധതിയായിരുന്നുവെന്നും പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് കൺവീനർക്ക് 1,16,250 രൂപയാണ് നൽകിയതെന്നും പാലത്തിന്റെ പ്രവൃത്തി നടക്കുന്ന സമയത്ത് പ്രദേശവാസികളുടെ എതിർപ്പുകാരണം പ്രവൃത്തി പകുതി വച്ച് നിർത്തുകയുണ്ടായെന്നും പിന്നീട് ടി പാലത്തിന്റെ പ്രവൃത്തി മറ്റൊരു പ്രോജക്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ പാലത്തിന്റെ ഉയരത്തിന് വ്യത്യാസം വന്നിട്ടുണ്ട് എന്നും സെക്രട്ടറി തുടർന്ന് അറിയിച്ചു. ആദ്യം ഉണ്ടാക്കിയ പാലം കനോലി കനാലിന്റെ കുറുകെ വളരെ വലിയ ഉയരത്തിലാകയാൽ ആയത് ആളുകൾക്ക് കയറാൻ ബുദ്ധിമുട്ടുണ്ടാക്കിയതിനാൽ പിന്നീട് പാലത്തിന്റെ ഉയരം കുറച്ചു എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

110. പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എങ്ങനെയാണ് ആദ്യത്തെ നിർമ്മാണവുമായി അഡ്ജസ്റ്റ് ചെയ്തതെന്ന് ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**111. ഓഡിറ്റ് പരാമർശത്തിൽ പറയുന്ന പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എങ്ങനെയാണ് ആദ്യ പാലനിർമ്മാണവുമായി അഡ്ജസ്റ്റ് ചെയ്തതെന്ന് സമിതിയെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

എടപ്പറ്റ ഗ്രാമപഞ്ചായത്ത്

**ജലസേചന കിണർ നിർമ്മിച്ചില്ല**

(1999-2000 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 3(10))

മങ്ങോട്ട് പറ്റി ജലസേചന കിണർ നിർമ്മാണത്തിന് 3/00-ൽ 10,500 രൂപ കൺവീനർക്കു മുൻകൂർ നൽകി. പണി ആരംഭിക്കുകയോ മുൻകൂർ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

112. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**113. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

പോരൂർ ഗ്രാമപഞ്ചായത്ത്

**മരാമത്ത് പണികൾ: പൂർത്തീകരണ വിവരമില്ല**

(2000-2001, 2001-2002 പദ്ധതി വിഹിതം ചെലവ് ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 26)

2001-2002-ൽ പദ്ധതി വിഹിതത്തിൽ നിന്നും ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് 210818 രൂപ മുൻകൂർ നൽകിയെങ്കിലും പദ്ധതികൾ പൂർത്തീകരിച്ച വിവരം ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)6]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

114. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

115. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

**ജലവിതരണ പദ്ധതി: നിർവ്വഹണം തുടങ്ങിയില്ല**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 45)

3/99-ൽ സമാഹരണ/സെക്യേർഡ് മുൻകൂറുകളായി ഗുണഭോക്തൃ സമിതി കൺവീനർ 94,000 രൂപ കൈപ്പറ്റിയ രാമൻകുത്ത് മിനിവാട്ടർ സപ്ലൈ സ്കീം (പട്ടികജാതി) നിർവ്വഹിക്കപ്പെട്ടതിന് രേഖയില്ല. അഴിമതി ആരോപണത്തെ തുടർന്ന് ഇപ്പോൾ ഓംബുഡ്സ്മാൻ കോടതിയിൽ വ്യവഹാരത്തിലാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)7]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

116. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**117. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

**കളിസ്ഥലം പണി പൂർത്തിയായില്ല**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 44)

98-99-ൽ തുടങ്ങിയ പകരനെല്ലൂർ കളിസ്ഥലം നിർമ്മാണം പൂർത്തിയായില്ല. ഗുണഭോക്തൃ സമിതി കൺവീനർക്ക് മുൻകൂർ നൽകിയ 53,600 രൂപ ക്രമീകരിക്കുവാനുണ്ട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)8]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

118. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**119. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

പുറത്തൂർ ഗ്രാമപഞ്ചായത്ത്

**മുൻകൂർ ക്രമീകരിച്ചില്ല : 2.8 ലക്ഷം സ്വകാര്യ വ്യക്തികളിൽ**

(1998-1999 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 9)

98-99-ലെ വിവിധ മരാമത്ത് പണികളുടെ പേരിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകിയ 2,80,000 രൂപ ക്രമീകരിച്ചില്ല. 3/99-ന് മുമ്പാണ് മുൻകൂറുകൾ നൽകിയത്. കുടിവെള്ള വിതരണം ഉൾപ്പെടെ അടിസ്ഥാന വികസന പദ്ധതികൾക്കാണ് തുക നൽകിയത്. പണി നടത്തിയതിന് തെളിവില്ല. ഓംബുഡ്സ്മാന്റെ 10-8-2001 വിധി (ഒ.പി. 1072/01) ലംഘിച്ചിരിക്കുകയാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iii)9]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

120. 46,000 രൂപയുടെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കാതിരുന്നതിനുള്ള കാരണം സമിതി ആരാഞ്ഞതിന് ടി തുകയുടെ ബിൽ മാറിയിട്ടുണ്ടെന്നും ആയത് പഞ്ചായത്ത് പരിശോധിച്ച് വരികയാണെന്നും ആയതിന്റെ റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും ഉദ്യോഗസ്ഥൻ പുറത്തൂർ ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു.

121. ഇറിഗേഷൻ സെക്ഷനിലെ എഞ്ചിനീയറിൽ നിന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**122. ക്രമീകരിക്കേണ്ട തുക സംബന്ധിച്ച റിപ്പോർട്ട് ഇറിഗേഷൻ സെക്ഷനിലെ എഞ്ചിനീയറിൽ നിന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**കാർഷിക യന്ത്രവത്ക്കരണം പാളി : ലക്ഷ്യങ്ങൾ പാഴാവുന്നു**

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമത്തിന് പരിഹാരമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ യന്ത്രവത്ക്കരണ പദ്ധതികൾ ലക്ഷ്യം നേടിയില്ല.

കൃഷിയിടങ്ങളുടെ ഭൂപരമായ പ്രത്യേകതകളും കൃഷിരീതികളിലെ വ്യത്യസ്തതകളും പരിഗണിക്കാതെയും യന്ത്രങ്ങൾ വാങ്ങി കൂട്ടുകയായിരുന്നു. തദ്ദേശഭരണ സ്ഥാപന പരിധിയിലെ മുഴുവൻ കർഷകർക്കും പ്രയോജനപ്പെടും വിധം ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലും പരാജയപ്പെട്ടു. ഇതിനാൽ ചെലവഴിച്ച പദ്ധതി വിഹിതം ലക്ഷ്യങ്ങൾ പാഴാവുകയാണ്.

പ്രായോഗികമായ പദ്ധതികളേക്കാൾ പദ്ധതിവിഹിതം എങ്ങനേയും ചെലവഴിച്ച് സാമ്പത്തിക നേട്ടം കൈവരിക്കുന്നതിൽ മാത്രം ഊന്നൽ നൽകി ചില സ്ഥാപനങ്ങൾ യന്ത്രങ്ങൾ വാങ്ങി കൂട്ടിയത് ഉപയോഗിക്കാനാവാതെ വന്നു. മറ്റുചില സ്ഥാപനങ്ങളിൽ യന്ത്രങ്ങൾ ഉപയോഗിച്ച് കാർഷികാഭിവൃദ്ധി സൃഷ്ടിക്കുവാനുമായില്ല.

യന്ത്രങ്ങൾ അധികവും വാങ്ങിയത് റെയ്ഡ്കോ എന്ന സ്ഥാപനത്തിൽ നിന്നാണ്. സ്വന്തമായി യന്ത്രങ്ങൾ ഉല്പാദിപ്പിക്കാത്ത ഈ സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലിൽ ദുരൂഹതയുണ്ട്.

കാർഷിക യന്ത്രവത്ക്കരണ പദ്ധതികളുടെ നിർവ്വഹണം സർക്കാർ വിശദമാക്കിയിരുന്നെങ്കിലും നിർവ്വഹണഘട്ടത്തിൽ ഇവയൊന്നും പാലിക്കപ്പെട്ടില്ല. ഉടമസ്ഥാവകാശം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കി യന്ത്രങ്ങളുടെ ഉപയോഗം പാടശേഖര

സമിതികളെ ഏൽപ്പിക്കുവാനായിരുന്ന നിർദ്ദേശം. എന്നാൽ പാടശേഖര സമിതികൾക്ക് യന്ത്രങ്ങൾ കൈമാറിയത് വ്യക്തമായ കരാർ ചമച്ചല്ലായിരുന്നു. പ്രവർത്തനം വിവരിക്കുന്നതിന് നിയമാവലിയും തയ്യാറാക്കിയിരുന്നില്ല. യന്ത്രങ്ങളുടെ വരവ് ചെലവ് കണക്കുകൾ കാലാകാലങ്ങളിൽ കൃഷി ഓഫീസറോ മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ പരിശോധിച്ചതിന് തെളിവില്ല. പലയിടത്തും കണക്കുകൾ സൂക്ഷിക്കുന്നത് പോലുമില്ല. വർഷങ്ങളായി വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്ത പാടശേഖര സമിതികളുമുണ്ട്. യന്ത്രങ്ങളുടെ പ്രവർത്തനവും ഉപയോഗവും വിലയിരുത്താത്തതിനാൽ ചിലയിടങ്ങളിൽ യന്ത്രങ്ങൾ സ്വകാര്യവ്യക്തികൾ കൈവശപ്പെടുത്തിയിരിക്കുകയാണ്. വരവ് ചെലവ് കണക്കുകൾ പരിശോധിക്കാത്തതിനാൽ യന്ത്രങ്ങൾ കൃഷി ആവശ്യങ്ങൾക്കാണോ ഉപയോഗിച്ചത് എന്നതുപോലും വ്യക്തമല്ല.

ഈ വിഷയത്തിൽ മലപ്പുറം ജില്ലയിലെ നാല് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ വിവരിക്കുന്നു. സംസ്ഥാന വ്യാപകമായി പ്രശ്നം നിലവിലുള്ളതിനാൽ സമഗ്രാന്വേഷണത്തിന് സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു.

## പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്

**കൃഷി യന്ത്രങ്ങളുടെ ഉപയോഗവിവരം ലഭ്യമല്ല**

(1999-2002 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 14)

പദ്ധതി വിഹിതം 779178 രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് പാടശേഖര സമിതികളുടെ അപക്സ് ബോഡിക്ക് നൽകിയ ട്രാക്ടറുകൾ, ടില്ലർ എന്നിവയുടെ ഉപയോഗവിവരം ലഭ്യമല്ല. യന്ത്രങ്ങളുടെ വാടക, വരുമാനം, പ്രവർത്തന ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iv)1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

123. പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 7,79,178 രൂപയ്ക്ക് പാടശേഖര സമിതിയ്ക്ക് യന്ത്രോപകരണങ്ങൾ വാങ്ങി നൽകിയതു സംബന്ധിച്ച് ഒരാൾ ഓംബുഡ്സ്മാനിൽ പരാതി നൽകിയിരുന്നെന്നും യന്ത്രങ്ങൾ വാങ്ങിയതിൽ ക്രമക്കേടൊന്നുമില്ലായെന്നും ടില്ലർ 2002 മുതൽ റിപ്പയർ ചെയ്യാനാവാത്തവിധം കേടാവുകയും 2010-ൽ പ്രവർത്തനരഹിതമാവുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ യന്ത്രങ്ങൾ റിപ്പയർ ചെയ്തെടുക്കാൻ കഴിയാത്ത അവസ്ഥയിലാണെന്നും പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് സമിതിയെ അറിയിച്ചു.

124. പഞ്ചായത്ത് തന്നെ യന്ത്രങ്ങൾ വാങ്ങി ആവശ്യക്കാർക്ക് വാടകയ്ക്ക് കൊടുക്കുന്നത് നല്ലതായിരിക്കുമെന്നും പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലാ പഞ്ചായത്തുകൾ മഹിളാ കിസാൻ സശക്തീകരൺ പരിയോജന (എം.കെ.എസ്.പി.) നടപ്പിലാക്കിയ സമയത്ത് പ്രസ്തുത യന്ത്രങ്ങൾ അവർക്ക് നൽകാമായിരുന്നു എന്നും ഓരോ പാടശേഖരവും അവരവരുടെ ആവശ്യം കഴിയുമ്പോൾ യന്ത്രങ്ങൾ അടുത്ത പാടശേഖരങ്ങൾക്ക് നൽകുമെന്നും അങ്ങനെ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ കൊയ്ത്തുകഴിയുമ്പോൾ തന്നെ യന്ത്രം തകരാറിലാകുമെന്നും പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇടപെടൽ നടത്തണമെന്നും അഭിപ്രായപ്പെട്ട സമിതി കേടായ യന്ത്രോപകരണങ്ങൾ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**125. പഞ്ചായത്തുകൾ തന്നെ യന്ത്രങ്ങൾ വാങ്ങി ആവശ്യക്കാർക്ക് കൊടുക്കുന്നതായിരിക്കും നല്ലതെന്നും കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇടപെടൽ നടത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശത്തിൽ ഉൾപ്പെട്ട കേടായ യന്ത്രോപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്ത്

**കൊയ്ത്ത് മെതി യന്ത്രം: പദ്ധതി ലക്ഷ്യം നേടിയില്ല**

(2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 38)

13.77 ലക്ഷം രൂപയ്ക്ക് വാങ്ങിയ കൊയ്ത്ത് മെതി യന്ത്രം ഗ്രാമപഞ്ചായത്തിലെ 530 ഹെക്ടറിലെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുക എന്ന പദ്ധതി ലക്ഷ്യം കൈവരിച്ചതിന് തെളിവില്ല. യന്ത്രത്തിന്റെ വരവ്/ചെലവ് കണക്കുകൾ ഉത്തരവാദപ്പെട്ടവർ പരിശോധിച്ചില്ല. മാത്രമല്ല 8 ലക്ഷം അടങ്കലുള്ള പദ്ധതിക്ക് 13.77 ലക്ഷം ചെലവഴിക്കുന്നതിന് സാധൂകരണം വാങ്ങിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iv)2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

126. കൊയ്ത്ത് മെതി യന്ത്രം ഉപയോഗശൂന്യമായതിനാൽ യന്ത്രസാമഗ്രികൾ കണ്ടം ചെയ്യുന്നതിലേയ്ക്ക് വാല്യൂവേഷൻ നടത്തുന്നതിനായി പെതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ വാല്യൂവേഷൻ നടത്തി ഫയൽ ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് യന്ത്രസാമഗ്രികൾ ലേലം ചെയ്യുന്നതാണെന്നും തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

127. ഉപയോഗശൂന്യമായ കൊയ്ത്ത് മെതി യന്ത്രം ലേലം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**128. ഉപയോഗശൂന്യമായ കൊയ്ത്ത് മെതി യന്ത്രം ലേലം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

ഏ.ആർ. നഗർ ഗ്രാമപഞ്ചായത്ത്

**യന്ത്രകലപ്പ : ഉപയോഗരഹിതമായി**

(2002-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2(9))

പദ്ധതിവിഹിതം 108000 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് പാടശേഖര സമിതിക്ക് നൽകിയ രണ്ട് യന്ത്രകലപ്പകളും ഒരു വർഷത്തിനുള്ളിൽ ഉപയോഗരഹിതമായി. ഉപയോഗിച്ച ഒരു വർഷത്തെ വരവ്/ചെലവ് കണക്കുകളും ലഭ്യമല്ല. പദ്ധതി നിർവ്വഹണം സംശയാസ്പദമായതിനാൽ അന്വേഷണം നടത്തേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iv)3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

129. ഉപയോഗരഹിതമായ കാർഷിക യന്ത്രങ്ങൾ ലേലം ചെയ്തോയെന്ന സമിതിയുടെ ചോദ്യത്തിന് 12000/- രൂപയ്ക്കാണ് ലേലം ചെയ്തതെന്ന് ഏ. ആർ. നഗർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

130. ഉപയോഗരഹിതമായ കാർഷിക യന്ത്രങ്ങൾ ലേലം ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

131. **ഉപയോഗരഹിതമായ കാർഷികയന്ത്രങ്ങൾ ലേലം ചെയ്തതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

**ടില്ലർ: വരവ് ലഭ്യമല്ല**

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 5)

ഗ്രാമപഞ്ചായത്തിന്റെ പവ്വർടില്ലറിന്റെ വരവ് വിവരം ലഭ്യമല്ല. കാർഷികേതര ആവശ്യങ്ങൾക്ക് ടില്ലർ ഉപയോഗിച്ചിട്ടുണ്ടോയെന്ന് ഇതിനാൽ അറിയാൻ കഴിയുന്നില്ല.

പ്രതിമാസം 45,000 രൂപയ്ക്ക് ടില്ലർ 2001-2002-ൽ പാടശേഖര സമിതികൾക്ക് വാടകക്ക് നൽകിയിരുന്നു. എന്നാൽ വാടക വരവില്ല.

അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കണം.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(iv)4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**133. ഭരണസമിതി തീരുമാനപ്രകാരം പവർടില്ലർ ലേലം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**സഹകരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ദുരുപയോഗം ചെയ്തു**

പദ്ധതി നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്തുകൾ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ പണം ദുരുപയോഗം ചെയ്തു.

ജനകീയാസൂത്രണ കാലത്ത് പദ്ധതി വിഹിതത്തിൽ നിന്ന് വൻതോതിൽ നൽകിയ പണമാണ് പാഴായത്. പദ്ധതികൾ ഒന്നുപോലും പൂർത്തിയായില്ലെന്നത് മാത്രമല്ല വർഷങ്ങളായി നിർവ്വഹണം മുടങ്ങിയ പദ്ധതികൾക്ക് നൽകിയ പണം തിരിച്ച് ഈടാക്കിയുമില്ല.

മലപ്പുറം ജില്ലയിലെ നാല് ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ മറവിൽ പദ്ധതി വിഹിതം ധൂർത്തടിച്ചതിന് തെളിവാണ്. സമാന സ്ഥിതി സംസ്ഥാന വ്യാപകമായി ദൃശ്യമാണ്.

ജനോപകാരപ്രദമായ പദ്ധതികൾക്കുവേണ്ടിയാണ് സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകുവാൻ സർക്കാർ ഉത്തരവായത്. പദ്ധതികളുടെ നിർവ്വഹണ ഏജൻസി എന്ന നിലയിലായിരുന്നു ഇത്. എന്നാൽ സർക്കാർ ഉത്തരവുകൾ ലംഘിച്ച് സഹകരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ആസ്തികൾ നേടുന്നതിന് സഹായകരമായ നിലയിലായിരുന്നു പദ്ധതി നിർവ്വഹണം ചില സഹകരണ സ്ഥാപനങ്ങളാകട്ടെ പദ്ധതി നിർവ്വഹണത്തിന് നൽകിയ പദ്ധതി വിഹിതം ദൈനംദിന ക്രയവിക്രയങ്ങൾക്ക് മാറ്റിമറിച്ചു. ഇത് വർഷങ്ങളോളം തുടർന്നതായും കാണുന്നു.

വ്യക്തമായ കരാർ ചമയ്ക്കാതെയും നിയമപ്രകാരമുള്ള കൈപ്പറ്റ് രസീത് നൽകാതെയും ചില സഹകരണ സ്ഥാപനങ്ങൾക്ക് പണം നൽകിയതായി കാണുന്നു. ജനകീയാസൂത്രണ നിർദ്ദേശപ്രകാരം പദ്ധതി നിർവഹണത്തിന് നൽകുന്ന പദ്ധതി സഹായം സംയുക്ത അക്കൗണ്ടിൽ വേറിട്ട് സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. ഇതിന് വിരുദ്ധമായി സഹകരണ സ്ഥാപനങ്ങൾ സ്വന്തം അക്കൗണ്ടിലാണ് പണം സൂക്ഷിച്ചത്. ഇത് ക്രയവിക്രയങ്ങൾക്ക് പദ്ധതി വിഹിതം മാറ്റിമറിക്കാൻ സഹായകമായി.

25/11/1998-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2990/പി3/സർക്കുലറിൽ സഹകരണ സംഘങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വിവിധ മേഖലയിലെ പുരോഗതിക്കുതകും വിധം തയ്യാറാക്കി നടപ്പാക്കുന്ന പദ്ധതികൾക്ക് മാത്രമേ ഗ്രാമപഞ്ചായത്തുകൾ സഹായം നൽകാവൂ എന്ന് വ്യക്തമാക്കിയിരുന്നു. ഈ നിർദ്ദേശം ലംഘിച്ചാണ് മൂലധനാസ്തികൾ സ്വരൂപിക്കാൻ സഹകരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം നൽകിയത്.

പദ്ധതി വിഹിതം നൽകിയ ശേഷം മോണിട്ടറിംഗ് നടത്തി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്തുകൾ ശ്രമിച്ചതിന് തെളിവില്ല. ഗ്രാമപഞ്ചായത്തുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ഭരണസമിതികൾ തമ്മിൽ രാഷ്ട്രീയ സ്വാധീനമുള്ളിടങ്ങളിൽ വൻതോതിൽ പദ്ധതിവിഹിതം നൽകിയെന്നത് മാത്രമല്ല പിന്നീട് യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

നിർവ്വഹണ/ചെലവ് രേഖകളുടേയും വിനിയോഗ സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം ധനാപഹരണമായേ കണക്കാക്കാനാവൂ.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ താഴെ:-

## പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്

(1999-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 26, ഖണ്ഡിക 60)

1. പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കെട്ടിടം പണിയാൻ ഭൂമി വാങ്ങാൻ ഒരു ലക്ഷം രൂപ നൽകിയത് മേൽസൂചിത സർക്കുലറിന് വിരുദ്ധമാണ്.

2. പരപ്പനങ്ങാടി എസ്.സി സഹകരണ സംഘത്തിന്റെ വനിത വസ്ത്ര നിർമ്മാണ യൂണിറ്റിന് ഫർണിച്ചറും യന്ത്രങ്ങളും വാങ്ങാൻ 50,000 രൂപ നൽകിയതായി കാണുന്നു. ഇതും സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. മാത്രമല്ല കൈപ്പറ്റിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10 (v)1, 3.10(v)2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

134. പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കെട്ടിടം പണിയാൻ സെക്രട്ടറിയുടെ പേരിൽ സ്ഥലം വാങ്ങിയതിനുള്ള കാരണം സമിതി ആരാഞ്ഞതിന് മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കെട്ടിടം പണിയാനാണ് സ്ഥലം വാങ്ങിയതെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം കെട്ടിടം നിർമ്മിക്കാൻ സാധിച്ചില്ലായെന്നും പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് സമിതിയെ അറിയിച്ചു.

135. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിച്ചു.

136. എസ്. സി. സഹകരണ സംഘത്തിന്റെ വനിതാ വസ്ത്ര നിർമ്മാണ യൂണിറ്റിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കഴിഞ്ഞ മേയ് മാസം മുതൽ വസ്ത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ലായെന്ന് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് സമിതിയെ അറിയിച്ചു.

137. എന്നാൽ സമിതിയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ സംഘം പ്രവർത്തനക്ഷമമാണെന്നാണ് പരാമർശിച്ചിരിക്കുന്നതെന്നും ആകയാൽ ഇതുസംബന്ധിച്ച് ക്ലാരിഫിക്കേഷൻ നൽകണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശിപാർശകൾ**

**138. മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സംഘവുമായി ചമച്ച കരാർ, വാങ്ങിയ ഭൂമിയിൽ കെട്ടിടം നിർമ്മിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**139. സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ എസ്.സി. സഹകരണ സംഘത്തിന്റെ വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച് ക്ലാരിഫിക്കേഷൻ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

**(1998-1999 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 35 (4) ഖണ്ഡിക :47)**

1. നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങാൻ ഊർങ്ങാട്ടിരി സർവീസ് സഹകരണ ബാങ്കിന് 99 മാർച്ചിൽ 8,00,000 രൂപ നൽകിയിരുന്നു. ഒരു വർഷത്തിനുള്ളിൽ യൂണിറ്റ് തുടങ്ങണമെന്നും അല്ലാത്ത പക്ഷം പലിശ സഹിതം തുക തിരിച്ചടയ്ക്കണമെന്നും പദ്ധതി രേഖ നിർദ്ദേശിച്ചിരുന്നു. പദ്ധതി നിർവഹണം 2003 ഫെബ്രുവരിയിലും പൂർത്തിയായിട്ടില്ല. മാത്രമല്ല സംഘം ടി തുക ദൈനംദിന ക്രയവിക്രയങ്ങൾക്ക് ഉപയോഗിച്ചതായും കാണുന്നു.

2. ഭക്ഷ്യ സംസ്കരണ വ്യവസായ സൊസൈറ്റി സ്ഥാപിക്കുന്നതിന് തച്ചമണ്ണ വനിത വ്യവസായ സഹകരണ സംഘത്തിന് ഗ്രാമപഞ്ചായത്ത് 81,838 രൂപ പദ്ധതിവിഹിതം നൽകിയതായി കാണുന്നു. ഇതിൽ 69780 രൂപ യന്ത്രങ്ങൾക്കായിരുന്നു. പദ്ധതി രേഖ പ്രകാരം 25,162 രൂപ ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടിയിരുന്നു. ഇത് പിരിക്കാതെ മുഴുവൻ ചെലവും പദ്ധതി വിഹിതത്തിലാണ് നിറവേറ്റിയത്. മാത്രമല്ല 12,058 രൂപ പ്രവർത്തന മൂലധനമായും നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധനം പദ്ധതിവിഹിതത്തിൽ നിന്ന് നൽകരുതെന്ന് സർക്കാർ ഉത്തരവുള്ളതിനാൽ ഇത് നിയമവിരുദ്ധമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(v)2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

140. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**141. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

**(1997-1998, 1998-1999, 1999-2000 പദ്ധതി വിഹിതം; ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 9)**

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചുങ്കത്തറ കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് സഹായധനമായി ഗ്രാമപഞ്ചായത്ത് 150000 രൂപ പദ്ധതി വിഹിതം നൽകി.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ പദ്ധതിവിഹിതം പലിശ സഹിതം തിരിച്ച് ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05; ഖണ്ഡിക 3.10(v)3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

142. പലിശ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന്റെ സാമ്പത്തിക സ്ഥിതി മോശമാണെന്ന് അറിയിച്ചിട്ടുള്ളതായി ചുങ്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

143. തുടർന്ന് പലിശ ഇളവ് നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

144. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**145. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

ആനക്കയം ഗ്രാമപഞ്ചായത്ത്

**തെരുവ് വിളക്ക് സ്ഥാപിക്കൽ; പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല 1.75 ലക്ഷം പാഴ്ചെലവ്**

(2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3(11))

കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്ന പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചെലവഴിച്ച 1,75,000 രൂപ പാഴ്ച്ചെലവായി. പദ്ധതിപ്രകാരം 2003 മാർച്ചിൽ 1,75,000 രൂപ ചെലവഴിച്ച് വാങ്ങിയ ട്യൂബ്, സി.എഫ്.വിളക്ക് പോലും സ്ഥാപിച്ചില്ല. മാത്രമല്ല തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തെരഞ്ഞെടുത്തത് സ്ട്രീറ്റ് - ലൈൻ മെയിൻ ലൈൻ ഇല്ലാത്ത സ്ഥലങ്ങളായതിനാൽ വിളക്ക് സ്ഥാപിക്കുക പ്രായോഗികമല്ലെന്ന് വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നതിനു മുൻപ് വൈദ്യുതിബോർഡുമായി ചർച്ച ചെയ്ത് പദ്ധതി പ്രായോഗികാണോ എന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു. ഇത് ചെയ്യാതെ പദ്ധതിക്ക് അംഗീകാരം ലഭിച്ചയുടനെ 1,75,000 രൂപയ്ക്ക് വിളക്കുകൾ വാങ്ങുന്നതിന് മുൻഗണന നൽകിയതിൽ ദുരൂഹതയുണ്ട്. ക്വട്ടേഷനിൽ ഒരു വർഷത്തെ വാറന്റി മാത്രമാണ് ലാമ്പുകൾക്ക് ഉണ്ടായിരുന്നത്. സമയ പരിധി ലാമ്പുകൾ ഉപയോഗിക്കാതെ തന്നെ കഴിഞ്ഞുപോയി. ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.63.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

146. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**147. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

മൂർക്കനാട് ഗ്രാമപഞ്ചായത്ത്

**കാർഷികാവശ്യത്തിന് ട്രാക്ടർ; പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ**

(1997-2002 ഓഡിറ്റ് റിപ്പോർട്ട് (പദ്ധതി വിഹിതം); ഖണ്ഡിക 6)

നിർവ്വഹണത്തിലെ അപാകതകൾ നിമിത്തം 'കാർഷികാവശ്യത്തിന് ട്രാക്ടർ വാങ്ങൽ' പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് കാർഷികാവശ്യത്തിന് ട്രാക്ടർ വാങ്ങുന്നതിന് 3,34,950 രൂപ 20-6-98-ൽ റെയ്ഡ്കോയ്ക്ക് നൽകി. കൃഷി വികസനത്തിന് വക കൊള്ളിച്ചതിലും മറ്റ് പദ്ധതികളിലും ബാക്കി നിൽക്കുന്ന തുകയുപയോഗിച്ച് ട്രാക്ടർ വാങ്ങുവാൻ പഞ്ചായത്ത്

തീരുമാനം എടുത്തിട്ടുള്ളതല്ലാതെ അംഗീകൃത പദ്ധതിയോ ഡി.പി.സി.യുടെ അംഗീകാരമോ ഹാജരാക്കിയിട്ടില്ല. ട്രാക്ടർ എന്നാണ് ലഭിച്ചതെന്നോ സ്റ്റോക്ക് വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയിലോ പഞ്ചായത്ത് തീരുമാനത്തിലോ ട്രാക്ടർ വാടക എത്രയാണെന്നോ, എന്തടിസ്ഥാനത്തിലാണ് വാടകയ്ക്ക് നൽകുന്നതെന്നോ രേഖപ്പെടുത്തിയിട്ടില്ല. ബി.എൽ.ഇ.സി.യുടെ 14-12-99-ലെ 3-ാം തീരുമാനപ്രകാരം ട്രാക്ടർ 29-3-2000-ന് സർവ്വീസ് സഹകരണ ബാങ്കിന് കൈമാറിയെങ്കിലും ബാങ്കുമായി യാതൊരുവിധ ഉടമ്പടിയും വെച്ചിട്ടില്ല. 27-6-1998-ലെ കാഷ് ബിൽ പ്രകാരം റെയ്ഡ്കോയിൽ നിന്നും കൈപ്പറ്റിയ ട്രാക്ടർ 29-3-2000-ൽ സഹകരണ ബാങ്കിനെ ഏൽപ്പിക്കുന്നതു വരെയുള്ള ഏകദേശം രണ്ട് വർഷക്കാലത്ത് വാടകയിനത്തിൽ ഒരു രൂപ പോലും പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്നുള്ളത് പദ്ധതിയുടെ പരാജയം വ്യക്തമാക്കുന്നു.

11/98-ൽ രജിസ്റ്റർ ചെയ്യുകയും 18-2-1999-ന് ദിവസക്കൂലിയടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുകയും ചെയ്തിട്ടും ഇത്രയും കാലം ട്രാക്ടർ എന്ത് ചെയ്തു എന്നതിന് വിശദീകരണം നൽകിയിട്ടില്ല.

334950 രൂപ പഞ്ചായത്ത് ചെലവഴിച്ച് ട്രാക്ടർ വാങ്ങുകയും 29-3-2000 വരെ പഞ്ചായത്ത് സെക്രട്ടറിമാരുടെ അധീനതയിലുണ്ടായിരുന്നതുമായ ട്രാക്ടറിന്റെ ഉപയോഗത്തെ സംബന്ധിച്ചും വാടക പഞ്ചായത്തിന് ലഭിക്കാതെ പോയത് സംബന്ധിച്ചും സമഗ്രമായ ഒരന്വേഷണം ഭരണവകുപ്പ് തലത്തിൽ നടത്തി പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.64.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

148. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**149. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**ഓഫ്സെറ്റ് പ്രസ് ;7.5 ലക്ഷം നഷ്ടം**

(1997-1998 മുതൽ 2001-02 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് (പദ്ധതി വിഹിതം) ഖണ്ഡിക 14)

മിനി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിച്ച് വനിതകളുടെ തൊഴിലില്ലായ്മക്ക് അറുതി വരുത്താൻ ലക്ഷ്യമിട്ട പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് 752705 രൂപ നഷ്ടപ്പെടുത്തി.

നിയമങ്ങളും നിർദ്ദേശങ്ങളും ലംഘിച്ച് ധനാപഹരണത്തോളമെത്തുന്ന ഗുരുതരമായ ക്രമക്കേടുകളാണ് പദ്ധതി നിർവഹണത്തിൽ ഉടനീളം കാണുന്നത്.

1998-1999 ലാണ് രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് പദ്ധതി ആവിഷ്കരിച്ചത്. 1998-1999-ൽ 200000 രൂപ പദ്ധതി വിഹിതം വകയിരുത്തിയപ്പോൾ 5 ലക്ഷം ചെലവഴിച്ചു. ഇത് വികേന്ദ്രീകൃതാസൂത്രണ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല ഈ തുക നൽകിയത് കെ.ഡബ്ല്യു.സി.ഡി.എസ്. എന്ന സ്ഥാപനത്തിനാണെന്ന് കാണുന്നു. ധനാപഹരണത്തിന് തുല്യമാണത്.

വനിതാകമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ച് പദ്ധതി നിർവഹിക്കാനായിരുന്നു ലക്ഷ്യം. സൊസൈറ്റി രൂപീകരിച്ചതിന് തെളിവില്ല.

പ്രിന്റിംഗ് പ്രസ്സിനുവേണ്ടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലെ 2000 രൂപ വീതം പ്രതിമാസം ലഭിക്കുന്ന 2 മുറികൾ വർഷങ്ങളോളം മാറ്റിവെച്ച് വാടക നഷ്ടപ്പെടുത്തി.

ലക്ഷങ്ങളുടെ നഷ്ടത്തിനിടയാക്കിയ പദ്ധതി നിർവഹണം അന്വേഷണത്തിന് വിഷയമാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.64.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. ബാധ്യതക്കാരനെതിരെ ആർ. ആർ. നടപടി സ്വീകരിച്ചതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും ബഹു. ഹൈക്കോടതി ആർ. ആർ. നടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നും പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

151. ബഹു. ഹൈക്കോടതി വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

152. **പ്രസ്തുത വിഷയത്തിൽ ബഹു: ഹൈക്കോടതി വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

**വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധികം തുക നൽകി**

(2002-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 18)

പദ്ധതി പ്രകാരം യുവതികൾക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നതിന് ജനറൽ വിഭാഗത്തിൽ ഒരാൾക്ക് 1000 രൂപ പ്രകാരം 100 വനിതകൾക്കും പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽ ഒരാൾക്ക് 2000 രൂപ പ്രകാരം 10 പേർക്കുമായി ആകെ 120000 രൂപ മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് കംപ്യൂട്ടർ എഡ്യൂക്കേഷൻ സെന്ററിന് 31-3-2003-ൽ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ഹാജർ പ്രകാരം ആകെ 80 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. ഇതിൽ തന്നെ 29 പേർ പുരുഷൻമാരാണ്. വനിതകൾ മാത്രമാണ് ഗുണഭോക്താക്കൾ എന്ന് പദ്ധതിയിൽ വ്യക്തമാക്കിയിരിക്കെ പുരുഷൻമാർക്ക് പരിശീലനം നൽകിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. കൂടാതെ 80 പേർക്ക് മാത്രം പരിശീലനം ലഭിച്ചിട്ട് 110 പേർക്കായി അനുവദിച്ചിരുന്ന മുഴുവൻ തുകയും നൽകിയതുവഴി 30000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി ആകെ ചെലവഴിച്ച 30000 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതുണ്ട്. പദ്ധതി വ്യതിചലനത്തിന് വിശദീകരണവും നൽകേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.65.1)

153. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രോജക്ടിന് വിരുദ്ധമായി ചെലവഴിച്ച തുക തിരികെ പിടിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും തുക അടവാക്കാത്തതിനാൽ 24-3-2009-ലെ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

154. പ്രസ്തുത വിഷയം സംബന്ധിച്ച റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**155. പ്രസ്തുത വിഷയം സംബന്ധിച്ച റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

**വനിതാ സഹകരണ സംഘത്തിന് ധനസഹായം;3.07 ലക്ഷം പാഴ്ചെലവ്**

[1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3 (8)]

വനിതാസഹകരണ സംഘത്തിന് ധനസഹായം നൽകിയ 3,07,140 രൂപ സംഘം പ്രവർത്തനം തൻവർഷം തന്നെ നിലച്ചതിനാൽ പാഴ്ചെലവായി.

വനിതാ സഹകരണസംഘം സെക്രട്ടറിക്ക് 31-3-2000 ത്തിൽ 3,07,140 രൂപ നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട്, അനുബന്ധ രേഖകൾ, വിനിയോഗവിവരം എന്നിവ സംബന്ധിച്ച ഫയൽ രേഖമൂലം ആവർത്തിച്ചാവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംഘത്തിന്റെ ചെയർമാൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനാണെന്ന് കാണുന്നു. ഗുണഭോക്തൃ സമിതിയുടെ ചെയർമാനായി ഒരു പഞ്ചായത്ത് അംഗത്തിന് പ്രവർത്തിക്കുവാൻ വ്യവസ്ഥയില്ലാത്തതാണ്. ടൈപ്പ്റൈറ്റിംഗ്, കമ്പ്യൂട്ടർ തുടങ്ങിയവ സ്ഥാപിച്ച് പരിശീലനം നൽകുവാനായി ആരംഭിച്ച സംഘം തൻവർഷം തന്നെ പ്രവർത്തനരഹിതമായതായി മിനിട്ട്സിൽ നിന്നും വ്യക്തമാകുന്നു. പ്രവർത്തനയോഗ്യമല്ലാത്ത പദ്ധതികൾക്ക് ഭീമമായ തുക നൽകിയത് പാഴ്ചെലവാണ്. ഭരണവകുപ്പ് സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദിയായവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2005-06; ഖണ്ഡിക 2.66.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

156. 1999 മുതൽ 2004 വരെ വനിതാ സഹകരണ സംഘത്തിന് 3.07 ലക്ഷം രൂപ ധനസഹായം നൽകിയെന്നും ഗുണഭോക്താക്കൾക്ക് ട്രെയിനിംഗ് നൽകുന്നതിനായി ട്രെയിനിംഗ് സാമഗ്രികൾ വാങ്ങാനാണ് ടി തുക വിനിയോഗിച്ചതെന്നും പ്രസ്തുത ട്രെയിനിംഗ് 1999 മുതൽ 2004 വരെ തുടർന്നുവന്നിരുന്നുവെന്നും ഗുണഭോക്താക്കളില്ലാത്തതു കാരണം പിന്നീട് ട്രെയിനിംഗിനുവേണ്ടി വാങ്ങിയ കമ്പ്യൂട്ടർ, ടൈപ്പ് റൈറ്റർ, തയ്യൽ മെഷീൻ, പ്രിന്റർ തുടങ്ങിയ മെഷിനറികൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടെന്നും എന്നാൽ

ടി മെഷീനുകൾ നിലവിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുന്നില്ല എന്നും വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് അക്കൗണ്ട്സ് വിഭാഗം പരിശോധിച്ചിട്ടുണ്ടെന്നും കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

157. പ്രസ്തുത രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**158. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

പൊതുപരാമർശങ്ങൾ

**കേന്ദ്രാവിഷ്കൃത പദ്ധതി-ഭക്ഷ്യധാന്യം അനുവദിക്കൽ-കേന്ദ്ര സർക്കാരിന് നഷ്ടം 92,177 രൂപ**

കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പണികൾക്ക് അർഹതയ്ക്കുപരിയായി ഭക്ഷ്യ ധാന്യം അനുവദിച്ചതുമൂലം കേന്ദ്ര സർക്കാരിന് 92177 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു.

| സ്ഥാപനം | വർഷം | ഖണ്ഡിക | പ്രവൃത്തി | അർഹമായ അളവ് | അനുവദിച്ച അളവ് | അധികമായി നൽകിയ അളവ് | നഷ്ടം @5.10/ കി (രൂപ) |
|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
| 1. വഴിക്കടവ് ഗ്രാ.പ. | 02-03 | 15 | മരുതക്കടവ് പരലുണ്ട റോഡ്- ഒന്നാം ഘട്ടം | 33390 കി. | 35000 കി. | 1610 കി. | 8,211 |
| 2. വഴിക്കടവ് | 02-03 | 16 | മരുതക്കടവ് പരലുണ്ട റോഡ്- രണ്ടാം ഘട്ടം | 33260 കി. | 45000 കി. | 11740 കി. | 59,874 |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 3. വഴിക്കടവ് | 02-03 | 17 | പാലാട്-മൂന്നാറ് റോഡ് | 2720 കി. | 7444 കി. | 4724 കി. | 24,092 |
| | | | ആകെ | | | | 92,177 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

159. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച്, സമിതി ആരാഞ്ഞതിന് ഈടാക്കാൻ അവശേഷിക്കുന്ന തുകയായ 24,092 രൂപ ഈടാക്കിയിട്ടുണ്ടെന്നും വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

160. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**161. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

വ്യക്തമായ പഠനം നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും അതിനുവേണ്ടി പദ്ധതിപ്പണം വിനിയോഗിക്കുകയും ചെയ്യുകാണുന്നു. തന്മൂലം പദ്ധതിപൂർത്തിയാക്കാനോ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനോ സാധിച്ചിട്ടില്ല. അതിനുവേണ്ടി ചെലവിട്ട തുക പാഴായി.

വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പദ്ധതി വിവരണം | ചെലവിട്ട തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | അരീക്കോട് ഗ്രാ.പ. | 2000-2001 | 2-21 | നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ് | 89,139 | പൂർത്തീകരിച്ചിട്ടില്ല. |
| 2. | അരീക്കോട് ഗ്രാ.പ. | 00-01 | 2-22 | സിമന്റ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് | 1,01,625 | പൂർത്തീകരിച്ചിട്ടില്ല. |
| 3. | വെട്ടത്തൂർ ഗ്രാ.പ. | 98-99 | 2-18 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 2,24,834 | പൂർത്തീകരിച്ചിട്ടില്ല. |
| **ആകെ** | | | | | **4,15,598** | |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

162. 1997-98 പദ്ധതിയിൽ ഉൾപ്പെടുത്തി നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റിന് ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങിക്കുന്നതിന് ചെലവഴിച്ച തുകയാണെന്നും പ്രസ്തുത പദ്ധതി റെഡ്കോ ഗ്രൂപ്പിന് കൈമാറാനാണ് തീരുമാനിച്ചിരുന്നതെന്നും എന്നാൽ ഗുണഭോക്തൃ ഗ്രൂപ്പുകൾ നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ യന്ത്രസാമഗ്രികൾ കെട്ടിക്കിടക്കുകയാണെന്നും അവ ഇപ്പോൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വിൽക്കാൻ സാധിച്ചിട്ടില്ലായെന്നും പഞ്ചായത്ത് ഭരണസമിതിയുടെ 19-6-2010-ലെ യോഗ തീരുമാന പ്രകാരം നിയോഗിച്ച സബ് കമ്മിറ്റി പ്രസ്തുത മെഷിനറി ഉപയോഗയോഗ്യമല്ലെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അരീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

163. ഉപയോഗയോഗ്യമല്ലാത്ത മെഷീനുകൾ വാല്യുവേഷൻ നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

164. **ഉപയോഗശൂന്യമായ മെഷീനുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

165. വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 1998-99-ൽ ആരംഭിച്ച പദ്ധതിയാണെന്നും വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിനായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗശൂന്യ മായതിനാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് മറുപടി നൽകി.

166. ഉപയോഗശൂന്യമായ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

167. **ഉപയോഗശൂന്യമായ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മുൻകൂർ തുക കൈപ്പറ്റി-പണി പൂർത്തിയായില്ല-പദ്ധതി പണം പാഴായി**

ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 2001-02, 2002-03, 2004-05 വർഷങ്ങളിൽ വിവിധ മരാമത്തു പണികൾക്കായി 9,15,168 രൂപ മുൻകൂറായി കൺവീനർ/ഏജൻസികൾക്ക് നൽകിയിരുന്നുവെങ്കിലും ടി പണികളൊന്നും തന്നെ പൂർത്തിയാക്കിയതായി കാണുന്നില്ല. പണി നടത്താതെ വീഴ്ച വരുത്തിയവർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകാണുന്നില്ല. തന്മൂലം പദ്ധതിപ്പണം പാഴാക്കുകയാണുണ്ടായത്. നിർവഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ നടത്തിപ്പ് മോണിട്ടർ ചെയ്യുന്നതിൽ വരുത്തുന്ന വീഴ്ചയാണ് പദ്ധതികൾ പരാജയപ്പെടാനുള്ള പ്രധാന കാരണം.

വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പദ്ധതിയുടെ പേര് | നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 1 | തുവ്വൂർ ഗ്രാമപഞ്ചായത്ത് | 2002-03 | 3(2) | പൂതൂർ കോളനി റോഡ് | 5,000 |
| 2 | മങ്കട ഗ്രാമപഞ്ചായത്ത് | 2001-02 | 3(13) | മങ്കടപ്പാടം- ആണിത്തോട് റിപ്പയർ | 3,043 |
| 3 | പോരൂർ ഗ്രാമപഞ്ചായത്ത് | 2004-05 | 3(34) | 21 പ്രവൃത്തികൾക്ക് | 9,07,125 |
| | | **ആകെ** | | | **9,15,168** |

ഈ തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

168. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

169. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**നിക്ഷേപ വേല-വിനിയോഗ വിവരം ലഭ്യമല്ല**

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾ പദ്ധതി നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കെ.ഡബ്ള്യൂ.എ., കെ.എസ്.എച്ച്.ബി., സംസ്ഥാന നിർമ്മിതി കേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് 67,90,392 രൂപ നൽകിയിരുന്നുവെങ്കിലും ടി ജോലികൾ പൂർത്തീകരിച്ചതായോ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കിയതു സംബന്ധിച്ചോ ഉള്ള യാതൊരു വിവരവും ലഭ്യമാക്കുകയുണ്ടായില്ല.

തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്തിന്റെ പേര് | ഏജൻസി | റിപ്പോർട്ട് വർഷം | ഖണ്ഡിക | വിവരണം | നൽകിയ തുക(രൂപ) |
|---|---|---|---|---|---|
| 1. തുവ്വൂർ | കെ.എസ്.ഇ.ബി | 2002-03 | 3(1) | 5 പദ്ധതികൾക്ക് | 8,47,810 |
| 2. പുളിക്കൽ | കെ.എസ്.ഇ.ബി. | 2000-01 | 2(7) | 11 കെ.വി.ലൈൻ മാറ്റിക്കൽ | 29,393 |
| 3. അരീക്കോട് | കെ.എസ്.ഇ.ബി. | 1999-2000 | 2(30) | വിവിധ സ്ഥലങ്ങളിലേക്ക് ലൈൻ നീട്ടൽ | 12,10,000 |
| 4. അരീക്കോട് | കെ.എസ്.ഇ.ബി. | 2000-01 | 2(20) | വിവിധ സ്ഥലങ്ങളിലേക്ക് ലൈൻ നീട്ടൽ | 3,97,000 |
| 5. പോരൂർ | കെ.എസ്.ഇ.ബി | 2004-05 | 3(9) | 32 പദ്ധതികൾക്കായി | 11,62,835 |
| 6. പുളിക്കൽ | കെ.എസ്.ഇ.ബി. | 2001-02 | 2(5) | 7 പദ്ധതികൾക്കായി | 2,67,320 |
| 7. വെട്ടത്തൂർ | കെ.എസ്.ഇ.ബി. | 1998-99 | 2(17) | 7 പദ്ധതികൾക്കായി | 10,09,255 |
| 8. കീഴാറ്റൂർ. | കെ.എസ്.ഇ.ബി. | 2001-02 | 3(11) | 3 പദ്ധതികൾക്കായി | 88,028 |
| 9. അരീക്കോട് | കെ.ഡബ്ള്യൂ.എ. | 1999-00 | 2(23) | വിവിധ പദ്ധതികൾക്കായി | 1,95,000 |
| 10. കോഡൂർ | കെ.ഡബ്ള്യൂ.എ. | 2001-02 | 3(9) | വിവിധ പദ്ധതികൾക്കായി | 2,25,000 |
| 11. ഇരുമ്പിളിയം | കെ.എസ്.എച്ച്. ബി. | 1999-00 | 2(46) | ഭവന പദ്ധതി | 13,58,751 |
| | | | | **ആകെ** | **67,90,392** |

ടി പദ്ധതികളുടെ നിലവിലുള്ള അവസ്ഥ പരിശോധനാ വിധേയമാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

170. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

171. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മരാമത്ത് പണികൾക്ക് അധിക തുക നൽകി-നഷ്ടം 1,69,389 രൂപ**

താഴെ പറയുന്ന മരാമത്തു പണികൾക്ക് വിവിധ ഗ്രാമപഞ്ചായത്തുകൾ കരാറുകാർക്ക് അർഹതയ്ക്കുപരിയായി തുക അനുവദിച്ചു നൽകിയതുമൂലം 1,69,389 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | പ്രവൃത്തിയുടെ പേര് | അധിക തുക രൂപ |
|---|---|---|---|---|
| 1. കരുവാരക്കുണ്ട് | 2003-04 | 3(11) | വൃദ്ധ വികലാംഗ വിശ്രമകേന്ദ്ര നിർമ്മാണം | 34,792 |
| 2. കീഴാറ്റൂർ | 2002-03 | 3(3) | അരിക്കണ്ടംപാക്ക് ചെമ്മന്തിട്ട റോഡ് ടാറിംഗ് | 37,137 |
| 3. കീഴാറ്റൂർ | 2002-03 | 3(4) | കീഴാറ്റൂർ മണിയാണിരിക്കടവ് റോഡ് ടാറിങ് | 55,596 |
| 4. വെട്ടത്തൂർ | 1998-99 | 2(21) | മണാർമലപീടികപ്പടി പുതുപ്പറമ്പ് റോഡ്പ്രവൃത്തി | 18,704 |
| 5. ഏലംകുളം | 1998-99 | 2-1 | ചെങ്ങണം പറ്റ എച്ച്.സി.കോളനി റോഡ് ടാറിങ് | 23,160 |
| **ആകെ** | | | | **1,69,389** |

ടി തുക ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

172. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

173. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച**

ഓഡിറ്റ് വേളയിൽ ചെലവ് സംബന്ധിച്ച വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയിട്ടുണ്ട്. ടി രേഖകൾ ഹാജരാക്കാത്തതുമൂലം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളുടെ 1,12,99,243 രൂപയുടെ ചെലവിനങ്ങളുടെ കൃത്യത തിട്ടപ്പെടുത്താനായിട്ടില്ല. അക്കാരണത്താൽ 1,12,99,243 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ | തുക രൂപ |
|---|---|---|---|---|
| 1 | അരീക്കോട് ഗ്രാമപഞ്ചായത്ത് | 2000-01 | 2(30) | 24,30,387 |
| 2 | അരീക്കോട് ഗ്രാമപഞ്ചായത്ത് | 1999-00 | 2(24) | 9,93,247 |
| 3 | പുല്പറ്റ ഗ്രാമപഞ്ചായത്ത് | 2001-02 | 2(5) | 70,39,414 |
| 4 | പുല്പറ്റ ഗ്രാമപഞ്ചായത്ത് | 1999-00 | 2(14) | 3,31,171 |
| 5 | ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത് | 1999-00 | 20 | 5,05,024 |
| | **ആകെ** | | | **1,12,99,243** |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.71.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

## അരീക്കോട് ഗ്രാമപഞ്ചായത്ത്

174. എട്ട് പ്രവൃത്തികളുടെ തുക ക്രമീകരിക്കുകയും വർക്ക് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും തുക ക്രമീകരിച്ചതിന്റെ വൗച്ചറുകൾ പഞ്ചായത്തിന്റെ അക്കൗണ്ട്സ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും അരീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

175. രണ്ട് വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

176. **വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02, ഖണ്ഡിക നം.2(5)

ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000, ഖണ്ഡിക നം.2(14)

17-6-2001-ൽ പഞ്ചായത്ത് കെട്ടിടത്തിൽ തീപിടുത്തമുണ്ടായപ്പോൾ കൃഷിയുടെയും ഓൺ ഫണ്ട് അക്കൗണ്ടുകളുടെയും രജിസ്റ്ററുകളും മറ്റു രേഖകളും കത്തിനശിച്ചുപോയതിനാലാണ് രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതെന്ന്, പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

പ്രസ്തുത തുക എന്തൊക്കെയിനങ്ങൾക്കാണ് ചെലവഴിച്ചതെന്ന് കാഷ്ബുക്ക് പരിശോധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ഗവൺമെന്റിൽ നിന്നും നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയാൽ മതിയാകുമെന്ന് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അഭിപ്രായപ്പെട്ടു. തുക ചെക്കായിട്ട് നൽകിയതാണെങ്കിൽ ബാക്ക് ഫയൽ ഉണ്ടാകുമെന്നും ആയത് ക്രോസ് ചെക്ക് ചെയ്ത് തുക ആർക്കാണ് നൽകിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

177. **തുക ചെക്കായി നൽകിയതാണെങ്കിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആയത് ക്രോസ് ചെക്ക് ചെയ്ത് തുക ആർക്കാണ് നൽകിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്

178. ഓഡിറ്റ് പരാമർശ പ്രകാരമുള്ള വൗച്ചറുകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ടോയെന്ന് സമിതിയുടെ ചോദ്യത്തിന് ഇരുപത് വർഷത്തോളം കാലപ്പഴക്കമുള്ളതിനാൽ, റോഡ് നിർമ്മാണത്തിന്റെ തുക സംബന്ധിച്ച വൗച്ചറുകളും രേഖകളും കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്നും അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത ഖണ്ഡിക സംബന്ധിച്ച നിജസ്ഥിതി എന്താണെന്ന് ഡി.ഡി.പി.-യും പഞ്ചായത്ത് വകുപ്പും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

179. **പ്രസ്തുത പരാമർശം സംബന്ധിച്ച നിജസ്ഥിതി സംബന്ധിച്ച് ഡി.ഡി.പി.-യും പഞ്ചായത്ത് വകുപ്പും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

## താനൂർ ഗ്രാമപഞ്ചായത്ത്

**മത്സ്യബന്ധന ചെറുതോണികൾക്ക് വലവിതരണം-വലവിതരണം നടത്തിയതിന് രേഖകളില്ല**

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 2 (10)

1. 563 മൽസ്യത്തൊഴിലാളികൾക്ക് വല വിതരണം നടത്തുന്നതിനുവേണ്ടി പദ്ധതി വിഹിതത്തിൽ നിന്നും 14,07,500 രൂപ ചെലവിടുകയുണ്ടായി. മൽസ്യ ഫെഡ് മുഖേന നടപ്പിലാക്കിയ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് വല നൽകിയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായില്ല. തന്മൂലം പദ്ധതി നിർവ്വഹണം ഫലപ്രാപ്തിയിൽ എത്തിയോ എന്ന് പരിശോധിക്കാനായില്ല. പദ്ധതി വിഹിതത്തിൽ നിന്നും ചെലവിട്ട 14,07,500 രൂപ തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.76.1)

180. 563 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെയും താനൂർ വ്യാസ സ്റ്റോറിൽ നിന്നും വലകൾ വാങ്ങി ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധിച്ച് പദ്ധതി പൂർത്തികരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു എന്ന് താനൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

181. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

182. **563 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെയും താനൂർ വ്യാസ സ്റ്റോറിൽ നിന്നും വലകൾ വാങ്ങി ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധിച്ച് പദ്ധതി പൂർത്തികരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടുവെന്ന താനൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മത്സ്യത്തൊഴിലാളികൾക്ക് വലയും റോപ്പും വിതരണം-രേഖകൾ ലഭ്യമല്ല**

**ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 2(13)**

മത്സ്യബന്ധന മേഖലയിലെ പദ്ധതികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കേണ്ടത് ഫിഷറീസ് ഇൻസ്പെക്ടറായിരിക്കെ ഈ പദ്ധതി സെക്രട്ടറി നേരിട്ട് നടപ്പിലാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. മത്സ്യഫെഡുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിച്ച ഈ പ്രോജക്ടിനുവേണ്ടി പദ്ധതി വിഹിതത്തിൽ നിന്നും 8,07,900 രൂപ മത്സ്യഫെഡിന് കൈമാറിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വലയും റോപ്പും നൽകിയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 8,07,900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.76.2)

183. മത്സ്യത്തൊഴിലാളികൾക്ക് വലയും റോപ്പും വിതരണം ചെയ്തിട്ടുള്ളതായി കാണിച്ച് വ്യാസ സ്റ്റോറിന്റെ ഇൻവോയിസ്, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതം 50 ശതമാനം ഗ്രാമപഞ്ചായത്തിൽ അടവാക്കിയ വിവരം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും താനൂർ നഗരസഭ സമിതിയെ അറിയിച്ചു.

184. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

185. **മത്സ്യത്തൊഴിലാളികൾക്ക് വലയും റോപ്പും വിതരണം ചെയ്തത് സംബന്ധിച്ച വ്യാസ സ്റ്റോറിന്റെ ഇൻവോയ്സ്, കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതം 50% ഗ്രാമപഞ്ചായത്തിൽ അടവാക്കിയ**

**വിവരവും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള താനൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് സ്ഥലം വാങ്ങൽ-അധിക ചെലവ് രൂപ 90, 136**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(10)

2003-04-ൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുവേണ്ടി സ്ഥലം വാങ്ങിയതിൽ ഉടമ സമ്മതിച്ചിരുന്ന തുകയേക്കാൾ നൽകിയതുമൂലം 90,136 രൂപയുടെ അധിക ചെലവുണ്ടായി.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.77.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

186. ഉത്തരവാദിയായ സെക്രട്ടറി മരണപ്പെടുകയും ടിയാളുടെ ഡി.സി.ആർ.ജി.-യിൽ നിന്നും ബാധ്യത തുക ഈടാക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ടെന്നും ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ബാധ്യത തുക ഈടാക്കരുതെന്നുമാവശ്യപ്പെട്ട് അദ്ദേഹത്തിന്റെ ഭാര്യ നൽകിയ കേസ് ട്രിബ്യൂണലിൽ നിലനിൽക്കുകയാണെന്നും നിലവിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ രണ്ട് മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി (ഇൻചാർജ്) സമിതിയെ ബോധിപ്പിച്ചു.

187. പ്രസ്തുത കേസിന്റെ വിധിയനുസരിച്ച് തുടർ നടപടി സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

188. **പരാമർശ വിഷയവുമായി ബന്ധപ്പെട്ട കേസിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**അക്ഷയ എസ്.എസ്.എ. പദ്ധതികൾ-തുക നൽകി**

**വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.-രൂപ 5,74,880**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3(3)

അക്ഷയ കമ്പ്യൂട്ടർ പദ്ധതിക്കുവേണ്ടി 7-6-2003-ലും 26-12-2003-ലുമായി മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് 5,74,880 രൂപ നൽകിയിരുന്നു. എന്നാൽ ഇത് സംബന്ധമായ പ്രോജക്ട് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. മാത്രവുമല്ല തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ 5,74,880 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.77.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

189. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

190. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

തൃപ്പങ്ങോട് ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**തയ്യൽമെഷീൻ വാങ്ങൽ-കുറഞ്ഞ നിരക്ക്**

**സ്വീകരിക്കാത്തതുമൂലം നഷ്ടം 31,520 രൂപ**

ഓഡിറ്റ് റിപ്പോർട്ട് 1997-98 ഖണ്ഡിക 3(1)

197 തയ്യൽ മെഷീൻ വാങ്ങുന്നതിനുവേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 1,890 രൂപ ക്വാട്ട് ചെയ്തത് തയ്യൽ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനമാണ്. ഇത് അംഗീകരിക്കാതെ 2,050 രൂപയുടെ ക്വോട്ട് ചെയ്ത ജെറ്റ് കെ എന്റർപ്രൈസസ്, തിരൂരിന്റെ ക്വട്ടേഷൻ സ്വീകരിച്ചതുമൂലം 31,520 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07; ഖണ്ഡിക 3.78.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

191. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

192. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**ഓഡിറ്റ് നിരീക്ഷണങ്ങൾ-ത്രിതല പഞ്ചായത്തുകൾ ലക്ഷങ്ങൾ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാത്ത, ലക്ഷ്യം നിറവേറ്റാത്ത പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം.**

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 55 | 2005-06 | 3(8) | എടരിക്കോട് ഗ്രാമപഞ്ചായത്ത് | 2,50,550 | 1.കളക്ടർ നിശ്ചയിച്ച വിലയുടെ 30% വർദ്ധനവ് നൽകി 2.വിലവർദ്ധനവ് നൽകൽ ഈ കാലയളവിൽ വ്യവസ്ഥയില്ല. |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

193. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

194. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 56 | 2004-05 | 3(8) | ആനക്കയം ഗ്രാമപഞ്ചായത്ത് | 1,02,161 | സ്ഥലം രജിസ്റ്റർ ചെയ്യാതല്ലാതെ തുടർ പ്രവർത്തനം നടന്നിട്ടില്ല. |

195. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

196. **2007-08 സാമ്പത്തിക വർഷത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 57 | 2004-05 | 3(8) | ആനക്കയം ഗ്രാമപഞ്ചായത്ത് | 8,03,162 | സ്ഥലം രജിസ്റ്റർ ചെയ്യാതല്ലാതെ തുടർ പ്രവർത്തനം നടന്നിട്ടില്ല. |

197. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

198. **2007-08 സാമ്പത്തിക വർഷത്തിൽ കെട്ടിടം നിർമ്മിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

| ക്രമ നമ്പർ | ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പദ്ധതിയുടെ സംക്ഷിപ്ത വിവരണം |
|---|---|---|---|---|---|
| 58 | 2003-04 | 3 (9) | കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് | 3,20,032 | സ്ഥലംവാങ്ങിയതല്ലാതെ പി.എച്ച്.സി. നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

199. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

200. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

**എസ്.ജി.ആർ.വൈ. പ്രവൃത്തികളുടെ നിർവ്വഹണം-ഭക്ഷ്യധാന്യം സബ്സിഡി ഇനത്തിൽ കൂടുതലായി ഇഷ്യൂ ചെയ്തത്**

[ഓഡിറ്റ് റിപ്പോർട്ട് വർഷം2004-05, ഖണ്ഡിക നമ്പർ 3(12)]

ലേബർ മെറ്റീരിയൽ അനുപാതം 60:40 വരുംവിധത്തിൽ യഥാർത്ഥ എസ്റ്റിമേറ്റും ഡാറ്റയുമായി പൊരുത്തപ്പെടുന്ന വിധത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കാതെ തെറ്റായ കണക്കുകളിലൂടെ അധിക തൊഴിൽ വിഹിതം കണക്കാക്കി കൂടുതൽ ഭക്ഷ്യധാന്യം നൽകുന്ന രീതി പിൻതുടർന്നതിനാൽ അധിക സബ്സിഡിയിനത്തിൽ കേന്ദ്ര ഫണ്ടിൽ 2,92,577 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08; ഖണ്ഡിക 3.57.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

201. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

202. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**മേലാറ്റൂർ ഗ്രാമപഞ്ചായത്ത്**

(എ) നികുതി വാടക കുടിശ്ശികയിനത്തിൽ ഭീമമായ തുക ഈടാക്കാനുള്ളത് കെട്ടിട നികുതി, തൊഴിൽ നികുതി കുടിശ്ശികയിനത്തിലും പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശികയിനത്തിലും താഴെ കാണിച്ചപ്രകാരം 7,39,478 രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ശേഖരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

[ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06; ഖണ്ഡിക നമ്പർ 2(8), 2(10), 2(14)]

| ഖണ്ഡിക നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 2(8) | 1,36,510 | വർഷാരംഭത്തിലെ കെട്ടിട നികുതി കുടിശ്ശികയായിരുന്ന 1,45,126 രൂപ മുഴുവനായും തുടർന്ന് ഡിമാന്റ് ചെയ്യാതെ അനധികൃതമായി ഡിമാന്റിൽ നിന്നും ഒഴിവാക്കി. |
| 2(10) | 29,340 | വർഷാരംഭത്തിലെ തൊഴിൽ നികുതി കുടിശ്ശിക തുക 33,470 രൂപ മുഴുവനായും തുടർന്ന് ഡിമാന്റ് ചെയ്യാതെ 4130 രൂപ മാത്രം ഡിമാന്റിലുൾപ്പെടുത്തി. |
| 2(14) | 7,39,478 | വാടക രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിലെ അപാകത കാരണവും വാടക യഥാസമയം പിരിച്ചെടുക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാരണവും ഷോപ്പിംഗ് കോംപ്ലക്സ് വാടകയിൽ കുടിശ്ശികവന്ന തുക അർഹമായ പിഴപ്പലിശ സഹിതം സമയോചിതമായി പിരിച്ചെടുക്കാൻ നടപടിയുണ്ടായില്ല. വ്യക്തമായ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. |
| **ആകെ** | **9,05,328** | |

നഷ്ടോത്തരവാദി ഖണ്ഡിക 2(10)-29,340 രൂപ, ശ്രീ. പി. കെ. അനീസ്, സെക്രട്ടറി

(ബി) അർഹമായ ഡെപ്പോസിറ്റ് വയ്ക്കാത്തവരും വാടകക്കാരല്ലാത്ത വ്യക്തികളും ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഉപയോഗിക്കുന്നു.

[ഓഡിറ്റ് റിപ്പോർട്ട് വർഷം2005-06, ഖണ്ഡിക നമ്പർ 2(17), 2(18)]

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകിയതനുസരിച്ച് വർഷാവസാനം 5.39 ലക്ഷം രൂപ പലിശയില്ലാത്ത തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപമുണ്ടാകുന്നതിന് പകരം കേവലം 2.13 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. അർഹമായ ഡെപ്പോസിറ്റില്ലാതെ മുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത ബൈലോ നിയമാവലിയ്ക്കും പഞ്ചായത്തിന്റെ താല്പര്യങ്ങൾക്കും വിരുദ്ധമാണ്. വാടകയ്ക്ക് എടുത്ത വ്യക്തികൾ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി മറ്റുള്ള വ്യക്തികൾക്ക് കൈമാറി ഉപയോഗിക്കുകയും ചെയ്തുവരുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2008-09; ഖണ്ഡിക 3.1.3 എ, ബി.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

**ഖണ്ഡിക നമ്പർ 2 (8)**

203. 2005-06-ലെ എ.എഫ്.എസ്.-ൽ കെട്ടിട നികുതി കുടിശ്ശികയായ 1,45,126 രൂപയ്ക്കു പകരം പിരിച്ചെടുത്ത കുടിശ്ശിക തുക 8,618.65 രൂപ കൂടി ഉൾപ്പെടുത്തി എന്നതാണ് ഓഡിറ്റ് പരാമർശമെന്നും പിരിച്ചെടുത്ത തുക കുറവ് ചെയ്ത് 1,36,510 രൂപയാക്കിയിട്ടുണ്ടെന്നും 2013 മുതൽ വസ്തു നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നുണ്ടെന്നും മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

204. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നം.2(10)**

205. തൊഴിൽ നികുതി കുടിശ്ശികയായി ഉൾപ്പെടുത്തേണ്ടിയിരുന്ന 33470 രൂപയ്ക്കുപകരം 2005-06-ൽ പിരിച്ചെടുത്ത കുടിശ്ശിക തുകയായ 4130 തെറ്റായി ചേർക്കുകയാണുണ്ടായതെന്നും 29340 രൂപ മുഴുവനായും തിരിച്ചടച്ചിട്ടുണ്ടെന്നും മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു.

206. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നം.2(14)**

207. കൃത്യമായി വാടക രജിസ്റ്ററും കുടിശ്ശിക രജിസ്റ്ററും സൂക്ഷിക്കാത്തതുകൊണ്ട് യഥാസമയം വാടക പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ക്രൈം നം. V.C/0 6/2018 -ലെ കേസിൽ പഞ്ചായത്തിലെ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണെന്നും ഷോപ്പിംഗ് കോംപ്ലക്സിലെ വാടക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ചുമതല വഹിച്ചിരുന്ന ക്ലാർക്ക് വാടക രസീതിൽ ഫോർജറി നടത്തിയെന്ന് ആരോപിച്ച് വിജിലൻസ് കേസിൽ പ്രതി ചേർത്ത് കേസ് എടുത്തിരിക്കുകയാണെന്നും ഇതുമായി ബന്ധപ്പെട്ട ഒരു രജിസ്റ്ററും നിലവിൽ പഞ്ചായത്തിൽ ലഭ്യമല്ലായെന്നും എല്ലാ രേഖകളും കോടതിയിൽ ഹാജരാക്കിയിട്ടുണ്ടെന്നും മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു.

208. കോടതിയിൽ നിന്നും പ്രസ്തുത രേഖകളുടെ സർട്ടിഫൈഡ് കോപ്പി എടുക്കാൻ സാധിക്കുകയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് രേഖകളുടെ കോപ്പി ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ കോടതിയ്ക്ക് പരിമിതമായ സൗകര്യങ്ങളാണുള്ളതെന്നും ആയതിനാൽ കോപ്പി നൽകാൻ സാധിക്കില്ലെന്നും ടി കേസുമായി ബന്ധപ്പെട്ട് വിചാരണ നടന്നുകൊണ്ടിരിക്കുന്നതിനാൽ രേഖകൾ ലഭ്യമാക്കാൻ സാധിക്കില്ലെന്നുമാണ് അറിയിച്ചതെന്ന് സെക്രട്ടറി അറിയിച്ചു.

209. ടി കേസുമായി ബന്ധപ്പെട്ട വിചാരണ കഴിഞ്ഞതിനുശേഷം രേഖകൾ ലഭ്യമാക്കാമെന്ന് കോടതി അറിയിച്ചിട്ടുണ്ടെന്നും വലിയൊരു തുക റിലീസ് ചെയ്യിരിക്കുകയാണെന്നും 200 ലേറെ രസീത് ബുക്കുകളുണ്ടെന്നും ഉദ്യോഗസ്ഥൻ മേലാറ്റൂർ ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചു.

210. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതി വിധിക്കനുസരിച്ച് തീരുമാനമെടുക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

211. **പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കോടതി വിധിയ്ക്കനുസരിച്ച് തീരുമാനമെടുക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്

മലപ്പുറം ജില്ല

| | | | | |
|---|---|---|---|---|
| 1 | തിരുവാലി ഗ്രാമപഞ്ചായത്ത് | 2006-07/3(9) | കെ.എസ്.ഇ. ബി | 5,63,188 |
| 2 | തിരുവാലി ഗ്രാമപഞ്ചായത്ത് | 2006-07/3(17) | | 5,68,694 |
| 3 | എടപ്പറ്റ ഗ്രാമപഞ്ചായത്ത് | 2006-07/3(25) | | 1,58,688 |
| 4 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 2006-07/3(22)(1)<br>(2)<br>(3)<br>(4) | | 1,43,793<br>24,916<br>3,00,000<br>1,30,000 |
| 5 | കാളികാവ് ഗ്രാമപഞ്ചായത്ത് | 2006-07/3(6) | | 2,24,509 |
| 6 | എടയൂർ ഗ്രാമപഞ്ചായത്ത് | 2006-07/3(4) | | 21,420 |
| 7 | അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 2006-07/3(11) | ഭൂജല വകുപ്പ് | 1,53,300 |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക നം. 2.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

തിരുവാലി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ഖണ്ഡിക നമ്പർ 3(9), 3(17)

212. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

213. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

എടപ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 2006-07 ഖണ്ഡിക നമ്പർ: 3(25)

214. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**215. സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 2006-07 ഖണ്ഡിക നമ്പർ: 3(22). (1, 2, 3, 4)

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 2006-07 ഖണ്ഡിക നമ്പർ 3(11)

216. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

217. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

കാളികാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 2006-07 ഖണ്ഡിക നമ്പർ: 3(6)

218. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

219. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## എടയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ഖണ്ഡിക നമ്പർ: 3(4)

220. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

221. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം**

- വസ്തു നികുതി പുതുക്കൽ വൈകുന്നതു വഴി വരുമാന നഷ്ടം.
- വസ്തു നികുതി അപ്പീൽ പെറ്റീഷനുകളിന്മേൽ നിയമവിരുദ്ധമായി ഇളവനുവദിക്കുന്നു.
- ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി എടുക്കുന്നില്ല.
- തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികളുമില്ല.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കാലാകാലങ്ങളിൽ നടത്തേണ്ടുന്ന കെട്ടിടനികുതി/വസ്തുനികുതി പരിഷ്കരണം നടത്താത്തതുമൂലം പ്രസ്തുത നികുതിയിനത്തിൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

വസ്തുനികുതി പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി മുമ്പാകെ സമർപ്പിക്കപ്പെടുന്ന റിവിഷൻ പെറ്റീഷൻ പരിഗണിച്ച് അനുവദിക്കാവുന്ന പരമാവധി ഇളവ് 10% ആയും സെക്രട്ടറി നിർണ്ണയിക്കുന്ന നികുതിയിന്മേൽ നഗരസഭാ അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്/പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്ന പരമാവധി ഇളവ് 20% ആയും 27-11-06-ലെ ജി. ഒ(എം.എസ്) 271/06 തസ്വഭവ വകുപ്പ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും മിക്കവാറും നഗരസഭകളിൽ അപ്പീൽ പെറ്റീഷനുകളിൽ സ്റ്റാന്റിംഗ് കമ്മിറ്റി നിയമാനുസൃതമായ 20% ഇളവിനുമേൽ വീണ്ടുമൊരു 20% ഇളവുകൂടി അനുവദിക്കുന്ന പ്രവണത വ്യാപകമായിക്കാണുന്നു. നിയമവിരുദ്ധമായ ഈ ഇളവനുവദിക്കൽ സ്ഥാപനത്തിന്റെ വരുമാനചോർച്ചയ്ക്ക് ആക്കം കൂട്ടുന്നു.

1994-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകളിലും കൂടി ബാധകമാക്കിയതിനാൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവ് ഉണ്ടെങ്കിലും കൃത്യമായി എഫ്.എ.ആർ. കണക്കാക്കിയും നഗരപ്രാന്തത്തിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ പ്രത്യേക സ്ട്രക്ചറൽ സോണുകൾക്ക് നിശ്ചയിച്ച നിരക്കിലും പെർമിറ്റ് ഫീസ് വാങ്ങുന്നതിൽ അലംഭാവവും കണ്ടുവരുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസില്ലാതെ ഒരു വ്യാപാരമോ വ്യവസായമോ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടത്തുവാൻ പാടില്ല എന്നിരിക്കെ ഇതിനു വിരുദ്ധമായി ലൈസൻസ് എടുക്കാതെയോ ലൈസൻസ് യഥാക്രമം പുതുക്കാതെയോ നടത്തുന്ന അനധികൃതമായ പ്രവൃത്തികൾക്ക് 233-ാം വകുപ്പ് പ്രകാരം 3,000 രൂപ വരെ പിഴചുമത്താമെന്നിരിക്കെ അനധികൃത വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ വിമുഖത പുലർത്തുന്നുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 പ്രകാരം ഒരു പഞ്ചായത്തു പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്തിന് നികുതി ഈടാക്കാവുന്നതാണ്. പരസ്യനികുതി ചുമത്തുമ്പോൾ അതിന്റെ ഏറ്റവും കുറഞ്ഞ നിരക്ക് എസ്.ആർ.ഒ.654/02 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പരസ്യനികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തുകൊടുത്ത് ഈ ഇനത്തിലുള്ള വരുമാനം കണ്ടെത്താനും ഈ മേഖലയിൽ സാധ്യതകൾ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമം നടത്തുന്നില്ല.

സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ നിയമാനുസൃതം നടത്തേണ്ടത് കർശനമായിരിക്കെ രജിസ്ട്രേഷൻ ഇല്ലാത്ത നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിലുള്ള വരുമാന നഷ്ടത്തിലുപരി നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള കേവല നിബന്ധനകൾ എങ്കിലും പാലിച്ചുകൊണ്ടാണോ അവ പ്രവർത്തിക്കുന്നത് എന്നുപരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരം വിനിയോഗിക്കാത്തത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതയില്ലായ്മയാണ് കാണിക്കുന്നത്.

നഗരസഭകളുടെ അധീനതയിലുള്ള ഷോപ്പിംഗ്കോംപ്ലക്സുകൾ, പൊതുവായ മാർക്കറ്റുകൾ എന്നിവ യഥാകാലം ലേലം ചെയ്തുകൊടുക്കുവാനോ വാടകക്കാരുകൾ കൃത്യമായി എഴുതി വാടക കൃത്യമായി പിരിച്ചെടുക്കുവാനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

കുടിശ്ശിക നികുതികൾ, ഫീസുകൾ എന്നിവ നിയമാനുസൃതം പിരിച്ചെടുക്കുന്നതിനും തദ്ദേശ സ്വയംഭരണാധികാരികൾ ഗുരുതരമായ അലംഭാവം കാണിക്കുന്നു.

**തനതുവരുമാന നഷ്ടത്തിന് ഏതാനും ഉദാഹരണങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനം | ഇനം | തുക | ഓ.റി. വർഷം/ ഖണ്ഡിക |
|---|---|---|---|---|
| 1 | കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | വസ്തുനികുതി (കുടിശ്ശിക ഡിമാന്റ് ഈടാക്കാത്തതിനാലുണ്ടായ നഷ്ടം) | 77,535.68 | 2006-07/2 (4) |
| 2 | പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല. | തൊഴിൽ നികുതി (1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതികുടിശ്ശിക ഈടാക്കാത്തതു മൂലമുണ്ടായ നഷ്ടം) | 2,99,645 | 2006-07/ 2(3) |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

## കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്

222. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

223. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്

224. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ ലഭ്യമല്ലായെന്ന് പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് സൂപ്രണ്ട് മറുപടി നൽകി.

225. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയ്ക്ക് നൽകിയ റിപ്പോർട്ട് അംഗീകരിക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

226. **ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

**തൊഴിൽ പരിശീലനം - ക്രമവിരുദ്ധ ചെലവ്:**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3(33)

പ്രോജക്ട് നമ്പർ: 094/08 (ജനറൽ)

പദ്ധതി അടങ്കൽ: 9,00,000 രൂപ

വികസന ഫണ്ട് : 4,36,000 രൂപ

ധനകാര്യ സ്ഥാപന വായ്പ: 4,50,000

ഗുണഭോക്തൃ വിഹിതം: 14,000

9,00,000

അംഗീകൃത പ്രോജക്ട് പ്രകാരം ഈ പദ്ധതിയിൽ വാങ്ങേണ്ട ആസ്തികളുടെ വിവരം:-

| | |
|---|---|
| പേപ്പർ ബാഗ് നിർമ്മാണ മെഷീൻ | 1 |
| ന്യൂട്രിമിക്സ് മെഷീൻ | 1 |
| തയ്യൽ മെഷീൻ | 12 |
| ഫർണിച്ചർ - മേശ | 6 |
| കസേര | 28 |
| സ്റ്റൂൾ | 14 |

പരിശീലനം നൽകുന്നതിന് (80 പേർക്ക്-4 പരിശീലന പരിപാടി - 40 ദിവസം - 4 മണിക്കൂർ വീതം) 1,20,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഗവൺമെന്റ് അംഗീകൃത സ്ഥാപനം മുഖേന പരിശീലനം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു. കുടുംബശ്രീ/എസ്.എച്ച്.ജി.-യാണ് ഗുണഭോക്തൃ ഗ്രൂപ്പ് എന്നും പദ്ധതി വിഭാവനം ചെയ്യുന്നു.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും പരിശീലനം നൽകലും യൂണിറ്റ് പ്രവർത്തനം ആരംഭിക്കലുമാണ് പ്രോജക്ട് ലക്ഷ്യങ്ങൾ.

31-3-08 ലെ 122-ാം നമ്പർ വൗച്ചർ പ്രകാരം വികസന ഫണ്ടിൽ നിന്നും 4,36,000 രൂപ പിൻവലിച്ച് കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. വൗച്ചറിനോടൊപ്പം ലഭ്യമാക്കിയത് താഴെ പറയുന്ന രേഖകൾ മാത്രമാണ്.

1. ഗുണഭോക്തൃ യൂണിറ്റുകളുടെ പട്ടിക

| പേപ്പർ ബാഗ് യൂണിറ്റ് | തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | ഒപ്റ്റിക്കൽ ടെക്നീഷ്യൻ യൂണിറ്റ് |
|---|---|---|
| സൗപർണ്ണിക തോക്കാംപാറ | ഐശ്വര്യ, കോട്ടൂർ | പ്രിയദർശിനി, കോട്ടൂർ |
| പവിത്രം നായാടിപ്പാറ | പ്രിയദർശിനി നായാടിപ്പാറ | അനുഗ്രഹ, ചങ്കുവെട്ടികുണ്ട്. |

2. കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ 29-3-08 -ലെ കത്ത്. (കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സബ്സിഡി അനുവദിക്കുന്ന ഗ്രൂപ്പുകൾക്ക് ലോൺ നൽകാൻ ബാങ്ക് തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അനുവദിക്കുന്ന ബാക്ക് എൻഡ് സബ്സിഡി അനുവദിച്ചു തരണം എന്നാവശ്യപ്പെട്ടുകൊണ്ട്).

3.കോട്ടയ്ക്കൽ മാക്സ് അപ്ഡേറ്റ് ടെക്നോളജീസ് ഡയറക്ടർ 29-3-08-ന് നൽകിയ താഴെപ്പറയുന്ന പരിശീലന പരിപാടികൾ പൂർത്തിയാക്കിയതായും കോഴ്സ് ഫീസ് ആവശ്യപ്പെട്ടതായുമുള്ള കത്ത്. 10 ദിവസ കാലാവധിയാണ് പരിശീലനം എന്നും കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| 1. ഒപ്റ്റിക്കൽ ടെക്നീഷ്യൻ 20 പേർ | - 30,000 |
| 2. പേപ്പർ ബാഗ് നിർമ്മാണം 20 പേർ | - 30,000 |
| 3. തുണിസഞ്ചി നിർമ്മാണം 20 പേർ | - 30,000 |
| 4. ന്യൂട്രിമിക്സ് ട്രെയിനിംഗ് 20 പേർ | - 30,000 |
| **ആകെ** | - **1,20,000** |

പ്രസ്തുത കത്തിനോടൊപ്പം വെച്ച ഹാജർ പട്ടികയിൽ പങ്കെടുത്തവരുടെ ഹാജർ വിവരം രേഖപ്പെടുത്തിയതിൽ നിന്നും പ്രോജക്ടിൽ നിർദ്ദേശിക്കും വിധം പരിശീലനം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

| | | | |
|---|---|---|---|
| 1 | പേപ്പർ ബാഗ് പരിശീലനം | 11 ദിവസം | തീയതിയും മാസവും രേഖപ്പെടുത്തിയിട്ടില്ല. 33 പേർ ഉൾപ്പെടുന്ന പട്ടികയിൽ ക്രമ നമ്പർ 8, 9, 11, 12, 16, 17, 18, 19, 20 എന്നിവർ ഹാജരായിട്ടില്ല. 24 പേർ പങ്കെടുത്തിട്ടുണ്ട്. |
| 2 | തുണിസഞ്ചി നിർമ്മാണ പരിശീലനം | 12 ദിവസം | തീയതിയും മാസവും രേഖപ്പെടുത്തിയിട്ടില്ല ( 20 പേർ പങ്കെടുത്തു) |
| 3 | ന്യൂട്രിമിക്സ് പരിശീലനം | 13 ദിവസം | മാർച്ച് 1 മുതൽ 15 വരെയുള്ള തീയതികളിൽ (20 പേർ പങ്കെടുത്തു) |
| 4 | ഒപ്റ്റിക്കൽ ടെക്നീഷ്യൻ | 10 ദിവസം | മാർച്ച് 1 മുതൽ 10 വരെയുള്ള തീയതിയിൽ |

4. 1,20,000 രൂപ സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതിനുള്ള രസീത്.

സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ പേരിലാണ് മൊത്തം തുകയും നൽകിയതെങ്കിലും രസീതിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതായാണ് കാണിച്ചിട്ടുള്ളത്.

5. സിഡ്കോയിൽ നിന്നും ലഭ്യമായ ഇൻവോയ്സുകൾ

| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | തുക | |
|---|---|---|
| 11596/25-3-08 | 1,21,944 | ഓപ്റ്റിക്കൽ ലാബ് ഗ്രൈന്റിംഗ് മെഷീൻ അനുബന്ധ ഉപകരണങ്ങൾ മേശ -2, കസേര -2 എന്നിവ മെറ്റീരിയൽ 45,500 രൂപ |
| 11597/25-3-08 | 1,95,097 | പേപ്പർ ബാഗ് മെഷീൻ, മേശ-2, സ്റ്റൂൾ-10 മെറ്റീരിയിൽ (പേപ്പർ തുടങ്ങിയവ) 56,500 രൂപ. |
| 11598/25-3-08 | 93,804 | തുന്നൽ മെഷീൻ -10, കട്ടിംഗ് മേശ- 2, കത്രിക-4, കസേര -2, സ്റ്റൂൾ-10 |

എന്നാൽ ഇവ വാങ്ങിയതോ സിഡ്കോയ്ക്ക് തുക നൽകിയതു സംബന്ധിച്ചോ രേഖകൾ ലഭ്യമല്ല.

ചെലവ് സംബന്ധിച്ച വിശദമായ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് സി. ഡി. എസ്. പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വ്യക്തമായ മറുപടി രേഖാമൂലം നൽകിയിട്ടില്ല. ആരംഭിച്ച യൂണിറ്റുകളെ സംബന്ധിച്ച് നേരിൽ പരിശോധിച്ചതിൽ ചെലവിനാധാരമായ യൂണിറ്റുകൾ ഒന്നും നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബോധ്യപ്പെടുകയുണ്ടായി. ചെലവിനങ്ങളിലെ ക്രമക്കേടുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 28-5-09-ലെ ബി/107/08 നമ്പർ കത്തിൽ കോട്ടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയോട് 4,36,000 രൂപയ്ക്ക് പരിശീലന പരിപാടി കിഴിച്ചിട്ടുള്ള 3,16,000 രൂപയ്ക്ക് എത്ര യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ചുവെന്ന വിവരം ആരാഞ്ഞതിന് ബാങ്ക് നൽകിയ മറുപടിയിൽ ലോൺ നൽകുന്നതിന് 4 വനിതാ യൂണിറ്റുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും തോക്കാംപാറ, നായാടിപ്പാറ, ചങ്കുവെട്ടി വനിത യൂണിറ്റുകൾ ലോൺ വാങ്ങിയതിലേക്ക് 75,000 രൂപ വീതം 2,25,000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക 91,000 രൂപ സസ്പെൻസ് അക്കൗണ്ടിൽ ഉണ്ടെന്നും 29-5-09-ന് അറിയിച്ചിട്ടുണ്ട്. വായ്പ അനുവദിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും പവിത്രം നായാടിപ്പാറ എന്ന യൂണിറ്റിന്റെ പ്രസിഡന്റ് മാത്രമാണ് ലോൺ വിവരം ലഭ്യമാക്കിയത്.

| 1,50,000 രൂപ വായ്പ അനുവദിച്ചതിൽ ചെലവു ചെയ്തത് : | |
|---|---|
| (24-7-08) സിഡ്കോയിൽ നിന്നും മെഷീനറി വിലയിൽ:<br>(12-11-08) വാടകയിനത്തിൽ :<br>(10-7-08) 10 മെമ്പർമാർക്ക് 160 രൂപ വീതം നൽകിയത് : | 97,548 രൂപ<br>6,000 രൂപ<br>1,600 രൂപ |
| ആകെ | **1,05,148 രൂപ** |

പലിശയടക്കം 45,462 രൂപ അക്കൗണ്ടിൽ പിൻവലിക്കാതെ അവശേഷിക്കുന്നുണ്ട്. ചെലവിനങ്ങൾക്കുള്ള ചെക്ക് നൽകിയതല്ലാതെ അവയ്ക്കനുസൃതമായ രേഖകൾ ഒന്നും യൂണിറ്റ് ഭാരവാഹികളുടെ കൈവശമില്ല. 10/08 ലാണ് മെഷീൻ ലഭിച്ചതെന്നും 10/08 മുതൽ 550 രൂപ വീതം പ്രതിമാസ വാടക നൽകിയതല്ലാതെ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെന്ന് രേഖാമൂലം യൂണിറ്റ് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. യൂണിറ്റ് ചെലവിന്റെ 50% മാത്രമാണ് സബ്സിഡി നൽകാവുന്നത് (97548/2 = 48,774 രൂപ) എന്നിരിക്കെ 75,000 രൂപ സബ്സിഡി നൽകിയെന്നത് അംഗീകരിക്കാവുന്നതല്ല.

പ്രാദേശിക പരിശോധനയിൽ ബാങ്ക് ധനസഹായം നൽകിയെന്നവകാശപ്പെട്ട താഴെ പറയുന്ന 2 യൂണിറ്റുകളുടെ പരിശോധനാ വിവരവും താഴെ കൊടുക്കുന്നു.

| യൂണിറ്റ് | ആരംഭിക്കേണ്ടത് | പരിശോധനാ വിവരം |
|---|---|---|
| സൗപർണ്ണിക തോക്കാം പാറ | പേപ്പർബാഗ് നിർമ്മാണം | വീട്ടുനമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത കെട്ടിടത്തിൽ കട്ടിംഗ് മെഷീൻ ഫിറ്റു ചെയ്യാതെ അതേപടി സൂക്ഷിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പേരു വിവരമടങ്ങിയ ബോർഡ് സ്ഥാപിച്ചതായോ യൂണിറ്റ് പ്രവർത്തിക്കുന്നതായോ കാണുന്നില്ല. വായ്പാ വിവരമോ യൂണിറ്റ് തുടങ്ങുന്നതിന്റെ ചെലവു വിവരമോ ലഭ്യമല്ല. |
| അനുഗ്രഹ ചങ്കുവെട്ടിക്കുണ്ട് | തുണിസഞ്ചി നിർമ്മാണം | യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടില്ല. പുതുക്കിടി മുജീബ് എന്നയാളുടെ വീട്ടിൽ ലഭ്യമായ തയ്യൽ മെഷീൻ, കട്ടിംഗ് ടേബിൾ എന്നിവ സൂക്ഷിച്ചതായി പറഞ്ഞു. വീട് പൂട്ടിയിരുന്നതായും കണ്ടു. മെഷീനറി വാങ്ങിയതിന്റെ വിവരവും ലഭ്യമല്ല. 10 തയ്യൽ മെഷീൻ, 1 കട്ടിംഗ് ടേബിൾ, 10 കത്രിക, 10 സ്റ്റൂൾ എന്നിവയാണ് ലഭിച്ചത് എന്ന് യൂണിറ്റ് സെക്രട്ടറി രേഖാമൂലം വ്യക്തമാക്കിയിട്ടുണ്ട്.50,000 രൂപയിലധികരിക്കാത്ത ഈ ചെലവിനും 75,000 രൂപ സബ്സിഡി നൽകാമെന്ന സഹകരണ ബാങ്കിന്റെ വാദം അംഗീകരിക്കാവുന്നതല്ല. |

യൂണിറ്റുകളുടെ പ്രാരംഭപ്രവർത്തനം പോലും നടക്കുന്നതിന് മുമ്പായി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയ 4,36,000 രൂപ പദ്ധതി ലക്ഷ്യം കൈവരിക്കും വിധം ചെലവഴിച്ചിട്ടില്ലാത്തതിനാൽ അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 4,36,000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

പരിശീലനം എന്നയിനത്തിൽ 1,20,000 രൂപ ചെലവഴിച്ചത് 'വെറും പരിശീലനത്തിനായി' മാത്രം തുക ചെലവഴിക്കരുതെന്ന നിർദ്ദേശത്തിന്റെ ലംഘനം കൂടിയാണ്. പ്രോജക്ട് പ്രകാരമുള്ള യൂണിറ്റുകൾ ആരംഭിച്ചതിന് ശേഷം മാത്രം സബ്സിഡി അനുവദിക്കുന്നതിന് പകരം മുൻകൂറായി പരിശീലനത്തിനും സബ്സിഡിയിനത്തിലും തുക നൽകിയ സെക്രട്ടറിയുടെ നടപടിയും സർവ്വീസ് സഹകരണ ബാങ്കിനെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയതിനെ സംബന്ധിച്ചും ആരംഭിക്കാനിരുന്ന യൂണിറ്റുകളെ തെരഞ്ഞെടുത്തത് സംബന്ധിച്ചും വ്യക്തമായ അന്വേഷണവും നടത്തേണ്ടതാണ്. തുണിസഞ്ചി/പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള യൂണിറ്റുകൾ ആരംഭിക്കാനുള്ള ശ്രമം മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നിരിക്കെ ഒപ്റ്റിക്കൽ ടെക്നീഷ്യൻ കോഴ്സ്, ന്യൂട്രിമിക്സ് ട്രെയിനിംഗ് എന്നിവയ്ക്കായി ചെലവഴിച്ച 60,000 രൂപയും പരിശീലന ചെലവിലുൾപ്പെടുന്നു.

പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം എന്നിവയ്ക്കായി പരിശീലനം ലഭിച്ചുവെന്ന് യൂണിറ്റ് ഭാരവാഹികൾ പറയുന്നവരുടെ പേരും പരിശീലന സ്ഥാപനം നൽകിയ ഹാജർ പട്ടികയിലെ പേരും പരസ്പരം പൊരുത്തപ്പെടുന്നുമില്ല. ഇതിൽ നിന്നും പരിശീലനവും പ്രഹസനം മാത്രമായിരുന്നുവെന്ന് കണക്കാക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.2.23(1)].

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

227. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് തൊഴിൽ പരിശീലന പദ്ധതിക്കായി അനർഹമായി ചെലവഴിച്ച തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാനാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്നും പ്രസ്തുത ഓഡിറ്റ് തടസ്സവാദം പഞ്ചായത്ത് ആയിരുന്ന കാലഘട്ടത്തിലുള്ളതാണെന്നും എന്നാൽ ഇതു സംബന്ധിച്ച ഫയലുകളൊന്നും നഗരസഭയ്ക്ക് കൈമാറിക്കിട്ടിയിട്ടില്ലായെന്നും കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി സമിതിയെ അറിയിച്ചു.

228. പഞ്ചായത്ത് നഗരസഭ ആയി മാറുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയും ബാധ്യതയുമെല്ലാം നഗരസഭയുടേതായി മാറില്ലേ എന്ന സമിതിയുടെ ചോദ്യത്തിന് പഞ്ചായത്ത് നഗരസഭ ആകുമ്പോൾ ആസ്തിയും ബാധ്യതയും നിയമപ്രകാരം തന്നെ മാറുകയാണ് ചെയ്യുന്നതെന്നും അതോടൊപ്പം പഞ്ചായത്ത് നടത്തിയിരുന്ന കേസ്സുകൾ തുടർന്ന് വരുന്ന മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ നോക്കേണ്ടതാണെന്നും അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

229. കേരളത്തിൽ ഇതുപോലുള്ള കേസ്സുകൾ നിലനിൽക്കുന്ന മറ്റ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ടാകുമെന്നും അത്തരം മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും അദാലത്ത് നടത്തി കെട്ടിട നിർമ്മാണം ഉൾപ്പെടെ പഴയ കേസ്സുകൾ പരിഗണിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ഉദ്യോഗസ്ഥ തലത്തിൽ മാത്രമല്ലാതെ ഭരണ സമിതി പങ്കാളിത്തം കൂടിയുണ്ടാകണമെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണത്തിൽ എങ്ങനെ പങ്കാളികളാകുന്നുവെന്ന് പരിശോധിച്ച് റിപ്പോർട്ട് തരണമെന്നും ഉദ്യോഗസ്ഥർക്കെതിരെ മാത്രം നടപടി സ്വീകരിച്ചാൽ പറ്റില്ലായെന്നും സമിതി കൂട്ടിച്ചേർത്തു. ജനപ്രതിനിധികൾക്കെതിരെ ലയബിലിറ്റി ഫിക്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടുണ്ടെന്നും ഇപ്പോൾ ജനപ്രതിനിധികൾക്കെതിരെ ലയബിലിറ്റി ഫിക്സ് ചെയ്യാൻ സാധിക്കില്ലായെന്നും ആറേഴ് വർഷങ്ങൾക്ക് മുമ്പാണ് ഇത്തരമൊരു ഭേദഗതി വരുത്തിയതെന്നും നിലവിൽ പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്നുമാത്രമാണ് ലയബിലിറ്റി ഫിക്സ് ചെയ്യാനുള്ള പ്രൊവിഷൻ ആക്റ്റിലും റൂളിലും ഉള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

230. ആക്റ്റിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

231. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

232. **കേരളത്തിൽ ഇത്തരത്തിലുള്ള കേസ്സുകൾ നിലനിൽക്കുന്ന മറ്റ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ടാകുമെന്നും അത്തരം മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും അദാലത്ത് നടത്തി കെട്ടിട നിർമ്മാണം ഉൾപ്പെടെ പഴയ കേസ്സുകൾ പരിഗണിക്കണമെന്നും കൂടാതെ ഉദ്യോഗസ്ഥതലത്തിൽ മാത്രമല്ലാതെ ഭരണ സമിതി പങ്കാളിത്തവും കൂടിയുണ്ടാകണമെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണത്തിൽ എങ്ങനെ പങ്കാളികളാകുന്നുവെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

233. **പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്നുമാത്രം ലയബിലിറ്റി ഫിക്സ് ചെയ്യാനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിക്കൊണ്ട് ആക്റ്റിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.**

**ഓഡിറ്റ് ഖണ്ഡിക**

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

ശുദ്ധജല വിതരണം പണമടച്ചിട്ടും മോട്ടോർ സ്ഥാപിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08, ഖണ്ഡിക നമ്പർ: 3 (29)

1998-99-ലെ ജനകീയാസൂത്രണ പദ്ധതിയിൻകീഴിൽ പുളമണ്ണ ശുദ്ധജല വിതരണ പദ്ധതിക്കായി 26-6-1998-ന് 1,20,000 രൂപ കെയ്ക്കോയിൽ അടച്ചു.

തുക അടച്ച പ്രകാരം മോട്ടോർ സ്ഥാപിച്ചുവോ എന്ന് അറിയിക്കുവാനായി ഗ്രാമ പഞ്ചായത്ത് 11-6-2007-ന് (നമ്പർ എ.1-436/07) 'കെയ്കോ' ഡിവിഷണൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/12-8-2009 പ്രകാരം ആവശ്യപ്പെട്ടു. കെയ്ക്കോയിൽ നിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്നായിരുന്നു വിശദീകരണം.

പണം കൈപ്പറ്റി പത്തു വർഷമായിട്ടും മോട്ടോർ സ്ഥാപിക്കാതെയിരിക്കുന്നതിന് ന്യായീകരണങ്ങളൊന്നും കാണുന്നില്ല. നിശ്ചിത നിരക്കിൽ പിഴപ്പലിശയോടെ 1,20,000 രൂപ കെയ്കോയിൽ നിന്നും ഉടൻ ഈടാക്കേണ്ടതാണ്. മോട്ടോർ സ്ഥാപിക്കാത്തതിനാൽ ശുദ്ധജല പദ്ധതി നടപ്പാകാതെ വന്നുവെങ്കിൽ ഇതിനായി ചെലവഴിച്ച മുഴുവൻ തുകയ്ക്കും കെയ്കോയെ ഉത്തരവാദിയാക്കി അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Note: നഷ്ടോത്തരവാദിത്വം ചുമത്താനാവാത്തതിനാൽ മേൽവിലാസം ചേർത്തിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.10).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

234. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

235. **സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

## കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

### സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി വാങ്ങിയത് പാഴ്ചെലവായി

ഓഡിറ്റ് റിപ്പോർട്ട് വർഷം :2007-08, ഖണ്ഡിക നമ്പർ:3 (29)

➢ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നിലം വാങ്ങി.

➢ നിലം നികത്താൻ അനുമതി ലഭിച്ചില്ല.

2001-02 വർഷം സ്റ്റേഡിയം നിർമ്മാണത്തിനായി 8,14,990 രൂപ ചെലവഴിച്ച് 2.63 ഏക്കർ വയൽവാങ്ങി. എന്നാൽ നിലംനികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ല. കോട്ടയ്ക്കൽ പ്രദേശത്ത് സ്ഥലവില വളരെ ഉയർന്നതിനാലാണ് വിലക്കുറവുള്ള പാടശേഖരം വാങ്ങിയതെന്നും പാടം മണ്ണിട്ടു നികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പരിഗണിക്കാതെ തുക ചെലവഴിച്ചതിനാൽ 8.15 ലക്ഷം രൂപ പദ്ധതിപ്പണം മുടങ്ങി കിടക്കാനിടയാക്കി.

ചെലവ് നഷ്ടമായി പരാമർശിക്കാനാവാത്ത സാഹചര്യത്തിൽ ഉത്തരവാദിയെ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.11(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

236. സ്റ്റേഡിയം നിർമ്മാണത്തിനായാണ് വാങ്ങിയതെങ്കിലും നിലം നികത്തുന്ന പ്രശ്നം വന്നപ്പോൾ ആസ്തി വികസന ഫണ്ടുപയോഗിച്ച് കുടിവെള്ള പദ്ധതിക്കായി കുളം നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന് കൈമാറുകയും പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

237. പാടം വേറെ ഒന്നുമായി കൺവെർട്ട് ചെയ്യുവാൻ അനുവദിക്കാറില്ല എന്നും കുളം നിർമ്മിക്കാൻ അനുമതി നൽകാറില്ലെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ് എന്നും കുളം നിർമ്മിക്കാൻ ആരാണ് അനുമതി നൽകിയതെന്നും ആരാഞ്ഞതിന് കുളം നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ആയത് ജലസേചന വകുപ്പിന്റെ അനുമതിയോടെയാണ് ചെയ്തതെന്നും കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിക്കുകയുണ്ടായി.

238. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

239. **സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**ജല ലഭ്യത ഉറപ്പാക്കിയില്ല - കുടിവെള്ള പദ്ധതികൾ പരാജയം**

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2007-08 ഖണ്ഡിക നമ്പർ: 3(32)

- ജല ലഭ്യത ഉറപ്പുവരുത്താതെ ടാങ്കുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ചു.
- കുടിവെള്ള പദ്ധതികൾ പരാജയപ്പെട്ടു.

കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് 9, 10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച്ച് കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. 30-5-2009-ന് ചില പദ്ധതികൾ നേരിൽ പരിശോധിച്ചതിൽനിന്നും ജല ലഭ്യത ഉറപ്പുവരുത്താതെ മറ്റ് തുടർപ്രവൃത്തികൾക്ക് വൻതോതിൽ തുക ചെലവു ചെയ്തതാണ് ഈ പരാജയത്തിനിടയാക്കിയത് എന്ന് ബോദ്ധ്യപ്പെടുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | റിമാർക്സ് |
|---|---|
| (1) | (2) |
| തോക്കാംപാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്കാവശ്യമായ വെള്ളം ലഭിക്കുന്നില്ല. പദ്ധതിചെലവ് 13 ലക്ഷം രൂപയാണ്. |
| നായാടിപ്പാറ കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്കാവശ്യമായ വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പ്രദേശത്ത് പൂർണ്ണമായും വെള്ളം ലഭിക്കുന്നില്ല.<br>പദ്ധതിചെലവ് 14,68,414 രൂപയാണ്. |
| കെഴൂർ പൊട്ടിപ്പാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതി പ്രദേശത്ത് പൂർണ്ണമായും വെള്ളം ലഭിക്കുന്നില്ല.<br>പദ്ധതിചെലവ് 7,89,342 രൂപയാണ്. |
| കല്ലറമ്പ് കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് 5 വർഷത്തോളമായി വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് തുക 13,61,757 രൂപയാണ്. |

| (1) | (2) |
|---|---|
| മരവട്ടം കുടിവെള്ള പദ്ധതി | ടാങ്ക് കപ്പാസിറ്റി 50000 ലിറ്ററാണ്. എന്നാൽ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ചെലവ് തുക 11,36,879 രൂപയാണ്. |
| കുറ്റിപ്പുറം മദ്രസപ്പടി കുടിവെള്ള പദ്ധതി | 50000 ലിറ്റർ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ആദ്യ കിണറിൽ നിന്നും ലഭിക്കുന്നില്ല. വേറെ കിണർ കുഴിച്ച് അതുപയോഗിക്കുന്നുവെങ്കിലും ജലപരിമിതി യുണ്ട്. പദ്ധതിച്ചെലവ് തുക 17,37,038 രൂപയാണ്. |

ഇപ്രകാരം പൂർണ്ണ ലക്ഷ്യം കൈവരിക്കാൻ കഴിയാതെപോയ നിരവധി കുടിവെള്ള പദ്ധതികൾ ജനോപകാരപ്രദമായ വിധത്തിൽ വിനിയോഗിക്കുന്നതിന് നടപടിയുണ്ടായിട്ടില്ല. ജലസ്രോതസ്സുകൾക്കനുസരിച്ച് ചെറുകിട പദ്ധതികൾക്കു പകരം യാതൊരു മുൻധാരണയുമില്ലാതെ ടാങ്കുകളും പൈപ്പ്ലൈനും സ്ഥാപിച്ചതാണ് ഇത്തരം പാഴ്ച്ചെലവുകൾക്കിടയാക്കിയത്. മൊത്തം കുടിവെള്ള പദ്ധതികളെ സംബന്ധിച്ച് ഗ്രാമസഭാതലത്തിൽ അവലോകനം നടത്തി അവ കാര്യക്ഷമമാക്കാൻ സ്വീകരിക്കേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

Note: ഒരു നിർദ്ദിഷ്ട ഉദ്യോഗസ്ഥന്റെ മേൽ ബാദ്ധ്യത ചുമത്താനാവത്തതിനാൽ ഉത്തരവാദിയെ നിശ്ചയിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.11(2))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

240. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കുടിവെള്ള പദ്ധതികളിൽ രണ്ടെണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ബാക്കിയുള്ളവ ജല ലഭ്യതയില്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ലെന്നും തോട്ടിൽ നിന്നാണ് ജലം എടുത്തു കൊണ്ടിരിക്കുന്നതെന്നും കുഴൽ കിണർ കുഴിച്ച് ചെറിയ ടാങ്കുകളിൽ വെള്ളമെടുക്കുന്നുണ്ടെന്നും കോട്ടയ്ക്കൽ നഗരസഭ മറുപടി നൽകി.

241. 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് പണിയുമ്പോൾ ജലം ലഭ്യമാകുമോയെന്ന പരിശോധന നടത്തിയിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് അത് പരിശോധിക്കാതെയാണ് ടാങ്ക് നിർമ്മിച്ചതെന്നാണ് ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നതെന്നും കുറച്ച് പദ്ധതികളിൽ വെള്ളം ലഭിച്ചിരുന്നുവെന്നും പിന്നീട് ജലലഭ്യത കുറവായതുകൊണ്ടാണ് രണ്ടു മൂന്ന് പദ്ധതികൾ നിർത്തലാക്കിയതെന്നും നിലവിൽ രണ്ടും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി മറുപടി നല്കി.

242. ബാക്കിയുള്ള പദ്ധതികളുടെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന് ബാക്കിയുള്ളവ പ്രവർത്തനക്ഷമമല്ലായെന്നും 2002-ൽ പദ്ധതി തുടങ്ങി 2007-08-ൽ അവ പൂർത്തിയാക്കിയെങ്കിലും ഒന്നുരണ്ടു വർഷങ്ങൾ മാത്രമേ ഇവ പ്രവർത്തിച്ചിട്ടുള്ളുവെന്നും ഈ ടാങ്കുകൾ ഇപ്പോഴുമുണ്ടെന്നും കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

243. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയുണ്ടായതായി അഭിപ്രായപ്പെട്ട സമിതി ജല ലഭ്യതയെപ്പറ്റി വാട്ടർ അതോറിറ്റിയുടെയോ ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെയോ കോഴിക്കോട് സി.ഡബ്ല്യൂ.ആർ.ഡി.എം.ന്റെയോ വിദഗ്ദ്ധരുമായി കൺസൾട്ട് ചെയ്താൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും ജല ലഭ്യത കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ ഇങ്ങനെയുള്ള പദ്ധതികൾ ആരംഭിക്കാൻ പാടുള്ളുവെന്നും ഇപ്പോഴും സംസ്ഥാനത്ത് ഇത്തരത്തിലുള്ള ധാരാളം ടാങ്കുകളുണ്ടെന്നും ബാക്കിയെല്ലാകാര്യങ്ങളും ചെയ്താലും വെള്ളം മാത്രം ലഭിക്കുകയില്ലായെന്നും പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഇതുപോലുള്ള പ്രദേശങ്ങളിലും സ്ഥിരം കാണുന്ന ഒരു കാര്യമാണിതെന്നും ഫീൽഡ് ടെസ്റ്റ് നടത്തി ജല ലഭ്യത ഉറപ്പു വരുത്തിയതിന് ശേഷം മറ്റ് വർക്കുകൾക്ക് അനുമതി നൽകുന്നതാണ് നല്ലതെന്നും അഭിപ്രായപ്പെട്ട സമിതി വാട്ടർ അതോറിറ്റിയോ ഗ്രൗണ്ട് വാട്ടർ വകുപ്പോ ബന്ധപ്പെട്ട ഏജൻസികളോ വെള്ളം ലഭിക്കുമെന്ന് ഉറപ്പു വരുത്തുന്ന ഒരു പരിശോധന നടത്തണമെന്ന പൊതു ശിപാർശ നൽകാമെന്നും നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**244. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ് കുടിവെള്ള പദ്ധതികൾ പരാജയപ്പെടാൻ കാരണമെന്ന് സമിതി വിലയിരുത്തുന്നു. ജലലഭ്യത ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ഇത്തരത്തിലുള്ള പദ്ധതികൾ ആരംഭിക്കുവാൻ പാടുള്ളുവെന്നും ഫീൽഡ് ടെസ്റ്റ് നടത്തി ജല ലഭ്യത ഉറപ്പു വരുത്തിയതിന് ശേഷം മറ്റ് വർക്കുകൾക്ക് അനുമതി നൽകുന്നതാണ് നല്ലതെന്നും സമിതി അഭിപ്രായപ്പെടുന്നു.**

**പൊതു ശിപാർശ**

**245. ഭാവിയിൽ കുടിവെള്ള ആസൂത്രണത്തിന്റെ ആരംഭത്തിൽ തന്നെ വാട്ടർ അതോറിറ്റിയോ ഗ്രൗണ്ട്വാട്ടർ വകുപ്പോ ബന്ധപ്പെട്ട ഏജൻസികളോ വെള്ളം ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന ഒരു പരിശോധന നടത്തണമെന്നും അതിനുശേഷം മാത്രമേ മറ്റ് പ്രവൃത്തികൾക്ക് അനുമതി നൽകാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

വാഴക്കാട് ഗ്രാമപഞ്ചായത്ത്

**ഖരമാലിന്യ യൂണിറ്റ് സ്ഥലവും കെട്ടിടവും നിഷ്ക്രിയ ആസ്തിയായി**

ഓഡിറ്റ് റിപ്പോർട്ട് വർഷം:2006-07, ഖണ്ഡിക നമ്പർ:3 (3)

- സാദ്ധ്യത പഠനം നടത്തിയെങ്കിലും റിപ്പോർട്ടില്ല.
- പൂർത്തിയാക്കിയത് സ്ഥലമെടുപ്പും ഷെഡ് നിർമ്മാണവും മാത്രം.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കഴക്കുത്താൻ തടായയിലെ 2 ഏക്കർ സ്ഥലത്ത് ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിനായി പിറ്റ്, സ്റ്റോർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്നും തുടർ പ്രവർത്തനങ്ങൾക്കായി കെട്ടിടം ആവശ്യമാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2006-07 വർഷത്തിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കിയത്.

സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി 26-10-2006-ന് തനത് ഫണ്ടിൽ നിന്നും 5000 രൂപ ബയോടെക് എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും പഠനറിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2006-07 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്. 007/07 ആയി ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണമെന്ന പേരിൽ വികസന ഫണ്ടിൽ നിന്നും 1,14,300 രൂപ ചെലവഴിച്ച് (വൗ.നം.98/26-3-07) എ.സി. ഷീറ്റിന്റെ മേൽക്കൂരയുള്ള ഷെഡ് നിർമ്മാണം പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകളിൽ നിന്നും ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ പ്ലാൻഫണ്ട്, തനതുഫണ്ട് ഉപയോഗിച്ചതിന്റെ വിവരം താഴെചേർക്കുന്നു.

| **വർഷം** | **തുക ചെലവഴിച്ചത്** |
|---|---|
| 2002-03 | 48340 |
| 2003-04 | 130244 |
| 2006-07 | 119300 |
| **ആകെ** | **297884 രൂപ** |

സ്ഥലമെടുപ്പിനായി ചെലവഴിച്ച തുക മേൽക്കാണിച്ചതിൽ ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമല്ല. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ തുടർന്ന് സ്വീകരിച്ച നടപടി വിവരം വ്യക്തമാക്കാൻ 24-6-2009-ന് രേഖാമൂലം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായുള്ള ചർച്ചയിൽ ഖരമാലിന്യ സംസ്കരണ യൂണിറ്റ് യാഥാർത്ഥ്യമാക്കുവാൻ സ്ഥലമെടുക്കൽ, കെട്ടിടനിർമ്മാണം എന്നിവയ്ക്ക് ശേഷം തുടർപ്രവർത്തനമൊന്നും

നടത്തിയിട്ടില്ലെന്ന് വ്യക്തമാക്കി. പദ്ധതി തുക വിനിയോഗിച്ച് സ്ഥാപിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിന് ഫലപ്രദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന പത്താം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ആവർത്തിച്ചുള്ള നിർദ്ദേശം നടപ്പിലാക്കാത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. എ. മുഹമ്മദ് ബഷീർ (സെക്രട്ടറി),

മാതോട്ടം പറമ്പ് ഹൗസ്, പി.ഒ. ഫറോക്ക്, കോഴിക്കോട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.12(1)).

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

246. 1971-ൽ ലക്ഷം വീട് നൽകുന്നതുമായി ബന്ധപ്പെട്ട് വാങ്ങിയ സ്ഥലത്താണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും പ്രസ്തുത പ്രവൃത്തിക്കായി 29,72,284 രൂപ ചെലവഴിച്ചുയെന്നും 2002-03-ൽ 48,340 രൂപ ജൈവ/അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും പിറ്റ് നിർമ്മിക്കുന്നതിനുമായി ചെലവഴിച്ചു എന്നും 2003-04-ൽ 1,30,244 രൂപ ചെലവഴിച്ച് ബയോഗ്യാസ് പ്ലാന്റും ഷ്രെഡിംഗ് യൂണിറ്റും സ്ഥാപിച്ചുവെന്നും പദ്ധതി തീരുമാനിക്കുന്ന സമയത്ത് ആ സ്ഥലം ജനവാസ മേഖല ആയിരുന്നില്ല എന്നും പിന്നീട് പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ജനരോഷമുണ്ടാകുകയും മാർച്ച് നടത്തി ബിൽഡിംഗും സ്ഥാപനവും നശിപ്പിച്ചുവെന്നും 2006-07-ൽ 1,14,300 രൂപയ്ക്ക് ഒരു ഷെഡ് സ്ഥാപിച്ചുവെന്നും അത് പ്രവർത്തനക്ഷമമല്ലാതെ കിടന്നതുകൊണ്ടു പൊളിച്ചു മാറ്റി ലേലം ചെയ്ത് കിട്ടിയ തുകയായ 63,700 രൂപ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

247. നിലവിൽ ടി സ്ഥലത്ത് ഐ.ടി.ഐ. പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ടി സ്ഥലം കാണിച്ച് ഐ.ടി.ഐ.-യ്ക്ക് അപേക്ഷ നൽകിയിരുന്നുയെങ്കിലും അവിടെ ഐ.ടി.ഐ. അനുവദിച്ച് നൽകിയിട്ടില്ലായെന്നും സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയതിനെ തുടർന്ന് ഐ.ടി.ഐ.-യ്ക്ക് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ടെന്നും ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചതിനെ തുടർന്ന് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിരിക്കുന്നതെന്ന് വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

248. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**249. പ്രസ്തുത ഭൂമിയിൽ സർക്കാർ ഐ.ടി.ഐ. തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടെന്നും ആയത് തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

വാഴയൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**വനിതാ വ്യവസായ കേന്ദ്രം ലക്ഷ്യം നേടിയില്ല**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3(11))

വാഴയൂർ ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അടിസ്ഥാന സൗകര്യമൊരുക്കാനാണ് വനിതാ വ്യവസായ കേന്ദ്രമെന്ന പേരിൽ പ്രോജക്ട് തയ്യാറാക്കിയത്. 2006-07 വർഷത്തിൽ സർവ്വെ നമ്പർ 5/2011 നമ്പറിൽ വാഴയൂർ വില്ലേജിൽ 48 സെന്റ് സ്ഥലം 2,22,185 രൂപ ചെലവിൽ ഇതിനായി വാങ്ങി. (വൗച്ചർ നമ്പർ 106/31-3-2006). ഇതേ വർഷം തന്നെ പ്രോജക്ട് നമ്പർ എസ് 015/07-ൽ വ്യവസായ കേന്ദ്രം സ്ഥാപിക്കാനായി വാങ്ങിയ ഭൂമിയുടെ സൈറ്റ് ലെവലിംഗിനായി 31-3-2007-ന് 2 ലക്ഷം രൂപയും പദ്ധതി തുകയിൽ നിന്നും ചെലവഴിച്ചു.

2006-07 വർഷത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനായി സ്ഥലം, സൈറ്റ് ലെവലിംഗ് എന്നിവയ്ക്കായി മൊത്തം 4,22,185 രൂപ ചെലവഴിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല. വ്യവസായ കേന്ദ്രത്തിന്റെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കാൻ പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കേണ്ടതാണ്.

Note*:* വ്യക്തമായ ബാധ്യത ചുമത്താനാവാത്തതിനാൽ ഉത്തരവാദിയെ നിശ്ചയിച്ചിട്ടില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.13(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

250. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**251. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2005-06, ഖണ്ഡിക നമ്പർ 3(3))

ഗ്രാമപഞ്ചായത്തിലെ ചേപ്പിലിക്കുന്ന്, ഒളിക്കൽപുറായ, ഈന്തുംകുഴി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പ്രോജക്ടിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പ് കണക്ഷനും പമ്പ് ഹൗസ് നിർമ്മാണവും ഭാഗികമായി പൂർത്തിയാക്കി പാതിവഴിയിൽ നിർത്തിയതായി കാണുന്നു.

കുടിവെള്ള പദ്ധതിക്കുവേണ്ടി കിണർ, വാട്ടർ ടാങ്ക്, വിതരണ കുഴൽ എന്നിവ സ്ഥാപിച്ച് മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ളമെത്തിക്കാനാണ് 2002-03, 2004-05, 2005-06 വർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ 2005-06 വർഷത്തിൽ ഭാഗികമായി നിർവ്വഹിച്ച ശേഷം തുടർപ്രവർത്തനമൊന്നും നടത്തിയില്ല. 2002-03 മുതലുള്ള കുടിവെള്ള പദ്ധതിയുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| വർഷം, പ്രോജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് വിവരം (രൂപ) |
|---|---|---|
| 2002-03 (100/03)<br>ചേപ്പിലിക്കുന്ന് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | പരിശോധിക്കാനായില്ല | 33860 |
| 2003-04 (675/04)<br>വൈദ്യുതീകരണം | പരിശോധിക്കാനായില്ല | 51620 |
| 2004-05 (105/05)<br>മോട്ടോർ, പമ്പ് സെറ്റ്, അനുബന്ധ സാമഗ്രികൾ | പരിശോധിക്കാനായില്ല | 93141 |
| പൈപ്പ് ലൈൻ അനുബന്ധ പ്രവൃത്തികൾ (85/05)<br>(പുതിയ പ്രോജക്ട്)<br>ശ്രീ. ചുക്കാടൻ അശോകൻ | പദ്ധതി വിഹിതം : 102500<br>ഗുണഭോക്തൃ വിഹിതം : 10250<br>=====<br>112750 | 25000 |
| 2005-06 (എസ്. 142/06) | പദ്ധതി വിഹിതം : 77500<br>ഗുണഭോക്തൃ വിഹിതം : 10250<br>=====<br>87750 | 36306 (ബിൽ നം. 36/28-11-05)<br>(പാർട്ട് ബിൽ) |

2004-05, 2005-06 വർഷങ്ങളിൽ ഭാഗികമായി നിർവ്വഹിച്ച പൈപ്പ് ലൈൻ അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി 2006-07 വർഷത്തിൽ 142/06 നമ്പർ പ്രോജക്ടിൽ 51,144 രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും നിർവ്വഹണം നടന്നിട്ടില്ല. 2007-08-ൽ 136/08 നമ്പരായി 51,144 രൂപ സ്പിൽ ഓവറായി വകയിരുത്തിയെങ്കിലും ഇതേവർഷവും തുടർപ്രവർത്തനം നടന്നില്ല. തുടർവർഷങ്ങളിൽ പ്രോജക്ടിന്റെ പൂർത്തീകരണത്തിന് സ്പിൽ ഓവറായി തുക വകയിരുത്താത്തതിനാൽ കുടിവെള്ള വിതരണ പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതായി അനുമാനിക്കുന്നു. (2004-05 വർഷത്തിൽ സ്പിൽഓവറായി കാണുന്ന ഇതേപേരിലുള്ള 1,16,140 രൂപയുടെ മറ്റൊരു പ്രോജക്ടിന് 2008-09-ലും (62/08-09) തുക വകയിരുത്തിയതായി കാണുന്നു.)

കുടിവെള്ള വിതരണ പ്രോജക്ടിന്റെ നിലവിലെ അവസ്ഥ 28-11-2009-ന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഭാഗമായി പൂർത്തിയാക്കിയ കുടിവെള്ള കിണർ, വാട്ടർ ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് പൊതു ഉടമസ്ഥതയിൽ സൂക്ഷിക്കുന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥ</u> :

ശ്രീമതി പി. ഗിരിജ (സെക്രട്ടറി),

(മേൽവിലാസം ലഭ്യമല്ല)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.3.14(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

252. കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചുവെന്നാണ് ഓഡിറ്റ് പരാമർശമെന്നും കിണർ കുഴിച്ചിട്ട് വെള്ളം ലഭിക്കാത്തതാണ് ഇവിടത്തെ പ്രശ്നമെന്നും വേനൽക്കാലത്ത് കിണറിൽ വെള്ളം കിട്ടുകയില്ലായെന്നും പൈപ്പ് ലൈൻ സ്ഥാപിച്ചിരുന്നെങ്കിലും കാലഹരണപ്പെട്ടുപോയിയെന്നും ഇപ്പോൾ പരിസരവാസികൾ മോട്ടോർ ഘടിപ്പിച്ച് കിണർ നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ടെന്നും വേനൽക്കാലമാകുമ്പോൾ വെള്ളമില്ലാത്ത സ്ഥിതിവിശേഷമാണെന്നും കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

253. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ കൈമാറിയിട്ടില്ലെന്നാണ് സർക്കാർ മറുപടിയിൽ പരാമർശിച്ചിരിക്കുന്നതെന്നും മുമ്പ് സൂചിപ്പിച്ചതു പോലുള്ള ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ഇതുമായി ബന്ധപ്പെട്ട അദാലത്ത് നടത്തുമ്പോൾ ഈ പ്രശ്നം മാറുമെന്നും സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**254. ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ഇത്തരത്തിലുള്ള കേസുകൾ അദാലത്ത് നടത്തി പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**255. പ്രോജക്ടിന്റെ ഭാഗമായി പൂർത്തിയാക്കിയ കുടിവെള്ള കിണർ, വാട്ടർ ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് പൊതു ഉടമസ്ഥതയിൽ സൂക്ഷിക്കുന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

## പുൽപ്പറ്റ പഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2006-07, ഖണ്ഡിക നമ്പർ 3(10))

മേൽ പ്രോജക്ട് പ്രകാരം കൊണ്ടോട്ടിയിലെ കമ്പ്യൂട്ടർ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 3 കമ്പ്യൂട്ടറുകൾ വാങ്ങി തൃപ്പനച്ചി അൽഫാറൂഖ് അനാഥ അഗതി മന്ദിരത്തിന് നൽകിയിട്ടുണ്ട്. ഒരു സ്വകാര്യ സ്ഥാപനമായ മേൽ ഓർഫനേജിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് സാധനങ്ങൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ലെന്ന് രേഖാമൂലം അറിയിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചവ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകരുതെന്ന് പത്താം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ (31-3-2004-ലെ ജി.ഒ (എം.എസ്) നമ്പർ 40/2004/പ്ലാനിംഗ്) വ്യക്തമാക്കിയതാണ്. പദ്ധതി മാർഗ്ഗരേഖയിൽ ഉത്തരവിലെ നിർദ്ദേശം ലംഘിച്ച് ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലോ നിയന്ത്രണത്തിലോ അല്ലാത്ത സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി നൽകിയ ചെലവ് 50,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. (നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി.എസ്., പൂക്കൊളത്തൂർ.)

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. എം. എം. സുലൈമാൻ, ഹെഡ് മാസ്റ്റർ,

"മൈലാഞ്ചി", തച്ചുണ്ണി, കാരക്കുന്ന് പി. ഒ.,

മഞ്ചേരി-676 123.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.4.11(1))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

256. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**257. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

നിലമ്പൂർ ഗ്രാമപഞ്ചായത്ത്

**ഓഡിറ്റ് ഖണ്ഡിക**

**മുൻവർഷങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതി പ്രോജക്റ്റുകൾ - മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല/പ്രവൃത്തി നടത്തിയിട്ടില്ല.**

(ഓഡിറ്റ് റിപ്പോർട്ട് വർഷം : 2007-08, ഖണ്ഡിക നമ്പർ 3(13))

താഴെ കാണും പ്രകാരം മുൻകൂർ നൽകിയ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. നൽകിയ മുൻകൂറുകൾ തിരികെ ഈടാക്കുന്നതിന് 16-4-2005-ലെ ജി.ഒ (എം.എസ്) നം.97/05/ ആർ.ഡി. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല. 18% വാർഷിക പലിശ നിരക്കിൽ മുൻകൂർ തുക ഈടാക്കുന്നതിന് സത്വരമായി റവന്യൂ റിക്കവറി ശിപാർശ നൽകേണ്ടതാണ്. യഥാസമയം നടപടിയെടുക്കാതിരുന്നതുവഴി തുകകൾ ഈടാക്കാൻ കഴിയാതെ വന്നാൽ വീഴ്ച വരുത്തിയവർക്ക് ബാധ്യതവരുമെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ള കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

| **ക്രമ നമ്പർ** | **പദ്ധതി** | **മുൻകൂർ തുക** | | **മുൻകൂർ നൽകിയ തീയതി** |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ആശുപത്രിക്കുന്ന് മിനി വാട്ടർസപ്ലൈ സ്കീം (101000)(എഗ്രി.69/03-04, തീയതി 31-3-04) | 25250 | ശ്രീ. ഉമ്മണത്ത് ജയപാലൻ, S/o ദാമോദരൻ നായർ, ഉമ്മണത്ത് വീട്, നിലമ്പൂർ ആർ.എസ്.പി.ഒ. | ചെക്ക് നമ്പർ 426222/ 31-3-04 |
| 2 | ചന്തക്കുന്ന് മിനി വാട്ടർ സപ്ലൈ സ്കീം (300000)(എഗ്രി.68/03-04, തീയതി 31-3-04) | 75000 | സെക്രട്ടറിയുടെ 12-8-04,27-1-05, 23-11-05 തീയതികളിലെ സി.1/515/05-06 നമ്പർ കത്ത് മുഖേന മുൻകൂർ തുകയും 18% പലിശയും സഹിതം തിരിച്ചടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. | 426221/ 31-3-04 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | മാമ്പറ്റപൊയിൽ മിനി വാട്ടർ സപ്ലൈ സ്കീം (100000) (എഗ്രി. 71/03-04, തീയതി 31-3-04) | 25000 | 27-1-05-ന് അയച്ച നോട്ടീസ് 'Not claimed. Returned to sender' എന്ന റിമാർക്കോടെ തിരികെ വന്നിരിക്കുന്നു. 12-12-05-ന് 23-11-05-ലെ കത്ത് ശ്രീ. ജയപാലൻ കൈപ്പറ്റിയിട്ടുണ്ട്. | 426224/ 31-3-04 |
| 4 | എൻ.എസ്.എസ്. പട്ടരാക്ക കിണർ നിർമ്മാണം (105000) എഗ്രി. നം. 65 എ/03-04, തീയതി 31-3-04 | 26250 | ശ്രീ. സുരേഷ്, S/o കൃഷ്ണൻ വൈദ്യർ, കൊല്ലാരുകൊടി, പട്ടരാക്ക, നിലമ്പൂർ ആർ.എസ്. പി.ഒ., 12-8-04, 27-1-05, 23-11-05 തീയതികളിലെ കത്ത് മുഖേന മുൻകൂറുകൾ തിരിച്ചടവാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. | 31-3-04 |
| 5 | ശിശുമന്ദിരം മിനി കുടിവെള്ള പദ്ധതി (105000) എഗ്രി. നം. 70/03-04, തീയതി 31-3-04 | 26250 | കെ. മുജീബ് റഹ്മാൻ, അത്തിമണ്ണിൽ പാടിക്കുന്ന്, നിലമ്പൂർ, 12-8-04, 23-11-05-ലെ സി1/515/05-06 നമ്പർ കത്ത് പ്രകാരം മുൻകൂർ 7 ദിവസത്തിനകം തിരിച്ചടവാക്കാൻ നോട്ടീസ് നൽകി. | 31-3-04 |
| 6 | യുണൈറ്റഡ് റോഡ് ക്ലബ് കിണർ (എഗ്രി.നം. 82/03-04) (1,00,000 രൂപ | 25000 | ശ്രീ. വി. ഗോവിന്ദൻ, S/o വേലു കോവിലകത്തു മുറി, നിലമ്പൂർ പി. ഒ., (12-8-04, 23-11-05 തീയതികളിൽ നോട്ടീസ് നൽകി. 22-2-2006-ലെ കത്തിൽ 7 ദിവസത്തിനകം പ്രവൃത്തി പൂർത്തിയാക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയ മുൻകൂർ പലിശ സഹിതം തിരിച്ചടവാക്കേണ്ടതുമാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും ബിൽ തയ്യാറാക്കാനായി 12/03-04 നമ്പർ അളവ് പുസ്തകവും ഫയലും കൈപ്പറ്റിയ കൺവീനർ നാളിതുവരെയുംബിൽ സമർപ്പിച്ചിട്ടില്ല. | 28-5-04 |
| 7 | മുമ്മുള്ളി അങ്കണവാടി കിണർ നിർമ്മാണം (എഗ്രി. നം. 30-3-04) (83,000 രൂപ) | 20750 | ഉമ്മണത്ത് ലോകദാസൻ, S/o ദാമോദരൻ നായർ, നിലമ്പൂർ ആർ.എസ്.പി.ഒ. | 31-3-04 |
| | **ആകെ** | **2,23,500 രൂപ** | | |

<u>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ</u> :

ശ്രീ. ബാബുരാജ് (സെക്രട്ടറി)

'ഭാവന', മലയിൻകീഴ് പി.ഒ.,

പിൻ - 675 571.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11; ഖണ്ഡിക 5.6.8(1))

258. കുടിവെള്ള പദ്ധതികളുടെ കൺവീനർമാർക്ക് മുൻകൂർ നൽകിയ തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് മുൻകൂർ നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയപ്പോൾ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**259. റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**നിഷ്ക്രിയ ആസ്തികൾ**

വേണ്ടത്ര സാധ്യതാ പഠനങ്ങൾ നടത്താതെ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നതിന്റെ ബാക്കിപത്രങ്ങളാണ് നാശോന്മുഖമായ ആസ്തികൾ. ജനപങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിലെ അപാകങ്ങളും മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ലാത്തതും ഭൂരിഭാഗം പദ്ധതികളുടെയും പാളിച്ചകൾക്ക് വഴിതെളിച്ചു. ലക്ഷങ്ങൾ മുടക്കി സൃഷ്ടിച്ച ആസ്തികളിൽ പലതും യാതൊരു വരുമാനവും ലഭ്യമാകാതെയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെയും കിടക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. പദ്ധതി വിഹിതം ഭാഗികമായി ചെലവാക്കിയതിനുശേഷം പദ്ധതി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടുവരുന്നു. പദ്ധതി വിഹിതം ഏതുവിധേനയും ചെലവാക്കുക എന്നതിലുപരി പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ യഥാസമയം മോണിട്ടറിംഗ് നടക്കുന്നില്ല. പൂർത്തിയായ പദ്ധതികൾ തന്നെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിലെ പിഴവുമൂലം ലക്ഷ്യം കൈവരിക്കാനാവാതെ നിഷ്ക്രിയ ആസ്തികളായി മാറ്റപ്പെടുന്നു.

നിരവധി ജീവനക്കാരുടെ അദ്ധ്വാനവും പൊതുധനവും പൊതു സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും, പ്രദേശത്തിന്റെ വികസനത്തിനുമായി തയ്യാറാക്കുന്ന ഈ പ്രോജക്ടുകൾ പലവിധ കാരണങ്ങളാൽ പാതിവഴിയിൽ ഉപേക്ഷിക്കുകയോ, പ്രവൃത്തി പൂർത്തിയാക്കാതെയിരിക്കുകയോ ചെയ്യുന്നത് പദ്ധതി പണത്തിന്റെ പാഴ്ചെലവായി കണക്കാക്കാവുന്നതാണ്. പൂർത്തീകരിച്ച പല പദ്ധതികളും ഉപയോഗപ്പെടുത്താതെ മൃതനിക്ഷേപമായി തുടരുന്ന അവസ്ഥയും ഉണ്ട്.

വ്യക്തമായ സാധ്യതാപഠനങ്ങൾ നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും അതിനുവേണ്ടി പദ്ധതിപണം പാഴാക്കുകയും ചെയ്യുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടുവരുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഇപ്പോഴും വിനിയോഗിക്കപ്പെടാതെ കിടക്കുന്നു.

സംരംഭകരെ കണ്ടെത്താതെയും പ്രോത്സാഹിപ്പിക്കാതെയും അടിസ്ഥാന സൗകര്യങ്ങൾ മാത്രം വികസിപ്പിക്കുന്നത് ശരിയായ പ്രവണതയല്ല. വനിതകളുടെ സാമ്പത്തികോന്നമനത്തിനായി ലക്ഷ്യമിട്ട് വനിതാ വ്യവസായ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഭീമമായ തുക വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നുണ്ട്. അത്തരം കെട്ടിടങ്ങൾ നിർമ്മിച്ച് നിഷ്ക്രിയ ആസ്തികളാക്കി മാറ്റുന്നതല്ലാതെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നില്ല.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ജില്ല | സ്ഥാപനം | ആസ്തിയുടെ പേര് | ചെലവ് (രൂപ) | ആഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ |
|---|---|---|---|---|---|
| മലപ്പുറം | പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് | വനിതാ വ്യവസായ കേന്ദ്രം | 17,65,083 | 2009-10 | 3(3) |

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12; ഖണ്ഡിക 2.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

260. വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിനായി പ്രോജക്ടിൽ ഉൾപ്പെടുത്തി പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഒരു ഭാഗത്ത് കുടുംബശ്രീയുടെ ന്യൂട്രിമിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും വാടക നൽകിയാണ് ടി സ്ഥാപനം പ്രവർത്തിപ്പിക്കുന്നതെന്നും

എന്നാൽ ബാക്കിയുള്ള സ്ഥലം ഉപയോഗിക്കുന്നതിനായി നിലവിൽ നിർവ്വാഹമില്ലായെന്നും അത് വ്യവസായ കേന്ദ്രമാക്കി നൽകുന്നതിന് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നും കൂടാതെ ഭൂമിയുടെ അതിർത്തി സംബന്ധമായ തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തി അളന്ന് തിട്ടപ്പെടുത്തി നൽകാൻ താലൂക്ക് സർവ്വേയർക്ക് കത്ത് നൽകിയിരിക്കുകയാണെന്നും പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് സമിതിയെ ബോധിപ്പിച്ചു.

261. വ്യവസായ കേന്ദ്രത്തിന്റെ അനുമതിക്കായി സർക്കാരിന് അപേക്ഷ നൽകിയിട്ട് എത്ര കാലമായി എന്ന സമിതിയുടെ ചോദ്യത്തിന് സർക്കാരിന് അപേക്ഷ നൽകിയിട്ട് രണ്ടുമൂന്ന് വർഷമായെങ്കിലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലായെന്നും ആദ്യം എസ്.സി. വനിതകൾക്കും വയോജനങ്ങൾക്കും വേണ്ടിയാണ് പദ്ധതി ആരംഭിച്ചതെങ്കിലും സാമ്പത്തിക സഹായം ലഭിക്കാതെ വന്നപ്പോൾ ജനറൽ വിഭാഗത്തെയും കൂടി ഉൾപ്പെടുത്തിയെന്നും പക്ഷെ എസ്.സി. വനിതാ വ്യവസായ കേന്ദ്രത്തിന് അംഗീകാരം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് കത്ത് നൽകിയിട്ടുള്ളതെന്നും പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ് മറുപടി നൽകി.

262. ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും വ്യവസായ കേന്ദ്രത്തിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**263. ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും വ്യവസായ കേന്ദ്രത്തിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് സസ്പെൻഷൻ**

വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 9-3-2011 മുതൽ 30-7-2013 വരെ വി.ഇ.ഒ. ആയി സേവനമനുഷ്ഠിച്ച ശ്രീ. ഷിബുസ്കോ പി.എം., 2011-12, 2012-13 വർഷങ്ങളിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി അനുവദിച്ച തുകകളിൽ നിന്നും ` 83,98,455 രൂപ വിവിധ അക്കൗണ്ടുകളിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ച് അപഹരിച്ചു. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ മുഖേന നൽകിയ ` 8,35,500 രൂപ ബാങ്കിൽ നിന്ന് പണമായി പിൻവലിച്ച് യഥാസമയം ഗുണഭോക്താക്കൾക്ക് നൽകാതെ തിരിമറി നടത്തി. പണാപഹരണം എന്ന വ്യക്തമായ ലക്ഷ്യത്തോടെ മുൻകൂട്ടി ആസൂത്രണം ചെയ്താണ് വി.ഇ.ഒ. മേൽ തുകകൾ അപഹരിച്ചത്.

സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിനെ (നം. എൽ.എഫ്.എം. 1448/2013 തീയതി 26-7-2013) തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

നിർവ്വഹണോദ്യോഗസ്ഥന് ജോലി വിലക്ക് ഏർപ്പെടുത്തുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14 ; ഓഡിറ്റ് ഖണ്ഡിക 3.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

264. പ്രസ്തുത പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ഗുണഭോക്താക്കൾക്ക് നൽകേണ്ട തുക വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ദുരുപയോഗം ചെയ്തത് സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ഗുണഭോക്താക്കൾ വിജിലൻസിൽ കേസ് ഫയൽ ചെയ്തിരുന്നുയെന്നും വി.ഇ.ഒ.യിൽ നിന്നും പണം ഈടാക്കുന്നതിനുവേണ്ടി ഉത്തരവായിട്ടുള്ളതാണെന്നും കോഴിക്കോട് ജില്ലയിൽ താമസിക്കുന്ന അദ്ദേഹത്തിന്റെ പേരിൽ സ്വത്തുവകകളൊന്നും ഇല്ലായെന്നും അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിലുള്ള സ്വത്ത് വകകളിൽ നിന്നും ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ടിയാനെ സർവ്വീസിൽ നിന്നും പിരിച്ചു വിടുകയും ചെയ്തുയെന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും പകരം തുക കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകാൻ വേണ്ടി സർക്കാരിൽ നിന്നും അനുവാദം വാങ്ങിയിട്ടുണ്ടെന്നും വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

265. പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 83 ലക്ഷം രൂപ അപഹരിച്ച അന്നത്തെ സെക്രട്ടറിയുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടതിനെ തുടർന്ന് ടിയാന്റെ പേരിൽ വിജിലൻസ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

266. നോൺ ബാങ്കിംഗ് ട്രഷറിയിലാണ് അക്കൗണ്ട് ആരംഭിച്ചതെന്നും നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ഇംപ്ലിമെന്റിംഗ് ഓഫീസർ ബിൽ വച്ച് പൈസ വിഡ്രോ ചെയ്താണ് അദ്ദേഹത്തിന്റെ പേരിലുള്ള അക്കൗണ്ടിൽ കൊണ്ടുവരുന്നതെന്നും അവിടെ നിന്നും അദ്ദേഹമാണ് ചെക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതെന്നും ആ ചെക്കിനു പകരം അദ്ദേഹത്തിന്റെ പേരിൽ ആരംഭിച്ച നോൺ ബാങ്കിംഗ് ട്രഷറിയിൽ ബെനിഫിഷ്യറിയുടെ അക്കൗണ്ടിലേയ്ക്ക് അദ്ദേഹം ചെക്ക് നൽകി തുക വിത്ഡ്രോ ചെയ്തുയെന്നും സെക്രട്ടറി, വാഴക്കാട് ഗ്രാമപഞ്ചായത്ത് സമിതിയെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത കേസുമായി ബന്ധപ്പെട്ട ഫയലുകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ എത്തിയിട്ടില്ലായെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

267. ടിയാനെതിരെ ശിക്ഷാ നടപടി സ്വീകരിച്ച കാര്യം ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ട ഉത്തരവാദിത്തമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് സമാഹൃത റിപ്പോർട്ടിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഫയലുകളെല്ലാം തദ്ദേശസ്വയംഭരണ വകുപ്പാണ് കൈകാര്യം ചെയ്യുന്നതെന്നും ജോയിന്റ് സെക്രട്ടറി അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് സമിതിയെ ബോധിപ്പിച്ചതിനെ തുടർന്ന് ടിയാളിൽ നിന്നും റവന്യൂ റിക്കവറി ചെയ്യുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും അതനുസരിച്ച് മുന്നോട്ട് പോകുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

268. 83 ലക്ഷം രൂപ അപഹരിച്ച അന്നത്തെ വി.ഇ.ഒ.യുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും വേണമെന്നും ഇതുമായി ബന്ധപ്പെട്ട് എവിടെയൊക്കെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും ആയതിനാൽ ഇതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**269. 83 ലക്ഷം രൂപ അപഹരിച്ച ഉത്തരവാദിയായ വി.ഇ.ഒ.യുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും വേണമെന്നും ഇതുമായി ബന്ധപ്പെട്ട് എവിടെയൊക്കെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഇതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് പലിശ സഹിതം തിരികെ ഒടുക്കി.**

ആശ്രയ പദ്ധതിക്കായി മുൻകൂർ പിൻവലിച്ച്, ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചുവന്ന 17 ലക്ഷം രൂപ തിരികെ അടവാക്കണമെന്ന് ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09, 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (നം.എൽ.എഫ്.എം. 13/1656/2012 തീയതി 19-7-2012) ഖണ്ഡിക 3(12) ൽ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 73581/എ.ബി2/2012/തസ്വഭവ തീയതി 28-12-2012 നം. കത്തിലൂടെ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ അടവാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 21-3-2013-ലെ 23581/എ.ബി.2/2012/തസ്വഭവ നമ്പർ കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിൻപ്രകാരം 17 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരികെ ഒടുക്കി (ചലാൻ നം. 173/3-5-2013). ഓഡിറ്റ് ആവശ്യപ്പെട്ടതുപ്രകാരം (എൽ.എഫ്. എം. 13/2471/13-ാം നമ്പർ കത്ത് തീയതി 7-1-2014) പ്രസ്തുത തുകയ്ക്ക് ലഭ്യമായ പലിശ 2,27,672 രൂപ കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ട്രഷറിയിൽ തിരികെ ഒടുക്കി (ചെലാൻ നം. 81/15-7-2014).

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2013-14; ഖണ്ഡിക 3.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

270. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**271. തുകയും പലിശയും സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ - മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2015-16 സാമ്പത്തിക വർഷം മുതൽ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് (DSR) അനുസരിച്ചുള്ള നിരക്കുകൾ ബാധകമാക്കി. ഇപ്രകാരമുള്ള നിരക്ക് നടപ്പിലാക്കിയപ്പോൾ പൊതുവിപണിയിൽ ഇതിനെക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന സാധനങ്ങൾക്ക് അതേ നിരക്കേ നൽകാവൂ എന്ന നിർദ്ദേശം നൽകിയിരുന്നില്ല. ആയതിനാൽ വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമേ സ്വമേധയാ ഇത് പാലിച്ചിട്ടുള്ളൂ. പൊതുവിപണിയിൽ വില കുറവുള്ള ബിറ്റുമിൻ പോലുള്ള സാധനങ്ങൾക്ക് ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചുള്ള ഉയർന്ന വിലയും അതോടൊപ്പം ഓരോ സ്ഥലത്തും നിശ്ചയിക്കപ്പെട്ടിട്ടുള്ള കോസ്റ്റ് ഇൻഡക്സും നൽകിവരുന്നു. സ്വമേധയാൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളിൽ പ്രത്യേകിച്ചും റോഡ് ടാറിംഗ് പോലുള്ളവയിൽ അധിക ചെലവ് ഉണ്ടായിട്ടില്ല. ഇതിന് വിരുദ്ധമായി DSR നിരക്കിൽ പ്രവൃത്തികൾ നിർവ്വഹിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഇനത്തിൽ അധികം തുക ചെലവ് ചെയ്തിട്ടുണ്ട്. അതിലെ നഷ്ടം ഓഡിറ്റിൽ കണക്കാക്കി അതത് സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത്/ജില്ല | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക |
|---|---|---|
| മമ്പാട് ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല) | 2015-16 | 3-21 |

എന്നാൽ ഇങ്ങനെയുള്ള സാഹചര്യത്തിൽ പൊതുവിപണിയിൽ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന സാധനങ്ങൾ അതേ വിലയ്ക്ക് വാങ്ങി ഉപയോഗിക്കുവാൻ ആവശ്യമായ ഉത്തരവുകൾ തുടർന്നുള്ള വർഷങ്ങളിൽ ചീഫ് എഞ്ചിനീയറും സർക്കാരും നൽകിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ 13-2-2014-ലെ DB-3/6512/13 ചീ.എ/തസ്വഭവ സർക്കുലർ ഉപഖണ്ഡിക (5) പ്രകാരം ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റിൽ ഉൾപ്പെടാത്ത ഒരിനത്തിന് നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കാം എന്നു പറഞ്ഞിട്ടുണ്ട്, എങ്കിലും പലപ്പോഴും അത് തയ്യാറാക്കി കാണുന്നില്ല. പൊതുവിപണിയിൽ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന ബിറ്റുമിൻ പോലുള്ള സാധനങ്ങൾക്ക് ഡി.എസ്.ആർ. പ്രകാരമുള്ള ഉയർന്ന വിലയും അതോടൊപ്പം കോസ്റ്റ് ഇൻഡക്സും ലഭ്യമാകുന്നത് കൊണ്ട് നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. ജി.ഒ.(പി) നം. 96/16/ഫിൻ തീയതി 15-7-2016-ൽ ഉപഖണ്ഡിക (4) പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിന്റെ വില നൽകുമ്പോൾ അവയുടെ ഒറിജിനൽ ബില്ല് അടിസ്ഥാനമാക്കി മാത്രമേ നൽകാവൂ എന്ന് നിർദ്ദേശിക്കുന്നുണ്ട്. നിലവിലെ മരാമത്ത് പ്രവൃത്തികളിൽ ഇത് പാലിക്കപ്പെടുന്നുണ്ട് എങ്കിലും ഉത്തരവുകളും, ചട്ടങ്ങളും പാലിക്കാതെ പൊതുതാല്പര്യത്തിന് എതിരായി എഞ്ചിനീയർമാർ പ്രവൃത്തികൾ നിർവ്വഹിച്ചാൽ ആയത് കണ്ടെത്തി ക്രമപ്പെടുത്തേണ്ടത് ചീഫ് എഞ്ചിനീയറാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നിയമാനുവർത്തനത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സാഹചര്യങ്ങളിൽ ചീഫ് എഞ്ചിനീയർതലത്തിൽ ഫലപ്രദമായ ഇടപെടലുകൾ അനിവാര്യമാണ്. സമയബന്ധിതമായി ഇത്തരം ഇടപെടലുകൾ ഉണ്ടാകുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്. ഇപ്രകാരം ഭാവിയിൽ പൊതുവിപണിയിൽ വിലക്കുറവുള്ള സാധനങ്ങൾക്ക് ഉയർന്ന നിരക്ക് നൽകുന്ന സാഹചര്യം ഒഴിവാക്കാൻ സർക്കാർതല പൊതുനിർദ്ദേശം വഴി സാധിക്കുന്നതാണ്.

കൃത്രിമവും വ്യാജവുമായ ഇടപാടുകൾ തടയുന്നതിന് മേൽ പട്ടികയിൽ പരാമർശിച്ച വിധമുള്ള നിയമ/ചട്ട വ്യവസ്ഥകൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുകയാണ് സാധ്യമാകുന്ന പ്രാഥമിക നടപടി. കേവലം രേഖകൾക്കപ്പുറം മരാമത്ത് പ്രവൃത്തികൾ യഥാർത്ഥത്തിൽ ഗുണപരമായി നിർവ്വഹിക്കുന്നു എന്നുറപ്പാക്കുന്നതിന് നിയമവും ചട്ടവും വ്യവസ്ഥ ചെയ്യുന്ന വിധം സുതാര്യത ഉറപ്പാക്കുക മാത്രമേ ഉപാധിയുള്ളൂ.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2016-17 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധംII ആയി ചേർത്തിരിക്കുന്നു.

272. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**273. മമ്പാട് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പദ്ധതികളുടെ ആകെ ബിൽ തുക പ്രോജക്ട് തുകയുടെ പരിധിയ്ക്ക് വിധേയമായിട്ടാണ് നൽകിയിരിക്കുന്നതെന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ലെന്നും നിലവിൽ ടാറിംഗ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാത്തതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്ന സാഹചര്യമില്ലെന്നും ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ഗുണനിലവാരത്തോടെ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തികൾ നിലവിൽ നല്ല രീതിയിൽ തന്നെയാണുള്ളതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

തിരുവനന്തപുരം,
2022 ഡിസംബർ 6.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

**പ്രധാനപ്പെട്ട നിഗമനങ്ങളും/ ശിപാർശകളും**

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വകുപ്പ് | നിഗമനങ്ങളും / ശിപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 6 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 9 | തദ്ദേശസ്വയംഭരണ വകുപ്പ് | റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തവിധം കോലത്തുപാടം കോൾപടവ് കമ്മിറ്റിക്ക് നൽകിയ ട്രാക്ടർ നശിച്ചതിനാലാണ് പ്രസ്തുത ട്രാക്ടർ ലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനമെടുത്തതെന്ന് സമിതി മനസ്സിലാക്കുന്നു. ട്രാക്ടർ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 3 | 16 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ കരുവാരക്കുണ്ട്, മൂത്തേടം എന്നീ ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 18 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 20 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 23 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ബാധ്യത തുക ഈടാക്കുന്നതിനുള്ള തുടർനടപടി ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 26 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിച്ച ശേഷം അത് സംബന്ധമായ വിവരങ്ങൾ റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 29 | തദ്ദേശസ്വയംഭരണ വകുപ്പ് | അധിക തുക കൈപ്പറ്റിയ സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് തുക തിരികെ ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 31 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 34 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 45 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 48 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തുക തിരിച്ചുപിടിയ്ക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 13 | 50 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാരും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 59 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 61 | തദ്ദേശസ്വയംഭരണ വകുപ്പ് | ബന്ധപ്പെട്ട രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 77 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 80 | തദ്ദേശസ്വയംഭരണ വകുപ്പ് | ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | 82 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത പരാമർശത്തിലെ പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 19 | 84 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത പരാമർശം സംബന്ധിച്ച് കോടതി വിധിക്കനുസരിച്ച് തുടർനടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 20 | 88 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 91 | തദ്ദേശസ്വയംഭരണ വകുപ്പ് | ഗ്രാമപഞ്ചായത്ത് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 94 | തദ്ദേശസ്വയംഭരണ വകുപ്പ് | വാഴയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട തുക തിരിച്ചടച്ചതിന്റെ വിശദവിവരം ഓഡിറ്റ് വകുപ്പിനു ലഭ്യമാക്കുവാനും ഓഡിറ്റ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 23 | 97 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും സമിതി മുൻപാകെ ലഭ്യമാക്കിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 99,101 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 104 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് തുക ഈടാക്കാനുള്ളതിന് ആർ.ആർ. നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | 106 | തദ്ദേശസ്വയംഭരണ വകുപ്പ് | പി.എച്ച്.സി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 27 | 108 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 28 | 111 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിൽ പറയുന്ന പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എങ്ങനെയാണ് ആദ്യ പാല നിർമ്മാണവുമായി അഡ്ജസ്റ്റ് ചെയ്തതെന്ന് സമിതിയെ ബോധ്യപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. |
| 29 | 113,115, 117,119 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 122 | തദ്ദേശസ്വയംഭരണ വകുപ്പ് | ക്രമീകരിക്കേണ്ട തുക സംബന്ധിച്ച റിപ്പോർട്ട് ഇറിഗേഷൻ സെക്ഷനിലെ എഞ്ചിനീയറിൽ നിന്നും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 31 | 125 | തദ്ദേശസ്വയംഭരണ വകുപ്പ് | പഞ്ചായത്തുകൾ തന്നെ യന്ത്രങ്ങൾ വാങ്ങി ആവശ്യക്കാർക്ക് കൊടുക്കുന്നതായിരിക്കും നല്ലതെന്നും കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇടപെടൽ നടത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പരാമർശത്തിൽ ഉൾപ്പെട്ട കേടായ യന്ത്രോപകരണങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 32 | 128 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉപയോഗശൂന്യമായ കൊയ്ത്ത് മെതി യന്ത്രം ലേലം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | 131 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉപയോഗരഹിതമായ കാർഷികയന്ത്രങ്ങൾ ലേലം ചെയ്തതിന്റെ രേഖകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | 133 | തദ്ദേശസ്വയംഭരണ വകുപ്പ് | ഭരണസമിതി തീരുമാനപ്രകാരം പവർടില്ലർ ലേലം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | 138,139 | തദ്ദേശസ്വയംഭരണ വകുപ്പ് | മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സംഘവുമായി ചമച്ച കരാർ, വാങ്ങിയ ഭൂമിയിൽ കെട്ടിടം നിർമ്മിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ എസ്.സി. സഹകരണ സംഘത്തിന്റെ വനിതാ വസ്ത്രനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച് ക്ലാരിഫിക്കേഷൻ നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 36 | 141,145, 147,149 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 152 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വിഷയത്തിൽ ബഹു: ഹൈക്കോടതി വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 38 | 155 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വിഷയം സംബന്ധിച്ച റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 39 | 158 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 40 | 161 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 164, 167 | തദ്ദേശസ്വയംഭരണ വകുപ്പ് | ഉപയോഗശൂന്യമായ മെഷീനുകൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 42 | 169,171, 73 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 176 | തദ്ദേശസ്വയംഭരണ വകുപ്പ് | വൗച്ചറുകളുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 44 | 177 | തദ്ദേശസ്വയംഭരണ വകുപ്പ് | തുക ചെക്കായി നൽകിയതാണെങ്കിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ആയത് ക്രോസ് ചെക്ക് ചെയ്ത് തുക ആർക്കാണ് നൽകിയതെന്ന് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 45 | 179 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത പരാമർശം സംബന്ധിച്ച നിജസ്ഥിതി സംബന്ധിച്ച് ഡി.ഡി.പി.യും പഞ്ചായത്ത് വകുപ്പും പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 46 | 182 | തദ്ദേശസ്വയംഭരണ വകുപ്പ് | 563 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെയും താനൂർ വ്യാസ സ്റ്റോറിൽ നിന്നും വലകൾ വാങ്ങി ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധിച്ച് പദ്ധതി പൂർത്തികരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടുവെന്ന താനൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു |
| 47 | 185 | തദ്ദേശസ്വയംഭരണ വകുപ്പ് | മത്സ്യത്തൊഴിലാളികൾക്ക് വലയും റോപ്പും വിതരണം ചെയ്തത് സംബന്ധിച്ച വ്യാസ സ്റ്റോറിന്റെ ഇൻവോയ്സ്, കൈപ്പറ്റ് രസീതി എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതം 50% ഗ്രാമപഞ്ചായത്തിൽ അടവാക്കിയ വിവരവും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള താനൂർ ഗ്രാമപഞ്ചായത്ത് അധികൃതരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 48 | 188 | തദ്ദേശസ്വയംഭരണ വകുപ്പ് | പരാമർശ വിഷയവുമായി ബന്ധപ്പെട്ട കേസിന്റെ വിധിക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 49 | 190,192, 194 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 196 | തദ്ദേശസ്വയംഭരണ വകുപ്പ് | 2007-08 സാമ്പത്തിക വർഷത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 51 | 198 | തദ്ദേശസ്വയംഭരണ വകുപ്പ് | 2007-08 സാമ്പത്തിക വർഷത്തിൽ കെട്ടിടം നിർമ്മിച്ച് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 200,202 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 53 | 211 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കോടതി വിധിയ്ക്കനുസരിച്ച് തീരുമാനമെടുക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 213,215 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 55 | 217 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 56 | 219,221, 223 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 57 | 226 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 232,233 | തദ്ദേശസ്വയംഭരണ വകുപ്പ് | കേരളത്തിൽ ഇത്തരത്തിലുള്ള കേസ്സുകൾ നില നിൽക്കുന്ന മറ്റ് പഞ്ചായത്തുകളും മുനിസിപ്പാലിറ്റി കളുമുണ്ടാകുമെന്നും അത്തരം മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും അദാലത്ത് നടത്തി കെട്ടിട നിർമ്മാണം ഉൾപ്പെടെ പഴയ കേസ്സുകൾ പരിഗണിക്കണമെന്നും കൂടാതെ ഉദ്യോഗസ്ഥതലത്തിൽ മാത്രമല്ലാതെ ഭരണ സമിതി പങ്കാളിത്തവും കൂടിയുണ്ടാകണമെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണത്തിൽ എങ്ങനെ പങ്കാളികളാകുന്നുവെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.<br>പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്ന ഉദ്യോഗസ്ഥനിൽ നിന്നുമാത്രം ലയബിലിറ്റി ഫിക്സ് ചെയ്യാനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിക്കൊണ്ട് ആക്റ്റിൽ ഭേദഗതി വരുത്തിയത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. |
| 59 | 235,239 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 60 | 244,245 | തദ്ദേശസ്വയംഭരണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ് കുടിവെള്ള പദ്ധതികൾ പരാജയപ്പെടാൻ കാരണമെന്ന് സമിതി വിലയിരുത്തുന്നു. ജലലഭ്യത ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ഇത്തരത്തിലുള്ള പദ്ധതികൾ ആരംഭിക്കുവാൻ പാടുള്ളൂവെന്നും ഫീൽഡ് ടെസ്റ്റ് നടത്തി ജല ലഭ്യത ഉറപ്പു വരുത്തിയതിന് ശേഷം മറ്റ് വർക്കുകൾക്ക് അനുമതി നൽകുന്നതാണ് നല്ലതെന്നും സമിതി അഭിപ്രായപ്പെടുന്നു.<br>പൊതുശിപാർശ<br>ഭാവിയിൽ കുടിവെള്ള ആസൂത്രണത്തിന്റെ ആരംഭത്തിൽ തന്നെ വാട്ടർ അതോറിറ്റിയോ ഗ്രൗണ്ട്‌വാട്ടർ വകുപ്പോ ബന്ധപ്പെട്ട ഏജൻസി കളോ വെള്ളം ലഭിക്കുമെന്ന് ഉറപ്പു വരുത്തുന്ന ഒരു പരിശോധന നടത്തണമെന്നും അതിനുശേഷം മാത്രമേ മറ്റ് പ്രവൃത്തികൾക്ക് അനുമതി നൽകാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 61 | 249 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ഭൂമിയിൽ സർക്കാർ ഐ.ടി.ഐ. തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവായി ട്ടുണ്ടെന്നും ആയത് തുടങ്ങുന്നതിനുള്ള നടപടി ആരംഭി ച്ചിട്ടുണ്ടെന്നും സർക്കാർ ലഭ്യമാക്കിയ മറുപടി യുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നൽകിയ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 62 | 251 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാ നത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 63 | 254,255 | തദ്ദേശസ്വയംഭരണ വകുപ്പ് | ഓരോ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ഇത്തരത്തിലുള്ള കേസുകൾ അദാലത്ത് നടത്തി പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.<br>പ്രോജക്ടിന്റെ ഭാഗമായി പൂർത്തിയാക്കിയ കുടിവെള്ള കിണർ, വാട്ടർ ടാങ്ക്, മോട്ടോർ എന്നിവ സ്ഥാപിച്ച് പൊതു ഉടമസ്ഥതയിൽ സൂക്ഷിക്കുന്നത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 64 | 257 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 65 | 259 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 66 | 263 | തദ്ദേശസ്വയംഭരണ വകുപ്പ് | ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും വ്യവസായ കേന്ദ്രത്തിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 67 | 269 | തദ്ദേശസ്വയംഭരണ വകുപ്പ് | 83 ലക്ഷം രൂപ അപഹരിച്ച ഉത്തരവാദിയായ വി.ഇ.ഒ.യുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുയും വേണമെന്നും ഇതുമായി ബന്ധപ്പെട്ട് എവിടെയൊക്കെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഇതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 68 | 271 | തദ്ദേശസ്വയംഭരണ വകുപ്പ് | തുകയും പലിശയും സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 69 | 273 | തദ്ദേശസ്വയംഭരണ വകുപ്പ് | മമ്പാട് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പദ്ധതികളുടെ ആകെ ബിൽ തുക പ്രോജക്ട് തുകയുടെ പരിധിയ്ക്ക് വിധേയമായിട്ടാണ് നൽകിയിരിക്കുന്നതെന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ലെന്നും നിലവിൽ ടാറിംഗ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാത്തതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്ന സാഹചര്യമില്ലെന്നും ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ഗുണനിലവാരത്തോടെ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തികൾ നിലവിൽ നല്ല രീതിയിൽ തന്നെയാണുള്ളതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 64 | 257 | തദ്ദേശസ്വയംഭരണ വകുപ്പ് | സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 65 | 259 | തദ്ദേശസ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 66 | 263 | തദ്ദേശസ്വയംഭരണ വകുപ്പ് | ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും വ്യവസായ കേന്ദ്രത്തിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 67 | 269 | തദ്ദേശസ്വയംഭരണ വകുപ്പ് | 83 ലക്ഷം രൂപ അപഹരിച്ച ഉത്തരവാദിയായ വി.ഇ.ഒ.യുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേരിൽ ലയബിലിറ്റി ഫിക്സ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും വേണമെന്നും ഇതുമായി ബന്ധപ്പെട്ട് എവിടെയൊക്കെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഇതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 68 | 271 | തദ്ദേശസ്വയംഭരണ വകുപ്പ് | തുകയും പലിശയും സർക്കാരിലേയ്ക്ക് അടവാക്കിയിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 69 | 273 | തദ്ദേശസ്വയംഭരണ വകുപ്പ് | മമ്പാട് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പദ്ധതികളുടെ ആകെ ബിൽ തുക പ്രോജക്ട് തുകയുടെ പരിധിക്ക് വിധേയമായിട്ടാണ് നൽകിയിരിക്കുന്നതെന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ലെന്നും നിലവിൽ ടാറിംഗ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാത്തതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്ന സാഹചര്യമില്ലെന്നും ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ഗുണനിലവാരത്തോടെ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തികൾ നിലവിൽ നല്ല രീതിയിൽ തന്നെയാണുള്ളതെന്നുമുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

**2003/04 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക**

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 3.10.4 | വേങ്ങര | കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് എം-ബുക്ക് ഹാജരാക്കിയിട്ടില്ല. വെള്ളം ലഭ്യമാകുന്നത് സംബന്ധിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. ഈ ഇനത്തിൽ 64,720/- രൂപ തടസ്സം നിൽക്കുന്നു. | വേങ്ങര ഗ്രാമപഞ്ചായത്തിൽ 2003-04 കാലയളവിൽ നടപ്പിലാക്കിയ ചെറുകരമലയിൽ കുഴൽകിണർ നിർമ്മാണം, ചുഴലി കുന്ന് കുഴൽകിണർ എന്നിവ, ആ പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളത്തിന് അനിവാര്യമായതിനാലും, ചില സ്വകാര്യ വ്യക്തികൾ ഈ പ്രദേശത്തിനടുത്തായി കുഴൽകിണർ സ്ഥാപിച്ച് ജലം ലഭ്യമാക്കുന്നതിനാലും, വേഗത്തിൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായാണ് ഭൂഗർഭജലവകുപ്പിന്റെ സാക്ഷ്യപത്രം വാങ്ങാതെ പദ്ധതി നടപ്പിലാക്കിയത്. പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന് ഉദ്ദേശിക്കപ്പെട്ട് നടപ്പിലാക്കിയ ടി പ്രവൃത്തി ഇപ്പോഴും നല്ല രീതിയിൽ പ്രയോജനപ്പെടുത്തി വരുന്നു. പട്ടികജാതിയിൽ പെട്ട 32 കുടുംബങ്ങൾ ഇപ്പോഴും ഈ കുടിവെള്ള പദ്ധതിയെ ആശ്രയിച്ച് വരുന്നു. വേനൽകാലത്തും ഈ കുഴൽകിണറിൽ വെള്ളം ലഭ്യമാണ്. സദുദ്ദേശം മാത്രം മുൻനിർത്തി പൊതുജനതാൽപര്യപ്രകാരമാണ് പ്രോജക്ടുകൾ നടപ്പിലാക്കിയത്. എന്നതിനാൽ ടി പരാമർശം ഒഴിവാക്കി നൽകുവാൻ ബഹു സമിതിയോട് അപേക്ഷിക്കുന്നു. |
| | | വേങ്ങര | വിവിധ പെൻഷൻ . ലിമിറ്റഡ് തിയതിക്ക് ശേഷവും 4 പേർക്ക് അനുവദിച്ചതിനാൽ 6510 രൂപ തടസ്സം നിൽക്കുന്നു. | വിധവകളായിട്ടുള്ള 4 ഗുണഭോക്താക്കളുടെ ആൺമക്കൾ വേറെ കുടുംബമായി താമസിക്കുന്നതിനാലും വാങ്ങിയ തുക തിരിച്ചടക്കാനുള്ള സാമ്പത്തികശേഷി ടി ആളുകൾക്ക് ഇല്ലാത്തത് പഞ്ചായത്ത് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ടതിനാലും, പെൻഷൻ കൈപ്പറ്റിയവർ തീർത്തും നിരാലംബരും അവശരുമായതിനാലും, നിലവിൽ പ്രസ്തുത നിബന്ധന ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിലും, ടി പരാമർശം ഒഴിവാക്കിത്തരണമെന്ന് ബഹു സമിതിയോട് അപേക്ഷിക്കുന്നു. |
| 3 | 3.10.4 | എടരിക്കോട് | വിവിധ മരാമത്ത് പണികൾ - വിവിധ റോഡുകളുടെ നിർമാണ വേളയിൽ മസ്റ്റ് നിരക്കിലിന് ഉയർന്ന നിരക്ക് നൽകിയത് മൂലമുണ്ടായ നഷ്ടം. തുക. 14457 രൂപ | മേൽ വിഷയത്തിൽ No.LF.6764/Spl.Cell/SCS/2004 തിയതി 28/12/2004 ആയി സർക്കാർ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിൽ ശ്രീ.എ.പി.രാമചന്ദ്രൻ അസി.എഞ്ചിനീയർ കേസ് നം.ഒ.പി (എൽ.എൽ/6/2006 ആയി ബഹു. മലപ്പുറം ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസ് 19/09/2015 തിയ്യതിയിൽ ബഹു. ഫാസ്റ്റ് ട്രാക്ക് കോടതി - 2. ശ്രീ.രാമചന്ദ്രന് അനുകൂലമായി വിധി പറയുകയും സർക്കാർ സർട്ടിഫിക്കറ്റ് ദുർബലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | നടത്തിയെങ്കിലും വാല്യുവേഷൻ തുക അധികമായതിനാൽ ആരും തന്നെ ലേലം കൊള്ളാൻ തയ്യാറായില്ല. തുടർന്ന് വാല്യുവേഷൻ തുക 60,000 രൂപയാക്കി പുതുക്കി നൽകിയിട്ടുണ്ട്., തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ചാൽ ട്രാക്ടർ പരസ്യലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുമെന്ന് ബോധിപ്പിച്ചുകൊള്ളുന്നു. |
| 5 | 3.10.4 | കരുവാരക്കുണ്ട്. | 1 ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക (63)<br>പുന്നക്കാട് അങ്കണവാടികളെ വി.സി.ബി കം ബ്രിഡ്ജ് :-<br>557 പേർക്ക് പകരം 800 പേരെ നിയമിച്ചതു വഴി വന്ന പാഴ്ചെലവ് 800 - 557 = 243 * 140 = 34020 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. | നഷ്ടം വന്ന തുക റിട്ട. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ രാമൻ . ചക്കിങ്ങലതൊടി, എളങ്കൂർ പി.ഒ. മഞ്ചേരി, മലപ്പുറം എന്നവരുടെ ബാധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി ഡി.സി.ആർ.ജിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. ടിയാൾ ക്യാൻസർ പിടിപ്പെട്ട് 06.07.2018ന് മരണപ്പെടുന്നതുവരെ പെൻഷനോ, മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയിട്ടില്ലെന്ന് 07.11.2018 തിയ്യതിയിലെ എ7-11135/17 നമ്പർ കത്ത് പ്രകാരം ബഹു. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ള വിവരം സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.. |
| | | | 2.ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക (38)<br>ബസ്സ് സ്റ്റാന്റ് ലേലം<br><br>ലേലം കൂടിയ തുകയ്ക്ക് വിളിച്ച ശ്രീ കുന്നത്ത് രാജൻ കരാർ ഉടമ്പടി വെക്കാനോ, 1/3 തുക കെട്ടിവെയ്ക്കാനോ തയ്യാറാകാത്തതിനാൽ തൊട്ടടുത്ത ലേലക്കാരനായ കൊറ്റയിൽ ബുനിയാമിന്റെ (74100/-രൂപ) പേരിൽ ലേലം സ്ഥിരപ്പെടുത്താതെ പുനർലേലം ചെയ്തു.(55300/- രൂപ)<br>നഷ്ടം - 18800 രൂപ | തൊട്ടടുത്ത ലേലക്കാരനായ കൊറ്റയിൽ ബുനിയാമിന്റെ (74100/ രൂപ) പേരിൽ ലേലം സ്ഥിരപ്പെടുത്താൻ ശ്രമിച്ചിരുന്നുവെന്നും എന്നാൽ ടി ബുനിയാമിൻ കരാർ ഉടമ്പടി വെക്കാനോ, 1/3 തുക കെട്ടിവെയ്ക്കാനോ തയ്യാറാകാത്തതിനാലാണ് പുനർ ലേലം ചെയ്തെന്നുമാണ് അറിയാൻ കഴിഞ്ഞത് എന്നും, രേഖകൾ വ്യക്തമല്ല എന്നും, ഇപ്പോഴും ഓരോ വർഷവും ഏറ്റെടുക്കാൻ ആളില്ലാത്ത അവസ്ഥയും, ഏറ്റെടുക്കുന്നവരെല്ലാം ലാഭകരമല്ലെന്ന് പറയുന്ന അവസ്ഥയുമാണുള്ളതെന്നും, സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നഷ്ടം വന്ന തുക റിട്ട. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.രാമൻ. ചക്കിങ്ങലതൊടി, എളങ്കൂർ പി.ഒ, മഞ്ചേരി, മലപ്പുറം എന്നവരുടെ ബാധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി ഡി.സി.ആർ.ജി യിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ടിയാൾ കാൻസർ പിടിപ്പെട്ട് 06.07.2018 ന് മരണപ്പെടുന്നതുവരെ പെൻഷനോ, മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയിട്ടില്ലെന്ന് 07.11.2018 തിയ്യതിയിലെ എ7 -11135/17 നമ്പർ കത്ത് പ്രകാരം ബഹു. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ബോധിപ്പിക്കുന്നു. |
| | | | 3. മരാമത്ത് പ്രവൃത്തികളിൽ അപാകതകൾ<br>(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 45,46)1999-2000 ലെ കാക്കത്തോട് വി.സി.ബി നിർമ്മാണത്തിലും പുന്നക്കാട് കളിസ്ഥല നിർമ്മാണത്തിലും അപാകതകൾ കാക്കത്തോട് വി.സി.ബി. നിർമ്മാണത്തിൽ 91274 രൂപ നഷ്ടം കണക്കാക്കുന്നു. വിശദാംശങ്ങൾ<br>1. പണി സ്ഥലത്ത് ലഭ്യമായ കരിങ്കല്ലിന്റെ വിലയിൽ 30 ശതമാനം ടെണ്ടർ അധികം കുറച്ചില്ല നഷ്ടം 3670/- രൂപ.<br>2. പണി സ്ഥലത്ത് ലഭ്യമായ മണ്ണിന്റെ വില കുറച്ചില്ല - നഷ്ടം 9639 രൂപ. | 1. പരാമർശം ഒഴിവാക്കിയിട്ടുണ്ട്. (ബഹു. നിയമ സഭാസമിതിയുടെ 31-ാംനമ്പർ റിപ്പോർട്ടിലെ ഖണ്ഡിക 79 പ്രകാരം).<br>2. 9639 രൂപ പഞ്ചായത്ത് ഫണ്ടിൽ 06/09/2013ലെ 1130101462 നമ്പർ രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്.<br>3. നഷ്ടം വന്ന തുക 77965. രൂപ ഉത്തരവാദിയായ റിട്ട. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ.രാമൻ, ചക്കിങ്ങലതൊടി, എളങ്കൂർ പി.ഒ, മഞ്ചേരി, മലപ്പുറം എന്നവരുടെ ബാധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി ഡി.സി.ആർ.ജി യിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. (സർക്കാരിന്റെ നോട്ടീസ് നമ്പർ 742/spl cell/sc5/06 തിയതി 18.11.09). ടിയാൾ കാൻസർ പിടിപ്പെട്ട് 06.07.2018ന് മരണപ്പെടുന്നതുവരെ പെൻഷനോ, മറ്റാനുകൂല്യ |

| | | | | |
|---|---|---|---|---|
| 3 | 3.10.4 | മാറഞ്ചേരി | ഖണ്ഡിക – 36 (1997–1998)<br>പൊതുമരാമത്ത് പ്രവൃത്തി വൗച്ചറുകൾ അപൂർണ്ണം- തുക അംഗീകരിക്കുന്നില്ല. 1997–98 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികളായ എം.ജി. റോഡ് (തുക 4674) ഇമ്പിച്ചിബാവ റോഡ് റിപ്പയർ (തുക 4943) പാറത്തിൽമുക്ക് – ഇല്ലത്തേൽ പറമ്പ് റോഡ് റിപ്പയർ (തുക 4624), ആകെ 14241 രൂപ ചിലവഴിച്ചുവെങ്കിലും പ്രവൃത്തിയുടെ അളവ് വ്യക്തമാക്കുകയോ, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ വിവരമോ അളവ് പുസ്തകമോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചിലവുകൾ വ്യാജമാണെന്നും, ചിലവഴിച്ച തുകയായ 14241 രൂപ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. പി.പി. കൃഷ്ണനിൽ നിന്നും ഈടാക്കേണ്ടതാണ് എന്നതുമാണ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശ പ്രകാരം സർചാർജ് നോട്ടീസ് നൽകിയിരുന്ന സെക്രട്ടറി ശ്രീ. പി.പി.കൃഷ്ണൻ എന്നവർ 31/10/2001 ന് സർവ്വീസിൽ നിന്നും വിരമിക്കുകയും പഞ്ചായത്തു പിരിഞ്ഞ് സംസാരശേഷി നഷ്ടപ്പെട്ട് ദീർഘകാലം കിടപ്പിലാവുകയും 12/01/2015 ന് മരണപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവർത്തികളുടെ അളവ് പുസ്തകങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഓഡിറ്റ് പരാമർശ വർഷത്തിന് ശേഷം മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണത്തിനോടനുബന്ധിച്ച് 7 പ്രാവശ്യം ഷിഫ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു എന്ന വിവരം ബോധിപ്പിക്കുന്നു. |
| 4 | 3.10.4 | | ഖണ്ഡിക 39(1997–98)<br>1997–98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം മാറഞ്ചേരി ഗവ:ഹൈസ്കൂളിന് 50 ബെഞ്ചും 50 ഡെസ്കും പ്രോജക്റ്റ് കൂടാതെ ഭരണസമിതി തീരുമാനപ്രകാരം വിതരണം ചെയ്യുകയും ആയതിന് പത്രപരസ്യം ഉൾപ്പെടെയുള്ള ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതായും കാണുന്നില്ല. സാധനങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വയ്ക്കാതിരിക്കുകയും സാധനങ്ങൾ കൈപ്പറ്റിയതിന് രശീതി ലഭ്യമാവാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ശ്രീമതി. കെ.പി. ലീലാവതി ചിലവഴിച്ച 79000 രൂപ വഴിവിട്ട ചിലവായി കണക്കാക്കി സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 21/06/2006 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 23196/സ്പെ.സെൽ(എസ്.സി.ടി)2004 കത്ത് പ്രകാരം അന്നത്തെ സെക്രട്ടറി ശ്രീമതി. കെ.പി.ലീലാവതിയെ പരാമർശ ഖണ്ഡികയിൽ പറയുന്ന സർചാർജ് നടപടികളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 5 | 3.10.4 | ആലങ്കോട് | ഗ്രാമപഞ്ചായത്ത് ട്രാക്ടർ വാങ്ങിയത്, ഉപയോഗത്തിലെ ന്യൂനത | കർഷകർക്ക് ചുരുങ്ങിയ വാടകയ്ക്ക് ട്രാക്ടർ നൽകുക എന്ന ലക്ഷ്യത്തോടെ ട്രാക്ടർ വാങ്ങി കോലോത്തുപാടം കോൾപടവ് സമിതിക്ക് നൽകി അവർ വാടക ഇനത്തിൽ 32607 രൂപ പഞ്ചായത്തിൽ അടവാക്കിയിരുന്നു. ട്രാക്ടർ കോൾപടവ് സമിതി ദുരുപയോഗം ചെയ്തു എന്ന് അറിഞ്ഞപ്പോൾ ഗ്രാമപഞ്ചായത്ത് ആയത് തിരിച്ചു വാങ്ങി. കാലപ്പഴക്കം മൂലം റിപ്പയർ ചെയ്യാൻ വലിയ സംഖ്യ ആവശ്യമായതിനാൽ ലേലം ചെയ്യാൻ തീരുമാനിച്ചു. കോഴിക്കോട് മെക്കാനിക്കൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 125000 രൂപയുടെ വാല്യുവേഷൻ നൽകിയതിനാൽ 25/10/2018 നും 30/11/2018 നും ട്രാക്ടർ പരസ്യ ലേലം |

| | | | | |
|---|---|---|---|---|
| | | | 3. എസ്റ്റിമേറ്റിൽ ആവശ്യമായതിലും അധികം മെറ്റീരിയൽസ് വാങ്ങി - നഷ്ടം 77965 രൂപ. | ഞങ്ങളോ കൈപ്പറ്റിയിട്ടില്ലെന്ന് 07.11.2018 തീയതിയിലെ എ7-11135/17 നമ്പർ കത്ത് പ്രകാരം ബഹു. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ബോധിപ്പിക്കുന്നു. |
| | | | ഖണ്ഡിക 46<br>നേരിട്ട് നിർവഹിച്ച പുന്നക്കാട് കളിസ്ഥല നിർമ്മാണത്തിന് ആവശ്യമായതിലും അധികം പണിക്കാരും സാധനങ്ങളും ലഭ്യമാക്കിയതായി കാണുന്നു. മരാമത്ത് വേലകളിൽ അപാകതകൾ മെറ്റീരിയൽസ് വാങ്ങി നഷ്ടം 77965 രൂപ<br>ആവശ്യമായത് വാങ്ങിയത് അധികം<br>40 എം.എം മെറ്റൽ 16.57 എം2 20എം2 3.43എം2<br>40എം.എം മെറ്റൽ 15.7 എം3 20എം3 4.30എം3<br>മണൽ 16.22 എം3 20എം3 3.78എം3<br>കൽപണിക്കാർ 244 380 136<br>പുരുഷൻമാർ 280 886 606<br>കുട്ടികൾ 63 995 952<br>അധികം ലഭ്യമായ സാധനങ്ങളുടെ വിലയും പണിക്കാരുടെ കൂലിയും 124629 രൂപ കണക്കാക്കുന്നു. തുക പഞ്ചായത്തിന് നഷ്ടമാണ്. അതുമാത്രമല്ല 1.3.6 തോതിൽ 50. ശതമാനം വീതം 40 എം.എം, 20 എം.എം മെറ്റലിട്ട് കോൺക്രീറ്റ് (ഫോം വർക്ക് ഉൾപ്പെടെ ) ജോലിക്ക് അർഹമായ 1274/- എം നിരക്കിന് പകരം 1595/- എം നിരക്കിലാണ് മൂല്യം നിർണ്ണയം നടത്തിയത്. രണ്ട് പ്രവർത്തികളുടെയും നഷ്ടം ഈടാക്കേണ്ടതാണ്. | നഷ്ടം വന്ന തുക 77965 രൂപ ഉത്തരവാദിയായ റിട്ട. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീ രാമൻ . ചക്കിങ്ങത്തൊടി, എളങ്കൂർ പി.ഒ, മഞ്ചേരി, മലപ്പുറം എന്നവരുടെ ബാധ്യതാ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തി ഡി.സി.ആർ.ജിയിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. (സർചാർജ്ജ് നോട്ടീസ് നമ്പർ 742 /spl cell/sc5/06l തീയതി 18.11.08) . ടിയാൾ കാൻസർ പിടിപ്പെട്ട് 06.07.2018ന് മരണപ്പെടുന്നതുവരെ പെൻഷനോ, മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയിട്ടില്ലെന്ന് 07.11.2018 തീയതിയിലെ എ7-11135/17 നമ്പർ കത്ത് പ്രകാരം ബഹു. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി ബോധിപ്പിക്കുന്നു. |
| | 3.10.14 | മുതലമട | 1) വരവിനം - തുക 8679/- (ഖണ്ഡിക 7(4),8,13<br>1.04.2000 മുതൽ 30.09.2001 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | വരവിനത്തിൽ കുറവായി ഈടാക്കിയതായി കണ്ടെത്തിയ 7(4) ഖണ്ഡിക പ്രകാരമുള്ള 84/- രൂപ 7.06.2013 ലെ 11.30.21.00.850 രശീത് പ്രകാരവും 8,595/- രൂപ 11.40.210.4300 നമ്പർ രശീതി പ്രകാരവും തിരിച്ചടവാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | 2) രേഖകളില്ലാതെ അധികമായി പിൻവലിച്ച തുക - 104023/- (ഖണ്ഡിക 15 (1), (2), (3), (4), (5), (6), (7), (8)<br>(1.04.2000 മുതൽ 30.09.2001 വരെയുള്ള ചെലവിനങ്ങളിലുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | രേഖകളില്ലാതെ അധികമായി പിൻവലിച്ച തുക 104023/- രൂപ ഉൾപ്പെടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മുഴുവൻ തുകയും തിരികെ അടവാക്കുന്നതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ഇ.എം. തോമസിന് 30.06.2008, 22.09.2010 തീയതികളിൽ ഈ ഓഫീസിൽ നിന്നും എ1. 298/08 നമ്പറായി നോട്ടീസ് നൽകിയിരുന്നെങ്കിലും ഖണ്ഡിക 15(3) പ്രകാരമുള്ള 600/-രൂപയും (രസീത് നമ്പർ 110402104900/08.01.2015) 15(4) പ്രകാരമുള്ള 800 രൂപയും (രസീത് നമ്പർ 11402104901/08.01.2015) മാത്രമാണ് അടവാക്കിയിട്ടുള്ളത്. ശ്രീ.ഇ.എം.തോമസ് 08.02.2017 തീയതിയിൽ മരണപ്പെട്ടിട്ടുള്ള വിവരം ബഹു.സമിതിയെ ബോധിപ്പിച്ചുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | റോഡ് പണി 59027/- രൂപ (ഖണ്ഡിക. 20. 21, 22 (1.04.2000 മുതൽ 30.09.2001 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഓഡിറ്റ് ഖണ്ഡിക 20, 21 പ്രകാരം അടവാക്കേണ്ട തുകയായ 20457/- രൂപ അടവാക്കുന്നതിന് ഉത്തരവാദിയായ അസി.എഞ്ചിനീയർ ശ്രീ.എം.ആർ. വേലായുധന് 30/06/2008, 29/02/2010 തീയതികളിൽ നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കിയിട്ടില്ല. ശ്രീ.എം.ആർ. വേലായുധൻ 02/02/2013 ന് മരണപ്പെട്ടിട്ടുണ്ട്.. ഖണ്ഡിക 22 പ്രകാരം അടവാക്കേണ്ട 38570 രൂപയിൽ 5 പേരിൽ നിന്നായി 19285/- രൂപയും (3857*5) 5 മെമ്പർമാരിൽ നിന്നായി 19000/- രൂപയും (3800*5) ഉൾപ്പെടെ മൊത്തം 38285/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. അടവാക്കാൻ ബാക്കിയുള്ള 285/- രൂപ (57*5) ഈടാക്കുന്നതിന് 5 പേർക്ക് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | | പണം രേഖകളില്ലാതെ പിൻവലിച്ചത് 14509768/- രൂപ (ഖണ്ഡിക 14,31,37,38,42,48,52ബി, 54,20 ഖണ്ഡിക 47(1), 62(2),80 | ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന വൗച്ചറുകളും രേഖകളും ഓഡിറ്റ് നടന്ന കാലയളവിൽ തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. തുടർന്നുള്ള വർഷങ്ങളിലും തെരച്ചിലുകളും പരിശോധനകളും നടത്തിയെങ്കിലും ബന്ധപ്പെട്ട രേഖകൾ കണ്ടെത്തിയിട്ടില്ല. ഈ കാലയളവിൽ പല തവണ ഓഫീസ് ഷിഫ്റ്റിംഗ് നടത്തിയിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് 15/01/2014 തീയതിയിൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി യോഗം വിശദമായി ചർച്ച ചെയ്യുകയും അതിന്റെ 4(1) നമ്പർ തീരുമാന പ്രകാരം തടസ്സം ഒഴിവാക്കി തരുന്നതിന് ബന്ധപ്പെട്ടവരോട് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. |
| | | | മുൻകൂർ ക്രമീകരിക്കാത്തത് തുക 12800/- (ഖണ്ഡിക 28(1) (2). 40(1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഓഡിറ്റ് പരാമർശങ്ങൾക്ക് ഉത്തരവാദിയായ ശ്രീ.കെ മുരളീധരൻ മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 05.08.2014 ലെ ഡി4.23006/99 നമ്പർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.09.2014 ലെ ഇ1.6421/14 നമ്പർ ഉത്തരവ് പ്രകാരം 177120/- രൂപ ടിയാന്റെ സേവനവിരാമ തീയതിയായ 31.12.2014 നകം മുത്തേടം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കുന്നതിനും അല്ലാത്ത പക്ഷം ഡി.സി.ആർ.ജിയിൽ നിന്നും കുറവ് ചെയ്യുന്നതിനും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.കെ മുരളീധരൻ 31.12.2014ന് തൃശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3 ൽ നിന്നും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ഉത്തരവ് പ്രകാരമുള്ള തുക ഇതുവരെയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ടിയാന് ഡി.സി.ആർ.ജി ആനുകൂല്യം നൽകിയിട്ടില്ലായെന്ന് അറിയാൻ കഴിഞ്ഞ വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | അധികം തുക പിൻവലിച്ചത് 19665/- രൂപ (ഖണ്ഡിക 24,26,29.32,33,34,35,36,44 (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഓഡിറ്റ് പരാമർശങ്ങൾക്ക് ഉത്തരവാദിയായ ശ്രീ.കെ മുരളീധരൻ മുത്തേടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 05.08.2014 ലെ ഡി4.23006/99 നമ്പർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി |

| | | | | |
|---|---|---|---|---|
| | | | | സ്വീകരിക്കുകയും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.09.2014 ലെ ഇ1.6421/14 നമ്പർ ഉത്തരവ് പ്രകാരം 177120/- രൂപ ടിയാന്റെ സേവനവിരാമ തീയതിയായ 31.12.2014 നകം മുത്തോടം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കുന്നതിനും അല്ലാത്ത പക്ഷം ഡി.സി.ആർ.ജിയിൽ നിന്നും കുറവ് ചെയ്യുന്നതിനും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.കെ മുരളീധരൻ 31.12.2014ന് തൃശൂർ ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3 ൽ നിന്നും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ഉത്തരവ് പ്രകാരമുള്ള തുക ഇതുവരെയും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ടിയാന് ഡി.സി.ആർ.ജി ആനുകൂല്യം നൽകിയിട്ടില്ലായെന്ന് അറിയാൻ കഴിഞ്ഞ വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | കൃഷി പദ്ധതികൾ 27005/- രൂപ (ഖണ്ഡിക 45(1), 50, 51 (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഖണ്ഡിക 45(1) പ്രകാരമുള്ള തുകയായ 18376/- രൂപ പലിശ സഹിതവും ഖണ്ഡിക 50 പ്രകാരമുള്ള 4402/- രൂപയും ഖണ്ഡിക 51 പ്രകാരമുള്ള 4227/- രൂപയും പഞ്ചായത്തിൽ അടവാക്കണമെന്ന് അറിയിച്ചുകൊണ്ട് ഉത്തരവാദിയായ കൃഷി ഓഫീസർ ശ്രീ. ഉണ്ണിരാജന് രജിസ്ട്രേഡ് തപാലിൽ നോട്ടീസ് നൽകിയിട്ടുണ്ട്, എന്ന വിവരം ബോധിപ്പിക്കുന്നു. |
| | | | ഐ.സി.ഡി.എസ്സ് , സെക്രട്ടറി<br>19774/- രൂപ (ഖണ്ഡിക 58,69 (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഖണ്ഡിക 59 ൽ പരാമർശിച്ച നഷ്ടത്തിനുത്തരവാദിയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ശ്രീമതി.ക്ലാര. വി. ജെ യിൽ നിന്നും മറുപടി ആവശ്യപ്പെട്ടുകൊണ്ട് 30.06.2008 ന് എ1.298/2008 നമ്പറായി അയച്ച കത്തിന് ടിയാൾ നൽകിയ മറുപടിയിൽ ഭക്ഷ്യധാന്യം വിതരണത്തിനായി 9774/ രൂപയുടെ ചെക്ക് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് യഥാസമയം ഭക്ഷ്യധാന്യം വാങ്ങുന്നതിന് നൽകിയിട്ടുള്ളതായും ചെക്ക് കൃത്യമായി ഭക്ഷ്യധാന്യം വിതരണം ഉറപ്പാക്കിയിട്ടുമാണ് യഥാസമയം നൽകിയിട്ടുള്ളത് ടി ഭക്ഷ്യധാന്യം അംഗനവാടി സ്റ്റോക്കിൽ നിർവ്വഹണ എടുത്തിട്ടാണ് ടി തുക വിനിയോഗിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br><br>കൂടാതെ ഖണ്ഡിക 69 ലെ പരാമർശത്തിന് ഉത്തരവാദിയായ ശ്രീ. ഇ.എം. തോമസ് റിട്ട.സെക്രട്ടറിയ്ക്ക് അധികം നല്കിയ 10000/- രൂപ പഞ്ചായത്തിൽ തിരിച്ചടവാക്കണമെന്ന് ആവശ്യപ്പെട്ട് 30.06.2008, 22.09.2010 തീയതികളിൽ ഈ ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. എന്നാൽ തുക അടവാക്കിയിട്ടില്ല. ടിയാൾ 08/02/2017 ൽ മരണപ്പെട്ടിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| | | | കെട്ടിട നിർമ്മാണം 12000/- രൂപ (ഖണ്ഡിക 65(1). (2) 69 (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | കെട്ടിട നിർമ്മാണം 12,000/ രൂപ എന്ന പരാമർശത്തിലെ നഷ്ടത്തിന് ഉത്തരവാദിയായവർ ശ്രീ കെ. മുരളീധരൻ (2000/ രൂപ ഖണ്ഡിക 65(1). (2)). ശ്രീ ഇ.എം തോമസ് (10,000/ രൂപ ഓഡിറ്റ് ഖണ്ഡിക69) എന്നി |

| | | | | |
|---|---|---|---|---|
| | | | | സെക്രട്ടറിമാരാണ്.<br>പരാമർശങ്ങൾക്ക് ഉത്തരവാദിയായ ശ്രീ.കെ മുരളീധരൻ മുത്തോലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന കാലയളവിൽ നടത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 06.08.2014 ലെ ഡി4.23006/08 നമ്പർ ഉത്തരവ് പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.08.2014 ലെ ഇ1.6421/14 നമ്പർ ഉത്തരവ് പ്രകാരം 177120/- രൂപ ടിയാന്റെ സേവനവിരമ തീയതിയായ 31.12.2014 നകം മുത്തോലി ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കുന്നതിനും അല്ലാത്ത പക്ഷം ഡി.സി.ആർ.ജിയിൽ നിന്നും കുറവ് ചെയ്യുന്നതിനും നിർദ്ദേശിച്ച് ഉത്തരവായ വിവരം ബോധിപ്പിച്ചുകൊള്ളുന്നു. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടിയാന്റെ പേരിൽ ചുമത്തപ്പെട്ടിട്ടുള്ള തുക അടവാക്കണമെന്ന് ആവശ്യപ്പെട്ട് എ2-5044/14 നമ്പറായി 29.05.2015 ന് രജിസ്ട്രേഡ് തപാൽ മുഖാന്തിരം നോട്ടീസ് നൽകിയവിവരം അറിയിച്ചുകൊള്ളുന്നു. ഖണ്ഡിക 69 ൽ ഉൾപ്പെട്ട കെട്ടിട നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട് തടസ്സപ്പെടുത്തിയ 10000/- രൂപയുടെ ഉത്തരവാദി ശ്രീ ഇ.എം തോമസ് റിട്ട. സെക്രട്ടറിയാണ്. ടി തുക ക്രമ നമ്പർ 8 ൽ ഐ.സി.ഡി.എസ്സ് എന്ന ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. (ഖണ്ഡിക 69 ൽ തടസ്സപ്പെടുത്തിയ 10000/-രൂപ ക്രമനമ്പർ 8 ലും 9 ലും ആവർത്തിച്ചിട്ടുള്ള വിവരം ശ്രദ്ധിച്ചാലും) |
| | | | റോഡ് നിർമ്മാണം 174016/- രൂപ (ഖണ്ഡിക 66, 67, 71, 72(1) (2), 73, 77 (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഖണ്ഡിക 66 ലെ പരാമർശത്തിന് ഉത്തരവാദിയായ അസി. എഞ്ചിനീയർ ശ്രീ. എം.ആർ വേലായുധന് 3150/- രൂപ തിരിച്ചടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും തുക അടവാക്കുകയുണ്ടായില്ല. ടിയാൻ 12.02.2013 ന് മരണപ്പെട്ടിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. (ടിയാന്റെ മരണത്തെ തുടർ നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷിച്ചുകൊണ്ട് ടിയാന്റെ ഭാര്യ [illegible] ഡയറക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്<br>റോഡ് നിർമ്മാണം എന്ന പരാമർശത്തിലുൾപ്പെട്ട 67,71,72(1), 73 പ്രകാരമുള്ള 4 റോഡ് പ്രവൃത്തികൾ 2003-04 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ 3.10.6.2 ലെ മൂല്യ നിർണ്ണയത്തിലും അധികരിച്ച് തുക നൽകിയ 6 മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. ആയതിന്റെ അധികം നൽകിയ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതും 18900/- രൂപ റിക്കവറിയിനത്തിൽ ലഭിച്ചിട്ടുള്ളതുമാണ്. ഖണ്ഡിക 70, 72(2), 77 പ്രകാരമുള്ള മരാമത്ത് പ്രവർത്തികളിൽ അധികരിച്ച് നൽകിയ തുകയും അടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും അടവാക്കിയിട്ടില്ല. എന്നാൽ റവന്യൂ റിക്കവറിക്കെതിരെ ശ്രീ. ഇ.എം. തോമസ് (റിട്ട.സെക്രട്ടറി) ഡബ്ല്യു.പി(സി) 5961/2014 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | ബഹു.ഹൈക്കോടതി തുടർനടപടി സ്റ്റേ ചെയ്യുകയും ചെയ്തിരുന്നു. ആയതിനെതിരെ പഞ്ചായത്ത് എതിർ സത്യവാങ്മൂലം 29.11.2014 ന് ഫയൽ ചെയ്തിട്ടുള്ളതും കേസ് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണെന്നതുമുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | ജലസേചനം 43063/-രൂപ (ഖണ്ഡിക 66, 78(1) (1.4.97 മുതൽ 31.03.2000 വരെയും 1.10.2001 മുതൽ 31.03.2002 വരെയുള്ള സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്) | ഖണ്ഡിക 66 ലെ ചെക്ക്ഡാം ബ്രാഞ്ച് കനാൽ നിർമ്മാണം സംബന്ധിച്ച പരാമർശം ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള 2003-04 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.10.6.2 ലെ മൂല്യ നിർണ്ണയത്തിലും അധികരിച്ച് 6 മരാമത്ത് പ്രവൃത്തികൾക്ക് തുക നൽകി എന്ന ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുള്ളതും റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഖണ്ഡിക 78(1) പ്രകാരം അധികം നൽകിയ തുകയ്ക്ക് ഉത്തരവാദിയായ റിട്ട. സെക്രട്ടറി ഇ.എം.തോമസിന് തുക അടവാക്കുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും തുക അടവാക്കിയിട്ടില്ലായെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. ശ്രീ.ഇ.എം.തോമസ് 06/02/2017 ൽ മരണപ്പെട്ടിട്ടുള്ളതാണ്. |
| | 3.10.14 | വഴിക്കടവ് | ഖണ്ഡിക 42 - മണി ഓർഡർ തിരിച്ചു വന്നത് വരവു വയ്ക്കാത്തത് 4560/ രൂപ | തിരിച്ചു വന്ന മണി ഓർഡർ പഞ്ചായത്ത് അക്കൗണ്ടിൽ വരവു വെക്കുകയും ആയത് 2001 ജനുവരി, മാർച്ച് മാസങ്ങളിൽ നിലമ്പൂർ സബ് ട്രഷറിയിൽ താഴെ പറയുന്ന ചലാനുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്.<br>സബ് ട്രഷറി — തുക — ചലാൻ നമ്പർ — തീയതി<br>നിലമ്പൂർ — 2200/- — 423 — 12.01.2001<br>നിലമ്പൂർ — 2360/- — 1730 — 27.03.2001<br>ഈ വിവരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം മലപ്പുറം അവർകൾ പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതാണ്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ബഹു. നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 55 - ആലപ്പൊയിൽ മിനി വാട്ടർ സപ്ലൈ സ്കീം കുടിവെള്ള പദ്ധതികൾക്ക് അധികമായി 6601/- രൂപ നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 06.11.2008 ലെ എൽ.എഫ്.എ.5/1624/06 നമ്പർ കത്ത് പ്രകാരം തസ്തും ഒഴിവാക്കിയിട്ടുള്ളതാണെന്നു 23.10.2010 ലെ എൽ എഫ് എ6/1279/02 നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടുണ്ട് ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു.നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 56 - പാതിരിപ്പാറ മിനി വാട്ടർ സപ്ലൈ സ്കീം കുടിവെള്ള പദ്ധതികൾ - പൈപ്പിന്റെ വിലയായി അധികം നൽകിയ 903/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. | 10.06.2015 ലെ 115(6101037 നമ്പർ രശീതി പ്രകാരം 903/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു. നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ഖണ്ഡിക 57 – വേങ്ങാപ്പാടം മിനി വാട്ടർ സ്കീം എസ്റ്റിമേറ്റിൽ പരാമർശിക്കാത്ത സാധനസാമഗ്രികൾ വാങ്ങിയത് ബന്ധപ്പെട്ട എഞ്ചിനീയർ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. ചെലവ് തുക 29870/- രൂപ നിരാകരിക്കുന്നു. | വേങ്ങാപ്പാടം മിനി വാട്ടർ സ്കീം 1998-99 വർഷത്തിൽ നടപ്പാക്കിയതാണ്. സാങ്കേതികാനുമതി ലഭിച്ച വിശദമായ എസ്റ്റിമേറ്റിന്റെ അപ്പന്റിക്സ് സി പ്രകാരമുള്ള സാധന സാമഗ്രികൾ റെയ്ഡ്കോയിൽ നിന്നും നേരിട്ടു വാങ്ങി റെയ്ഡ്കോ നേരിട്ടു പ്രവൃത്തി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട ഗുണഭോക്തൃ സമിതിയും ചുമതലപ്പെടുത്തുകയും ആയതു പ്രകാരം ടി പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. സൈറ്റ് പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ പറഞ്ഞ സാധനസാമഗ്രികളെക്കാൾ ഉചിതം റെയ്ഡ്കോയുടെ സാധനസാമഗ്രികളാണ് എന്നു ഭരണസമിതിക്കു ബോധ്യപ്പെട്ടതിനാലാണ് ടി സാധനങ്ങൾ വാങ്ങി ഉപയോഗിച്ചത്.<br>റെയ്ഡ്കോ നേരിട്ടു നടത്തിയതിനാലാണ് എം ബുക്കിൽ ചേർക്കാതിരുന്നത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. ടി പ്രവൃത്തി കൃത്യ സമയത്തു തന്നെ പൂർത്തീകരിച്ചു വളരെ നല്ല രീതിയിൽ തന്നെ ഇപ്പോഴും പ്രവർത്തിച്ചു വരുന്നുവെന്നും വാർഡ് തല സമിതി പരിശോധനയിൽ അറിയുവാൻ കഴിഞ്ഞു. ജനകീയ കൂട്ടായ്മയിൽ ഇന്നും പ്രവർത്തിച്ചു വരുന്ന ഈ കുടിവെള്ള പദ്ധതി ഇരുന്നൂറിലധികം കുടുംബങ്ങൾക്ക് ഉപകാരപ്രദമായതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും ആയതിനാൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കിതരുന്നതിനു പഞ്ചായത്ത് ഭരണസമിതി 08.02.2019 ലെ 7-ാം നമ്പർ പ്രകാരം തീരുമാനിച്ചു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു. നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 59 - ശങ്കുണ്ണിപ്പൊട്ടി നടപ്പാലം നിർമ്മാണം ഗുണഭോക്തൃ സമിതിയിൽ നിന്ന് സന്നദ്ധസേവനം ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കേണ്ട തുക 1,00,504/- രൂപ ഈടാക്കിയില്ല. അധികം നൽകിയ തുക സമിതിയിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്. | 04.03.1999 ലെ 12066/22,23,24 എന്നീ രശീതികളും 12.07.1999 ലെ 5-ാം നമ്പർ പഞ്ചായത്ത് തീരുമാനവും സെക്രട്ടറിയുടെ മറുപടിയും പ്രകാരം കെ.എസ്.എ.ഡി പ്രാദേശികമായി പരിശോധിച്ച് തടസ്സം ഒഴിവാക്കിയിട്ടുണ്ട് എന്ന് 23.06.2005 തീയതിയിലെ എൽ.എഫ്/എ6/1279/02 നമ്പർ പുനരഭിപ്രായക്കുറിപ്പ് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | | പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 60 - പുളിക്കലെങ്ങാടി വട്ടപ്പാടം റോഡ് പ്രവൃത്തിയിൽ മണ്ണിന്റെ അളവിൽ 10 ശതമാനം കുറവു ചെയ്ത് തുക നൽകുന്നതിനു പകരം മുഴുവൻ തുകയും നൽകി അധികം നൽകിയ തുക 7351 രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. | 19/12/2006 തീയതിയിലെ എൽഎഫ്/15370/സ്പെ .സെൽ/എസ്.സി6/05 നമ്പർ കത്ത് പ്രകാരം ഉത്തരവാദിയായ സെക്രട്ടറി ശ്രീ. എ.റ്റി ദേവസ്യ എന്നിവരെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി മലപ്പുറം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 61 (1) - മാമാങ്കര സമിതി റോഡ് ഗുണഭോക്തൃ സമിതിക്ക് കൂലിയിനത്തിൽ അധികമായി നൽകിയ തുക 3,938/- രൂപ | 09.11.2007 ലെ എൽ.എഫ്.എ 5/844/07 നമ്പർ കത്ത് പ്രകാരം ടെസ്റ്റം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2019 ലെ എൽഎഫ്എം 5/1279/02 നമ്പർ പ്രദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 61 (2) - മാമാങ്കരസമിതി റോഡ് പ്രവൃത്തിയിൽ മണ്ണിന്റെ അളവിൽ 10 ശതമാനം കുറവു ചെയ്ത് തുക നൽകുന്നതിനു പകരം മുഴുവൻ തുകയും നൽകി അധികം നൽകിയ തുക 1642/ രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. | രശീതി നമ്പർ 110220100499 തീ 10.05.2019 പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 62 - ആനപ്പാറ സ്കൂൾകുന്ന് റോഡ് പ്രവൃത്തിയിൽ മണ്ണിന്റെ അളവിൽ 10 ശതമാനം കുറവു ചെയ്ത് തുക നൽകുന്നതിനു പകരം മുഴുവൻ തുകയും നൽകി അധികം നൽകിയ തുക 3814/- രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. | 09/11/2007 തീയതിയിലെ എൽ.എഫ്/എം5/844/2007എംപിഎം/ഡിസി എന്ന കത്ത് പ്രകാരം പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ മലപ്പുറം ശ്രീ. കാശിനാഥൻ എന്നവരുടെ പേരിൽ സർചാർജ്ജ് നടപടികൾ തുടരാവുന്നതാണ് എന്ന് രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും സർചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം കെഎസ്എഡിയിൽ നിന്നും ലഭിച്ചിട്ടില്ല. മാത്രവുമല്ല 15 വർഷങ്ങൾക്കു മുമ്പ് നടന്ന പ്രവൃത്തിയുമാണ്. അറിവില്ലായ്മ മൂലമാണ് 10 ശതമാനം കുറവു ചെയ്യാതിരുന്നത് ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം |

| | | | | |
|---|---|---|---|---|
| | | | | സവിനയം ബോധിപ്പിക്കുന്നു. പരാമർശം തടസ്സം ഒഴിവാക്കി നൽകുവാൻ അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 63 – കതിർപ്പൂക്കിക്കുന്ന് റൗണ്ട് റോഡ് പ്രവൃത്തിയിൽ മണ്ണിന്റെ അളവിൽ 10 ശതമാനം കുറവു ചെയ്ത് തുക നൽകുന്നതിനു പകരം മുഴുവൻ തുകയും നൽകി അധികം നൽകിയ തുക 1583/- രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. | 09/11/2007 തീയതിയിലെ എൽഎഫ്/എഫ്6/844/2007/എംപിഎം/ഡിഡി എന്ന കത്ത് പ്രകാരം പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ചെല്ലമ്മ ശ്രീകാശിനാഥൻ എന്നിവരുടെ പേരിൽ സർക്കാർ നടപടികൾ തുടരാവുന്നതാണ് എന്ന് രേഖപ്പെടുത്തി കാണുന്നുവെങ്കിലും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം കെഎസ്എഫ്ഡിയിൽ നിന്നും ലഭിച്ചിട്ടില്ല. മാത്രവുമല്ല 15 വർഷങ്ങൾക്കുമുമ്പ് നടന്ന പ്രവൃത്തിയുമാണ്. അറിവില്ലായ്മ മൂലമാണ് 10% കുറവ് ചെയ്യാതിരുന്നത്. തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു. പരാമർശ തടസ്സങ്ങൾ ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിക്കുന്നു. |
| | | | ഖണ്ഡിക 64 – മുണ്ടപ്പൊട്ടി മുരിങ്ങാമുണ്ട റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1,789/- രൂപ | ജനകീയാസൂത്രണം 2000-01<br>09.11.2007 ലെ എൽ.എഫ് എ 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എ5/1279/02 നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 65 – പുന്നക്കൽ ഫോറസ്റ്റ് നടപ്പാത റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1,384/- രൂപ | ജനകീയാസൂത്രണം 2000-01<br>09.11.2007 ലെ എൽ എഫ് എ 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എ5/1279/02 നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. |
| | | | ഖണ്ഡിക 66 – സ്കൂൾകുന്ന് - മള്ളപ്പാറ റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1,924/- രൂപ | ജനകീയാസൂത്രണം 2000-01<br>09.11.2007 ലെ എൽഎഫ്എ 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എ5/1278/02/ നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം |

| | | | | |
|---|---|---|---|---|
| | | | | ഒഴിവാക്കുന്നതിനു .. ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |
| | | | ഖണ്ഡിക 67 - പുന്നക്കൽ ബിർള റോഡ് നടപ്പാത ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1,221/- രൂപ | ജനകീയാസൂത്രണം 2000-01<br>പഞ്ചായത്ത് ഭരണസമിതിയുടെ 30.12.2004 തീയതിയിലെ തീരുമാനം പരിഗണിച്ച് 23.05.2006 തീയതിയിലെ എൽഎഫ്/എഫ്6/1279/02 2001-02 ഓഡിറ്റ് റിപ്പോർട്ട്-ഫർദർ റിപ്പോർട്ടിൽ തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 68 - പുന്നക്കൽ റോഡ് ടാറിംഗ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 11,341/- രൂപ | ജനകീയാസൂത്രണം 1999-2000<br>17.12.2014 തീയതിയിലെ LFM /19/3303/2014 നമ്പർ കത്തിൽ സർക്കാരിന്റെ സർട്ടിഫിക്കറ്റ് (No.LF/15370/Spl.Cell5/05 dtd 19.03.2006) പുറപ്പെടുവിച്ചുവെന്ന് കാണിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിൽ ഇതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ടിയാളെ നേരിൽ ബന്ധപ്പെട്ടതിൽ ടിയാൾ അത്തരത്തിലൊരു സർക്കാരിന്റെ സർട്ടിഫിക്കറ്റ് നാളിതുവരെ കൈപ്പറ്റിയിട്ടില്ല എന്ന വിവരമാണ് അറിയിച്ചത്. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു. എങ്കിലും ടിയാൾക്ക് പരാമർശത്തിലുള്ള 11341/- രൂപ അടിയന്തിരമായി അടവാക്കേണ്ടതാണെന്നും കാണിച്ച് 10.06.2019 തീയതിയിൽ കത്തു നൽകിയിട്ടുണ്ട്. |
| | | | ഖണ്ഡിക 69 - മാമ്പാക്കര നാറുകുംപൊട്ടി റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 5566/- രൂപ | ജനകീയാസൂത്രണം 2000-01<br>09.11.2007 ലെ എൽഎഫ് എ) 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എ6/1279/02/ നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പു ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 70 (1) - പുളിമ്പില്ല് കുട്ടിക്കുന്ന് പുവത്തിപ്പൊയിൽ റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1,392/- രൂപ | ജനകീയാസൂത്രണം 2000-01<br>രസീതി നമ്പർ 119220100500 തീയതി 10.06.2019 പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 70 (2) - പുളിമ്പില്ല് കുട്ടിക്കുന്ന് പുവത്തിപ്പൊയിൽ റോഡ് വേതന ഇനത്തിൽ അധികമായി നൽകിയ തുക 3,069/- രൂപ | ജനകീയാസൂത്രണം 2000-01<br>09.11.2007 ലെ എൽ എഫ് എ 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എ6/1279/02/ നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | | അറിയിപ്പ് ലഭിച്ചിട്ടുണ്ട് ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 71 (1) – താഴെ മാമാങ്കര നായർക്കൻകുഴി റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 2625/- രൂപ | ജനകീയാസൂത്രണം 2000–01<br>രശീതി നമ്പർ 119220100501 തീയതി 10.05.2019 പ്രകാരം തുക അടവാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 71 (2) – താഴെ മാമാങ്കര നായർക്കൻകുഴി റോഡ് വേതനത്തിൽ അധികമായി നൽകിയ തുക 2,434/- രൂപ | ജനകീയാസൂത്രണം 2000–01<br>06.11.2007 ലെ എൽ എഫ് എം 5/844/07 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുള്ളതാണെന്ന് 23.10.2010 ലെ എൽഎഫ്എൽ6/1279/02/ നമ്പർ പ്രാദേശിക പരിശോധന കുറിപ്പ് പ്രകാരം ലോക്കൽ ഫണ്ടിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |
| | | | ഖണ്ഡിക 72 (1) – വള്ളിക്കാട് വരക്കുളം റോഡ് ഗുണഭോക്തൃ സമിതിക്ക് അധികമായി നൽകിയ തുക 1085/- രൂപ | ജനകീയാസൂത്രണം 2000–01<br>06.11.2007 ലെ എൽ എഫ് എം 5/844/07/എംപിഎം/ഡിഡി എന്ന കത്ത് പ്രകാരം പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ മലപ്പുറം ശ്രീ. കാശിനാഥൻ എന്നവരുടെ പേരിൽ സർചാർജ്ജ് നടപടികൾ തുടരാവുന്നതാണ് എന്ന് രേഖപ്പെടുത്തി കാണുന്നുവെങ്കിലും സർചാർജ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം കെഎസ്എഡിയിൽ നിന്നും ലഭിച്ചിട്ടില്ല. മാത്രവുമല്ല 16 വർഷങ്ങൾക്കുമുമ്പ് നടന്ന പ്രവൃത്തിയുമാണ്. അറിവില്ലായ്മ മൂലമാണ്. 10% കുറവ് ചെയ്യാതിരുന്നത്. തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം സവിനയം ബോധിപ്പിക്കുന്നു. പരാമർശ തടസ്സങ്ങൾ ഒഴിവാക്കി നല്കുവാൻ അഭ്യർത്ഥിക്കുന്നു. |
| | | | ഖണ്ഡിക 72 (2) – വള്ളിക്കാട് വരക്കുളം റോഡ് വേതനത്തിൽ അധികമായി നൽകിയ തുക 4859/- രൂപ | ജനകീയാസൂത്രണം 2000–01<br>06/11/2007 തീയതിയിലെ എൽഎഫ്/എം5/844/2007എംപിഎം/ഡിഡി എന്ന കത്തിൽ ശ്രീ എ കെ ഭാസ്കരൻ നൽകിയ മറുപടി പരിഗണിച്ച് 4859/- രൂപയുടെ ബാധ്യതയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നു മലപ്പുറം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു ബഹു നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു |

| | | | |
|---|---|---|---|
| 3.10.14 (1) | വെളിയംകോട് | വീട് നിർമ്മാണം - അർഹതയില്ലാത്തവർക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല (21000/രൂപ)<br>ഗ്രാമപഞ്ചായത്ത് അംഗീകരിച്ച പ്രൊജക്ട് പ്രകാരം (തീയതി 1/8.12.97) പഞ്ചായത്തിന്റെ ദരിദ്രരായ 10 പേർക്ക് വീട് നിർമ്മാണത്തിനായി 31,000/- രൂപ മൂന്ന് ഗഡുക്കളായി നൽകുവാൻ തീരുമാനിച്ചു. ഇതിനായി പഞ്ചായത്ത് തീരുമാനം 3/16.1.98 പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റും പ്രസിദ്ധീകരിച്ചു.<br>എന്നാൽ മുഞ്ഞേരി വേലായുധൻ എന്നയാൾ പ്രസ്തുത ലിസ്റ്റിൽപെടാത്തയാളാണ്. ഇത് സർക്കാർ ഉത്തരവ് ജിഒ(പി)220/97/തസ്വഭവ 2.10.97ന് വിരുദ്ധമാണ്. 554972/1.6.98 പ്രകാരം കൈപ്പറ്റിയതിനു ശേഷം മൂന്നാം ഗഡു വാങ്ങുകയും ചെയ്തിട്ടില്ല. അർഹതയില്ലാത്തയാൾക്ക് തുക നൽകുക വഴി സെക്രട്ടറി പണം ദുരുപയോഗം ചെയ്തതായി കാണുന്നു.ആയതിനാൽ മേൽകാണിച്ച വ്യക്തിക്ക് നൽകിയ തുക 21,000/- രൂപ പലിശ സഹിതം ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീമതി പി. വള്ളിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 17.11.2004ലെ എൽഎഫ്എ9/804/02 നമ്പർ കത്ത് പ്രകാരം ഈ തുക ടി കാലയളവിൽ സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. രാമൻ എന്നവരിൽ നിന്നും വസൂലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.) | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടയാൾക്കു തന്നെയാണ് തുക നൽകിയത് എന്നതു സംബന്ധിച്ച ടി കാലയളവിൽ സെക്രട്ടറിയുടെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. രാമൻ എന്നവരുടെ മറുപടി, ആയതു തെളിയിക്കുന്നതിനുള്ള വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം. ഇതു സംബന്ധിച്ച വെളിയങ്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.12.2004ലെ 11(1) നമ്പർ തീരുമാനം എന്നിവ 06.01.2005ലെ എ1-744/04 നമ്പർ കത്ത് പ്രകാരം ആഡിറ്റ് അധികാരികൾക്ക് സമർപ്പിച്ചിരുന്നു. |
| 3.10.14 (1) | | തണ്ണിത്തുറ-ബദർ പള്ളി റോഡ് - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നഷ്ടം - 12,452/- രൂപ<br>തണ്ണിത്തുറ ബദർപള്ളി റോഡ് പ്രവൃത്തിയ്ക്കായി കൺവീനർ ശ്രീ. എ.കെ. ചന്ദ്രൻ 26.05.1998ൽ 554968 ചെക്ക് പ്രകാരം 50,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയതായി രേഖകളിൽ കാണുന്നു. എന്നാൽ ടിയാൻ കൺവീനർ പ്രവൃത്തി തുടങ്ങുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 28.03.98ൽ 2/97 എന്ന എഗ്രിമെന്റ് പ്രകാരം ഏറ്റെടുത്ത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 2,18,582 രൂപയാണ്. 26.05.98ലെ മൊബിലൈസേഷൻ അഡ്വാൻസ് തിരികെ വാങ്ങുവാൻ 19.01.99ലെ 1(4) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 14539/15-00 നമ്പർ | തണ്ണിത്തുറ-ബദർ പള്ളി റോഡ് 300 മീറ്റർ പുനരുദ്ധാരണത്തിനായാണ് ശ്രീ.എ.കെ. ചന്ദ്രൻ കൺവീനറായി പ്രവർത്തി ഏറ്റെടുത്തിരുന്നത്. ടിയാന് 50,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ടിയാന് 50,000/- രൂപ നൽകുകയും തുടർന്ന് കുറെ വൈകി പ്രവർത്തിക്കായി മെറ്റീരിയൽ ഇറക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേതന്നെ ടി 300 മീറ്റർ ഉൾപ്പെടെ ആകെ 1.5 കിലോമീറ്റർ ദൂരത്തിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. ടി കൺവീനറോട് പ്രവൃത്തി നടത്തേണ്ടതില്ല എന്നും കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. മെറ്റീരിയൽ ഇറക്കിയ ഇനത്തിൽ കൺവീനർക്കുണ്ടായ നഷ്ടം ഒഴിവാക്കുന്നതിനു വേണ്ടിയാണ് പലിശ വാങ്ങാതിരുന്നത് എന്നും ഇതുമൂലം പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല എന്നും പഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഇതിന്റെ കാലപ്പഴക്കം പരിഗണിച്ചും ടി പരാമർശം |

| | | | | |
|---|---|---|---|---|
| | | | ടെൻഡർ പ്രകാരം കൺവീനറിൽ നിന്നും 50,000/- ഈടാക്കിയതായി കാണുന്നു. പ്രവൃത്തി ചെയ്യുവാനെന്ന വ്യാജേന 50,000 രൂപ വാങ്ങി ഒരു വർഷവും 140 ദിവസവും കൈവശം വച്ചതിനുശേഷം പണം മാത്രം തിരികെ നൽകിയ നടപടി ശരിയല്ല. നിയമാനുസൃതം ലഭിക്കേണ്ട 18% പലിശയായ 12,452/- രൂപ കൂടി കൺവീനറിൽ നിന്നും വാങ്ങി പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. | ഒഴിവാക്കുന്നതിന് അധികാരികളോട് അഭ്യർത്ഥിച്ചു കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തു. |
| | 3.16.14 (i) | [illegible] | മാസ്റ്റർപടി-പാടത്തക്കൊയൽ റോഡ് പുനരുദ്ധാരണം - അധികതുക (23862/-രൂപ) നൽകിയതി അംഗീകരിക്കുന്നില്ല<br>വൗച്ചർ നമ്പർ 71/29.02.2000 തുക 85000/- കൺവീനർ. കെ. ബാലകൃഷ്ണൻ എം.ബുക്ക് -8/98-99 204000/- രൂപയുടെ എസ്റ്റിമേറ്റിൽ 1998-99ലെ ആസൂത്രണത്തിൽപെടുത്തി പ്രവർത്തിയിൽ ഇനം ഒന്നായും രണ്ടായും നടത്തിയ മണ്ണിട്ടു നികത്തൽ പ്രവർത്തിക്ക് അധിക നിരക്കിൽ തുക നൽകിയതിനാൽ താഴെ പറയും പ്രകാരം കൺവീനർക്ക് അധികം നൽകിയ തുക ആഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>ഇനം 1ൽ നികത്തിയ മണ്ണിന്റെ അളവ്-80എം3<br>ഇനം 2ൽ നികത്തിയ മണ്ണിന്റെ അളവ്-207.12<br>ഇനം 2ന് നൽകിയ തുക = 207.12*1113/10+25% = 23052.48 + 5763 = 28815/-രൂപ<br>അനുവദനീയമായ നിരക്ക് - 1.7.96ലെ പൊതുമരാമത്ത് നിരക്കിലെ തുകയുടെ 25% = 207.12*408/10+25% = 8450.48 + 2112.70 = 10563<br>അധികം = 18252.00 രൂപ<br>ഇനം 1ന് നൽകിയ തുക = 80*969/10+25% = 7752 + 1938 = 9690<br>അനുവദനീയമായ നിരക്ക് = 80*969/10+25% = 3264 + 816 = 4080/-രൂപ<br>അധികം = 5610/- രൂപ<br>ആകെ അധികം = 18252 + 5610 = 23862/- രൂപ<br>മേൽ പ്രവർത്തിയ കൺവീനർ വിശദമായി കണക്കുകൾ തീയതി പ്രകാരം എഴുതിയ ബുക്ക്, ആയവ പാസാക്കിയ കമ്മിറ്റി തീരുമാനം. ജോയിന്റ് അക്കൗണ്ട് പാസ്ബുക്ക്, മോണിറ്ററിങ് കമ്മിറ്റിയുടെ റിപ്പോർട്ട്. എം. ബുക്ക് എന്നിവ ഹാജരാക്കി കാണുന്നില്ല. മേൽപറഞ്ഞ രേഖകൾ ഹാജരാക്കാതെ അവസാന ബിൽ തുക പാസാക്കിയ | ഒറിജിനൽ പെറ്റീഷൻ (എൽ.എഫ്) നമ്പർ 28/2009 മേൽ ഹൈറു. മഞ്ചേരി ജില്ലാ കോടതിയുടെ 2017 ആഗസ്റ്റ് 1 ലെ ഉത്തരവ് പ്രകാരം സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ശ്രീ. കെ. സോമസുന്ദരൻ എന്ന മുൻ സെക്രട്ടറിയെ ഒഴിവാക്കിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല. അധികം നൽകിയ തുക 23862/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബാക്കി തുക 41138/- രൂപ മേൽ കാരണങ്ങളാൽ തടസ്സം ചെയ്യുന്നതുമാകുന്നു. | |
| | 3.18.14 | കുറുവ | പ്രോജക്ട് നമ്പർ 13/99-2000 എന്ന് രേഖപ്പെടുത്തി 28/03/2000 ലെ 986107-ാം നമ്പർ ചെക്ക് പ്രകാരം സോപ്പ് നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് പഴയെളൂർ ജ്ഞാനോദയം മഹിളാ സമാജത്തിന് 1,00,000/- രൂപ നൽകിയിട്ടുണ്ട്. സ്വീകരിച്ചത് എന്ന് പേരെഴുതി ഒപ്പിട്ട ഒരു കൈപ്പറ്റുരസീതും വൗച്ചറിനോടൊപ്പമുണ്ട്. ഇതിന്റെ അംഗീകരിച്ച പ്രോജക്ട് മറ്റു വിവരങ്ങൾ എന്നിവയൊന്നും പരിശോധനക്ക് ഹാജരാക്കിയില്ല.<br>20/02/2003 ലെ ഓഡിറ്റ് നിരാസിക്കൽ സെക്രട്ടറി രേഖാമൂലം നൽകിയ മറുപടിയിൽ ടി പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നു കാണിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കോട്ടക്കൽ സഹകരണ അർബൻ ബാങ്കിന്റെ പടപ്പറമ്പ് ശാഖയിലെ 766-ാം നമ്പർ എസ്.ബി അക്കൗണ്ട് പാസ്സ്ബുക്ക് ഹാജരാക്കിയിരുന്നു. 03.03.2000 ൽ 100/- രൂപ നിക്ഷേപിച്ചു തുടങ്ങിയ അക്കൗണ്ടിലേക്ക് 29/03/2000 ൽ പദ്ധതി തുകയിൽ നിന്നും നൽകിയ 1,00,000/- രൂപ വരവ് വച്ചിട്ടുണ്ട്. 06/09/2000 ൽ പലിശയായി 1,901/- രൂപ മാത്രമേ അതിനുശേഷം ഈ അക്കൗണ്ടിൽ വരവുള്ളൂ. 10.01.2002 ൽ ഈ അക്കൗണ്ടിൽ 1,138/- രൂപ മാത്രമാണവശേഷിക്കുന്നത്. തുടർന്ന് ഇടപാടുകൾ നടത്തിയിട്ടില്ല. 23/11/1998 ലെ 49908/പി3/98/എൽഎസ്ജി നമ്പർ സർക്കാർ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധന ഗ്രാന്റ് മാനേജീരിയൽ സബ്സിഡി ഓഹരി മൂലധന വിഹിതം എന്നീയിനങ്ങളിൽ പദ്ധതി തുകയിൽ നിന്നും ധനസഹായം അനുവദിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത് ഓഡിറ്റിൽ അംഗീകരിക്കില്ല. 1,00,000/- രൂപ ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ് | ടി യൂണിറ്റിന്റെ അപേക്ഷ പ്രകാരം യൂണിറ്റിന്റെ ഉപകരണങ്ങൾ ഏറ്റെടുത്ത് ലേലം ചെയ്ത് ടി തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിന് 25/07/2006 ന് കൂടിയ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു. പക്ഷേ നാളിതുവരെ ആയത് നടപ്പിലായിട്ടില്ല. ടി പണം ചെലവഴിച്ചതിന് ഉത്തരവാദിയായ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാമൻകുട്ടി എന്നവർ മരണപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ തന്നെ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി തുക ചെലവഴിച്ചതിന് ഉത്തരവാദിയായ ടിയാനെതിരെ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാകുന്നു. ഇപ്പോൾ സാധന സാമഗ്രികൾ തുരുമ്പെടുത്ത് പോയിരിക്കുന്നു എങ്കിലും Valuation ലഭ്യമാക്കി തുക തുരുമ്പെടുത്ത് പോയിരിക്കുന്നു... പഞ്ചായത്തിൽ അടവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | 3.10.14 | ഖണ്ഡിക 6 | (എ) മങ്കട ഗ്രാമ പഞ്ചായത്തിൽ 1997/98 വർഷത്തിൽ 350000/- രൂപ പദ്ധതി വിഹിതം വകയിരുത്തി 35 എസ്.സി കുടുംബങ്ങൾക്ക് 4 സെന്റ് വീതം സ്ഥലം വാങ്ങുന്നതിന് നടപ്പിലാക്കിയ പ്രൊജക്ടിൽ സ്വന്തമായി സ്ഥലം ഇല്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അഭാവം കാരണവും ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല എന്നതിനാലും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് കൃത്യ സമയത്തല്ല എന്ന കാരണത്താലും പാര 63 പ്രകാരം ചെലവഴിച്ച 350000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്തിരിക്കുകയാണ്. | ഓഡിറ്റ് പരാമർശത്തിലെ 35 ഗുണഭോക്താക്കളും സ്ഥലം വാങ്ങിയിട്ടുണ്ട്. ടി ഗുണഭോക്താക്കളെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ജനകീയാസൂത്രണം ആരംഭിച്ച വർഷമായതിനാൽ ഗുണഭോക്തൃതെരഞ്ഞെടുപ്പ് മാനദണ്ഡം സംബന്ധിച്ച അറിവില്ലായ്മ മൂലമാണ് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളത്. രേഖകൾക്ക് സ്ഥാനമാറ്റം സംഭവിച്ചിട്ടുള്ളതിനാൽ 22 വർഷം പഴക്കമുള്ള ചിലവ് സംബന്ധിച്ച രേഖകൾ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. |
| | | | ബി) മങ്കട ഗ്രാമ പഞ്ചായത്തിൽ 1997-98 വർഷത്തിൽ പദ്ധതി വിഹിതം വകയിരുത്തി നടത്തിയ വിവിധ പ്രവർത്തികൾക്ക് ചെലവഴിച്ച 300000/- രൂപ നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാതെ പദ്ധതി ഫണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ട് ചെലവായി കാണിച്ചത്. 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് പാര 67 പ്രകാരം ചെലവ് തുക തടസ്സം ചെയ്തിരിക്കുകയാണ്. | 22 വർഷത്തിലധികം പഴക്കമുള്ളതിനാലും, രേഖകൾക്ക് സ്ഥാനചലനം സംഭവിച്ചിട്ടുള്ളതിനാലും തനത് ഫണ്ടിലേക്ക് മാറ്റിയിട്ട തുക ചിലവഴിച്ചത് സംബന്ധിച്ച വൗച്ചറുകളും രേഖകളും കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല. 2004 ലെ അക്കൗണ്ട്സ് റൂൾപ്രകാരം അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടുള്ളതും ആയത് പ്രകാരം തുകകൾ ബഹു. സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുള്ളതുമാണ്. നിലവിൽ പഞ്ചായത്ത് തനത് ഫണ്ടിൽ പ്ലാൻ ഫണ്ട് വിഹിതം അവശേഷിക്കുന്നില്ല. |
| | | | സി) മങ്കട ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ജെ.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 7 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് അഡ്വാൻസ് നൽകിയ 47000/- രൂപ പണി പൂർത്തിയാക്കി കാണുന്നില്ല എന്ന കാരണത്താൽ പാര 37 പ്രകാരം തടസ്സം ചെയ്തിരിക്കുന്നു. | ടി ഓഡിറ്റ് പരാമർശത്തിൽ പരാമർശിക്കപ്പെട്ട ഗുണഭോക്താക്കൾ<br>1. ശ്രീമതി. നെച്ചിക്കാട്ടിൽ ജാനകി - വീട്ട് നമ്പർ 10/90<br>2. വലിയപറമ്പിൽ ഹരിദാസൻ - വീട്ട് നമ്പർ 16/229<br>3. നടുമണ്ണിൽ പരിയണി - വീട്ട് നമ്പർ 16/143<br>4. കുടത്തുംപടി അനിൽകുമാർ - വീട്ട് നമ്പർ 12/51<br>5. കൂടംകുന്നത്ത് കുഞ്ഞൻ - വീട്ട് നമ്പർ 13/10<br>6. തച്ചോത്ത് നീലാണ്ടൻ - വീട്ട് നമ്പർ 16/83<br>7. കൈതപറമ്പത്ത് അനിൽകുമാർ - വീട്ട് നമ്പർ 16/62<br>എന്നിങ്ങനെ വാസയോഗ്യമായ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| | | | ഡി) മങ്കട ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിററ് റിപ്പോർട്ടിൽ മങ്കട ഖാദി സെന്ററിൽ 10 വനിതകൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് തറികൾ സ്ഥാപിക്കുന്നതിനായി 150000/- രൂപ മുൻകൂറായി മലപ്പുറം ഖാദി വ്യവസായ ഓഫീസർക്ക് അനുവദിച്ചതിന് യഥാർത്ഥ രശീതി ഹാജരാക്കിയിട്ടില്ല. തറികൾ സ്ഥാപിച്ചതിന് രേഖ ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ പാര 46 പ്രകാരം തടസ്സം ചെയ്തിരിക്കുന്നു. | മങ്കട ഖാദി സെന്ററിൽ 10 വനിതകൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചുള്ള തറികൾ സ്ഥാപിക്കുന്നതിന് പ്രൊജക്ട് ഓഫീസർ, ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസ്, മലപ്പുറം എന്നവർക്ക് മുൻകൂറായി അനുവദിച്ച 1,50,000/- രൂപയുടെ രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | ഇ) മങ്കട ഗ്രാമ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ കമ്പ്യൂട്ടർ പരിശീലന സ്ഥാപനത്തിലേക്ക് എ.സിയും സ്റ്റെബിലൈസറും വാങ്ങിയതിൽ പഞ്ചായത്തിന് നഷ്ടമുണ്ടായി 39,600/- രൂപ ഖണ്ഡിക 49 പ്രകാരം തടസ്സപ്പെടുത്തിയത്. | മങ്കട ഗ്രാമപഞ്ചായത്തിന്റെ കമ്പ്യൂട്ടർ സെന്ററിന് എ.സിയും സ്റ്റെബിലൈസറും വാങ്ങിയിട്ടുള്ളത് വിശദമായ മാർക്കറ്റ് സ്റ്റഡി നടത്തിയിട്ടാണെന്നും. ക്വട്ടേഷൻ ലഭിച്ചതിൽ വെച്ച് ഏറ്റവും വിശ്വാസ യോഗ്യവും ദീർഘകാലം കേട് കൂടാതെ നില നിൽക്കുമെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ട് അംഗീകരിച്ചത് പ്രകാരമാണ് വോൾട്ടാസ് കമ്പനിയുടെ എ സിയും സ്റ്റെബിലൈസറും വാങ്ങിയത്. പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 20 വർഷം പിന്നിട്ടിരിക്കുന്നതുമായതിനാൽ പരാമർശം ഒഴിവാക്കി നല്കുവാൻ അപേക്ഷിക്കുന്നു. |
| 3.10.14 | അങ്ങാടി പ്പുറം | 1996-97 ഓഡിറ്റ് റിപ്പോർട്ട് - അങ്ങാടിപ്പുറം പരിയാപുരം ലക്ഷം വീട് കോളനി റോഡ് ടാറിംഗ് നടത്തിയതിലെ ക്രമക്കേടുകൾ തുക - 16479/- രൂപ | 16479 രൂപ നിരാകരിച്ചതിൽ 654 രൂപ 44748/54 തിയതി 6/6/2003 നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ബാക്കി 16825/- രൂപ മുൻ ഓവർസിയർ ശ്രീമതി. ലീലാവതിയിൽ നിന്ന് ഈടാക്കുന്നതിന് 28/11/2016 ൽ (റവന്യൂ റിക്കവറി)201/12602/9 നമ്പർ (റവന്യൂ റിക്കവറി) നോട്ടീസ് ഓൺലൈനായി ഡെപ്യൂട്ടി കളക്ടർ (റവന്യൂ റിക്കവറി)കളക്ട്രേറ്റ്, പാലക്കാട് ന് നോട്ടീസ് നൽകിയിരുന്നു. ആയതിൽ റവന്യൂ അധികാരികൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലയെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| 3.10.14 | മക്കരപ്പറമ്പ് | 1 മരാത്ത് - കുളമ്പ് റോഡ് പ്രവൃത്തി സംബന്ധിച്ച് -ഒരേ പ്രവൃത്തിയിൽ ഇനം 4 ആയി ഉൾപ്പെടുത്തിയ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗ് പ്രവൃത്തിയ്ക്ക് അനുവദനീയമായ 10 എം 3 ന് 408/- രൂപ എന്നതിനുപകരം 551/-രൂപ നിരക്കിൽ അനുവദിച്ചുനൽകിയതുമൂലം 699.86 എം 3 പ്രവൃത്തിയ്ക്ക് ആകെ 12510/- രൂപ അധികം നൽകിയിട്ടുണ്ട്. | ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി. കെ എസ് വത്സമ്മയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30.01.2007 ൽ L F 19478/Spl.cell (sc5) 04 നമ്പരായി സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുകയും സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീമതി. വത്സമ്മ ബഹു.മഞ്ചേരി ജില്ലാ കോടതിയിൽ OP 92/07 നമ്പരായി അന്യായം ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 22.09.2015 ലെ കോർട്ട് ഓർഡറിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയ നടപടി നിയമാനുസൃതമല്ല എന്ന് ഉത്തരവായിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |
| | | 2ജലസേചനം-കാഞ്ഞാംപാടം പ്രവൃത്തി - കൺവീനർക്ക് യഥാർത്ഥ ചെലവിനേക്കാൾ അധികമായി നൽകിയ 49612/- രൂപ | ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി. കെ എസ് വത്സമ്മയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 30.01.2007 ൽ L F 19478/Spl.cell (sc5) - 04 നമ്പരായി സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുകയും സർചാർജ്ജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീമതി. വത്സമ്മ ബഹു.മഞ്ചേരി ജില്ലാ കോടതിയിൽ OP 92/07 നമ്പരായി അന്യായം ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 22.09.2015 ലെ കോർട്ട് ഓർഡറിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയ നടപടി നിയമാനുസൃതമല്ല എന്ന് ഉത്തരവായിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | [illegible] | ഓഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ - മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ അലവൻസ് അധികം നൽകി 12,082/(ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1998-99 പാര-44) മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം, അളവെടുപ്പ്, ബില്ലാക്കൽ, മെഷർമെന്റ് എടുക്കൽ എന്നിവയ്ക്ക് എഞ്ചിനീയർമാർക്ക് നൽകേണ്ടതായ പ്രതിഫലതുക തിരിച്ചടക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രതിഫലം എസ്റ്റിമേറ്റ് തുകയുടെ നിശ്ചിത ശതമാനം തുകയാണ് നിജപ്പെടുത്തിയത്. ഭരണാനുമതി തുകയാണ് എസ്റ്റിമേറ്റ് തുകയ്ക്ക് പകരം കണക്കാക്കിയത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയുടെ നിശ്ചിത ശതമാനമാണ് പ്രതിഫലം കണക്കാക്കേണ്ടത്. മറിച്ച് ഭരണാനുമതി നൽകിയ തുക അടിസ്ഥാനമാക്കി പ്രതിഫലം നിശ്ചയിച്ച രീതി ശരിയല്ല. | 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പാര 44 ആയി തടസ്സപ്പെടുത്തിയ തുക 12,082/- രൂപ രസീതി നമ്പർ 30/68070 തിയ്യതി 06/12/2003, 21/68591 തിയ്യതി 31/01/2004 പ്രകാരം അടവാക്കിയിട്ടുള്ളതാണ്. പ്രസ്തുത വിവരം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്. എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | ഓഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ - വിവിധ മരാമത്തുകൾ - ശ്രിങ്കേജ് കണക്കാക്കാത്തത് - 15,845/- (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1998-99 പാര - 46) നികത്തലിനാവശ്യമായ മണ്ണിന് വില നൽകുമ്പോൾ മണ്ണിന്റെ ശ്രിങ്കേജ് മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കാനായി മൊത്തം വിലയുടെ 10-20 ശതമാനം കുറവ് ചെയ്യേണ്ടതാണെന്ന് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 1 - വാള്യം 45(1) സെക്ഷനിൽ നിഷ്കർഷിക്കുന്നു. എന്നാൽ മരാമത്തുകളിൽ ഇപ്രകാരം കുറവ് വരുത്താതെ പ്രീമെഷർമെന്റ് പ്രകാരം മുഴുവൻ വിലയും നൽകിയത് തിരിച്ചടക്കേണ്ടതാണ്. | ശ്രീ. ഐ.വി.രാജ ഗോപാലൻ അസി.എഞ്ചിനീയർ എന്നിവർക്കെതിരെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എൽ.എഫ്.2731/സ്പെഷ്യൽ സെൽ.എസ്.സി6/2004 പ്രകാരം സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതിനെതിരെ ശ്രീ.രാജഗോപാൽ മഞ്ചേരി ജില്ലാ കോടതിയിൽ ഒ.പി. നമ്പർ 91/2006 ആയി കേസ് നൽകിയിട്ടുള്ളതാണ്. |
| | | | ഓഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ - അടുക്കള മുറ്റത്തെ കോഴി വളർത്തൽ കോഴിക്കൂട് വിതരണം അപാകത - 67,500/- (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1997-98 പാര 38) 450 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കോഴിക്കൂട് നിർമ്മിച്ച് നൽകാൻ ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറച്ച് ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയ (175/- രൂപ) ശ്രീ. എം.കെ.കമറുദ്ധീൻ എന്നിവരുടെ ക്വട്ടേഷൻ വ്യക്തമായ വിലാസത്തിലല്ലാത്തതെന്ന കാരണത്താൽ 325/- രൂപ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.എ.വേണുഗോപാൽ എന്നിവരുടെ ക്വട്ടേഷൻ അംഗീകരിച്ച് തുക നൽകിയത് നീതീകരിക്കാനാവില്ല. വ്യത്യാസം വന്ന 67,500/- രൂപ തിരിച്ചടക്കണം | ഓഡിറ്റ് പരാമർശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർ ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ അന്നത്തെ വെറ്റിനറി സർജൻ ഡോ.കെ.ടി.രാജു ഒ പി നമ്പർ W(PC)1470/2006 ആയി ഹൈക്കോടതിയിൽ കേസ് നൽകുകയും ചെയ്തു. എന്നാൽ പെറ്റീഷനർക്ക് ജില്ലാ കോടതിയെ സമീപിക്കാവുന്നതാണ് എന്ന് കാണിച്ച് കേസ് തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ടിയാൻ എൽഎഫ്2717/എസ്സി 21/12/2017 ലെ എൽഎഫ് നമ്പർ 19/16 പ്രകാരം സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം അടവാക്കുവാനുള്ള തുക അടവാക്കേണ്ടതില്ല എന്നു പറഞ്ഞ് ജില്ലാ കോടതിയും തള്ളിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | ആഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – അടുക്കളമുറ്റത്തെ കോഴി വളർത്തൽ യാത്രാ ചെലവ് അപാകത – 11,601/- (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1997-98 പാര 37) അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതിയിൽ കോഴികളെയും, കോഴിക്കൂടും കോഴിത്തീറ്റയും പഞ്ചായത്തിൽ എത്തിച്ച് വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതി ആയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിയിൽ യാത്രാപ്പടിയോ, കയറ്റിറക്ക് കൂലിയോ, പ്രത്യേകിച്ച് പരാമർശിച്ചിട്ടില്ലാത്തതിനാൽ ആ ഇനത്തിൽ നൽകിയ തുക തിരിച്ചടക്കേണ്ടതാണ്. | ഓഡിറ്റ് പരാമർശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർ ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ അന്നത്തെ വെറ്ററിനറി സർജൻ ഡോ.കെ.ടി.രാജു ഒ പി നമ്പർ W(PC)1470/2006 ആയി ഹൈക്കോടതിയിൽ കേസ് നൽകുകയും ചെയ്തു. എന്നാൽ പെറ്റീഷണർക്ക് ജില്ലാ കോടതിയെ സമീപിക്കാവുന്നതാണ് എന്ന് കാണിച്ച് കേസ് തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ടിയാൻ എൽഎഫ്2717/എസ് സി 21/12/2017 ലെ എൽഎഫ് നമ്പർ 19/16 പ്രകാരം സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം അടവാക്കുവാനുള്ള തുക അടവാക്കേണ്ടതില്ല എന്നു പറഞ്ഞ് ജില്ലാ കോടതിയും തള്ളിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | ആഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – ജലസേചനം കൺവീനർക്ക് അധികനിരക്ക് നൽകിയത് – 10,662/- (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 99-00 പാര 40) പ്രവർത്തിക്ക് ആവശ്യമായ മെറ്റീരിയൽ റെയ്ഡ്കോയിൽ നിന്ന് പഞ്ചായത്ത് നേരിട്ട് വാങ്ങി നൽകി – ഡിപ്പാർട്ട്മെന്റ് നിരക്ക് കൂടെ കൺവീനർക്ക് അനുവദിക്കാവുന്ന അധികനിരക്ക് നൽകിയത് വഴി അധികം വന്ന തുക തിരിച്ച് പിടിക്കേണ്ടതാണ്. | ശ്രീ. എൻ.വി. രാമചന്ദ്രൻ സെക്രട്ടറി (റിട്ടയേർഡ്) എന്നവരുടെ പേരിൽ എൽ.എഫ്.9293 സ്പെഷ്യൽ സെൽ/എസ്.സി6/2004 സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം തടസ്സപ്പെടുത്തിയ 10,662/- രൂപ അടവാക്കിയിട്ടുള്ളതാണ്. പ്രസ്തുത വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിവരം തുടർനടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു. |
| | | | ആഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ ഫില്ലിംഗ് അധിക നിരക്ക് നൽകി – 16,430/- (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 99-00 പാര 50) മണ്ണിൽ പൊതുമരാമത്ത് വിഭാഗം അസി.എഞ്ചിനീയർ താലൂക്ക് തല ശരാശരി കടത്ത് കണക്കിലെടുത്ത് തയ്യാറാക്കിയ നിരക്ക് പ്രകാരം കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് പ്രവർത്തിക്ക് 10എം3 ന് 447 രൂപയാണെന്ന് കാണുന്നു. 10 ശതമാനം ലാഭവിഹിതം ഒഴിവാക്കിക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 10 എം3 ന് 406 രൂപ നിരക്കിലാണ് കണക്കാക്കേണ്ടത്. താലൂക്ക് തല ആവറേജ് ലീഡ് പ്രാബല്യത്തിലുള്ളതിനാൽ അധികം നൽകിയ 16,430 രൂപ ഈടാക്കേണ്ടതാണ്. | ഓഡിറ്റ് പരാമർശത്തിൽ തടസ്സപ്പെടുത്തിയ തുക 16,430/- എന്നത് സർചാർജ്ജ് സർട്ടിഫിക്കറ്റ് നടപടികളുടെ ഭാഗമായി തടസ്സപ്പെടുത്തിയ തുക 10,669/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക രസീത് നമ്പർ 1140216275 തീയ്യതി 17/12/2014 പ്രകാരം ഈ ഓഫീസിൽ അടവാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |
| | | | ആഡിറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – കുഴൽ കിണർ ഉപയോഗിക്കാത്ത സാധനങ്ങൾ തിരിച്ചേൽപ്പിച്ചില്ല – 26051/- | ഓഡിറ്റ് പരാമർശത്തിൽ തടസ്സപ്പെടുത്തിയ തുകക്കുള്ള സാധന സാമഗ്രികൾ തുടർന്നുള്ള വർഷങ്ങളിൽ വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത വിവരം ഓഡിറ്റ് അധികാരികളെ അറിയിക്കുകയും, പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതുമാണ് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | ചെറിയ മുണ്ടം | റോഡ് പുനരുദ്ധാരണം – തയ്യിൽ പടി – പിടി റോഡ് പുനരുദ്ധാരണം, എസ്.വി.എ.യു.പി.എസ് – മനയത്താഴം റോഡ് പുനരുദ്ധാരണം, മണ്ടകത്തിൻ പറമ്പ് – പാലത്തിങ്ങൽ പള്ളി റോഡ് പുനരുദ്ധാരണം, തലക്കടത്തൂർ – സുലൈമാൻപടി റോഡ് പുനരുദ്ധാരണം എന്നീ പ്രവർത്തികളിൽ അധികമായി നൽകിയ തുക (യഥാക്രമം 5539/-, 2886/-, 3810/-, 13889/- = ആകെ 27124/- രൂപ) അംഗീകരിക്കുന്നില്ല എന്നും ആയത് കൺവീനറിൽ നിന്നോ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കണമെന്നും നിർദ്ദേശിച്ചത്. | പരാമർശ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള സർചാർജ്ജ് നടപടി 07.04.2006 ലെ LF.11287/സ്പെ.സെൽ/എസ്.സി/6/05 (ജോയന്റ് ഡയറക്ടർ, എൽ.എഫ്) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.<br>ഓഡിറ്റ് പരാമർശങ്ങൾ 20.02.2007 ലെ പഞ്ചായത്ത് ഭരണസമിതി യോഗം വിശദമായി ചർച്ച ചെയ്യുകയും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കാൻ 03/2007 നമ്പർ പ്രകാരം തീരുമാനിച്ചു.<br>നിർമ്മാണ പ്രവൃത്തികളെല്ലാം 1999–2000 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭഘട്ടത്തിൽ തന്നെ വിജയകരമായും തൃപ്തികരമായും പൂർത്തീകരിച്ചതാണെന്നും പ്രത്യേക ജനവിഭാഗത്തിനായുള്ള പ്രവൃത്തിയല്ലാത്തതിനാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ടില്ല എന്നു ബോദ്ധ്യപ്പെടുകയും ആയതിനാൽ പരാമർശം ഒഴിവാക്കി നൽകുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കാൻ 02.06.2015 തിയ്യതിയിലെ പഞ്ചായത്ത് ഭരണസമിതിയുടെ 3/2015 നമ്പർ പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.<br>നിർമ്മാണകമ്മിറ്റി കൺവീനർമാരിൽ രണ്ട് കൺവീനർമാർ മരണപ്പെട്ടുപോയിട്ടുണ്ടെന്നും മറ്റ് രണ്ട് പേർ സാമ്പത്തികമായി പിന്നാക്കാവസ്ഥ അനുഭവിക്കുന്നവരാണെന്നും പ്രവൃത്തികളെല്ലാം തന്നെ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും കൺവീനർമാരുടെ ഭാഗത്തുനിന്നും വ്യക്തി പരമായ വീഴ്ച ഉണ്ടാകാത്ത സാഹചര്യത്തിൽ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് അഭ്യർത്ഥിക്കുന്നതിനും 25/03/2015 ലെ പഞ്ചായത്ത് ഭരണസമിതിയുടെ 03/2015 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br>മേൽ ഭരണസമിതി തീരുമാനങ്ങൾ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. |
| | 3.10.14 | താനാളൂർ | അത്താണിക്കൽ- വള്ളിക്കാഞ്ഞിരം റോഡ് സ്പെഷ്യൽ റിപ്പയർ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണി ആരംഭിക്കാതിരുന്നതിനാൽ മേൽ പ്രവൃത്തി റീടെണ്ടർ നൽകി പൂർത്തിയാക്കിയ വകയിൽ പഞ്ചായത്തിന് 26,459/- രൂപ അധിക ചെലവ് നേരിടേണ്ടി വന്നു. പ്രവൃത്തി ആദ്യം ഏറ്റെടുത്ത കരാറുകാരനുമായി കുറ്റമറ്റ രീതിയിൽ കരാറുടമ്പടി വെക്കാതിരുന്നതിനാൽ ടിയാനെതിരെ നിയമനടപടിയിലൂടെ നഷ്ടം ഈടാക്കാൻ സാധിക്കാതെ വന്നു. ആയതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയ ടിയാന്റെ ജാമ്യതുക 2,000/- രൂപ കഴിച്ച് ബാക്കി 24,459/- രൂപയും റീടെണ്ടർ പരസ്യ ചാർജ്ജിനത്തിൽ ചെലവായ തുകയും കൂടി കുറ്റമറ്റ രീതിയിൽ കരാറുടമ്പടി വക്കുന്നതിൽ വീഴ്ച വരുത്തിയ | അത്താണിക്കൽ വള്ളിക്കാഞ്ഞിരം റോഡ് സ്പെഷ്യൽ റിപ്പയർ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പണി ആരംഭിക്കാതിരുന്നതിനാൽ മേൽ പ്രവൃത്തി റീ ടെണ്ടർ നൽകി പൂർത്തിയാക്കിയ വകയിൽ പഞ്ചായത്തിനു ണ്ടായ അധിക ചെലവ് 24,459/- രൂപയും, പരസ്യചാർജ്ജിനത്തിൽ ചെലവായ തുകയും കുറ്റമറ്റ രീതിയിൽ കരാറുടമ്പടി വയ്പിക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി ശ്രീ.എൻ.കെ വിശ്വനാഥനിൽ നിന്നും ഈടാക്കണമെന്നാണ് 1998–99 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 37 ൽ പരാമർശിക്കുന്നത്. 08/06/1995 ലെ ടെണ്ടർ നോട്ടീസ് പ്രകാരം ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11.2% കുറഞ്ഞ നിരക്കു കാണിച്ച ശ്രീ.കെ പ്രദീപ് കുമാർ എന്നവർക്കായിരുന്നു മേൽ പ്രവൃത്തി അനുവദിച്ചു നൽകിയിരുന്നത്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കാതിരുന്നതിനാൽ 10/05/1996, 01/06/1996, 20/06/1996 |

| | | | | |
|---|---|---|---|---|
| | | | അന്നത്തെ സെക്രട്ടറി ശ്രീ.എൻ.കെ. വിശ്വനാഥനിൽ നിന്നും വസൂലാക്കേണ്ടതാണ്. (ഓഡിറ്റ് വർഷം 1992-93 ഖണ്ഡിക 32) | തീയതികളിൽ.....നോട്ടീസ് നൽകുകയും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 31/08/1996 തീയതിയിലെ 18-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ജാമ്യസംഖ്യ പഞ്ചായത്തിലേക്ക് മുതൽ കൂട്ടുന്നതിനും പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനും തീരുമാനിക്കുകയുണ്ടായി . മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ജാമ്യസംഖ്യ 2,000/- രൂപ പഞ്ചായത്തിലേക്ക് മുതൽ കൂട്ടുകയും 31/08/1996 തീയതിയിൽ വീണ്ടും റീടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ പുതിയ ടെണ്ടറുകളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ 09/01/1997 ൽ റീടെണ്ടർ നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ലഭിച്ച ടെണ്ടറുകളിലേറ്റവും കുറഞ്ഞ നിരക്കായ 50% അധിക നിരക്ക് കാണിച്ച ശ്രീ.ജയന്തൻ എന്നവരുടെ ടെണ്ടർ 13/02/1998 ലെ ചീഫ് എഞ്ചിനീയർ അധ്യക്ഷനായുള്ള ടെണ്ടർ കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയുമാണുണ്ടായത്. വളരെ ശോചനീയമായ അവസ്ഥയിലായിരുന്ന റോഡിന്റെ അറ്റകുറ്റപ്പണി കാര്യക്ഷമവും തൃപ്തികരവുമായ രീതിയിലാണ് കരാറുകാരൻ പൂർത്തിയാക്കിയിട്ടുള്ളത് എന്നതിനാൽ പഞ്ചായത്തിന് ഇക്കാര്യത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കാൻ 27/02/2019 തീയതിയിൽ 11(2) നമ്പറായി ഭരണ സമിതി തീരുമാനിക്കുകയുണ്ടായി. പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |
| | | | 1997-98 വർഷത്തെ ഭവന നിർമ്മാണ പദ്ധതി പ്രകാരം 25,000/- രൂപ മതിപ്പു ചെലവ് കണക്കാക്കുന്ന വീട് നിർമ്മിക്കാൻ ഒന്നാം ഗഡുവായി 15,000/- രൂപ വീതം 45 പേർക്ക് നൽകുകയുണ്ടായി. പ്രസ്തുത ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കുന്നതിനായി 1998-99 വാർഷിക പദ്ധതിയിൽ 4,50,000/- രൂപ വകയിരുത്തുകയുണ്ടായി. എന്നാൽ 5 ഗുണഭോക്താക്കൾ രണ്ടാം ഗഡു തുക കൈപ്പറ്റുകയുണ്ടായില്ല. ആയതിനാൽ ആദ്യ ഗഡു ചെലവഴിച്ച് രണ്ടാം ഗഡു കൈപ്പറ്റാതിരുന്ന 5 ഗുണഭോക്താക്കളിൽ നിന്നും ഇവർ വച്ചിട്ടുള്ള ഉടമ്പടി പ്രകാരം തുക പലിശ സഹിതം ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് വർഷം 1997-98 ഖണ്ഡിക 36) | ഭവന നിർമ്മാണ ധനസഹായമായി ഒന്നാം ഗഡു കൈപ്പറ്റിയിട്ടും ഉടമ്പടി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ നൽകിയ തുക 75,000/- രൂപ പലിശ സഹിതം 5 ഗുണഭോക്താക്കളിൽ നിന്നും തിരിച്ചു പിടിക്കണമെന്നാണ് 1997-98 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 36 ൽ പരാമർശിക്കുന്നത്. എന്നാൽ റിപ്പോർട്ടിൽ പരാമർശിക്കുന്ന 5 ഗുണഭോക്താക്കളും നിലവിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മേൽ വിവരം 30/12/2014 തീയതിയിൽ എ1-9816/14 നമ്പറായി കെ.എസ്.എ.ഡി മലപ്പുറം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ് ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കാൻ 27/02/2019 തീയതിയിൽ 11(1) നമ്പറായി ഭരണ സമിതി തീരുമാനിക്കുകയുണ്ടായി. പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |
| | | | 1999-2000 വർഷത്തിൽ പദ്ധതിവിഹിതത്തിൽ നിന്നും 3,72,000/- രൂപ വകയിരുത്തി കൊണ്ട് വിധവകളുടെ വീടിന്റെ മേൽക്കൂര മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ട് ആവിഷ്കരിക്കുകയും 1999-2000 വർഷത്തിൽ 22 | വിധവകളുടെ വീടിന്റെ മേൽക്കൂര മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഭാഗമായി 1999-2000, 2000-01 വർഷങ്ങളിൽ അധികമായി ചെലവ് ചെയ്ത 61200 രൂപ ഈടാക്കണമെന്നാണ് 2000-01 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 37 ൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെല്ലാം |

| | | | | |
|---|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് 6,200 രൂപ പ്രകാരം 1,36,400 രൂപയും 2000-2001 വർഷത്തിൽ 29 ഗുണഭോക്താക്കൾക്ക് 6,200 രൂപ പ്രകാരം 1,79,800 രൂപയും ചേർത്ത് ആകെ 3,16,200 രൂപ ചെലവ് ചെയ്തതായി കാണുന്നു. 14-10-1998 ലെ ജി.ഒ(പി)നം 209/98/തസ്വഭവ പ്രകാരം ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളും പട്ടിക ജാതി വിഭാഗങ്ങളുടെ വീടുകളുമാണ് റിപ്പയർ നടത്തുവാൻ നിർദ്ദേശിച്ചിരുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം ഗുണഭോക്തൃ സമിതിയെ കൊണ്ടോ, നിർമ്മിതി കേന്ദ്രം/കോസ്റ്റ് ഫോർഡ് തുടങ്ങിയ ഏജൻസികൾ മുഖാന്തിരമോ പ്രവൃത്തി ചെയ്യിക്കണമെന്നാണ് വ്യവസ്ഥ. ഗുണഭോക്താവിന് നേരിട്ട് തുക നൽകുവാൻ പാടില്ല എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഒരു വീടിന് ആകെ നൽകാവുന്ന തുക 5,000 രൂപയാണെന്ന ഉത്തരവിന് വിരുദ്ധമായി 6,200 രൂപ നൽകിയതിനാൽ അധികമായി നൽകിയ തുക 61,200 രൂപ (51 X 1200) ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് വർഷം 2000-01 ഖണ്ഡിക 37) | തന്നെ വിധവകളും നിർധനരുമായതിനാൽ അവരിൽ നിന്നും മേൽ തുക ഈടാക്കുവാൻ സാധിച്ചിരുന്നില്ല. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനും അന്നത്തെ സെക്രട്ടറിയുമായിരുന്ന ശ്രീ.പി.അബ്ദുറഹിമാൻ നിലവിൽ ജീവിച്ചിരിപ്പില്ലാത്തതിനാൽ നിയമ നടപടികളിലൂടെ മേൽ തുക ഈടാക്കുന്നത് പ്രായോഗികമല്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |
| | | [illegible] | റോഡ് പ്രവർത്തി - ഓണക്കോട് ഇ.എം.എച്ച്.എസ് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ. 2000-01 ൽ പണി പൂർത്തീകരിച്ച് ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്ത് മൊത്തം 62,893/- രൂപ കണക്കാക്കി 25% അധികം തുകയായ 15,723/- രൂപ ഉൾപ്പെടെ 78,616/- രൂപയ്ക്കുള്ള മൂല്യം കണക്കാക്കി തുക നൽകി. പ്രവൃത്തിയിൽ ഇനം ഒന്നായി 206.97 എം3 മണ്ണ് ഉപയോഗിച്ച് നടത്തിയ ഫില്ലിംഗിന് പൊതുമരാമത്ത് നിരക്കിന് (108/10എം.3) പകരം 857/10എം.3 നിരക്കിൽ തുക കണക്കാക്കി 25% അധികവും കൂടി നൽകി. പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം + അധികം നൽകിയ തുക = 11,936.18/-. ഗുണഭോക്തൃ വിഹിതം കുറവായി പിടിച്ചത് 4,684/- ആകെ =16,620/- ബന്ധപ്പെട്ട കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ് | ഓണക്കോട് ഇ.എം.എച്ച്.എസ് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി 1998-99 വർഷത്തിൽ ആരംഭിച്ചതും 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി റോഡിന്റെ ഗുണഭോക്താക്കൾ പാവപ്പെട്ടവരും ലക്ഷംവീട് കോളനി നിവാസികളുമായതിനാൽ പ്രവൃത്തി നടപ്പിലാക്കുന്ന സമയം ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ ഹാർഡ് ഗ്രാവൽ സോയിൽ ഉപയോഗിച്ച് നടത്തിയ ഫില്ലിങ്ങിന് പ്രാദേശികമായി ഗുണമേന്മയുള്ള മണ്ണ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൺവെയൻസ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കിയിട്ടുള്ളതെന്ന് ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മാത്രവുമല്ല പ്രസ്തുത കാലയളവിൽ മൺപണിക്ക് നിരക്ക് നിശ്ചയിക്കുന്നതിന് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഏകീകൃതമായി ഉണ്ടായിരുന്നില്ല.<br>വർഷങ്ങൾക്ക് മുമ്പ് നടപ്പിലാക്കിയ പ്രവൃത്തിയായതിനാൽ ഗുണഭോക്താക്കളിൽ നിന്ന് വിഹിതം ഈടാക്കുന്നതിന് ഇപ്പോൾ നിർവാഹമില്ലാത്തതും പ്രസ്തുത റോഡ് ഇപ്പോഴും ഉപയോഗ യോഗ്യമായതും പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരുവാൻ അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | കൽപകഞ്ചേരി | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1999-2000 പേജ 33 - മഹാഗണി മരം ലേലം ചെയ്യാതെ നശിപ്പിക്കുന്നു. നഷ്ടം സംബന്ധിച്ച് പഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നിരുന്ന മഹാഗണി മരം മുറിച്ച് മാറ്റിയത് ലേലം ചെയ്യാതെ പഞ്ചായത്തിന് നഷ്ടം വരുത്തി എന്നതാണ് ഓഡിറ്റ് തടസ്സം. | മഹാഗണി മരം നിയമാനുസൃതം ലേലം ചെയ്ത് 8800/- രൂപ (എണ്ണായിരത്തി എണ്ണൂറ് രൂപ മാത്രം) പഞ്ചായത്ത് ഫണ്ടിൽ 10/2002 ൽ വരവ് വെച്ചിട്ടുണ്ട്. |
| | | തവനൂർ | 1). ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടില്ല. (ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 33) ഗുണഭോക്താക്കളായ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ഇൻഷുറൻസ് പദ്ധതിയിൽ ഗുണഭോക്തൃവിഹിതം പൂർണ്ണമായും പിരിച്ചിട്ടില്ല. 37,313/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിർവ്വഹണ ഏജൻസികളായ പോത്തനൂർ, കണ്ടനകം, മറവഞ്ചേരി എന്നീ പാൽ ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതാണ്.<br><br>2). മാത്തൂർ - അയ്യങ്കുളം പുരോഗമന ചെലവ് 2003-04 ലെ 23-ാം സമാഹൃത റിപ്പോർട്ടിൽ ഖണ്ഡിക 3.10.8.2 സംബന്ധിച്ച ബഹു. നിയമസഭാ സമിതിയുടെ അന്തിമ തീരുമാനം ആയിട്ടില്ലാത്തതിനാൽ ബാദ്ധ്യതാ സാക്ഷ്യപത്രം പ്രകാരം 85000/- രൂപ ചട്ടവിരുദ്ധമായി ചെലവഴിച്ചതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശപ്രകാരം ബാധ്യത നൽകിയത് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. | 1) ഗുണഭോക്തൃ വിഹിതമായി അടക്കേണ്ട 37,313/- രൂപയിൽ ക്ഷീര സംഘങ്ങളുടെ കൈകാര്യചെലവ് ഇനത്തിൽ 7,770/- രൂപ കഴിച്ച് ബാക്കി 29,543/- രൂപ 23/12/2002 ലെ രസീതി നമ്പർ 7241/6 പഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുണ്ട്.<br><br>2) മാത്തൂർ - അയ്യങ്കുളം പ്രവർത്തിയുടെ മെഷർമെന്റ് എടുത്തത് ചെക്ക് മെഷർ ചെയ്ത് ബിൽ തയ്യാറാക്കി തരുവാൻ എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ അളവെടുപ്പ് നടത്തുകയും ആയത് പ്രകാരം 85,000/- രൂപ അഡ്വാൻസ് നൽകിയതിൽ 56,574/- രൂപ വാല്യൂഷൻ ഉള്ളതായി (എം.ബുക്കിൽ നമ്പർ 30) രേഖപ്പെടുത്തുകയും ആയത് ലോക്കൽ ഫണ്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിലെ സെക്രട്ടറി ശ്രീ. മോഹനൻ നമ്പൂതിരി പാലക്കാട് അസി. ഡയറക്ടറായി 31/03/2013 ന് വിരമിച്ചതിനാൽ ടിയാന്റെ ഡി.സി.ആർ.ജി യിൽ നിന്ന് 28,426/- രൂപ തവനൂർ ഗ്രാമപഞ്ചായത്തിന്റെ എസ്ടിഎസ്ബി അക്കൗണ്ട് നമ്പർ 2 ൽ 17/02/2016 ന് അടവാക്കിയിട്ടുണ്ട്. |
| | | താഴെക്കോട് | 2000-2001 ഓഡിറ്റ് റിപ്പോർട്ട് പാര 47 - കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ കുരുമുളക് കൃഷി പ്രോത്സാഹന പദ്ധതി രേഖ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചത് അംഗീകരിക്കാത്ത തുക 35,220/- ചെക്ക് നമ്പർ 105101/09.02.2001, 218610/22.3 ഉത്തരവാദിയായ ഉദ്യോഗസ്ഥ : ശ്രീമതി റോസിലിൻ കെ.എസ്.വെങ്ങാനൂർ കൃഷിഭവൻ തിരുവനന്തപുരം കുരുമുളക് വള്ളി, രാസവളം, കീടനാശിനി, ജൈവവളം എന്നിവക്ക് 50% സബ്സിഡി പരമാവധി 7.5 ഹെക്ടർ സ്ഥലത്തുകൂടി കുരുമുളക് കൃഷി വ്യാപിപ്പിക്കാനുള്ള ഈ പദ്ധതി നിർദ്ദേശാനുസരണമുള്ള പ്രധാന ഇനമായ കുരുമുളക് വള്ളി വാങ്ങിയതായി യാതൊരു രേഖകളും | ലോക്കൽ ഫണ്ട് മലപ്പുറത്തിന്റെ 30/12/2004, എൽഎഫ്/എ10/1361/2002 കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | ...നാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി സ്ഥലം [illegible] അവിടെ കർഷകർ തന്നെ സ്വന്തമായി വാഴ കൃഷി ചെയ്യുകയായിരുന്നുവെന്നും ഇപ്പോൾ പാർട്ടുള്ള കൃഷി ഓഫീസർ നിർദ്ദേശിക്കുകയുണ്ടായി. ഉത്പാദനശേഷി കുറിയ [illegible] കുരുമുളക് വള്ളികളായി കൃഷി ചെയ്ത് തെങ്ങിൽ കൃഷി വ്യാപകവും ആദായകരവുമാക്കൽ ഉദ്ദേശിച്ചുള്ള ഈ പദ്ധതി നിർദ്ദേശാനുസരണം നടപ്പാക്കാതെ ജൈവവളത്തിനും രാസവളത്തിനും മറ്റും സബ്സിഡി നൽകുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്തൃ / പദ്ധതി വിഹിതത്തിൽ തന്നെ കാണിച്ച പ്രകാരമാണ് തുക വക കൊള്ളിച്ചിട്ടുള്ളത്. കുരുമുളക് വള്ളി 1.50 രൂപ നിരക്കിൽ 12,500 + 12.500 ജൈവവളം 10 കി.ഗ്രാം 40 രൂപ / 5 കി.ഗ്രാം നിരക്കിൽ 16,660 + 16,660 രാസവളം 12,500 + 12,500 കീടനാശിനി 8,334+8,334 ആകെ 50,000 + 50,000 = 1,00,000/- രൂപ | |
| | | പൊന്മള | റോഡ് നിർമ്മാണം - 44,617/- രൂപ | പദ്ധതി നടപ്പിലാക്കിയ പൊതുമരാമത്ത് വകുപ്പിൽ [illegible] നിരക്കിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിൽ ചെയ്ത പ്രവൃത്തിക്കുള്ള ബില്ല് തയ്യാറാക്കിയാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. അക്കാലത്ത് എൻജി. വിങ്ങിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയിരുന്നതിൽ നിലനിന്നിരുന്ന ആശയക്കുഴപ്പമാണ് ഇതിന് കാരണം. ആയതിനാൽ 20 വർഷത്തോളം കാലപ്പഴക്കം വന്ന പ്രവൃത്തിയായതിനാൽ പരാമർശം ഒഴിവാക്കി നൽകുവാൻ അപേക്ഷിക്കുന്നു. |
| | | | വനിത വ്യവസായ യൂണിറ്റ് 450000/- രൂപ പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യങ്ങളൊന്നും കൈവരിച്ചിട്ടില്ല | നിലവിൽ പൊന്മള പഞ്ചായത്ത് വനിത സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. ആയതിന്റെ രേഖകൾ സഹകരണ വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. സംസ്ഥാന തല ഓഡിറ്റ് മോണിറ്ററിംഗ് സമിതിക്ക് പരാമർശം ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കി നൽകുവാൻ അപേക്ഷിക്കുന്നു. |
| | | ചേലേമ്പ്ര | (3.10.11.02) പഞ്ചായത്താഫീസ് കെട്ടിട നിർമ്മാണം - രണ്ടാം ഘട്ടം (പാര 45 ഓഫ് ഓഡിറ്റ് റിപ്പോർട്ട് 1998-99). പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം 2-ാം ഘട്ടം പ്രവൃത്തിയിൽ ആകെ 1.03.835/- രൂപ ചിലവഴിച്ചതിന്റെ ഫയൽ, എം ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ലെന്നും 11/04/1996 ന് ഉദ്ഘാടനം ചെയ്ത പ്രവൃത്തി ആരംഭിച്ചതിനു ശേഷം ഇത്രയും ദീർഘമായ തുക ചിലവഴിച്ചതിന്റെ ഔചിത്യം ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു. | പഴയ പഞ്ചായത്ത് ഓഫീസ് നിലനിന്നിരുന്ന ചാലിപ്പറമ്പിൽ നിന്നും കേവലം 50 ച.മീറ്ററിൽ 2 മുറികൾ മാത്രമുണ്ടായിരുന്ന ഈ ഓഫീസിൽ 10 ഓളം ജീവനക്കാരും 11 ഓളം ജനപ്രതിനിധികളും ദിവസേന വരുന്ന പൊതുജനങ്ങളും സ്ഥല പരിമിതിമൂലം ബുദ്ധിമുട്ടിയ സാഹചര്യത്തിലാണ് ഈ കെട്ടിടത്തിന്റെ ഒന്നാം ഘട്ട പണിപൂർത്തിയാക്കിയതും ഉദ്ഘാടനത്തിനു കാത്തുനിൽക്കാതെ ഉപയോഗിച്ചു തുടങ്ങിയതും. കൂടാതെ അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തികൾ കരാറുകാരെ ഏൽപ്പിക്കാതെ നേരിട്ട് നിർവ്വഹണം നടത്തണമെന്നുള്ള |

| | | | | |
|---|---|---|---|---|
| | | | ചിലവുകൾ ചിലവ് അസ്സൽ എഴുതി സൂക്ഷിക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ ചിലവ് ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. | നിർദ്ദേശപ്രകാരമാണ് സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തിയത്. തദ്ദേശ ഭരണ സ്ഥാപനത്തിന് സ്വന്തമായി അസി.എഞ്ചിനീയറോ എഞ്ചിനീയറിംഗ് വിഭാഗമോ ഇല്ലാത്ത പുറത്തുനിന്നുള്ള എഞ്ചിനീയർമാരെ [illegible] ചുമതലപ്പെടുത്തേണ്ടതായിരുന്നു അന്ന് സാങ്കേതിക പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കേണ്ടത്. പരാമർശകെട്ടിടം ഇപ്പോഴും ഒരു കേടുപാടുകളുമില്ലാതെ നിലനിൽക്കുന്നുണ്ടെന്നും ഇതിന്റെ മുകൾ നിലയിലാണ് കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്. വി.ഇ.ഒ. എൽ.എസ്.ജി.ഡി, വൈസ് പ്രസിഡണ്ട്, സ്റ്റാന്റ് കമ്മിറ്റി മീറ്റിംഗ് ഹാൾ എന്നിവ പ്രവർത്തിച്ചുവരുന്നത്. മേൽ സാഹചര്യത്തിൽ ടി കെട്ടിടനിർമ്മാണത്തിനായി ചെലവഴിച്ച തുക പാഴ്ചെലവല്ലെന്ന് ബോധിപ്പിക്കുന്നു. പരാമർശം ഒഴിവാക്കി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. |
| | | | (3.10.11.02) പാലത്തിങ്കൽ കായക്കാട്ടു റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 വൗച്ചറുകൾ മൊത്തം 91600/- രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. 42 ചാക്ക് സിമന്റിനു പകരം 53 ചാക്ക് സിമന്റ് വാങ്ങിയതിന്റെ അധിക ചിലവ് അംഗീകരിക്കുന്നില്ല. സ്റ്റോറേജ് പ്രകാരം മൊത്തം 27130/- രൂപ തൊഴിലാളി വേതനമായി നൽകിയത്. പക്ഷേ എം ബുക്കിൽ രേഖപ്പെടുത്തിയ അളവുകൾ പരിശോധിച്ചതിൽ മൊത്തം 17392/- രൂപ മാത്രമേ തൊഴിലാളി വേതന ഇനത്തിൽ അനുവദിക്കേണ്ടതുള്ളൂ. അതിനാൽ അധികം നൽകിയ 9738/- രൂപ ചെലവ് ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല. | ഓഡിറ്റ് പാരയിൽ (പാര 50 ഓഫ് ഓഡിറ്റ് റിപ്പോർട്ട് 1998-99) 11278/- രൂപയാണ് നിരാകരിച്ചത് എങ്കിലും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 11/02/2008 ലെ എൽ-എഫ്-എ14/802/2017 നമ്പർ കത്ത് പ്രകാരം പുറപ്പെടുവിച്ച് ശുദ്ധിപത്രത്തിൽ പ്രസ്തുത പാരയിലെ 9738/- രൂപ ഒഴിവാക്കുകയും, 1540/- രൂപ 17/12/2014 തീയതിയിലെ 11402103887 നമ്പർ രസീതി പ്രകാരം കൺവീനർ മുസ്തഫക്കുട്ടി എന്നവർ ഈ ഓഫീസിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.. |
| | | പള്ളിക്കൽ | 43 (1999-2000) – പ്രോജക്ട് നം.69/99 പൊതു വിഭാഗത്തിനായുള്ള വീട് റിപ്പയറിനുള്ള ധനസഹായം തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയും സന്നദ്ധ സേവനത്തിൽ 20,000/- രൂപയും ഉൾപ്പെട്ട 1,20,000/- അടങ്കൽ വരുന്ന പദ്ധതിക്ക് 16/9900/എസ് ഡബ്ല്യു 13-08-13 നമ്പറായി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20 കുടുംബങ്ങൾക്ക് 5,000/- രൂപ വീതം അനുവദിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ 1,000/- രൂപ ഓരോ ഗുണഭോക്താവും സന്നദ്ധ സേവനം ലഭ്യമാക്കാനും ലക്ഷ്യമിട്ടിരുന്നു. തന് വർഷം ഇപ്രകാരം 19 കുടുംബങ്ങൾക്ക് 5000/ രൂപ വച്ച് 95000/ രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഒന്നുപോൽ ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിലും പഞ്ചായത്തിന്റെ മിനുട്സ് ബുക്കിൽ | 1999-00 വർഷത്തെ ഓഡിറ്റിൽ പരാമർശിച്ച വീട് റിപ്പയറിനായുള്ള ഗുണഭോക്താക്കളായ കെ. അഹമ്മദ് പുല്ലാട്ട് മാട്ടിൽ എന്നത് കോഴിക്കോയൻ അഹമ്മദ് പുല്ലാട്ട് മാട്ടിൽ എന്ന് ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ കുന്നേക്കാട്ട് പുലിയം വീട്ടിൽ പാത്തുമ്മ എന്നത് കുന്നേക്കാട്ട് പുലിയം വീട്ടിൽ പാത്തുമ്മ എന്നായും ഗ്രാമസഭാ മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന വേളയിൽ ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. ജനകീയാസൂത്രണം പദ്ധതി പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടമായതിനാലുള്ള പരിചയക്കുറവ് കാരണം സംഭവിച്ച ബോധപൂർവ്വമല്ലാത്ത വീഴ്ചയായി പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെടാത്തവർക്കാണ് ആനുകൂല്യം അനുവദിച്ചത്. 09-07-99ലെ ജി.ഒ.(പി)134/99 ത.ഭ.വ.നം.ഉത്തരവിലൂടെ പുറപ്പെടുവിച്ച ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച പുതുക്കിയ മാനദണ്ഡത്തിനു വിരുദ്ധമാണിത്. അത് കൊണ്ട് ഗ്രാമസഭ തെരഞ്ഞെടുത്ത് താഴെ പേരു പറയുന്ന വ്യക്തികൾക്ക് നൽകിയ 10000/ രൂപ(5000*2) ഓഡിറ്റിൽ നിരാകരിക്കുന്നു.<br><br>ക്രമ. നം. \| ഗുണഭോക്താവിന്റെ പേരും വാർഡും \| ചെക്ക് നമ്പറും തിയ്യതിയും \| തുക<br>1. \| കെ.അഹമ്മദ് പുല്ലാട്ട് മാട്ടിൽ വാർഡ്12 \| 854122/24-01-2000 \| 1250<br>\| \| 854199/10-02-2000 \| 3750<br>2. \| കുഞ്ഞിമൊയ്തീൻ പുളിയം വീട്ടിൽ പാത്തുമ്മ \| 854313/29-02-2000 \| 1250<br>\| \| 595505/31-03-2000 \| 3750<br>ആകെ 10000<br><br>06-04-1999 ലെ ജി.ഒ(എം.എസ്) 20/99/പ്ലാനിംഗ് നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ച 1999-2000 ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗ രേഖയിൽ വീട് റിപ്പയറിനുള്ള തുക പണമായി ഗുണഭോക്താവിന് നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിരുന്നു . വിശദമായി എസ്റ്റിമേറ്റ് തയ്യാറാക്കി വാർഡ് തലത്തിലോ പഞ്ചായത്ത് തലത്തിലോ രൂപീകരിക്കപ്പെടുന്ന ഗുണഭോക്തൃ സമിതികളെക്കൊണ്ട് പണി ഏറ്റെടുത്ത് പൂർത്തീകരിക്കണമെന്നാണ് ചെയ്തിട്ടുള്ളത്. ഇത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. ആയതിനാൽ ഈയിനത്തിൽ ചെലവിട്ട 95000/ രൂപയിൽ 10000/ രൂപ കിഴിച്ച് ബാക്കി 85000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | |
| | | | 45 (99-2000) - മൈത്രി ഭവന നിർമ്മാണം പട്ടികജാതിക്കാർക്ക് സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് 6500/ രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.<br>ഹഡ്കോ നമ്പർ 27/17-10-1998 പ്രകാരം 300000/ രൂപയ്ക്ക് 47/21-01-1999 പ്രകാരം 150000/- രൂപയും ചേർത്ത് 450000/- രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ മലപ്പുറത്തുള്ള അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിൽ ഡി.ഡി എടുത്ത് അയച്ചതായി | മൈത്രി ഭവന പദ്ധതി നിലവിലില്ലാത്തതിനാലും ആയതിന്റെ കണക്കുകൾ 2009-10 ൽ തന്നെ സെറ്റിൽ ചെയ്തതിനാലും മുൻഗുണഭോക്താക്കൾക്ക് എല്ലാം തന്നെ ഭവനം ഉറപ്പാക്കിയതിനാലും 20 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ പ്രോജക്ടിന്റെ രേഖകൾ തന്നെ മാറിയതിനാലും പരാമർശങ്ങൾ ഒഴിവാക്കി തരുവാൻ അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | കാണുന്നു. സ്വന്തമായി വീടില്ലാത്ത 36 കുടുംബങ്ങൾക്ക് വേണ്ടി ഭവന നിർമ്മാണ ബോർഡിന്റെ നിബന്ധനയ്ക്ക് വിധേയമായിട്ടാണ് പ്രൊജക്ട് നടപ്പിലാക്കേണ്ടത്. പദ്ധതി വിഹിതത്തിൽ 12500/ രൂപയും ഭവന നിർമ്മാണ ബോർഡിൽ നിന്ന് 15500. രൂപയും ചേർന്ന് 28000/ രൂപയാണ് ഒരു ഗുണഭോക്താക്കൾക്ക് 1008000/ രൂപയാണ് അടങ്കൽ തുകയായി വകയിരുത്തിയിരിക്കുന്നത്.<br>ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഭവന നിർമ്മാണ ബോർഡിലേക്ക് പദ്ധതി വിഹിതത്തിൽ 36 ഗുണഭോക്താക്കൾക്കായി 450000/ രൂപ ഒടുക്കിയതായി കാണുന്നു. എന്നാൽ 33 ഗുണഭോക്താക്കൾ മാത്രമേ ധനസഹായത്തിനായി അപേക്ഷിച്ചതായി കാണുന്നുള്ളൂ. അതിനാൽ പദ്ധതി വിഹിതത്തിൽ 3 ഗുണഭോക്താക്കൾക്ക് ഭവന ബോർഡിലേക്ക് ഒടുക്കിയ തുകയായ 12500*3=37500/ രൂപ തിരികെ വാങ്ങേണ്ടതാണ്.<br>മൈത്രി ഭവന ഗുണഭോക്താക്കൾക്കായി തെരഞ്ഞെടുക്കപ്പെട്ട അരച്ചി കൊരിഞ്ഞൻ. ചെറിയ കൊടിഞ്ഞൻ. ചെറിയ നാഗൻ എന്നിവർ ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെന്ന് ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിലൂടെ ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ജി.ഒ.പി നം.220/97/ത.ഭ.വ തിയ്യതി. 02/10/97 ന് വിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി വിഹിതമായി 25000/ രൂപ ചെലവ് ചെയ്യുകയും ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.<br>33 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി പദ്ധതി വിഹിതമായി 450000/ രൂപ ചെലവ് ചെയ്തുവെങ്കിലും 19 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് പ്രോജക്ട് നടത്തിപ്പിലെ പരാജയമായി ഓഡിറ്റ് വിലയിരുത്തുന്നു. | |
| | | | 3.10.14. 38(5) ഗുണഭോക്തൃ വിഹിതം കുറവു ചെയ്യാതെ തുക നൽകിയതു മൂലം നഷ്ടം 13709/ രൂപ<br>പ്രോജക്ട് നമ്പർ 37/9798 അനുബന്ധമായി പെട്ട്യാർമാട് റോഡ് അഭിവൃദ്ധിപ്പെടുത്താൻ പദ്ധതിയുടെ ധനകാര്യ വിശകലന പ്രകാരം 100000/ രൂപ പദ്ധതി വിഹിതത്തിൽ നിന്നും 10000/ രൂപ ഗുണഭോക്തൃ വിഹിതമായും | ജനകീയാസൂത്രണം പദ്ധതി പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടമായതിനാലും പരിചയക്കുറവും കാരണം സംഭവിച്ച ബോധപൂർവ്വമല്ലാത്ത വീഴ്ച മാത്രമായി കാണുന്നു. കാലപ്പഴക്കം പരിഗണിച്ചും ഇപ്പോൾ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ഈ തുക തിരിച്ചുപിടിക്കാൻ നിർവ്വാഹമില്ലാത്ത കാര്യം പരിഗണിച്ചു. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായതിനാലും. ഗുണഭോക്തൃവിഹിതം |

| | | | | |
|---|---|---|---|---|
| | | | കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്. എന്നാൽ ഗുണഭോക്തൃ വിഹിതം കുറവു ചെയ്യാതെ മുഴുവൻ തുകയും കണ്ട്രാക്ടർക്ക് അനുവദിച്ച് നൽകിയത് മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. 287894/ രൂപയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ള ഈ മരാമത്ത് പണിയുടെ ബില്ലിൽ നിന്നും ആനുപാതികമായ (15000*287894)=13709/രൂപ.<br>ഗുണഭോക്തൃ വിഹിതമായി കുറവ് ചെയ്യേണ്ടതായിരുന്നു. കുറവ് ചെയ്യാതെ തുക അനുവദിച്ചത് മൂലമുണ്ടായ 13709/ രൂപയുടെ നഷ്ടം കണ്ട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്. | തൊഴിലാളിയായിട്ട് ഈ ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാലും പരാമർശം ഒഴിവാക്കിതരുന്നതിന് അപേക്ഷിക്കുന്നു. |
| | | | 53 (1998-99) – അങ്കണവാടികളിൽ കക്കൂസ് നിർമ്മാണം. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>പദ്ധതി വിഹിതമിനത്തിൽ 20000/ രൂപയും തനത് ഫണ്ടിൽ നിന്ന് 5000/ രൂപയും അടങ്കൽ പ്രതീക്ഷിക്കുന്നതാണ് പ്രോജക്ട്. ആരോഗ്യകരമായ ചുറ്റുപാടിൽ വളരാനുള്ള സാഹചര്യം ഉണ്ടാക്കുക, വയറിളക്കം വിരശല്യം തുടങ്ങിയ രോഗങ്ങളിൽ നിന്ന് കുട്ടികൾക്ക് സംരക്ഷണം, ശുചിത്വബോധമുണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെ അങ്കണവാടിയിലുള്ള 3 വയസ്സിനും 6 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് വേണ്ടിയുള്ളതാണ് പ്രോജക്ട്. പത്ത് കക്കൂസുകൾക്ക് പദ്ധതിവിഹിതമിനത്തിൽ 20000/ രൂപയും തനത് ഫണ്ടിൽ നിന്നും 50000/ രൂപയും മാത്രമേ ചെലവഴിക്കുവാൻ പ്രോജക്ടിൽ വ്യവസ്ഥയുള്ളൂ. എന്നാൽ സന്നദ്ധസേവനമായി ചെയ്യേണ്ട 25000/ രൂപ കൂടി പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. ഇപ്രകാരം പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുകയിൽ അധികമായി 25000/ രൂപ പദ്ധതി വിഹിതമിനത്തിൽ ചെലവ് ചെയ്ത തുക നിർവഹണ ഉദ്യോഗസ്ഥനായ ഐ.സി.ഡി.എസ് സൂപ്പർ വൈസറായ വി. പ്രസന്ന കുമാരിയിൽ നിന്നും ഈടാക്കേണ്ടതാണ്. | ഗുണഭോക്താക്കൾ 5 വയസ്സിന് താഴെയുള്ള കുട്ടികളായതിനാൽ അവരിൽ നിന്ന് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാലും ഓരോ വർഷവും കുട്ടികൾ മാറി വരുന്നതിനാലും ഗുണഭോക്തൃവിഹിതം അടവാക്കുകയെന്നത് പ്രയാസമുള്ള കാര്യമായതിനാലാണ് ([illegible]) വിഹിതം വിനിയോഗിച്ചതെന്ന കാര്യം അങ്ങയെ ബോധിപ്പിക്കുന്നു. ഈ വസ്തുത പരിഗണിച്ച് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | 43 (99-2000) പ്രോജക്ട് നമ്പർ 35/992000 വനിത വ്യവസായ കേന്ദ്രം സ്ഥാപിക്കൽ പദ്ധതി നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ കേന്ദ്രം കെട്ടിടത്തിൽ ഇപ്പോൾ അംഗനവാടി കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സ് ഉൽപാദന യൂണിറ്റ് പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥിര |

| | | | | |
|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിലെ സ്ഥായിയായ വരുമാനമില്ലാത്ത വനിതകൾക്കായി സ്ഥിര വരുമാനം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വനിത വ്യവസായ കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചത്. ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക്സ് പോക്ക് നിർമ്മാണം, അപ്പർ ഇടി റെഡിമെയ്ഡ് ഗാർമെന്റ്സ് എന്നിവ ആരംഭിച്ച് 20 കുടുംബങ്ങളിലെ വനിതകൾക്ക് വരുമാനവും മാന്യതയും കൈവരുത്തുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. 9900 പശ്ചാത്തല സൗകര്യമൊരുക്കാനും 99/2000ത്തോടുകൂടി പദ്ധതി പ്രവർത്തനം ആരംഭിക്കാനുമാണ് ലക്ഷ്യമിട്ടതെങ്കിലും 200102 അവസാനിക്കാറായ ഈ അവസരത്തിൽ പോലും (ഓഡിറ്റ് നമ്പർ 12/2001) പദ്ധതി ലക്ഷ്യം കണ്ടില്ല എന്നത് പദ്ധതി നടത്തിപ്പിലെ പാളിച്ച തന്നെയാണ്.<br>പ്രോജക്ടിന്റെ പ്രവർത്തന കലണ്ടറനുസരിച്ച് സ്ഥലം വാങ്ങൽ, അതിന് ചുറ്റുമതിൽ നിർമ്മിക്കൽ കിണർ കുഴിക്കൽ ഗുണഭോക്താക്കളെ കണ്ടെത്തൽ എന്നിവ പൂർത്തിയാക്കാനും 2000 01 ൽ ഷെഡ് നിർമ്മാണം വയറിംഗ്, ഷെഡ് ഗുണഭോക്താക്കൾക്ക് പരിശീലനം, മെഷീനറി സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കി. | വരുമാനമില്ലാത്ത വനിതകളാണ് യൂണിറ്റ് നടത്തി കൊണ്ട് പോകുന്നത്. പഞ്ചായത്തിൽ പ്രതിമാസം 2000/ രൂപ വാടകയിനത്തിൽ ലഭിക്കുന്നുമുണ്ട്.<br>പ്രവർത്തി പൂർത്തിയായി ട്രില്ലു ഒരെണ്ണം പ്രവർത്തിച്ച് വരുന്നുണ്ട്. ആയത് പരിഗണിച്ച് ആക്ഷേപം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | പോരൂർ എച്ച്.സി.റിപ്പയർ - കൺവീനർക്ക് (സി.കെ. അബ്ദുൾ മജീദ്) അഡ്വാൻസ് ആയി 17500/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. Mbook No.04/2002-03 പേജ് നം 16 പ്രകാരം തയ്യാറാക്കിയിട്ടുള്ള ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുകയായ 17500/- രൂപ സെയിൽ ടാക്സ് തുകയായ 4848/- രൂപ എന്നിവ കുറവ് ചെയ്ത് ശേഷിക്കുന്ന തുകയായ - 47952/- രൂപ കൺവീനർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു. |
| | | | ട്രാക്ടർ ഷെഡ് - കൺവീനർക്ക് (ടി. ശ്രീധരൻ) അഡ്വാൻസ് ആയി 25000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. Mbook No.8/2002-03 പേജ് നം 21 പ്രകാരം തയ്യാറാക്കിയിട്ടുള്ള ഫൈനൽ ബില്ലിൽ നിന്നും അഡ്വാൻസ് തുകയായ 23750/- രൂപ സെയിൽ ടാക്സ് തുകയായ 4702/- രൂപ, KCWWF തുകയായ 950/- രൂപ എ.എസ്.ടി-718/-രൂപ എന്നിവ കുറവ് ചെയ്ത് ശേഷിക്കുന്ന തുകയായ - 51828/- രൂപ കൺവീനർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു. |
| | | കുറ്റിപ്പുറം | മരാമത്ത് പണികൾക്ക് മുൻകൂർ - ക്രമീകരിച്ചിട്ടില്ല. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ കളിസ്ഥലം പണിപൂർത്തിയായിട്ടില്ല. | കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ 1998-99 പദ്ധതിയിൽ ഉൾപ്പെട്ട പകരനെല്ലൂർ കളിസ്ഥലം എന്ന പ്രവർത്തിക്കുവേണ്ടി കൺവീനറായ കുഞ്ഞാലൻ കുട്ടി 53800 രൂപ മുൻകൂർ വാങ്ങിയതു തിരിച്ചടക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | ബിൽ തുക നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിലും അസി.എഞ്ചിനീയർ നേരിട്ട് നടത്തിയ അന്വേഷണത്തിലും കളിസ്ഥല നിർമ്മാണം 70 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർ പ്രവർത്തികൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നിരുന്നാലും ടി കളിസ്ഥലം നിലവിൽ വിവിധ കായിക വിനോദങ്ങൾക്ക് ഉപയോഗിച്ച് വരുന്നതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ടി പ്രവർത്തി കഴിഞ്ഞിട്ട് ഏകദേശം 20 വർഷം ആയിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |
| | | പുറത്തൂർ | (Para (9) വർഷം 1998-99)<br>1998-99 ലെ വിവിധ ജനകീയ പദ്ധതികളുടെ പേരിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് മുൻകൂറായി നൽകിയ 2,80,000 രൂപ ക്രമീകരിച്ചിട്ടില്ല. 3/99 ന് മുമ്പാണ് മുൻകൂറുകൾ നൽകിയത്. പണി നടത്തിയതിന് തെളിവില്ല. ഓംബുഡ്സ്മാന്റെ 10.08.2001 വിധി (OP 1072/2001) ലംഘിച്ചിരിക്കുകയാണ്.<br><br>(1) ബസ് സ്റ്റാന്റ്-കളൂർ റോഡ് മുൻകൂർ 25,000/- | നിലവിൽ പ്രവൃത്തി 1998-99 ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. എം-ബുക്ക് നമ്പർ 4/98-99 പേജ് നമ്പർ 37 ൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ, ഇറിഗേഷൻ സെക്ഷൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽ നൽകുമ്പോൾ മുൻകൂർ തുക കുറവ് ചെയ്തതായി എം-ബുക്കിന്റെ 40-ാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>Total value of work done : 93235.00<br>25% excess : 23308.00<br>Total : 116543.00<br>Advance Paid : 25000.00<br>Balance : 91541.00<br>Net amount payable limited to Project Amount : 90857.00<br>Amount spent by the committee : 186590.00<br>Passed for payment of Rs.90857.00<br>പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| | | | (Para (9) വർഷം 1998-99)<br>പതുവക്കെട്ടി - തൊട്ടുപാടം സബ് കനാൽ നിർമ്മാണം മുൻകൂർ 34,000/- | നിലവിൽ പ്രവൃത്തി 1998-99 ൽ തന്നെ പൂർത്തീകരിച്ചു. എം.ബുക്ക് നമ്പർ 3/97-98 (എസ്.സി.പി) തിയതി 9/02/1999 പേജ് നമ്പർ 79 ൽ എഴുതി പൂർത്തീകരിച്ചിട്ടുള്ളതായി ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 30/03/1999 ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.<br>ബിൽ തുക 1,56,272/-<br>അഡ്വാൻസ് 34,000/-<br>മറ്റ് കുറവുകൾ 11,730/-<br>ബാക്കി 1,10,542/-<br>പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| | | | (Para (9) വർഷം 1998-99)<br>തൃത്തല്ലൂർ കുടിവെള്ള പദ്ധതി മുൻകൂർ 27,000/- | നിലവിൽ പ്രവൃത്തി 1998-99 ൽ തന്നെ പൂർത്തീകരിച്ച എം.ബുക്ക് നമ്പർ 4/98-99 പേജ് നമ്പർ 27 പ്രകാരം പാർട്ട് ബിൽ സെക്രട്ടറിക്ക് സമർപ്പിച്ചതായി പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് സബ് ഡിവിഷൻ |

| | | | | |
|---|---|---|---|---|
| | | - | | സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പേജ് നമ്പർ 39 പ്രകാരം 46964/- രൂപയിൽ നിന്ന് മുൻകൂർ തുകയായ 27000/- കുറവ് ചെയ്ത് 19964/- രൂപയ്ക്കാണ് ബിൽ പാസ്സാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.<br>എം.ബുക്ക് നമ്പർ 2/98-99 പേജ് നമ്പർ 83 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതായി ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ബുക്കിന്റെ പേജ് നമ്പർ 85 പ്രകാരം ബിൽ തുകയായ 71868 രൂപയിൽ നിന്ന് മുൻകൂർ അടക്കമുള്ള പാർട്ട് ബിൽ തുകയായ 46964 രൂപ കുറവ് ചെയ്ത് 24904/- രൂപയ്ക്കാണ് ബിൽ പാസ്സാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| | | | (Para (8) വർഷം 1998-99)<br>ഗോതുരുത്ത് എസ് സി കോളനി റോഡ് മുൻകൂർ 69,000/- | നിലവിൽ പ്രവൃത്തി 1998-99 ൽ തന്നെ പൂർത്തീകരിച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ 69000/- രൂപ അഡ്വാൻസ് നൽകിയതായിട്ടാണ് പരാമർശിക്കുന്നത്. എന്നാൽ ടി പദ്ധതിയുടെ അടങ്കൽ തുക 58000/- രൂപയാണ് . ടിയാൻ 46875/- രൂപയ്ക്കാണ് ഈ വർക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ബില്ല് പരിശോധിച്ചതിൽ ടി അഡ്വാൻസ് തുകയായി 6900/- രൂപ നൽകിയത് ക്രമീകരിച്ച് ബാക്കി തുക 27490/- രൂപ [illegible] രൂപ 34380/- രൂപ മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്. 69000/- രൂപ നൽകി എന്നത് ഓഡിറ്റ് പരാമർശം രേഖപ്പെടുത്തിയപ്പോൾ വന്ന പിഴവാകനാണ് സാധ്യത എന്നാണ് ബില്ല് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് എന്നും ആയതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| | - | | വർഷം 1998-99)<br>ഇന്ദിരാജി കോളനി റോഡ്<br>മുൻകൂർ 20,000/-<br>തൃത്തല്ലൂർ ശുദ്ധജല പദ്ധതി- പൈപ്പ് വാങ്ങൽ<br>മുൻകൂർ 48,000/- | പുറത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന്റെ ഭാഗമായി 2011/12 വരെയുള്ള എല്ലാ വൗച്ചറുകളും രേഖകളും പഞ്ചായത്ത് കൃഷി ഭവന്റെ 1-ാം നിലയിലെ മുറിയിൽ മാറ്റി വെച്ചിരുന്നതായിരുന്നു. പിന്നീട് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് ഫയലുകൾ തിരിച്ചെടുത്ത സമയത്ത് പല ഫയലുകളും ചിതലരിച്ച് നഷ്ടപ്പെട്ടുപോയിരുന്നു. ഈ രണ്ട് പദ്ധതികളുടെയും ഫയലുകളും ഇപ്പോൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇന്ദിരാജി കോളനി റോഡ് പൂർത്തീകരിച്ച് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളതാണ്. തൃത്തല്ലൂർ ശുദ്ധജല പദ്ധതി പൂർത്തീകരിച്ച് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതാണ്. പഞ്ചായത്തിന്റെ 10/08/2007 ലെ 6/7(ഇ) നമ്പർ തീരുമാനത്തിൽ പ്രസ്തുത അഡ്വാൻസ് തുകകൾ ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്തതായി രേഖപ്പെടുത്തിയതായി കാണുന്നു. മേൽ വസ്തുതകൾ പരിഗണിച്ച് പ്രസ്തുത പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | വർഷം 1998–99)<br>GWLPS കെട്ടിട നിർമ്മാണം<br>മുൻകൂർ 50,000/- | നിലവിൽ പ്രവൃത്തി 1998-99 ൽ തന്നെ പൂർത്തീകരിച്ചു. എം-ബുക്ക് നമ്പർ 6/97 – 98 തീയതി 9/02/99 പേജ് നമ്പർ 50-51 ൽ എഴുതി പൂർത്തീകരിച്ചിട്ടുള്ളതായി ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 31/03/1999 ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അഡ്വാൻസ് തുക 50,000/- നൽകിയത് ഫൈനൽ പാർട്ട് ബില്ല് നൽകിയപ്പോൾ ക്രമീകരിച്ചിട്ടുണ്ട്.<br><br>ബിൽ തുക 203998/-<br>അഡ്വാൻസ് 50000/-<br>ബാക്കി 153998/-<br><br>ആയതിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| | | ഖണ്ഡിക<br>2 | **കാർഷിക യന്ത്ര വൽക്കരണ പദ്ധതി – ലക്ഷ്യങ്ങൾ പാഴായി**<br>കാർഷിക സംഘടിത യന്ത്ര വൽക്കരണം – കൊയ്ത്തുമെതിയന്ത്രം വാങ്ങലും ഉപയോഗവും പ്രോജക്ടിന്റെ അടങ്കലുകൾ – പദ്ധതി വിഹിതത്തിൽ നിന്നും 11,00,000 രൂപയും, തനത് ഫണ്ടിൽ നിന്ന് 1,97,000 രൂപയും മറ്റിനങ്ങളിൽ 3,000 രൂപയും ചേർത്ത് 13,00,000/- രൂപയുടെ അടങ്കൽ പ്രതീക്ഷിക്കുന്ന പ്രോജക്ട് പ്രകാരം കൊയ്ത്ത് മെതി യന്ത്രം വാങ്ങി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വാടകക്ക് നൽകി കൃഷിയെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഗ്രാമ പഞ്ചായത്തിലെ 530 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന എല്ലാ കർഷകരെയും ഗുണഭോക്താക്കളാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്ന് പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യപ്പെടുന്ന മുൻഗണനാ ക്രമത്തിൽ യന്ത്രം കുറഞ്ഞ നിരക്കിൽ വാടകക്ക് ലഭ്യമാക്കുമെന്ന സമ്മതപത്രം വാങ്ങി പൊതു പരിപാടിയിൽ വെച്ച് യന്ത്രങ്ങൾ സഹകരണ സംഘങ്ങളെ ഏൽപ്പിക്കണമെന്നാണ് വ്യവസ്ഥ. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ജോലിയുള്ള സമയങ്ങളിൽ കുറഞ്ഞ നിരക്കിലും, പഞ്ചായത്തിനു പുറത്ത് വാടക കൂട്ടിയും ഉപയോഗിക്കാവുന്നതാണ്. റിപ്പയർ സഹകരണ സംഘങ്ങൾ തന്നെ ചെയ്യണമെന്നുമാണ് നിബന്ധന. യന്ത്രങ്ങളുടെ പ്രവർത്തനവും അക്കൗണ്ടുകളും കൃഷി ഓഫീസർ പരിശോധിക്കേണ്ടതും, കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ വിശകലന പ്രകാരം | [illegible] ഗ്രാമപഞ്ചായത്ത് കരാർ പ്രകാരം കൊയ്ത്ത് മെതിയന്ത്രവും ട്രാക്ടറും 06/06/2003 ന് കാർഷിക വികസനസൊസൈറ്റിക്ക് (എ.ഡി.എസ്) കൈമാറിയിരുന്നു. 2006 മാർച്ച് മാസം വരെ യന്ത്രം പ്രവർത്തന ക്ഷമമായിരുന്നു. ഇതിനു ശേഷം തകരാറിലായ കൊയ്ത്ത് മെതി യന്ത്രം റിപ്പയർ ചെയ്യാൻ സ്പെയർ പാർട്സിന്റെ ദൗർലഭ്യം മൂലം സാധിച്ചിരുന്നില്ല. ട്രാക്ടർ 2008 വരെ പ്രവർത്തിച്ചിരുന്നതായി എ.ഡി.എസ് സമർപ്പിച്ച ബോർഡ് പാസ്ബുക്കിലൂടെയും, ഓഡിറ്റ് റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ 21/05/2015. ലെ ഓഡിറ്റ് അദാലത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരവും ആയതിന്റെ അടിസ്ഥാനത്തിൽ 4/06/2015 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരവും ഉപയോഗശൂന്യമായ യന്ത്രങ്ങളും, അനുബന്ധസാമഗ്രികളും കണ്ടം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാൻ തീരുമാനിച്ചിരുന്നു. യന്ത്രങ്ങൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ ശേഷിക്കുന്ന തുക 7014/- രൂപ പഞ്ചായത്തിൽ 28/11/2016 ന് എ.ഡി.എസ് സെക്രട്ടറി തിരിച്ചടച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ യന്ത്രസാമഗ്രികൾ കണ്ടം ചെയ്യുന്നതിലേക്ക് വാല്യുവേഷൻ ലഭ്യമാക്കുന്നതിലേക്ക് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന് 22/01/2016 ന് അപേക്ഷിച്ചിട്ടുണ്ട്. വാല്യുവേഷൻ ലഭ്യമാകുന്ന മുറക്ക് യന്ത്രസാമഗ്രികൾ ലേലം ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിലേക്ക് ഓഡിറ്റ് വിഭാഗത്തിന് അറിയിപ്പ് നൽകുന്നതാണെന്ന് ബോധിപ്പിക്കുന്നു. |

ചെലവ് താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചിരിക്കുന്നത്.

ബോധവൽക്കരണം- 5,000
ഗ്രൂപ്പ് ചർച്ച 10 എണ്ണം- 2,000
കൊയ്ത്തുമെതിയന്ത്രം- 8,00,000
ട്രാക്ടർ ട്രെയിലർ - 3,91,500
മോണിറ്ററിംഗ് - 1,000
മറ്റ് ചെലവുകൾ - 3,000
12,02,000

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നവയാണ്.

8 ലക്ഷം രൂപയുടെ കൊയ്ത്തുമെതിയന്ത്രം വാങ്ങുമെന്ന നിബന്ധനക്കു വിരുദ്ധമായി 13.77 ലക്ഷം രൂപയുടെ കൊയ്ത്തുമെതി യന്ത്രം വാങ്ങിയതായി കാണുന്നു. 3,91,500 രൂപയുടെ ട്രാക്ടർ ട്രെയിലർ വാങ്ങുമെന്ന് നിശ്ചയിച്ചിരുന്നത് വാങ്ങിയതായി കാണുന്നില്ല. 7.11.2000 ലും, 11.1.2000 ലും 6 ലക്ഷം രൂപയുടെ വീതം ചെക്ക് റെയ്ഡ്കോക്ക് നൽകിയതായി കാണുന്നു. 5 ലക്ഷത്തിലധികം വരുന്ന തുക ട്രഷറിയിൽ നിന്നു മാറുവാൻ സാധിക്കുകയില്ലെന്നുള്ള ജി.ഒ.(എം.എസ്) നം. 634/98/ഫിൻ, തീയതി-08.02.98 എന്ന ഉത്തരവിനു വിരുദ്ധമായി 5 ലക്ഷത്തിലധികം വരുന്ന ചെക്കുകൾ നൽകിയതിലൂടെ റെയ്ഡ്കോക്ക് പണമാക്കി മാറ്റുവാൻ സാധിക്കാതിരിക്കുകയും, ചെക്ക് മടങ്ങി വന്നതു മൂലം കൊയ്ത്ത് മെതി യന്ത്രം വാങ്ങുവാൻ ഒരു വർഷം താമസിക്കുകയും ചെയ്തു. ആവശ്യത്തിന് പണം ഉണ്ടായിരുന്നിട്ടും നിയമാനുസൃതം ചെലവു ചെയ്യാതിരുന്നതു മൂലം കർഷകർക്ക് മെതി യന്ത്രം ഉപയോഗിക്കുവാൻ സാധിച്ചില്ല. യന്ത്രം വയലിൽ ഇറക്കുന്നതിനു വേണ്ടി പ്രത്യേകം എഞ്ചിൻ ഉപയോഗിക്കേണ്ടത് വാങ്ങാതിരുന്നതു മൂലം യന്ത്രത്തിന്റെ ഉപയോഗം വീണ്ടും വൈകിയതായി കാണുന്നു. 3.7.2002 ൽ ലഭ്യമായ യന്ത്രം 09.09.2002 ൽ ആദ്യമായി പ്രവർത്തിപ്പിച്ചതായി രേഖകളിൽ കാണുന്നു. യന്ത്രം സഹകരണ സംഘത്തെ ഏൽപിച്ചതിനു രേഖകളില്ല. യന്ത്രം ഉപയോഗിക്കുന്ന കർഷകരിൽ നിന്നും വാടക എത്ര ഈടാക്കണമെന്ന് വ്യവസ്ഥ എഴുതിയിട്ടില്ല. അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിയാനം വന്നതിന് ഡിപിസിയുടെ സാധൂകരണം വാങ്ങിയതായി കാണുന്നില്ല. 12.77 ലക്ഷം രൂപ മുടക്കി കൊയ്ത്ത് മെതി യന്ത്രം വാങ്ങിയെങ്കിലും നാളിതുവരെ കർഷകർക്ക് പ്രയോജനമുണ്ടായതായി

| | | | | |
|---|---|---|---|---|
| | | | രേഖകളിൽ കാണാത്ത സാഹചര്യത്തിൽ ചെലവ് ചെയ്ത തുക 13.77 ലക്ഷം രൂപ തടസ്സം ചെയ്യുന്നു. | |
| | | എ.ആർ നഗർ | സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2 യന്ത്രക്കൊയ്ത്തുകൾ പാടശേഖര സമിതികൾക്ക് നൽകിയിട്ടുണ്ട്. ഇവ 1,06,000/- രൂപക്ക് റെയ്ഡ്കോയിൽ നിന്നാണ് യന്ത്ര കലപ്പ വാങ്ങിയത്. പാടശേഖര സമിതി സെക്രട്ടറിയാണ് കലപ്പ കൈപ്പറ്റിയത്. യന്ത്ര കലപ്പയുടെ ഉപയോഗം സംബന്ധിച്ച് പഞ്ചായത്ത് രേഖയൊന്നും സൂക്ഷിച്ചിട്ടില്ല. യന്ത്ര കലപ്പയുടെ ഉപയോഗം മൂലമുള്ള വരവ് ചെലവ് കണക്കുകൾ ഇത് വരെ പഞ്ചായത്തിലോ കൃഷിഭവനിലോ ലഭ്യമാക്കിയിട്ടില്ല.<br>3/03 ൽ ആണ് കലപ്പ വാങ്ങിയത്. എന്നാൽ ഇതുവരെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കാത്തത് ക്രമവിരുദ്ധമാണ്. കലപ്പ ഇപ്പോൾ ഉപയോഗപ്രദമല്ല എന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലായത്. 54,000/- രൂപ വീതം മുടക്കി വാങ്ങിയ 2 കലപ്പകളും 1 വർഷം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ഉപയോഗ പ്രദമല്ലാതെയായത് പ്രത്യേകം അന്വേഷിക്കേണ്ടതാണ്. ഈ കാരണത്താൽ ഈ പ്രോജക്ടിന്റെ ഉദ്ദേശം തന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. യന്ത്രോപകരണങ്ങൾ വാങ്ങിയത് ശരിയായ രീതിയിൽ ഉപയോഗിക്കുകയോ, കൈകാര്യം ചെയ്യുകയോ ചെയ്തിട്ടില്ല. ഇതിന് പാടശേഖരസമിതിയുമായി കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള നഷ്ട പരിഹാരം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ ഹാജരാക്കാൻ പാടശേഖര കമ്മിറ്റികൾക്ക് പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്<br>– | അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്തിന്റെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡിക 3.10.1 (iv) ൽ പരാമർശിച്ച വിഷയം 'കാർഷിക യന്ത്രവൽക്കരണം പാളി - ലക്ഷങ്ങൾ പാഴാകുന്നു.' എന്നതിന്റെ നിലവിലെ സ്ഥിതി സമക്ഷം അറിയിക്കുന്നു. 2003 മാർച്ചിലാണ് 54000 രൂപ വീതം ചെലവഴിച്ച് രണ്ട് കലപ്പ വാങ്ങിയത്. യന്ത്രക്കലപ്പ വാങ്ങിയ സമയത്ത് ഇരുന്നൂ പക്രമായി നാല് കുറച്ച് കാലം ഉപയോഗിക്കാതെ വന്നെങ്കിലും 2004-05 വർഷത്തിൽ കലപ്പക്ക് റബ്ബർ ടയർ വാങ്ങി കലപ്പ ഉപയോഗപ്രദമാക്കി ഒരു വർഷത്തിലധികം കാർഷിക ആവശ്യത്തിന് ആയത് ഉപയോഗിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ പരാമർശത്തിൽ പ്രതിപാദിച്ച കാർഷിക ഉപകരണങ്ങൾ യാതൊരുവിധത്തിലും ഉപയോഗയോഗ്യമാക്കാൻ സാധിക്കാത്ത തരത്തിലാണ്. ആയത് റിപ്പയർ ചെയ്യാനാകാത്ത വിധം കേടായി വന്നിരിക്കയാണെന്നും റിപ്പയറിന് വൻതുക ചെലവ് വരുമെന്നും ആയതിനാൽ യന്ത്രകലപ്പകൾ പാടശേഖര സമിതിയിൽ നിന്നും തിരിച്ചെടുത്ത് ലേലം ചെയ്യുന്നതിന് അനുമതിക്കായി കൃഷി ഓഫീസർ അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് ഭരണസമിതി 01/02/2018 ലെ 13(4) തീരുമാനപ്രകാരം യന്ത്രക്കലപ്പകൾ ലേലം ചെയ്യുന്നതിന് കൃഷി ഓഫീസർക്ക് അനുമതി നൽകി തീരുമാനിക്കുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ 17/05/2018 ന് പ്രസ്തുത ഉപകരണങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), ആനക്കയം, മലപ്പുറം എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. മൂല്യ നിർണ്ണയം ലഭ്യമാകുന്ന മുറക്ക് പ്രവർത്തന രഹിതമായ യന്ത്രക്കലപ്പകൾ ലേലം ചെയ്യുന്നതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ബോധിപ്പിക്കുന്നു. ഓഡിറ്റ് ഖണ്ഡികയുടെ പരാമർശിത വിഷയത്തിന്റെ മേൽ പറഞ്ഞ നിലവിലെ സ്ഥിതി വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി ബോധിപ്പിക്കുന്നു. |
| | | പെരുവള്ളൂർ | പവർ ടില്ലർ വരവ് വിവരം ലഭ്യമല്ലാത്തത് സംബന്ധിച്ച് 18.12.2001ലെ 3(സി) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പവർടില്ലർ പാടശേഖരസമിതികൾക്ക് പ്രതിമാസം 4500/- രൂപയിൽ കുറയാത്ത തുക കൈവശമാണ് അടിസ്ഥാനത്തിൽ നൽകുന്നതിനായി തീരുമാനിച്ചതായി കാണുന്നു ഈ തീരുമാനത്തിൽ തന്നെ കൈവശമാണ് നടത്തുന്നതിനായി കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയ | പ്രതിമാസം 4500 രൂപയിൽ കുറയാത്ത തുകക്ക് ടില്ലർ വാടകക്ക് നൽകുന്നതിന് 12/01 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൃഷി ഓഫീസറെ ചുമതലപ്പെടുത്തുകയാണുണ്ടായത്. മേൽ പറഞ്ഞ ഓഡിറ്റ് പരാമർശത്തിന് ശേഷം ടില്ലർ വാടകക്ക് നല്കുകയും 6300 രൂപ വാടകയിനത്തിൽ 20/10/2004 ന് 53802/50 നമ്പർ രശീതി പ്രകാരം ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ടില്ലർ യന്ത്രതകരാറ് മൂലം വാടകക്ക് നല്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിൽ പവർ |

| | | | | |
|---|---|---|---|---|
| | | | തായും കാണുന്നു എന്നാൽ 2001-02 വർഷം ഇനത്തിൽ യാതൊരു തുകയും പഞ്ചായത്തിന് വരവ് വന്നതായി കാണുന്നില്ല ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ ടി പഞ്ചായത്ത് വിജ്ഞാനം നടപ്പിലാക്കിയ യാതൊരുവിധ രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. ഈ ഇനത്തിലുണ്ടായ വരവ് വിവരം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അഥവാ നിർവ്വഹണ ഉദ്യോഗസ്ഥൻ ടി തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ 1/02 മുതൽ 3/02 വരെയുള്ള മൂന്ന് മാസക്കാലത്തേക്ക് പ്രതിമാസം 4600 രൂപ തോതിൽ മൊത്തം 13800 രൂപ ടിയാനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. | ട്രില്ലർ റിപ്പയർ ചെയ്യാനാവാത്ത വിധം ജീർണ്ണിച്ചിരിക്കുകയാണ്. ആയത് മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് ഡിസ്പോസ് ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ആയതിൽ വാല്യുവേഷൻ ലഭിക്കുന്നതിനും ലേലം നടത്തി തുക ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| | | ഊർങ്ങാട്ടിരി | സഹകരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ദുരുപയോഗം ചെയ്തു.<br><br>1998-99 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 35(4) ഖണ്ഡിക-47<br>1. നാളികേര യൂണിറ്റ് തുടങ്ങാൻ ഊർങ്ങാട്ടിരി സർവ്വീസ് ബാങ്കിന് 99 മാർച്ചിൽ 8,00,000 രൂപ നൽകിയിരുന്നു. ഒരു വർഷത്തിനുള്ളിൽ യൂണിറ്റ് തുടങ്ങണമെന്നും അല്ലാത്തപക്ഷം പലിശ സഹിതം തുക തിരിച്ചടക്കണമെന്നും പദ്ധതിരേഖ നിർദ്ദേശിച്ചിരുന്നു. പദ്ധതി നിർവ്വഹണം 2003 ഫെബ്രുവരിയിലും പൂർത്തിയായിട്ടില്ല. മാത്രമല്ല സംഘം ടി തുക ദൈനംദിന ക്രയ വിക്രയങ്ങൾക്കായി ഉപയോഗിച്ചതായും കാണുന്നു. | 1. 1998-99 പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയുടെ 174 മുതൽ 178 വരെ പേജുകളിൽ സഹകരണം എന്ന വികസന മേഖല സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചാണ് നാളികേര സംസ്കരണ യൂണിറ്റ് എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കിനെ നിർവ്വഹണ ഏജൻസിയായി തീരുമാനിച്ച് നടപ്പിലാക്കിയത്. പ്രസ്തുത നിർവ്വഹണ മാർഗ്ഗരേഖയുടെ 174-ാം പേജിലെ ആദ്യ ഖണ്ഡികയിൽ സഹകരണ സ്ഥാപനങ്ങളെ നിർവ്വഹണ ഏജൻസികളാക്കി പദ്ധതി നിർവ്വഹണം നടത്തുന്നത് ഏറ്റവും ഉത്തമമായ നിർവ്വഹണ രീതിയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെയും മറ്റ് അനുബന്ധ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിച്ച് മാത്രമാണ് ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്കിന് 8 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്.<br>നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനുവദിച്ച 8 ലക്ഷം രൂപ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് ദുരുപയോഗം ചെയ്തിട്ടില്ല. ഇതുവരെയായി 38,93,944/- രൂപ ചെലവഴിച്ച് കൊപ്ര സംസ്കരണ യൂണിറ്റ് വിജയകരമായി പ്രവർത്തി പൂർത്തിയാക്കി. സംസ്കരണ യൂണിറ്റിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി 01/03/2006 ന് നിർവ്വഹിച്ചു. നാളികേര സംസ്കരണ യൂണിറ്റ്, പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ആയതിനാൽ ഇത് സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ചു കൊള്ളുന്നു. |

| | | | | |
|---|---|---|---|---|
| | | | 2. ക്ഷീര സംസ്കരണ വ്യവസായ സൊസൈറ്റി സ്ഥാപിക്കുന്നതിന് വനിത വ്യവസായ സഹകരണ സംഘത്തിന് ഗ്രാമപഞ്ചായത്ത് 61,838 രൂപ പദ്ധതിവിഹിതം നൽകിയതായി കാണുന്നു. ഇതിൽ 60,780 രൂപ അന്ത്രധ്വജൾക്കായിരുന്നു. പദ്ധതിരേഖ പ്രകാരം 25,162 രൂപ ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടിയിരുന്നു. ഇത് പിരിക്കാതെ മുഴുവൻ ചെലവും പദ്ധതി വിഹിതത്തിലാണ് നിർവഹിച്ചത്. മറ്റൊരു 12,058 രൂപ പ്രവർത്തന മൂലധനം പദ്ധതി വിഹിതത്തിൽ നിന്ന് നൽകരുതെന്ന് സർക്കാർ ഉത്തരവുള്ളതിനാൽ ഇത് നിയമ വിരുദ്ധമാണ്. | ക്ഷീര സംസ്കരണ വ്യവസായ സൊസൈറ്റി സ്ഥാപിക്കുന്നതിനായി പ്രവർത്തന മൂലധനമായി നൽകിയ 12,058/- രൂപ 31/10/2009-ലെ തീയതിയിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ തിരികെ അടവാക്കിയിട്ടുള്ളതും ആയതിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനായി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മലപ്പുറം എൽഎഫ്എഫ്.1541/2008 തീയതി 08/01/2008 കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നത് സർക്കാരിന്റെ 28/07/2015 ലെ സ.ഉ.(സാധാ)നം.2326/2015 നമ്പർ പ്രകാരം ആയതിന് സാധൂകരണം ലഭിച്ചിട്ടുണ്ട്. |
| | | ചുങ്കത്തറ | (1997-98, 1998-99,1999-2000 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 6) സർക്കാർ ഉത്തരവിന് വിരുദ്ധമായി ചുങ്കത്തറ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന ധന സഹായമായി ഗ്രാമ പഞ്ചായത്ത് 150000 രൂപ പദ്ധതി വിഹിതം നൽകി. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിനൽകിയ പദ്ധതി വിഹിതം പലിശ സഹിതം തിരിച്ച് ഈടാക്കേണ്ടതാണ്.<br>കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് ധനസഹായം നൽകിയത് - ഓഡിറ്റിൽ അനുവദിക്കുന്നില്ല.<br>31.03.1999ലെ 148-ാം നമ്പർ വൗച്ചർ പ്രകാരം 1,50,000 രൂപ ചുങ്കത്തറ കൺസ്യൂമർ സ്റ്റോറിന് ധന സഹായം നൽകി കാണുന്നു. 1997-98 ലെ 94-ാം നമ്പർ പ്രോജക്ട് പ്രകാരമാണ് തുക നൽകിയിരുന്നത്. 23.11.1998ലെ 48806/പി3/98/തസ്വഭവ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങൾക്ക് ധന സഹായം, പ്രവർത്തന മൂലധനത്തിനുള്ള ധനസഹായം, മാനേജീരിയൽ സബ്സിഡി ഷെയർ മൂലധനം എന്നിവ നൽകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 1,50,000രൂപ ബന്ധപ്പെട്ടവരിൽ നിന്നും പലിശ സഹിതം ഈടാക്കി പ്ലാൻ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. | ചുങ്കത്തറ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് ധന സഹായമായി ഗ്രാമ പഞ്ചായത്ത് 150000/- രൂപ പദ്ധതി വിഹിതം നൽകിയത് തിരിച്ചു പിടിച്ച് 18/04/2016 തീയതിയിലെ എസ്.ബി.ടി.339 നമ്പർ ചലാൻ മുഖേന 1,50,000/- രൂപ സർക്കാരിലേക്ക് 3604-00-911-99 ഹെഡ് ഓഫ് അക്കൗണ്ട് മുഖേന എക്കൗണ്ട് സബ് ട്രഷറിയിലൂടെ തിരിച്ചടച്ചിട്ടുണ്ട്. പലിശ അടവാക്കിയിട്ടില്ല. ചുങ്കത്തറ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് സംബന്ധിച്ചിടത്തോളം പലിശ അടയ്ക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിലും, ഗ്രാമപഞ്ചായത്തിന് കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടികയിലെ മേഖലാ ചുമതലകളിലെ XIX(2) പ്രകാരം സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയെന്ന ചുമതല കൂടിയുള്ളതു കണക്കിലെടുത്തും പലിശ ഒഴിവാക്കിത്തരണമെന്നും 3.10.1(V) നമ്പർ ഖണ്ഡികയിലെ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു. |

# 2005/06 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2.63.1 | ആനക്കയം | **തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല 1.75 ലക്ഷം പാഴ് ചെലവ്.**<br>(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3(ന))<br>തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. 1.75 ലക്ഷം പാഴ് ചെലവ് (2002-03 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(ന)).<br>കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്ന പദ്ധതി ലക്ഷ്യം കാണാത്തതിനാൽ ചിലവഴിച്ച 175000 രൂപ പാഴ് ചെലവായി. പദ്ധതി പ്രകാരം 2003 മാർച്ചിൽ 175000 രൂപ ചെലവഴിച്ച് വാങ്ങിയ ട്യൂബ്, സി എഫ് എൽ വിളക്ക് എന്നിവ സ്ഥാപിച്ചിട്ടില്ല. മാത്രമല്ല തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തെരഞ്ഞെടുത്ത സ്ട്രീറ്റ് ലൈനില്ലാത്ത സ്ഥലങ്ങളായതിനാൽ വിളക്ക് സ്ഥാപിക്കുക പ്രായോഗികമല്ലെന്ന് വൈദ്യുതി ബോർഡ്. നടപ്പിലാക്കുന്നതിനു മുമ്പ് വൈദ്യുതി ബോർഡുമായി ചർച്ച ചെയ്ത് പദ്ധതി പ്രായോഗികമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. ഇതു ചെയ്യാതെ പദ്ധതിക്ക് അംഗീകാരം ലഭിച്ച ഉടനെ 175000 രൂപയ്ക്ക് വിളക്കുകൾ വാങ്ങുന്നതിന് മുൻഗണന നൽകിയതിൽ ദുരൂഹത ഉണ്ട്. ചുരുക്കത്തിൽ ഒരു വർഷത്തെ വാറണ്ടി മാത്രമാണ് സാധനങ്ങൾക്ക് ഉണ്ടായിരുന്നത്. സമയപരിധിക്കുള്ളിൽ സാധനങ്ങൾ ഉപയോഗിക്കാതെ തന്നെ വാറണ്ടി കഴിഞ്ഞുപോയി. ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ് | 2002-03 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ 125 ട്യൂബ് ലൈറ്റുകളും 10 സോഡിയം വേപ്പർലാമ്പുകളും പൂർണ്ണമായി സ്ട്രീറ്റ് ലൈൻ ഉള്ളതും സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമുള്ളതുമായ സ്ഥലങ്ങൾ കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് കണ്ടെത്തി സ്ഥാപിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട വാർഡു മെമ്പർമാരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിലൂടെ ഈ പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിച്ചതായി ബോധിപ്പിക്കുന്നു. |
| 2 | 2.64.1 | മൂർക്കനാട് | കാർഷികാവശ്യത്തിന് ട്രാക്ടർ : പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ<br>(1997-2002) ഓഡിറ്റ് റിപ്പോർട്ട് (പദ്ധതി വിഹിതം) ഖണ്ഡിക 6)<br>നിർവ്വഹണത്തിലെ അപാകതകൾ നിമിത്തം കാർഷികാവശ്യത്തിന് ട്രാക്ടർ വാങ്ങൽ പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല.<br>ഗ്രാമപഞ്ചായത്ത് കാർഷികാവശ്യത്തിന് ട്രാക്ടർ വാങ്ങുന്നതിന് 3,34,950 രൂപ 20-06-98 ന് ഓയിസ്കേക്ക് നൽകി. കൃഷി വികസനത്തിന് വകകൊള്ളിച്ചതിലും ബാക്കി നിൽക്കുന്ന തുക | അധികാര വികേന്ദ്രീകരണം ആരംഭിച്ചതിന്റെ ആദ്യവർഷങ്ങളിൽ കൃത്യമായ അറിവും പരിചയവും നിബന്ധനകളുടെ വ്യക്തത കുറവും ഉണ്ടായിരുന്നതിനാലും 1997-98 ലെ പ്രോജക്റ്റുകൾക്ക് തന്നെ വിനിയോഗത്തിന് 30/06/1998 വരെ സമയം അനുവദിച്ചിരുന്നതിനാലുമാണ് കൃത്യ നിഷ്ഠയോടെ കാര്യങ്ങൾ ചെയ്യുവാൻ കഴിയാതിരുന്നത്. കാർഷിക മേഖലയിൽ യന്ത്ര വൽക്കരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിക്ക് അറിവുകളും ഉണ്ടായിരുന്നില്ല. അന്ന് നിലവിലുള്ള കാർഷിക മേഖലക്ക് പഞ്ചായത്തിന്റെ വക ഒരു സഹായം (കുറഞ്ഞ നിരക്ക് വാടക നൽകി) എന്നതായിരുന്നു ലക്ഷ്യം. പക്ഷെ ലക്ഷ്യം നിറവേറ്റുന്നതിന് കഴിയാതിരുന്നത് മേഖലയിൽ കൃത്യമായ ആസൂത്രണ |

| | | | | |
|---|---|---|---|---|
| | | | ഉപയോഗിച്ച് ട്രാക്ടർ വാങ്ങുവാൻ പഞ്ചായത്ത് തീരുമാനം എടുത്തതല്ലാതെ അംഗീകൃത പദ്ധതിയോ ഡി.പി.സി യുടെ അംഗീകാരമോ ഹാജരാക്കിയിട്ടില്ല. ട്രാക്ടർ എന്നാണ് ലഭിച്ചതെന്നോ സ്റ്റോക്ക് വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതിയിലോ പഞ്ചായത്ത് തീരുമാനത്തിലോ ട്രാക്ടർ വാടക എത്രയാണെന്നോ ഏതടിസ്ഥാനത്തിലാണ് വാടകക്ക് നൽകുന്നതെന്നോ രേഖപ്പെടുത്തിയിട്ടില്ല. ബി.എൽ.ഇ.സി യുടെ 14-12-99 ലെ തീരുമാന പ്രകാരം ട്രാക്ടർ 29-03-2000 ൽ സർവ്വീസ് സഹകരണ ബാങ്കിന് കൈമാറിയെങ്കിലും ബാങ്കുമായി യാതൊരുവിധ ഉടമ്പടിയും വെച്ചിട്ടില്ല. 27-06-98 ലെ ക്യാഷ് ബിൽ പ്രകാരം [illegible] ഫേമിൽ നിന്നും കൈപ്പറ്റിയ ട്രാക്ടർ 29-03-2000 ൽ സഹകരണ ബാങ്കിനെ ഏൽപ്പിക്കുന്നതുവരെയുള്ള ഏകദേശം രണ്ട് വർഷക്കാലത്തേക്ക് വാടകയിനത്തിൽ ഒരു രൂപ പോലും പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്നുള്ളത് പദ്ധതിയുടെ പരാജയം വ്യക്തമാക്കുന്നു.<br>11/99 ൽ രജിസ്റ്റർ ചെയ്യുകയും 16-02-99 ന് ഭരണസമിതി തീരുമാനത്തിൽ ലേലവ്യവസ്ഥ നിശ്ചയിക്കുകയും ചെയ്തിട്ടും ഇത്രയും കാലം ട്രാക്ടർ എന്ത് ചെയ്തുവെന്നതിന് വിശദീകരണം നൽകിയിട്ടില്ല.<br>3,34,950 രൂപ പഞ്ചായത്ത് ചെലവഴിച്ച് പഞ്ചായത്ത് ട്രാക്ടർ വാങ്ങുകയും 29-03-2000 വരെ പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശത്തിൽ ഉണ്ടായിരുന്നതുമായ ട്രാക്ടറിന്റെ ഉപയോഗത്തെ സംബന്ധിച്ചും വാടക പഞ്ചായത്തിന് ലഭിക്കാതെ പോയതും സമഗ്രമായ അന്വേഷണം മേൽ വകുപ്പ് തലത്തിൽ നടത്തി പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. | ധാരണയില്ലായ്മയും, Stores Purchase നിയമത്തിൽ പരിജ്ഞാനക്കുറവ്, ജനപ്രതിനിധികളുടെ അറിവില്ലായ്മ എന്നിവ മൂലമാണ്, കരുതിക്കൂട്ടി സർക്കാർ പണം ദുർവ്യയം നടത്തിയതല്ല എന്ന് ബോധിപ്പിക്കുന്നു.<br>യന്ത്രം പഞ്ചായത്തിൽ കിടന്ന് നാശമായി പോകരുത് എന്ന സദുദ്ദേശത്തോടെ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 10/11/1999 ലെ 42660/സി.പി.2/99/എൽ.എസ്.ജി.ഡി (55) നമ്പർ കത്തിന്റെയും ബ്ലോക്ക് ബി.എൽ.ഇ.സി യുടെ 22/02/2000 ലെ 1-ാം നമ്പർ തീരുമാനത്തിന്റെയും പഞ്ചായത്തിന്റെ 25/02/2000 ലെ 18-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ കൃഷ്ണപുരം സർവ്വീസ് സഹകരണ ബാങ്കിന് കൈമാറുകയുണ്ടായി. പ്രസ്തുത കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറിയും കൃഷി ആഫീസറും സേവനത്തിൽ നിന്നും പിരിഞ്ഞു പോവുകയും പഞ്ചായത്ത് കമ്മിറ്റിയിലെ ജനപ്രതിനിധികൾ പലരും മരിച്ചുപോയിട്ടുള്ളതിനാലും 20 വർഷങ്ങൾക്കു മുമ്പ് നടന്ന പ്രോജക്ട് ആയതിനാലും ട്രാക്ടർ 2000 ൽ തന്നെ സഹകരണ സംഘം സെക്രട്ടറിയുടെ പേരിൽ ഏറ്റെടുത്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അഭ്യർത്ഥിക്കുന്നു. |
| 3 | 3.84.2 | മൂർക്കനാട് | ഓഫ് സെറ്റ് പ്രസ്സ് : 7.6 ലക്ഷം രൂപ നഷ്ടം (1997-98-2001-2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 14) മിനി ഓഫ്സെറ്റ് പ്രസ്സ് സ്ഥാപിച്ച് വനിതകളുടെ തൊഴിലില്ലായ്മക്ക് അറുതി വരുത്താൻ ലക്ഷ്യമിട്ട പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് 7,62,705 രൂപ നഷ്ടപ്പെടുത്തി.<br>നിയമങ്ങളും നിർദ്ദേശങ്ങളും ലംഘിച്ച് ധനാപഹരണം തോന്നിക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ ആണ് പദ്ധതി നിർവ്വഹണത്തിൽ ഉടനീളം കാണുന്നത്. 1998-1999 ലാണ് രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് പദ്ധതി ആവിഷ്കരിച്ചത്. 1998-1999 ൽ 2,00,000 രൂപ പദ്ധതി വിഹിതം വകയിരുത്തിയപ്പോൾ 8 ലക്ഷം രൂപ ചെലവഴിച്ചു. ഇത് വികേന്ദ്രീകൃതാസൂത്രണ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മെഷിനറി ഈ തുക നൽകിയത് കെ.ഡബ്ല്യു.സി.ഡി എസ് എന്ന സ്ഥാപനത്തിനാണ് എന്ന് കാണുന്നു. ഇത് ധനാപഹരണത്തിന് | മൂർക്കനാട് ഗ്രാമപഞ്ചായത്തിലെ 1422/98 രജിസ്ട്രേഷൻ നമ്പറായി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി കോളങ്ങാട്ടുകര എന്ന സ്ഥാപനത്തിന്റെ ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചു വന്നിരുന്ന ആളാണ് ശ്രീ. മൊയ്തീൻകുട്ടി. മുഹമ്മദ് വാടകയ്ക്കെടുത്ത എന്നയാൾ പ്രസ്തുത സ്ഥാപനത്തിന് വനിതാ ഓഫ് സെറ്റ് പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കുന്നതിന് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽപ്പെടുത്തി 7 ലക്ഷം രൂപ അനുവദിച്ചിരുന്നു. സൊസൈറ്റി സെക്രട്ടറി ശ്രീമതി. ബിന്ദുവാണ് തുക കൈപ്പറ്റിയതെങ്കിലും ടിയാൻ പിന്നീട് രാജിവെക്കുകയും ശ്രീ. മൊയ്തീൻ കുട്ടി ജോയിന്റ് സെക്രട്ടറിയായി സ്വയം അവരോധിതനാവുകയും ചെയ്തതായി തെളിഞ്ഞിട്ടുണ്ട്. മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 1998-99 കാലഘട്ടത്തിൽ നടപ്പിലാക്കിയ വനിതാ ഓഫ് സെറ്റ് പ്രസ്സ് എന്ന |

| | | | | |
|---|---|---|---|---|
| | | | മുഖ്യമാണ്. വനിതാ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി രൂപീകരിച്ച് പദ്ധതി നിർവ്വഹിക്കാനായിരുന്നു ലക്ഷ്യം. സൊസൈറ്റി രൂപീകരിച്ചതിന് തെളിവില്ല. പ്രിന്റിംഗ് പ്രസ്സിന് വേണ്ടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ എസ്റ്റേറ്റിലെ 2,000/-രൂപ വീതം പ്രതിമാസം ലഭിക്കുന്ന 2 മുറികൾ വർഷങ്ങളോളം മാറ്റിവെച്ച് വാടക നഷ്ടപ്പെടുത്തി. ലക്ഷങ്ങളുടെ നഷ്ടത്തിന് ഇടയാക്കിയ പദ്ധതി നിർവ്വഹണം അന്വേഷണത്തിന് വിധേയമാക്കണം | പദ്ധതി പൂർണ്ണമായി പരാജയപ്പെട്ടതിന് കാരണക്കാരനായ ശ്രീ. മൊയ്തീൻ കുട്ടിയിൽ നിന്നും പദ്ധതി തുക 7 ലക്ഷം രൂപ ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശം ലഭിച്ചിരുന്നു. ബാധ്യതക്കാരൻ സ്വമേധയാ പണം അടക്കാത്തതിനാൽ റവന്യു റിക്കവറിയിലൂടെ പ്രസ്തുത തുക ഈടാക്കുവാൻ ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ WP(C)6913/17 നമ്പറായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിനുവേണ്ടി പ്രസ്തുത കേസിൽ ഹൈക്കോടതി യിൽ ഹാജരാകുന്ന അഡ്വ. നിജാമ് പി. കെ യിൽ നിന്നും ലഭിച്ച നിയമോപദേശത്തിൽ സ്റ്റേ ഓർഡർ നിലനിൽക്കുന്നതായും പഞ്ചായത്ത് ബഹു. ഹൈക്കോടതിയുടെ നിലവിലുള്ള ഇടക്കാല സ്റ്റേ ഉത്തരവ് അനുസരിക്കാൻ ബാധ്യസ്ഥമാണെന്നും ആയതിനാൽ WP(C) 6913/2017 നമ്പർ കേസിന്റെ വിധി വരുന്നത് വരെ ശ്രീ. മൊയ്തീൻകുട്ടിക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയില്ല എന്നും കേസിൽ അന്തിമവിധി ന്യായം വരുന്നതുവരെ കാത്തിരിക്കാനുമാണ് അറിയിച്ചിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. |
| 4 | 2.86.1 | കീഴാറ്റൂർ | വനിതാ സഹകരണ സംഘത്തിന് ധനസഹായം 3.07 ലക്ഷം പാഴ്ചെലവ്. 1999-2000 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3(8)<br>വനിതാ സഹകരണ സംഘത്തിന് ധനസഹായം നൽകിയ 3,07,140/- രൂപ സംഘം പ്രവർത്തനം ആ വർഷം തന്നെ നിലച്ചതിനാൽ പാഴ്ചെലവായി. വനിതാ സഹകരണ സംഘം സെക്രട്ടറിക്ക് 31/03/2000 ൽ 3,07,140/- രൂപ നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട്, അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ സംബന്ധിച്ച ഫയൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.<br>സംഘത്തിന്റെ ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനാണെന്ന് കാണുന്നു. ഗുണഭോക്തൃ സമിതിയുടെ ചെയർമാനായി ഒരു പഞ്ചായത്ത് അംഗത്തിന് പ്രവർത്തിക്കാൻ വ്യവസ്ഥയില്ലാത്തതാണ്.<br>ടൈപ്പ് റൈറ്റിംഗ്, കമ്പ്യൂട്ടർ തുടങ്ങിയവ സ്ഥാപിച്ച് പരിശീലനം നൽകുന്നതിനായി ആരംഭിച്ച സംഘം ആ വർഷം തന്നെ പ്രവർത്തനരഹിതമായതായി മിനുട്സിൽ നിന്നും വ്യക്തമാകുന്നു. പ്രവർത്തനയോഗ്യ മല്ലാത്ത പദ്ധതികൾക്ക് ഭീമമായ തുക നൽകിയത് പാഴ്ചെലവാണ്. ഭരണ വകുപ്പ് സമഗ്രമായ അന്വേഷണം നടത്തി ഉത്തരവാദികളായവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്. | കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് വനിത സഹകരണ സംഘത്തിന് നൽകിയ ധനസഹായം വിനിയോഗിച്ച് വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം, ടൈപ്പ്റൈറ്റർ പരിശീലനം, റെക്സിൻ ബാഗ് നിർമ്മാണ പരിശീലനം, തയ്യൽ പരിശീലനം എന്നിവ 2003-04 വർഷം വരെ നടന്നു വരുന്നതാണ്. തുടർ വർഷങ്ങളിൽ പരിശീലനാർത്ഥികളുടെ അഭാവം മൂലം പ്രവർത്തനം അവസാനിപ്പിക്കുകയായിരുന്നു. ഗ്രാമപഞ്ചായത്ത് അനുവദിച്ച ധനസഹായം വിനിയോഗിച്ച് വാങ്ങി നൽകിയ യന്ത്ര സാമഗ്രികൾ പഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുള്ളതാണ്. ശ്രീമതി. ഉഷ എന്നവർ പഞ്ചായത്തംഗം എന്ന നിലയിൽ പദ്ധതിയിൽ മോണിറ്ററിംഗ് സമിതി ചെയർമാൻ മാത്രമായിരുന്നു എന്ന വിവരവും സമർപ്പിക്കുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2005–06) കോട്ടക്കൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശ വിഷയം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2005–2006 | 2.65.1 | **വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിന് അധികം തുക നൽകി. (2002–03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 18)**<br>പദ്ധതി പ്രകാരം യുവതികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് ജനറൽ വിഭാഗത്തിൽ ഒരാൾക്ക് 1000 രൂപ പ്രകാരം 100 വനിതകൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരാൾക്ക് 2000 രൂപ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ എജ്യൂക്കേഷൻ സെന്ററിന് 31/03/03 ൽ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ഹാജർ പ്രകാരം ആകെ 80 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളത്. ഇതിൽ തന്നെ 29 പേർ പുരുഷൻമാരാണ്. വനിതകൾ മാത്രമാണ് ഗുണഭോക്താക്കൾ എന്ന് പദ്ധതിയിൽ വ്യക്തമായിരിക്കെ പുരുഷൻമാർക്ക് പരിശീലനം നൽകിയത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. കൂടാതെ 80 പേർക്ക് മാത്രം പരിശീലനം ലഭിച്ചിട്ട് 110 പേർക്കായി അനുവദിച്ചിരുന്ന മുഴുവൻ തുകയും നൽകിയതു വഴി 30000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ അധികമായി ആകെ ചെലവഴിച്ച 30000 രൂപ ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരണത്തിന് വിശദീകരണവും നൽകേണ്ടതാണ്. | കമ്പ്യൂട്ടർ പരിശീലനത്തിനായി അധികമായി ചിലവഴിച്ച 30000 രൂപയും വനിതകൾക്ക് മാത്രമായ പ്രോജക്ടിന് വിരുദ്ധമായി 29 പുരുഷൻമാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയ ഇനത്തിലുള്ള 29000 രൂപയും തിരികെ പിടിക്കുന്നതിന് 17/11/2006 ന് ഇ 807/2005 നമ്പർ പ്രകാരം കൺവീനർ, മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ എജ്യൂക്കേഷൻ സെന്റർ, കോട്ടക്കൽ എന്നവരോട് ബൈ ലോ [illegible] മറുപടി സമർപ്പിക്കാൻ ആവശ്യപ്പെട്ടു. നാളിതുവരെ തുക അടവാക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. |

31/2023.

## 2006/07 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2.71.1 | [illegible] | കേന്ദ്രാവിഷ്കൃത പദ്ധതി -ഭക്ഷ്യധാന്യം അനുവദിക്കൽ - കേന്ദ്ര സർക്കാരിനു നഷ്ടം 92177/- രൂപ<br>2.71.1 കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് അർഹതപ്പെട്ടതിലധികം ഭക്ഷ്യധാന്യം അനുവദിച്ചതു മൂലം കേന്ദ്രസർക്കാരിനു 92177/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. | 1(1) ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ നടപടിക്ക് മറുപടി പുനരധിവാസമേഖലയിൽ അധികം നൽകിയ അരിയുടെ സബ്സിഡി തുക 92177/- രൂപ കണ്ടിജന്റിൽ നിന്നും ഈടാക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ആയതു പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ സ്വമേധയാ തുക എസ്.ബി. എന്നായാൾ പ്രസ്തുത തുക 17.10.2018 തീയതിയിൽ 11306103450 നമ്പർ ചലാൻ പ്രകാരം അടവാക്കിയിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ബഹു. നിയമസഭ അക്കൗണ്ടന്റ്സ് കമ്മിറ്റിയോടു സവിനയം അപേക്ഷിക്കുന്നു. |

| വർഷം | [illegible] | [illegible] | [illegible] | [illegible] | [illegible] | നഷ്ടം |
|---|---|---|---|---|---|---|
| 2002-03 | 15 | [illegible] | 23380 കി | 35000 കിലോ | 1610 കിലോ | 9211/- |
| 2002-03 | 16 | [illegible] | 33260 കിലോ | 45000 കിലോ | 11740 കിലോ | 58874/- |
| 2002-03 | 17 | [illegible] | 2720 കിലോ | 7444 കിലോ | 4724 കിലോ | 24092/- |
| ആകെ | | | | | | 92177/- |

| | | | | |
|---|---|---|---|---|
| 2 | 3.11.2 | അരീക്കോട് | 1) 2.21 (2000-2001) നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് (1997-98 പ്രോജക്റ്റ്)<br>1998-99 ൽ വൗച്ചർ നമ്പർ 214/10.06.98, 30/05.03.99 പ്രകാരം 89139/- രൂപ 1 എച്ച്.പി മോട്ടോർ, റൂളിംഗ് മെഷീൻ, കട്ടിംഗ് മെഷീൻ, പഞ്ചിങ് മെഷീൻ എന്നിവയുടെ വിലയായി റെയ്ഡ്കോ ക്ക് നൽകിയിട്ടുണ്ട്. തുക ഈ പ്രോജക്റ്റിനായി ചെലവ് ചെയ്തിട്ടുണ്ട്. ഇവ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്നതല്ലാതെ പ്രോജക്റ്റ് പ്രകാരം നോട്ട് ബുക്ക് നിർമ്മാണം നടന്നു വരുന്നില്ല | 1. 1997-98 പദ്ധതിയിൽ ഉൾപ്പെടുത്തി നോട്ടുബുക്ക് നിർമ്മാണ യൂണിറ്റിന് ആവശ്യമായ സാധനസാമഗ്രികൾ റെയ്ഡ്കോ മുഖേന വാങ്ങുന്നതിന് 89139 രൂപ ചിലവഴിച്ചിരുന്നു. എന്നാൽ നേരത്തെ തയ്യാറാക്കി മുന്നോട്ടു വന്ന ഗുണഭോക്തൃ ഗ്രൂപ്പുകൾ നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ ഈ ആവശ്യത്തിലേക്ക് വാങ്ങിയ യന്ത്ര സാമഗ്രികൾ കൈമാറാൻ സാധിച്ചില്ല. 19/08/2010 ന് അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 126/2010 നമ്പർ തീരുമാന പ്രകാരം നിയോഗിച്ച സബ്കമ്മറ്റി പ്രസ്തുത മെഷിനറികൾ പ്രവർത്തനക്ഷമമല്ല എന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21/04/2016 ലെ 10/2014-15 നമ്പർ തീരുമാന പ്രകാരം വാല്യുവേഷൻ തയ്യാറാക്കി നൽകുന്നതിന് കോഴിക്കോട് മെക്കാനിക്കൽ എൻജിനിയർക്ക് കത്ത് നൽകുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം കത്ത് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത ഉപകരണങ്ങൾ മുഴുവൻ ഉപയോഗപ്പെടുത്താത്തതിനാലും നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നപേക്ഷിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ ആസൂത്രണ- നിർവ്വഹണ നടപടികളിലെ പരിചയ കുറവ് മൂലമാണ് പദ്ധതിയുടെ ഭാഗമായി ലഭിച്ച ആസ്തികൾ വിനിയോഗിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരുന്നതെന്ന വിവരം ബോധിപ്പിക്കുന്നു. |
| | | | 2) 2.22 (2000-2001) 1998-99 വർഷ പ്രോജക്റ്റ് - തുടർ മോണിറ്ററിംഗ് നടത്തുന്നില്ല.<br>1998-99 ൽ വൗച്ചർ നമ്പർ 74/30.03.1999 (പ്ലാൻ) പ്രകാരം 49,375/- രൂപ ഗ്രൈന്റിംഗ് മെഷീൻ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വൗച്ചർ നമ്പർ 94/31.03.99 പ്ലാൻ (പ്ലാൻ), വൗച്ചർ നമ്പർ 109976/31.03.99 പ്രകാരം 52,250/- രൂപ സിമന്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന മെഷീൻ (1.5 എച്ച്.പി മോട്ടോർ തുടങ്ങിയവ) എന്നിവ വാങ്ങുന്നതിനും ചെലവഴിച്ചതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല. നിർദ്ദിഷ്ട പ്രോജക്റ്റിൽ വിനിയോഗിക്കാതെ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ അവശേഷിപ്പിച്ചതാണ് ഓഡിറ്റിൽ ലഭ്യമാക്കേണ്ട വിശദീകരണം | 2. അരീക്കോട് ഗ്രാമപഞ്ചായത്തിന്റെ 1998-99 വർഷത്തെ പദ്ധതിയുടെ ഭാഗമായി 52250/- രൂപ വിനിയോഗിച്ച് കറി പൗഡർ നിർമ്മാണപാക്കിംഗ് യൂണിറ്റിന് ആവശ്യമായ ഗ്രൈന്റിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത് (എന്നാൽ സിമന്റ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് എന്നത് ഓഡിറ്റ് പരാമർശത്തിൽ വന്ന പിശകാണെന്നും മറ്റു പൊടിച്ച് കവറിനുള്ളിലാക്കുന്ന യൂണിറ്റിനുള്ള യന്ത്ര സാമഗ്രികളാണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്). എന്നാൽ നേരത്തെ തയ്യാറാക്കി മുന്നോട്ടു വന്ന ഗുണഭോക്തൃ ഗ്രൂപ്പുകൾ കറി പൗഡർ നിർമ്മാണയൂണിറ്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തതിനാൽ ഈ ആവശ്യത്തിലേക്ക് വാങ്ങിയ യന്ത്ര സാമഗ്രികൾ കൈമാറാൻ കഴിഞ്ഞിരുന്നില്ല. 19/08/2010 ന് അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 126/2010 നമ്പർ തീരുമാനപ്രകാരം നിയോഗിച്ച സബ് കമ്മിറ്റി പ്രസ്തുത മെഷിനറികൾ പ്രവർത്തനക്ഷമമല്ല എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21/04/2016 ലെ 10/2014-15 കോഴിക്കോട് മെക്കാനിക്കൽ എഞ്ചിനിയർക്ക് കത്ത് നൽകുന്നതിന് നമ്പർ തീരുമാനപ്രകാരം വാല്യുവേഷൻ തയ്യാറാക്കി നൽകുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം കത്ത് നൽകിയിട്ടുള്ളതുമാണ്. |

<table>
<tr><td></td><td></td><td></td><td></td><td>ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ ആസൂത്രണ - നിർവ്വഹണ നടപടികളിലെ പരിചയക്കുറവ് മൂലമാണ് പദ്ധതിയുടെ ഭാഗമായി ലഭിച്ച ആസ്തികൾ വിനിയോഗിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതെന്ന വിവരം ബോധിപ്പിക്കുന്നു. ഗുണഭോക്തൃഗ്രൂപ്പുകളെ കൃത്യമായി കണ്ടെത്തുന്നതിനും യന്ത്രസാമഗ്രികൾ കൃത്യമായി വിനിയോഗിക്കുന്നതിനും കഴിഞ്ഞിരുന്നില്ല. ഉപയോഗക്ഷമമല്ലാത്ത ഉപകരണങ്ങൾ നിയമാനുസൃതം വാല്യുവേഷൻ നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>3</td><td>3.71.2</td><td>വെട്ടത്തൂർ</td><td><u>പദ്ധതി ലക്ഷ്യം കൈവരിച്ചില്ല</u><br>വ്യക്തമായ പഠനം നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും പദ്ധതിപ്പണം വിനിയോഗം ചെയ്തുകാണുന്നു. തന്മൂലം പദ്ധതി പൂർത്തിയാക്കാനോ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനോ സാധിച്ചിട്ടില്ല. അതിനുവേണ്ടി ചെലവിട്ട തുക പാഴായി. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><td>റിപ്പോർട്ട് വർഷം</td><td>ഖണ്ഡിക</td><td>പദ്ധതി വിവരണം</td><td>ചെലവിട്ട തുക</td><td>റിമാർക്സ്</td></tr><tr><td>1998-99</td><td>2-18</td><td>വനിതാ തൊഴിൽ പരിശീലന കേന്ദ്രം</td><td>224834</td><td>പൂർത്തീകരിച്ചിട്ടില്ല</td></tr></table></td><td>2,24,834/- രൂപയിൽ 50,000/- കെട്ടിട നിർമ്മാണ പ്രവർത്തിയ്ക്ക് നൽകിയ മുൻകൂർ തുകയും 174834/- രൂപ ടൈപ്പ് റൈറ്റർ, ഫാൻ, ബെഞ്ച്, ഡസ്ക്, കസേര, മേശ, അലമാര, കമ്പ്യൂട്ടർ എന്നിവയ്ക്കുമായാണ് ചെലവഴിച്ചിരുന്നത്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ഉടൻ തന്നെ 10/08/2000 ലെ 66- നമ്പർ തീരുമാന പ്രകാരം ഇൻസ്ട്രക്ടർമാരെ നിയമിച്ചുകൊണ്ട് പരിശീലന പരിപാടി ആരംഭിക്കുകയും ഏതാണ്ട് 3 വർഷക്കാലം തുടർച്ചയായി പരിശീലനം നൽകുകയും ചെയ്തിരുന്നു. നിലവിൽ പരിശീലന പരിപാടികൾ നടക്കുന്നില്ല. 31/03/1999 ന് വാങ്ങിയ സാധന സാമഗ്രികളിൽ ടൈപ്പ് റൈറ്റർ (3 എണ്ണം), കമ്പ്യൂട്ടർ (2 എണ്ണം) എന്നിവ കാല പഴക്കത്താൽ ഉപയോഗ യോഗ്യമല്ലാതെ വിധം ആയതിനാൽ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. മറ്റുള്ളവ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. പഠിതാക്കളുടെ കുറവു കാരണം ടൈപ്പ് റൈറ്റിംഗ് പരിശീലനം നിർത്തി വെക്കേണ്ടിവന്നു. പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്ന തുടർ വർഷങ്ങളിലെ പരിശീലനങ്ങൾ ആരംഭിക്കാൻ സാധിച്ചതുമില്ല. ചെലവിലുൾപ്പെട്ട കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ആയതിൽ നിലവിൽ കുടുംബശ്രീ ഓഫീസ് പ്രവർത്തിച്ചു വരുകയും 3 വർഷത്തോളം പരിശീലന പരിപാടി നടന്നതും പരിഗണിച്ച് തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.</td></tr>
<tr><td>4</td><td>3.71.3</td><td>ആറ്റൂർ</td><td><u>മുൻകൂർ തുക കൈപ്പറ്റി - പണി പൂർത്തിയാക്കാത്ത പ്രവർത്തി - തുക ഈടാക്കേണ്ടതാണ്.</u><br>പ്രവർത്തി - പുത്തൂർ കോളനി റോഡ്<br>കൺവീനർ - പി. ചന്ദ്രശേഖരൻ<br>മുൻകൂർ - 134/31.3.3-5000/- മൊത്തം 25000/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രവർത്തിക്ക് 5000/- രൂപ കൺവീനർ മുൻകൂർ കൈപ്പറ്റി കാണുന്നുവെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തിയാക്കി കാണുന്നില്ല. പ്രവർത്തികളുടെ പുരോഗതി സംബന്ധിച്ച് ആവശ്യപ്പെട്ടപ്പോൾ ആയത് നടപ്പാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മുൻകൂർ തുക</td><td>ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശ പ്രകാരം പുത്തൂർ കോളനി റോഡ് എന്ന പ്രവർത്തിക്ക് അഡ്വാൻസായി നൽകിയ തുക 5000 രൂപയും 12 ശതമാനം പിഴപ്പലിശ 600 രൂപയും സഹിതം ആകെ 5600/- രൂപ രസീത് നമ്പർ 1805016071 തിയതി 25.02.2019 പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | ഈടാക്കാൻ യാതൊരു വിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. മുൻകൂർ തുക 12 % പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ് | |
| 5 | 3.71.2 | മങ്കട | മങ്കട ഗ്രാമപഞ്ചായത്തിന്റെ 2001 - 02 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയായില്ല പലവക പണം പാഴായി - കടന്നപ്പാടം - ആണിയത്തോട് റിപ്പയർ പ്രവർത്തിക്ക് 3,043/- രൂപ കൺവീനറായ പാപ്പിക്കോട്ടിൽ ബഷീർ എന്നയാൾ മുൻകൂറായി കൈപ്പറ്റി പണി പൂർത്തിയാക്കാത്തത് തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് | കൺവീനർ ശ്രീ. പാപ്പിക്കോട്ടിൽ ബഷീർ എന്നവർ മുൻകൂറായി കൈപ്പറ്റിയ തുക 3043/- രൂപ പിഴപ്പലിശ 4352/- രൂപ സഹിതം 28/06/2013 തീയതിയിലെ 11304100875 നമ്പർ രസീത് പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്. |
| 6 | 3.71.2 | പോരൂർ | 1. കക്കോട്ടിരികോളനി കിണർ (1997-98) കൺവീനർക്ക് (പി.ശിവശങ്കരൻ) അഡ്വാൻസ് ആയി 12000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 1997-98 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള കക്കോട്ടിരികോളനി കിണർ നിർമ്മാണം എന്ന പ്രവർത്തി നിർവ്വഹണത്തിനുവേണ്ടി രൂപീകരിച്ച ഗുണഭോക്തൃ സമിതിക്ക് 3/4.4.98 7000 രൂപയും പിന്നീട് പ്രവർത്തിയുടെ പുരോഗതി വിലയിരുത്തി 19/30.06.98 പ്രകാരം 5000/- രൂപയും അനുവദിച്ചിരുന്നു പ്രോജക്റ്റ് രജിസ്റ്റർ പ്രകാരം ടി പ്രവർത്തി 2001-02 സാമ്പത്തിക വർഷത്തിലാണ് പൂർത്തീകരിച്ചത് ആയത് പ്രകാരം മുൻകൂർ തുകകൾ ക്രമീകരിച്ച് 30/03/2002 ൽ അവശേഷിക്കുന്ന തുക 10662/- രൂപ 790064/30/03/2004 പ്രകാരം കൺവീനർക്ക് നൽകിയതായി ബോധ്യപ്പെട്ടുകൊള്ളുന്നു. |
| | | | മൊട്ടക്കുഴി കോളനി കിണർ കൺവീനർക്ക് (പി.കരുണാകരൻ) അഡ്വാൻസ് ആയി 7000/ രൂപ മുൻകൂർ നല്കിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 22.08.2014 തിയ്യതിയിലെ 11406102877 നമ്പർ രസീത് പ്രകാരം അഡ്വാൻസ് തുക തിരികെ അടവാക്കിയിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരുന്നതിന് അഭ്യർത്ഥിക്കുന്നു. |
| | | | പുത്തക്കോവ് കുറ്റിയിൽ റോഡ് പുനരുദ്ധാരണം (1996-98) കൺവീനർക്ക് (ടി മുജീബ് റഹ്മാൻ) അഡ്വാൻസ് ആയി 80,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.14/98-99 ന്റെ പേജ് നം 27, 28 പ്രകാരം പണി പൂർത്തീകരിച്ചതാണ്. അഡ്വാൻസ് ആയത് നൽകിയ 80,000/- രൂപ ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |
| | | | ചോറ്റുപറമ്പ് വിളക്കുപിന റോഡ് പുനരുദ്ധാരണം (1998-99) കൺവീനർക്ക് (പി.ഹംസ) അഡ്വാൻസ് ആയി 7000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.19/98-99 പേജ് നം 29 പ്രകാരം പണി പൂർത്തീകരിച്ചതാണ്. അഡ്വാൻസ് ആയത് നൽകിയ 7,000/- രൂപ ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |
| | | | പുണ്ണിയംപറ്റ പട്ടികജാതി കോളനി കോട്ടക്കുന്ന് റോഡ് പുനരുദ്ധാരണം കൺവീനർക്ക് (എം.സുബ്രഹ്മണ്യൻ) അഡ്വാൻസ് ആയി 20,500/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.19/98-99 പേജ് നം 29 പ്രകാരം പണി പൂർത്തീകരിച്ചതാണ്. അഡ്വാൻസ് ആയത് നൽകിയ 20,000/- രൂപ ഫൈനൽ ബില്ലിൽ കുറവ് ചെയ്തിട്ടുണ്ട്. ആയത് പരിഗണിച്ച് പരാമർശം ഒഴിവാക്കി നൽകുന്നതിന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | എളങ്കോണം പൊട്ടിക്കുളം റിപ്പയർ (1999–00) കൺവീനർക്ക് (പി.വാസുദേവൻ) അഡ്വാൻസ് ആയി 6,200/- രൂപ മുൻകൂർ നൽകിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.10/1999 ന്റെ പേജ് നം.42 പ്രകാരം ഫൈനൽ ബില്ല് നൽകിയതിൽ അഡ്വാൻസ് തുകയായ 6,200/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നു. |
| | | | കല്ലട പയറ്റിൽ പാടം നടപ്പാലം പുനരുദ്ധാരണം കൺവീനർക്ക് (പി.കൃഷ്ണൻ നായർ) അഡ്വാൻസ് ആയി 5,100/ രൂപ മുൻകൂർ നൽകിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | റോഡിന്റെ പേര് കല്ലട പയറ്റിൽ പാടം എം.ബുക്ക് നം.22/98-99 ന്റെ പേജ് നം.35 പ്രകാരം ഫൈനൽ ബില്ല് നൽകിയതിൽ അഡ്വാൻസ് തുകയായ 5,700/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് ഓഡിറ്റ് വകുപ്പിനോട് അപേക്ഷിക്കുന്നു. |
| | | | തിരുനെല്ലി പുള്ളി പാലക്കാട് റോഡ് വികസനം കൺവീനർക്ക് (കെ.ദേവദാസൻ) അഡ്വാൻസ് ആയി 15,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | ടി പ്രവർത്തിയുടെ നിർവ്വഹണത്തിനായി 2000-01 വാർഷിക പദ്ധതിയിൽ 60,000/- രൂപ വകയിരുത്തുകയും നിർവ്വഹണത്തിനുവേണ്ടി രൂപീകരിച്ച ഗുണഭോക്തൃ സമിതി കൺവീനർക്ക് 15,000/- രൂപ ചെക്ക് നമ്പർ 600182/9.2.2001 പ്രകാരം അനുവദിച്ചിരുന്നു. ടി പ്രവർത്തി 2003-04 സാമ്പത്തിക വർഷത്തിലാണ് പൂർത്തീകരിക്കുകയും മുൻകൂർ തുകകൾ ക്രമീകരിച്ച് അവശേഷിക്കുന്ന തുകയായ 20642/- രൂപ വൗച്ചർ നമ്പർ 96/4/11/2003 പ്രകാരം കൺവീനർക്ക് നൽകിയതായി ബോധിപ്പിച്ചു കൊള്ളുന്നു. |
| | | | വിതനശ്ശേരി നാരായണിക്കുന്ന് റോഡ് പുനരുദ്ധാരണം കൺവീനർക്ക് (വി.പി വിജയൻകുട്ടി) അഡ്വാൻസ് ആയി 2900/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 22.08.2014 തീയതിയിലെ 11406102305 നമ്പർ രസീത് പ്രകാരം അഡ്വാൻസ് തുക തിരികെ അടച്ചിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരുന്നതിന് അഭ്യർത്ഥിക്കുന്നു. |
| | | | മണലേപ്പാല ഈരുവഴിപ്പാതയ്ക്ക് നടപ്പാലം പുനരുദ്ധാരണം കൺവീനർക്ക് (ഒ.വി അബ്ദുള്ള ഹാജി) അഡ്വാൻസ് ആയി 2500/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 2000-01 വാർഷിക പദ്ധതിയിലെ ടി പ്രവർത്തിയുടെ നിർവ്വഹണത്തിനായി 28000/- രൂപ വകയിരുത്തുകയും ഗുണഭോക്തൃ സമിതി കൺവീനറായിരുന്ന ആറുവീട്ടിൽ അബ്ദുള്ള ഹാജി എന്നയാൾക്ക് മുൻകൂറായി 7,000/- രൂപ 144/22/03/2001 വൗച്ചർ പ്രകാരം അനുവദിക്കുകയും ചെയ്തിരുന്നു.<br>എന്നാൽ പ്രവർത്തിയുടെ ഫലപ്രദമായ പൂർത്തീകരണത്തിനായി കൂടുതൽ പ്രവർത്തനം നടത്തുന്നതിന് എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ടായിരുന്നു. എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള ക്രമങ്ങൾ നടന്നുവരവെ കൺവീനർ മരണപ്പെട്ടതിനാൽ പ്രവർത്തി നിലച്ചുപോവുകയായിരുന്നു. തുടർന്ന് അഡ്വാൻസ് തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയതിനെ തുടർന്ന 2007-08 വർഷത്തിൽ കൺവീനറായിരുന്ന ആറുവീട്ടിൽ അബ്ദുള്ള ഹാജിയുടെ മകൻ മുൻ എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തി പൂർത്തീകരിക്കുകയും ആയത് പ്രകാരം എൽ.എസ്.ജി.ഡി അസി. എഞ്ചിനീയർ പാസാക്കിയ 21,173/- രൂപയുടെ ഫൈനൽ ബിൽ നൽകിയത് പ്രകാരം അഡ്വാൻസ് തുക 7000/- രൂപ ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്ത് അവശേഷിക്കുന്ന തുക ഫൈനൽ [illegible] എന്ന |

| | | | | |
|---|---|---|---|---|
| | | | | ഇനത്തിൽ റിക്കവറി നടത്തുകയും ചെയ്തിട്ടുണ്ട്. എം ബുക്ക് നമ്പർ 1/96-97 പേജ് നം. 61 |
| | | | തൊടികപ്പുലം കോളനി കിണർ റോഡ് പുനരുദ്ധാരണം കൺവീനർക്ക് (പി.വി.കുഞ്ഞാലൻകുട്ടി) അഡ്വാൻസ് ആയി 2500/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 28/06/2014 തിയ്യതിയിലെ 11406102678 നമ്പർ രസീത് പ്രകാരം അഡ്വാൻസ് തുക തിരികെ അടവാക്കിയിട്ടുണ്ട്. ആയതിനാൽ ടി പരാമർശം ഒഴിവാക്കി തരുന്നതിന് അഭ്യർത്ഥിക്കുന്നു. |
| | | | തൊട്ടുപ്പുറം പറയൻ കോളനി റോഡ് പുനരുദ്ധാരണം കൺവീനർക്ക് (കെ.ബാലകൃഷ്ണൻ) അഡ്വാൻസ് ആയി 8,271/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.22/1998-99 ന്റെ പേജ് നം.41 പ്രകാരം ഫൈനൽ ബില്ല് നൽകിയിട്ട് അഡ്വാൻസ് തുകയായ 8,271/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് വകുപ്പിനോട് അപേക്ഷിക്കുന്നു. |
| | | | അയനിക്കാട് വിതനച്ചേരി റോഡ് പുനരുദ്ധാരണം കൺവീനർക്ക് (കെ.മുഹമ്മദ്) അഡ്വാൻസ് ആയി 10,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.02/2003-04 ന്റെ പേജ് നം.48 പ്രകാരം ഫൈനൽ ബില്ല് നൽകിയതിൽ അഡ്വാൻസ് തുകയായ 10,000/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | അയനിക്കാട് വിതനച്ചേരി റോഡ് നിർമ്മാണം കൺവീനർക്ക് (പി.അലവി) അഡ്വാൻസ് ആയി 16,320/- രൂപ (8 ബാരൽ ടാർ വില = 901 (കൺവീനർ), ആകെ- 17221/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | 2001-02 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ടി പ്രവർത്തിക്ക് 10,000/- രൂപ കൺവീനർക്ക് (പി. അലവി) അഡ്വാൻസ് നൽകിയിട്ടുണ്ട് കൂടാതെ ടാർ വെണ്ടയായി (17211+4665) രൂപ എന്നിങ്ങനെ 8 ബാരൽ ടാർ അനുവദിച്ചിട്ടുണ്ട്. 2005-06 ൽ ബന്ധപ്പെട്ട എഞ്ചിനീയർ 37468/- രൂപ ഫൈനൽ ബിൽ തയ്യാറാക്കിയതിൽ നിന്നും 1620/- രൂപയുടെ അധിക പ്രവർത്തികൾ കുറവ് ചെയ്യുകയും ശേഷിക്കുന്ന 35848/- രൂപയിൽ നിന്നും മുൻകൂർ തുക, ടാർ വില, ബാരൽ വില അടക്കം 32796/- രൂപ കുറവ് ചെയ്ത് നികുതി ഇനത്തിൽ 3402/- രൂപ ,ബില്ലിൽ കൂട്ടി കുറച്ച ശേഷം അവശേഷിച്ച 3052/- രൂപ, എം.ബുക്ക് നം.02/2003-04 ന്റെ പേജ് നം.45 പ്രകാരം നൽകിയിട്ടുണ്ട്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | തലപ്പൊലിപറമ്പ് കിഴക്കേക്കര റോഡ് കൺവീനർക്ക് (കെ.സി ചന്ദ്രൻ) അഡ്വാൻസ് ആയി 35,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.03/1993-94 ന്റെ പേജ് നം.16 പ്രകാരം ഫൈനൽ ബില്ല് നൽകിയതിൽ അഡ്വാൻസ് തുകയായ 35,000/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |
| | | | പമ്പ്പു കോളനി റോഡ് സൈഡ് കെട്ടൽ കൺവീനർക്ക് (വിളക്കോടൻ കോരൻ) അഡ്വാൻസ് ആയി 25,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എം.ബുക്ക് നം.02/1995-96 ന്റെ പേജ് നം.81 പ്രകാരം ഫൈനൽ ബില്ല് നൽകിയതിൽ അഡ്വാൻസ് തുകയായ 25,000/- രൂപ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. ആയതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ആനമുണ്ട പള്ളിപ്പടി റോഡ് കൺവീനർക്ക് (അലവിക്കുട്ടി) അഡ്വാൻസായി ആയി 1,04,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 വർഷത്തിൽ അനുവദിച്ച ടി പ്രവർത്തിക്ക് 17/03/2005 ൽ 1,04,000/- രൂപ മുൻകൂർ നൽകിയിരുന്നു.<br>ടി പ്രവർത്തിക്ക് ഡി.ആർ.ഡി.എ അസി.എഞ്ചിനിയർ തയ്യാറാക്കി നൽകിയ 2,51,227/- രൂപയുടെ അന്തിമ ബിൽ സാങ്കേതികാനുമതി തുകയായ 2,50,000/- രൂപയിൽ പരിമിതപ്പെടുത്തി മുൻകൂർ തുകയായ 1,04,000/- രൂപയും നികുതി ഇനത്തിൽ 17,008/- രൂപയും കൂടി 1,21,008/- രൂപ കഴിച്ച് ബാക്കി തുകയായ 1,28,991/- രൂപ ചെക്ക് നമ്പർ 0178014 തിയതി 23/09/2006 പ്രകാരം കൺവീനർ വിപി അലവിക്കുട്ടിക്ക് നൽകി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. (എം.ബുക്ക് നം.7/2002-03 പേജ് നം. 50) |
| | | | നമ്പ്യ് തോടിന് സൈഡ് കെട്ടൽ കൺവീനർക്ക് (പി.വാസുദേവൻ) അഡ്വാൻസ് ആയി 1,00,000/- രൂപ മുൻകൂർ നൽകിയിട്ട് പ്രവർത്തി പൂർത്തീകരിക്കാത്തത് | എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 വർഷത്തിൽ അനുവദിച്ച ടി പ്രവർത്തിക്ക് 21/11-2004 നമ്പർ വൗച്ചർ പ്രകാരം 1,00,000/- രൂപ മുൻകൂർ നൽകിയിരുന്നു.<br>ടി പ്രവർത്തിക്ക് എൽ.എസ്.ജി.ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ വണ്ടൂർ ഡിവിഷൻ തയ്യാറാക്കി നൽകിയ ഒന്നാമത്തെ പാർട്ട് ബിൽ പ്രകാരമുള്ള 8,56,925/- രൂപയിൽ നിന്നും മുൻകൂർ തുകയായ 1,00,000/- രൂപയും ഭക്ഷ്യധാന്യവില ഇനത്തിൽ 3,84,208/- രൂപയും ഉൾപ്പെടെ 4,84,208/- രൂപ കുറവ് ചെയ്ത ശേഷം 3,50,000/- രൂപ കൺവീനർക്ക് നൽകി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. (എം ബുക്ക് നമ്പർ 8/1989-90 പേജ് നം. 37) |
| | | | | | **(ബി) അർഹമായ ഡെപ്പോസിറ്റ് വാങ്ങാതെയും വാടകക്കരാറില്ലാതെ വ്യക്തികളും ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഉപയോഗിക്കുന്നു.**<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2006– 08 ഖണ്ഡിക നമ്പർ 2(17), 2(18)<br>പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക നൽകിയതനുസരിച്ച് വർഷാവസാനം 4.39 ലക്ഷം രൂപ പിരിക്കേണ്ടുന്ന തുക പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കപ്പെടേണ്ടതിന് പകരം കേവലം 2.13 ലക്ഷം രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. അർഹമായ ഡെപ്പോസിറ്റ് ഇല്ലാതെ മുറികൾ വാടകയ്ക്ക് നൽകുന്ന പ്രവണത ബൈലോ നിയമാവലിക്കും പഞ്ചായത്തിന്റെ താൽപര്യങ്ങൾക്കും വിരുദ്ധമാണ്. വാടകയ്ക്ക് എടുത്ത വ്യക്തികൾ ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ അനധികൃതമായി മറ്റുള്ള വ്യക്തികൾക്ക് കൈമാറി ഉപയോഗിക്കുകയും ചെയ്തു വരുന്നു. | 2006 – 08 ൽ ഓഡിറ്റ് അധികാരികൾക്ക് മുമ്പാകെ ഹാജരാക്കിയ വാടക രജിസ്റ്ററിൽ ഡെപ്പോസിറ്റ് സംബന്ധിച്ച മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിരുന്നില്ല. പഞ്ചായത്തിൽ ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ടി രജിസ്റ്ററുകൾ കാലികമാക്കാൻ ഈ ഓഫീസിലെ സെറ്റിൽ ബുക്കുകളും 2001–02 മുതൽ 2006–07 വരെയുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്റർ എന്നിവ വി.സി/06/08/എം.പി.എം നമ്പർ കേസുമായി ബന്ധപ്പെട്ട് കോഴിക്കോട് ബഹു.എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. ടി രജിസ്റ്ററുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പിനായി സെക്രട്ടറി ഹാജരായതിൽ നിലവിൽ പകർപ്പ് ലഭ്യമാക്കേണ്ട രേഖകളുടെ ബാഹുല്യം നിമിത്തം ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് പകർപ്പ് എടുത്ത് നൽകാൻ സാധിക്കാത്ത അവസ്ഥയാണെന്ന് വാക്കാൽ അറിയിച്ചിട്ടുള്ളതാണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ പഴയ കടമുറികൾ പൊളിച്ചുമാറ്റി പുതിയ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ നിർമ്മിച്ചിട്ടുള്ളതും പഴയ കട മുറികളുടെ വാടക കുടിശ്ശിക മുഴുവനായി പിരിച്ചെടുത്തിട്ടുള്ളതുമാണ്. പുതിയ കോംപ്ലക്സിലെ കടമുറികൾ. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച് ബൈലോ പ്രകാരം വാടകക്ക് നൽകി. നിയമ വിധേയമായി മാത്രം പ്രവർത്തിച്ച് പോരുന്നതും ഷോപ്പിംഗ് കോംപ്ലക്സുമായി ബന്ധപ്പെട്ട എല്ലാ രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുകയും ചെയ്യുന്നുണ്ടെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. |

**2009/10 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക**

| റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 2.8 | തിരുവാലി | <u>നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച്</u><br>വിവിധ വൈദ്യുതി / കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>നിക്ഷേപ വേലകൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ... ഒപ്പുവെച്ചതിന് ശേഷം ചെക്കുകൾ വഴിയായിരിക്കണമെന്നും, കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.<br>എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവെക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. ചില തദ്ദേശ ഭരണ സ്ഥാപനവും നിക്ഷേപ പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്റ്റുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. | പ്രോജക്ട് നം. 113/07 മുതൽ 122/07 വരെയുള്ള വൈദ്യുതീകരണ പ്രവൃത്തികൾക്കായി 5,63,188/- രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചതു പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം 18/06/2012 ലെ എ.ഇ/ഇ.എസ്/ഡബ്ല്യു.ഡി.ആർ/ പി.ഇ.പി/ജി.ഒ.പി 67 നമ്പറായി കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാവുകയും 18/01/2017ന് കെ.എസ്.എ.ഡി മലപ്പുറം ഓഫീസിൽ ഇതുസഹിതം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2006-07 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(9), 3(17) എന്നിവയിൽ പറയുന്നത് ഒരേ പ്രവർത്തികൾ തന്നെയാണ്. 5,63,188/- രൂപയുടെ കൂടെ പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ട് വിഹിതം 5,506/- രൂപയുൾപ്പെടെയുള്ള തുകയാണ് 5,68,694/- |

<table>
<tr><td></td><td></td><td>2006-07/3(3) കെ.എസ്.ഇ.ബി 5,42,188/<br>2006-07/3(17) കെ.എസ്.ഇ.ബി 5,68,884</td><td></td></tr>
<tr><td></td><td>എടപ്പറ്റ</td><td>ഡെപ്പോസിറ്റ് വർക്കുകൾ – വൈദ്യുതീകരണ ചാർജ്ജ് അടവാക്കിയത് പൂർത്തീകരണ വിവരം ലഭ്യമല്ല – 158888 രൂപ – വൈദ്യുതീകരണം പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം വൈദ്യുതി വകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. വൈദ്യുതീകരണ പ്രവൃത്തികൾക്ക് വൈദ്യുതി ബോർഡിന് അടവാക്കിയ തുക ചുവടെ ചേർക്കുന്നു.<br>
<table>
<tr><td>പാറക്കുളം ഭാഗം വൈദ്യുതീകരണം</td><td>33000</td><td>28</td><td>28/06/2006</td></tr>
<tr><td>പാറക്കുളം ഭാഗം വൈദ്യുതീകരണം (ത്രീഫേസ് ലൈൻ)</td><td>64308</td><td>4</td><td>26/08/2006</td></tr>
<tr><td>പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പ്രസന്റ് വായനശാല കെട്ടിടത്തിലേക്ക് വൈദ്യുതി എത്തിക്കൽ</td><td>17325</td><td>25</td><td>15/02/2007</td></tr>
<tr><td>3 പ്രവർത്തികളുള്ള സി ഡി ഒ വൈ ഇ സി</td><td>22400</td><td>17</td><td>06/03/2007</td></tr>
<tr><td>കാരത്തിക്കോട് പ്രദേശം</td><td>5355</td><td>25</td><td>09/03/2007</td></tr>
<tr><td>ഒറപ്പാറ അംഗൻവാടി</td><td>18300</td><td>65</td><td>30/03/2007</td></tr>
</table></td><td>വിനിയോഗ സാക്ഷ്യപത്രം 01/03/2019 തിയ്യതിയിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി സാക്ഷ്യപത്രം 01/03/2019 തിയ്യതിയിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്.</td></tr>
<tr><td></td><td>അങ്ങാടിപ്പുറം</td><td><u>നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത്</u><br>വിവിധ വൈദ്യുതീകരണ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>വിവിധ വൈദ്യുത കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപന വർക്കുകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>നിക്ഷേപ വേലകൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പ് വെച്ചതിന് ശേഷം ചെക്കുകൾ വഴി ആയിരിക്കും എന്നും കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള</td><td>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് 2006/07 വർഷത്തിൽ കെഎസ്ഇബിയിൽ 5,38,709 രൂപ ഡെപ്പോസിറ്റ് ചെയ്തതിന്റെ നിക്ഷേപ വേല പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം 18/06/2013ലെ എ-4873/13 നമ്പർ ഓഡിറ്റ് ന്യൂനതാ നടപടിഹാര പത്രികയോടൊപ്പം കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് മലപ്പുറം ജില്ലാ ഓഫീസിൽ സമർപ്പിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.<br><br>ആയതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | | ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പു വയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവർത്തിക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശ സ്വയം ഭരണ സ്ഥാപനവും നിക്ഷേപ പ്രവർത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. KSEB, KWA എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ Completion സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതികൾ എല്ലാം സമയം ബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് KSEB തുക - 143793, 24916, 300000, 130000 ആകെ 598709<br>ഓഡിറ്റ് റിപ്പോർട്ട് വർഷം / പാര നമ്പർ 2006-07/ 3(22)(1) - 3(22)(4) | |
| | | <u>നിക്ഷേപ വേലകൾ പൂർത്തീകരിക്കണം</u><br>വിവിധ കുടിവെള്ളം പ്രോജക്ടുകളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>വിവിധ വൈദ്യുത കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപന വൻ തുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരളവാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>നിക്ഷേപ വേലകൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പ് വെച്ചതിന് ശേഷം ചെക്കുകൾ വഴി ആയിരിക്കും എന്നും കൂടാതെ | പ്രസ്തുത 4 പ്രവൃത്തികളിൽ 3 എണ്ണം പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മലപ്പുറം ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 95512/- രൂപ ചെലവഴിക്കുകയും നടപ്പിലാകാത്ത പദ്ധതിയുടെ തുകയുൾപ്പെടെ ബാക്കി തുകയായ 57768/- രൂപ 27/08/2008 ലെ 130834 നമ്പർ ചെക്ക് പ്രകാരം ഓഫീസിൽ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഹാൻഡ് പമ്പ് സ്ഥാപിച്ചിട്ടുള്ള ഈ കുഴൽ കിണറുകൾ ഇപ്പോഴും പ്രവർത്തിച്ചു വരുന്നുണ്ട്. ആയവ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2006-07 ൽ പ്രവൃത്തിയായതിനാൽ ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതിന് നിലവിൽ സാധിക്കുന്നതല്ല. ആയതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പു വയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവർത്തികളുടെ ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശ സ്വയം ഭരണ സ്ഥാപനവും നിക്ഷേപ പ്രവർത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. KSEB, KWA എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി തുകയിൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ Completion സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതികൾ എല്ലാം സമയം ബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് KWA തുക – 183300<br><br>ഓഡിറ്റ് റിപ്പോർട്ട് വർഷം / പാര നമ്പർ 2006-07/3(11) | |
| | കാളികാവ് | <u>നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിക്കാത്തത്</u> വിവിധ വൈദ്യുതി / കുടിവെള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വൻതുകകൾ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചിട്ടുണ്ട്.<br>നിക്ഷേപപ്രവൃത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവെച്ചതിനുശേഷം ചെക്കുകൾ വഴിയായിരിക്കണമെന്നും, കൂടാതെ കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽ നിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതുമാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. | കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ഖണ്ഡിക 3(6) പ്രകാരം 2,24,509/- രൂപയുടെ മൂന്ന് പ്രവർത്തികളുടെ തുകയാണ് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തത്<br>വാർഡ് 1 ലെ തട്ടാൻകുന്ന് വൈദ്യുതി ലൈൻ നീട്ടുന്നതിന് അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി കാളികാവിൽ 49,800/- രൂപ ഡെപ്പോസിറ്റ് ചെയ്തു. ഈ വേലയുടെ 49,800/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി കാളികാവ് അസി. എഞ്ചിനീയറിൽ നിന്നും ലഭ്യമായിട്ടുണ്ട്.<br>വാർഡ് 14 ലെ താഴെ [illegible]കോട് വൈദ്യുതി ലൈൻ നീട്ടുന്നതിന് അസി. എഞ്ചിനീയർ, കെ.എസ്.ഇ.ബി കാളികാവിന് 75,000/-രൂപയുടെ നൽകി. ഈ വേലയുടെ 75,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി, കാളികാവിൽ നിന്നും |

<table>
<tr>
<td></td>
<td></td>
<td>എന്നാൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവെക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. മിക്ക തദ്ദേശ സ്ഥാപനവും നിക്ഷേപ പ്രവർത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ സൂക്ഷിക്കുകയോ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന പലതരം തുകയിൽ, പ്രവർത്തി പൂർത്തിയാക്കിയതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാകുന്നില്ല. ആയതിനാൽ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. ഇത്തരത്തിൽ വിവിധ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സ്ഥാപനത്തിന്റെ പേര്</th><th>ഓഡിറ്റ് റിപ്പോർട്ട് വർഷം</th><th>തുക നിക്ഷേപിച്ച സ്ഥാപനം</th><th>തുക (രൂപ)</th></tr>
<tr><td>കാളികാവ് ഗ്രാമപഞ്ചായത്ത്</td><td>2006-07/03 (6)</td><td>കെ.എസ്.ഇ.ബി</td><td>2,24,909/-</td></tr>
</table>
</td>
<td>ലഭ്യമായിട്ടുണ്ട്.<br>വാർഡ് 18 ലെ പുള്ളിപ്പാടം എസ്.സി കോളനി വൈദ്യുതീകരണത്തിന് അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി വണ്ടൂരിന് 98,907/- രൂപ നൽകിയിട്ടുണ്ട്. ടി വേലയുടെ 98,909/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും അസി.എൻജിനീയർ കെ.എസ്.ഇ.ബി വണ്ടൂരിൽ നിന്ന് ലഭ്യമായിട്ടുണ്ട്.<br><br>മൂന്ന് വേലകളുടെയും മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. നിക്ഷേപ പ്രവർത്തികളുടെ വിശദാംശങ്ങൾ നൽകിയ തുക, വിനിയോഗിച്ച തുക, പൂർത്തീകരണ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട് ടി വിവരങ്ങൾ സംബന്ധിച്ച രേഖകൾ സഹിതം, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയം മലപ്പുറത്തിന് 17/06/2013ലെ എ12677/13 കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്.<br><br>കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 2,24,909/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td></td>
<td>[illegible]</td>
<td>ചോനാടൻ കുളമ്പ് - വടക്കുംപുറം, ചെങ്കുണ്ടൻപടി, ചോനാടൻ ചോലനാൽക്കുന്ന്പാടം എന്നീ പ്രവർത്തികൾ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തി നടന്നതിന് രേഖകൾ ഹാജരാക്കിയിട്ടില്ല.</td>
<td>വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തിക്ക് 2006-07 വർഷത്തിൽ 21,420/- വൈദ്യുതി ബോർഡിൽ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം 10.05.2019 ലെ എ1-672/15 നമ്പർ കത്ത് മുഖേന കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് മലപ്പുറം ജില്ലാ ഓഫീസിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.</td>
</tr>
</table>

| | | | |
|---|---|---|---|
| | | നികത്തുന്നതിന് അനുമതി ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പരിഗണിക്കാതെ തുക ചെലവഴിച്ചതിനാൽ 8.15 ലക്ഷം രൂപ പദ്ധതിപ്പണം മുടങ്ങിക്കിടക്കാനിടയാക്കി. | ടി സ്ഥലത്ത് 2018-19 വർഷത്തിൽ ബഹു. കോട്ടക്കൽ എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് ചെറുകിട ജലസേചനപദ്ധതിക്കായി സർക്കാർ ഉത്തരവ്, നഗരസഭ കൗൺസിൽ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചെറുകിട ജലസേചന വകുപ്പിന് സ്ഥലം കൈമാറിയിട്ടുള്ളതും പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. |
| 7 | 2009-10<br>5.3.11<br>(2) - | ജല ലഭ്യത ഉറപ്പാക്കിയില്ല- കുടിവെള്ള പദ്ധതികൾ പരാജയം<br>⇒ജല ലഭ്യത ഉറപ്പ് വരുത്താതെ ടാങ്കുകളും പൈപ്പ് ലൈനുകളും സ്ഥാപിച്ചു.<br>⇒കുടിവെള്ള പദ്ധതികൾ പരാജയപ്പെട്ടു.<br>കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 9,10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച്ച് കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളിൽ ഭൂരിഭാഗവും ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പൂർണ്ണമായും ഉപകാരപ്രദമാവുന്നില്ല. 30.05.2009 ന് ചില പദ്ധതികൾ നേരിൽ പരിശോധിച്ചതിൽനിന്നും ജല ലഭ്യത ഉറപ്പുവരുത്താതെ മറ്റ് ഇതര പ്രവർത്തികൾക്ക് വൻതോതിൽ തുക ചെലവ് ചെയ്തതാണ് ഈ പരാജയത്തിനിടയാക്കിയത് എന്ന് | കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 9, 10 പദ്ധതികളിലായി 77.93 ലക്ഷം രൂപ ചെലവഴിച്ച് 6 കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. ഇതിൽ 5 പദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമാണ്.<br>തോക്കാംപാറ കുടിവെള്ള പദ്ധതി രാജാസ് ഹയർ സെക്കന്ററി സ്കൂളിലെ കിണറുമായി യോജിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. കൊഴൂർ പൊട്ടിപ്പാറ കുടിവെള്ള പദ്ധതി എല്ലാവർഷവും റീചാർജ്ജ് ചെയ്ത് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതിനാൽ ജല ലഭ്യതയുണ്ട്. നായാടിപ്പാറ കുടിവെള്ള പദ്ധതിയിൽ വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കാറില്ല. നഗരസഭ കുടിവെള്ളം സപ്ലൈ ചെയ്യുന്നതിനാൽ കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത കുറവാണ്. കുറ്റിപ്പുറം മദ്രസ്സുംപടി കുടിവെള്ള പദ്ധതിയിൽ ആദ്യകിണറിൽ നിന്നും വെള്ളം വേനൽക്കാലം തുടങ്ങുന്നതുവരെ ഉപയോഗിക്കുന്നു. തുടർന്ന് രണ്ടാമത്തെ കിണറിൽ നിന്നും വെള്ളം ലഭിക്കുമെങ്കിലും വേനൽക്കാലത്ത് ആവശ്യത്തിന് വെള്ളം ലഭിക്കാറില്ല. മൈലാടി കുടിവെള്ള പദ്ധതിയിൽ വേനൽക്കാലത്ത് ജലക്ഷാമം ഉണ്ടാകാറുണ്ട്. കല്ലുറമ്പ് കുടിവെള്ള പദ്ധതി തകരാർ സംഭവിച്ചിട്ടുള്ളതിനാൽ നിലവിൽ പ്രവർത്തനക്ഷമമല്ല. |

ബോധ്യപ്പെടുകയുണ്ടായി. ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | റിമാർക്സ് |
|---|---|
| തൊക്കാംപാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്കാവശ്യമായ വെള്ളവും ലഭിക്കുന്നില്ല. പദ്ധതി ചെലവ് 13 ലക്ഷം രൂപയാണ്. |
| നായാടിപ്പാറ കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതിപ്രദേശള്ള പൂർണമായും, വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 14,68414/-രൂപയാണ്. |
| കൊളൂർ കൊട്ടിപ്പാറ കുടിവെള്ള പദ്ധതി | 50000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്തതിനാൽ പദ്ധതിപ്രദേശള്ള പൂർണമായും വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 7,89,342/-രൂപയാണ്. |
| കല്ലുമ്പറമ്പ് കുടിവെള്ള പദ്ധതി | 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലേക്ക് 5 വർഷത്തോളമായി വെള്ളം ലഭിക്കുന്നില്ല. പദ്ധതി ചെലവ് 13,61,757/-രൂപയാണ്. |
| മരവട്ടം | ടാങ്ക് കപ്പാസിറ്റി 50000 ലിറ്ററാണ്. |

| | |
|---|---|
| കുടിവെള്ള പദ്ധതി | എന്നാൽ ടാങ്കിലേക്ക് ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. ചെലവ് 11,36,879 രൂപയാണ്. |
| കറ്റിപ്പുറം മുസ്ലപ്പടി കുടിവെള്ള പദ്ധതി | 5000[illegible] ലിറ്റർ ടാങ്കിലേക്ക് ആവശ്യ[illegible]ത്തിന് വെള്ളം ആദ്യ കിണറിൽ നി[illegible]ം ലഭിക്കുന്നില്ല. വേറെ കിണർ കുഴിച്ച് ഉപയോഗിക്കുന്നുണ്ടെങ്കിലും ജല പരിമിതിയുണ്ട്. പദ്ധതി[illegible]ചെലവ് തുക 17,37,038/-രൂപയാണ്. |

| | | | |
|---|---|---|---|
| 8 | 5.3.14 | **കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചു.**<br><br>ഗ്രാമപഞ്ചായത്തിലെ ചെപ്പില[illegible] ഒളിക്കൽപുറായ, ഈന്തുംകുഴി പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനുള്ള പ്രോജക്റ്റിൽ പൈപ്പ് ലൈ[illegible] സ്ഥാപിച്ച് ടാപ്പ് കണക്ഷനും പമ്പ് ഹൗസ് നിർമ്മാണവും ഭാഗികമായി പൂർത്തിയാക്കി പാതിവഴിയിൽ നിർത്തിയതായി കാണുന്നു.<br><br>കുടിവെള്ള പദ്ധതിക്ക വേണ്ടി കിണർ, വാട്ടർ ടാങ്ക് വിതരണ കുഴൽ എന്നിവ സ്ഥാപിച്ച് മുഴുവൻ കുടുംബങ്ങൾക്കും | കൊണ്ടോട്ടി മുനിസിപ്പാലിറ്റി<br><br>ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന വിഷയമായ ചെപ്പിലകുന്ന്, ഒളിക്കൽ പുറായ്, ഈന്തുംകുഴി പാതിവഴിയിൽ ഉപേക്ഷിച്ചതുമായി ബന്ധപ്പെട്ട കാലയളവിൽ ഇപ്പോഴത്തെ കൊണ്ടോട്ടി മുനിസിപ്പാലിറ്റി ഗ്രാമപഞ്ചായത്തായിരുന്നു.<br><br>ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് മേൽ ഫയൽ കൈ[illegible] കിട്ടാത്തതിനാൽ പ്രസ്തുത ഫയൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി പ്ര[illegible]രം ഗ്രാമപഞ്ചായത്തിന്റെ കൗൺസിൽ മിനുട്സ് കൂടാതെ സ്പിൽ ഓവർ പ്രൊജക്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് എന്നിവ പരിശോധിച്ചത് പ്രകാരം ടി പദ്ധതിയിൽ പൈപ്പ് ലൈൻ സ്ഥാപി[illegible]ക, ടാങ്ക് നിർമ്മിക്കുക ,കിണർ നിർമ്മാണം എന്നീ കാര്യങ്ങൾ പൂർ[illegible]ന്നു. എന്നാൽ ടി പദ്ധതിയ്ക്ക് |

| | | | |
|---|---|---|---|
| | | 1992600<br><br>---------<br><br>19,92,600/- രൂപയും 9,72,000/- രൂപയ്ക്ക് 12/08 മുതൽ ഈടാക്കുന്ന തീയതി വരെയുള്ള പലിശയും ഈടാക്കേണ്ടതാണ്. | |
| 4 | 5.2.23 | -കോട്ടക്കൽ ഗ്രാമപഞ്ചായത്ത് - തൊഴിൽ പരിശീലനം - ക്രമവിരുദ്ധ ചെലവ്<br><br>പ്രൊജക്ട് നമ്പർ : 09[illegible]8 (ജനറൽ)<br><br>പദ്ധതി അടങ്കൽ : 900000/-രൂപ    വികസന ഫണ്ട് :436000 രൂപ<br><br>ധനകാര്യ സ്ഥാപന വായ്പ : 450000<br><br>ഗുണഭോക്തൃ വിഹിതം 14000<br><br>[illegible]0000<br><br>1. കോട്ടക്കൽ ബാങ്ക് അപ്രൂവ്ഡ് ടെക്നോളജീസ് ഡയറക്ടർ നൽകിയ കത്തിനോടൊപ്പം വച്ച ഹാജർ പട്ടികയിൽ പങ്കെടുത്തവരുടെ പേര് വിവരം രേഖപ്പെടുത്തിയതിൽ നിന്നും പ്രോജക്ടിൽ നിർദ്ദേശിക്കും വിധം പരിശീലനം നടത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു .<br><br>2. 1,20,000/-രൂപ സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതിനുള്ള രസീത്<br><br>സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ പേരിലാണ്, മൊത്തം തുകയും നല്കിയതെങ്കിലും രസീതിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും കൈപ്പറ്റിയതായിട്ടാണ് കാണിച്ചിട്ടുള്ളത് . | കോട്ടക്കൽ ഗ്രാമപഞ്ചായത്ത് 2007..08 വർഷത്തിൽ നടപ്പിലാക്കിയ പ്രൊജക്ട് 094/08 (ജനറൽ) തൊഴിൽ പരിശീലന പദ്ധതിയ്ക്കായി അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 436000/-രൂപ (നാല് ലക്ഷത്തി മുപ്പത്തി ആറായിരം രൂപ മാത്രം) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനാണ് മേൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്.<br>ടി ഓഡിറ്റ് തടസവാദം പഞ്ചായത്ത് കാലഘട്ടത്തിൽ ഉള്ളതും ഇതുസംബന്ധിച്ച ഫയലുകളൊന്നും നഗരസഭയ്ക്ക് കൈമാറികിട്ടിയിട്ടില്ലാത്തതുമാണ്. പ്രസ്തുത ഫയൽ ലഭ്യമാക്കുന്നതിനായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിൽ നേരിട്ട് പോയി പരിശോധിച്ചതിൽ ഇതേ സമാഹൃത റിപ്പോർട്ടിന്റെ പകർപ്പല്ലാതെ യാതൊരു രേഖയും ലഭ്യമായിട്ടില്ലാത്തതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുക ഈടാക്കി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതാണെന്നും സെക്രട്ടറി അറിയിച്ചിരിക്കുന്നു. |

3. സ്ഥാപനത്തിൽ നിന്നും ലഭ്യമായ ഇൻവോയിസ് പ്രകാരം സാധനം വാങ്ങിയതോ സ്ഥാപനത്തിന് തുക നൽകിയതോ സംബന്ധിച്ച രേഖകൾ ലഭ്യമല്ല. യൂണിറ്റ് ചിലവിന്റെ 50% മാത്രമാണ് സബ്സിഡി നൽകേണ്ടുന്നത് (97548/2=48,774/-രൂപ) എന്നിരിക്കെ 75,000/-രൂപ സബ്സിഡി നൽകിയെന്നത് അംഗീകരിക്കാവുന്നതല്ല.

യൂണിറ്റുകളുടെ പ്രാരംഭ പ്രവർത്തനം പോലും നടക്കുന്നതിനു മുൻപായി സർവീസ് സഹകരണ ബാങ്കിന് നൽകിയ 4,36,000/- രൂപ പദ്ധതി ലക്ഷ്യം കൈവരിക്കും വിധം ചെലവഴിച്ചിട്ടില്ലാത്തതിനാൽ അനർഹമായി ചെലവഴിച്ച വികസന ഫണ്ട് 4,36,000/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

പരിശീലനം എന്നയിനത്തിൽ 1,20,000 രൂപ ചെലവഴിച്ചത് വെറും പരിശീലനത്തിനായി മാത്രം ചെലവഴിക്കേണ്ടുന്ന നിർദ്ദേശത്തിന്റെ ലംഘനം കൂടിയാണ്. പ്രോജക്ട് പ്രകാരമുള്ള യൂണിറ്റുകൾ ആരംഭിച്ചതിനു ശേഷം മാത്രം സബ്സിഡി അനുവദിക്കേണ്ടതിന് പകരം മുൻകൂറായി പരിശീലനത്തിനും സബ്സിഡിയിനത്തിലും തുക നൽകിയ സെക്രട്ടറിയുടെ നടപടിയും സർവീസ് സഹകരണ ബാങ്കിനെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്തിയതിനെ സംബന്ധിച്ചും ആരംഭിച്ചുവെന്ന യൂണിറ്റുകളെ തെരഞ്ഞെടുത്തത് സംബന്ധിച്ചും വ്യക്തമായ അന്വേഷണവും നടത്തേണ്ടതാണ്. തുണിസഞ്ചി/പേപ്പർ ബാഗ് നിർമ്മാണത്തിനുള്ള യൂണിറ്റുകൾ ആരംഭിക്കാനുള്ള ശ്രമം മാത്രമേ ഉണ്ടായിട്ടുള്ളുവെന്നിരിക്കെ പെറ്റിക്കോട്ട് ടെക്നിക്കൽ കോഴ്സ്, ന്യൂട്രിഷൻ ട്രെയിനിങ് എന്നിവയുമായി ചെലവഴിച്ച 60,000/-രൂപയും പരിശീലനച്ചെലവിലുൾപ്പെടുന്നു.

പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം എന്നിവയുമായി പരിശീലനം ലഭിച്ചുവെന്ന് യൂണിറ്റ് ഭാരവാഹികൾ പറയുന്നവരുടെ പേരും പരിശീലന സ്ഥാപനം നൽകിയ ഹാജർ പട്ടികയിലെ പേരും പരസ്പരം പൊരുത്തപ്പെടുന്നില്ല. ഇതിൽ നിന്ന് പരിശീലനവും പ്രഹസനമായിരുന്നുവെന്ന് കാണാവുന്നതാണ്.

31/23

# 2010/11 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

<table>
<tr><th>ക്രമ നം</th><th>റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ</th><th>ഗ്രാമ പഞ്ചായത്തിന്റെ പേര്</th><th>ഓഡിറ്റ് പരാമർശം</th><th>ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി</th></tr>
<tr><td>1</td><td>2.5</td><td>കീഴാറ്റൂർ</td><td>വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതുമൂലം ഉണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.<br>2006-07 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2(4) – 2007-08 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകകളുടെ വർഷം തിരിച്ചുള്ള വിവരങ്ങളാണ് ചുവടെ കൊടുക്കുന്നത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
<table>
<tr><th>വർഷം</th><th>നികുതി</th><th>എൽ. സി</th><th>ആകെ തുക</th><th>പിരിച്ചെടുക്കേണ്ട തുക</th></tr>
<tr><td>2000-01</td><td>2483.65</td><td>124.88</td><td>2608.53</td><td>2608.53</td></tr>
<tr><td>2001-02</td><td>3462.1</td><td>173.2</td><td>3635.3</td><td>3635.3</td></tr>
<tr><td>2002-03</td><td>5369.15</td><td>267</td><td>5636.15</td><td>5636.15</td></tr>
<tr><td>2003-04</td><td>6599.75</td><td>327.6</td><td>6927.35</td><td>6927.35</td></tr>
<tr><td>2004-05</td><td>9390.05</td><td>462.8</td><td>9852.85</td><td>9852.85</td></tr>
<tr><td>2005-06</td><td>21235.35</td><td>554</td><td>21789.35</td><td>21789.35</td></tr>
<tr><td>2006-07</td><td>25809.5</td><td>1276.65</td><td>27086.15</td><td>27086.15</td></tr>
<tr><td></td><td>74349.55</td><td>3186.13</td><td>77535.68</td><td>77535.68</td></tr>
</table>
ഇതനുസരിച്ച് 2003-04 വരെയുള്ള നികുതികൾ കാലഹരണപ്പെട്ടതിനാൽ ഈടാക്കാൻ കഴിയാതിരുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.</td><td>പഞ്ചായത്തിലെ ഡിമാന്റ് രജിസ്റ്ററുകൾ, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ എഴുതി പൂർത്തിയാക്കി യഥാവിധി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കാലഹരണപ്പെട്ട കുടിശ്ശിക നികുതി ഉൾപ്പെടെ അതാത് കെട്ടിട ഉടമകളിൽ നിന്നും പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ട്. ജീവനക്കാരുടെ കുറവും ജോലിഭാരവും കൊണ്ടാണ് നികുതിപിരിവിൽ വന്നതെന്നും അവരുടെ അലംഭാവം കൊണ്ടല്ലെന്നും താഴ്മയായി ബോധിപ്പിക്കുന്നു<br><br>കുടിശ്ശിക നികുതി 77535.68 രൂപ പൂർണ്ണമായും പലിശസഹിതം പിരിച്ചെടുത്തിട്ടുള്ളതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും വന്നിട്ടില്ലെന്നതിനാൽ പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുത്തത് സംബന്ധിച്ച പരാമർശങ്ങളിന്മേൽ 16/04/2016 ന് രാവിലെ 10 മണിക്ക് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ വെച്ച് പ്രാദേശിക പരിശോധന നടത്തിയിട്ടുണ്ടെന്ന വിവരവും സമർപ്പിക്കുന്നു.</td></tr>
<tr><td>2</td><td>6.2.10</td><td>പാണ്ടിക്കാട്</td><td><u>ശുദ്ധ ജല വിതരണം പണമടച്ചിട്ടും മോട്ടോർ സ്ഥാപിച്ചിട്ടില്ല</u><br><u>ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 ഖണ്ഡിക നമ്പർ 2(23)</u><br>1998-99 ലെ ജനകീയാസൂത്രണ പദ്ധതിയിൽ കീഴിൽ പുളമണ്ണ ശുദ്ധജല പദ്ധതിക്കായി 26/06/1999 ന് 1,20,000/- രൂപ കെയ്ക്കോയിൽ അടച്ചു. തുക അടച്ച് പ്രകാരം മോട്ടോർ സ്ഥാപിച്ചുവോ എന്ന് അറിയുവാനായി</td><td>1998-99 ലെ ജനകീയാസൂത്രണ പദ്ധതിയിൽ കീഴിൽ പുളമണ്ണ ശുദ്ധജല പദ്ധതിക്കായി 1,20,000/- രൂപ കെയ്ക്കോയിൽ അടച്ചത് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായിരുന്നു എന്ന് പ്രസ്തുത കാലയളവിലെ പ്രവർത്തി രജിസ്റ്റർ, കാഷ്ബുക്ക് വൗച്ചർ (നമ്പർ 190/98-99) എന്നിവ പരിശോധിച്ചതിൽ വ്യക്തമാകുന്നുണ്ട്. കെയ്ക്കോയുടെയും, പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പേരിൽ 18/08/1998 ൽ W/240/9899/10 നമ്പർ</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് 11/06/2007 ന് (നമ്പർ എ1-436/07) കെൽകോ ഡിവിഷണൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/12.08.08 പ്രകാരം ആവശ്യപ്പെട്ടു. കെൽകോയിൽ നിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല എന്നായിരുന്നു വിശദീകരണം. പണം കൈപ്പറ്റി പത്തു വർഷമായിട്ടും മോട്ടോർ സ്ഥാപിക്കാതിരുന്നതിന് ന്യായീകരണമൊന്നും കാണുന്നില്ല. നിയമിത നിരക്കിൽ പിഴപ്പലിശയോടെ 1,20,000/- രൂപ കെൽകോയിൽ നിന്നും ഉടൻ ഈടാക്കേണ്ടതാണ്. മോട്ടോർ സ്ഥാപിക്കാത്തതിനാൽ ശുദ്ധജലപദ്ധതി നടപ്പാക്കാതെവന്നുവെങ്കിൽ ഇതിനായി ചെലവഴിച്ച മുഴുവൻ തുകയ്ക്കും കെൽകോയെ ഉത്തരവാദിയായി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>നോട്ട് : നഷ്ടോത്തരവാദിത്തം- പുനരാലോചനാവശ്യത്തിനാൽ മേൽവിലാസം ചേർത്തിട്ടില്ല | ഡെലിവറി ചെലാൻ കം ഇൻവോയിസ് പ്രകാരം പി.വി.സി പൈപ്പ് നൽകിയിരുന്നതായി കെൽകോ അറിയിച്ചിട്ടുണ്ട്. മോട്ടോർ സപ്ലൈ ചെയ്യുന്നതിനല്ല മറിച്ച് പി.വി.സി പൈപ്പ് സപ്ലൈ ചെയ്യുന്നതിനായിരുന്നു ഓർഡർ നൽകിയിരുന്നതെന്ന് കെൽകോയുടെ 30/05/2013 ലെ W/33/07 നമ്പർ കത്ത് മുഖേന അറിയിക്കുകയുണ്ടായി. തുടർ പരിശോധനയിൽ 1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മോട്ടോർ സ്ഥാപിച്ച് ശുദ്ധജലവിതരണപദ്ധതി പൂർത്തീകരിച്ചിട്ടുള്ളതും ആയത് ഇപ്പോൾ ജനോപകാരപ്രദമായി നടന്നുവരുന്നതായുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. ടി വിവരങ്ങൾ ലോക്കൽ ഫണ്ട് അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. |
| 3 | 5.3.12<br><br>5.3.12(1) | വാഴക്കാട് | ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07 ഖണ്ഡിക നമ്പർ 03(03)<br>5.3.12(01) ഖര മാലിന്യ യൂണിറ്റ് സ്ഥലവും കെട്ടിടവും നിഷ്ക്രിയ ആസ്തിയായി<br>ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കഴുകുത്താൻ മടയിലെ 2 ഏക്കർ സ്ഥലത്ത് ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിനായി പിറ്റ്, സ്റ്റോർ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്നും തുടർ പ്രവർത്തനങ്ങൾക്കായി കെട്ടിടം ആവശ്യമാണെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2006-07 വർഷത്തിൽ ഇതിനായി പ്രോജക്റ്റ് തയ്യാറാക്കിയത്.<br>സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഫീസിബിലിറ്റി പഠനം നടത്തുന്നതിനായി 26/10/2006 ന് തനത് ഫണ്ടിൽ നിന്നും 5000 രൂപ ബയോ ടെക് എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും പഠന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2006-07 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 007/07 ആയി ഖരമാലിന്യ ജൈവവള നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണമെന്ന പേരിൽ വികസന ഫണ്ടിൽ നിന്നും 114300 രൂപ ചെലവഴിച്ച് വൗ നമ്പർ 96/26-03-2007 എ.സി ഷീറ്റിന്റെ മേൽക്കൂരയോടുകൂടിയ ഷെഡ് നിർമ്മാണം പൂർത്തിയാക്കി. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ | 1971-ൽ പഞ്ചായത്ത് ലക്ഷം വീട് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥലം വാങ്ങിയതിൽ കഴുകുത്താൻ മടയിലെ 2 ഏക്കർ സ്ഥലം ലക്ഷം വീടിനായി ആർക്കും നൽകിയിരുന്നില്ല. പഞ്ചായത്തിലെ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി ഉപയോഗിച്ച് വന്നിരുന്ന പ്രസ്തുത സ്ഥലത്താണ് ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തീരുമാനിച്ചത്. സ്ഥലം ഏറ്റെടുക്കുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം തുകയൊന്നും ചിലവഴിച്ചിട്ടില്ല. 2002-03 വർഷം 48340/- രൂപ ജൈവ/അജൈവ മാലിന്യങ്ങളെ തരം തിരിക്കുന്നതിനും പിറ്റ് നിർമ്മിക്കുന്നതും ജൈവ മാലിന്യം കമ്പോസ്റ്റാക്കി മാറ്റുന്നതിനുമുള്ള പദ്ധതിക്കായാണ് ചിലവഴിച്ചത്. 2003-04 ചിലവഴിച്ച 100244/ ബയോഗ്യാസ് പ്ലാന്റ് ഗ്ലാസ് ഹൗസ് എന്നിവ സ്ഥാപിക്കുന്നതിനായി ചിലവഴിച്ചു. 2006-07 വർഷം പദ്ധതി സാധ്യത പഠനത്തിന് 5000/- രൂപയും ജൈവവള നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മിക്കുന്നതിനായി 114300/- രൂപയും ചിലവഴിക്കുകയുണ്ടായി.<br>ജനവാസം തീരെ കുറവായ സ്ഥലത്ത് ഗതാഗത സൗകര്യം വർദ്ധിച്ചതോടെ ജനവാസ കേന്ദ്രമായി മാറുകയും പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ ഉണ്ടായ ശക്തമായ ജനരോഷത്തിൽ ജനങ്ങൾ പ്രസ്തുത നിർമ്മിതികൾ തകർക്കുകയും ചെയ്തു. തുടർന്ന് പദ്ധതി ഉപേക്ഷിക്കാൻ പഞ്ചായത്ത് നിർബന്ധിതമാകുകയും ഗ്രാമപഞ്ചായത്തിന്റെ 07-02-2008 തീയ്യതിയിലെ 01(01) തീരുമാനപ്രകാരം ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പദ്ധതി പ്രവർത്തനം |

| | | | | |
|---|---|---|---|---|
| | | | കൈകളിൽ നിന്നും ജൈവവള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ പ്ലാൻഫണ്ട്, തനത് ഫണ്ട് ഉപയോഗിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.<br>വർഷം — തുക ചിലവഴിച്ചത്<br>2002-03 — 48340<br>2003-04 — 130244<br>2006-07 — 119300<br>ആകെ — 297884/- രൂപ<br>സ്ഥലമെടുപ്പിനായി ചിലവഴിച്ച തുക മേൽ കാണിച്ചതിൽ ഉൾപ്പെടുന്നുണ്ടോയെന്ന് വ്യക്തമല്ല. യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ തുടർന്ന് സ്വീകരിച്ച നടപടി വിവരം വ്യക്തമാക്കാൻ 24-08-2008ന് രേഖാമൂലം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായുള്ള ചർച്ചയിൽ മാലിന്യ സംസ്കരണ യൂണിറ്റ് യാഥാർത്ഥ്യമാക്കുവാൻ സ്ഥലമെടുക്കൽ, കെട്ടിടനിർമ്മാണം എന്നിവയ്ക്ക് ശേഷം തുടർനടപടികളൊന്നും നടത്തിയിട്ടില്ലെന്ന് വ്യക്തമായി. പദ്ധതി തുക വിനിയോഗിച്ച് സ്ഥാപിച്ച ആസ്തികളുടെ പുനരുദ്ധാരണത്തിന് ഫലപ്രദമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ ആവർത്തിച്ചുള്ള നിർദ്ദേശം നടപ്പിലാക്കാത്തത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ<br>ശ്രീ. എ.മുഹമ്മദ് ബഷീർ (സെക്രട്ടറി), മാണോട്ടം പനി ഹൗസ്, പി. ഫറോക്ക്, കോഴിക്കോട് | മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കാത്ത സാഹചര്യത്തിൽ നിർമ്മിച്ച ഷെഡിന് കേട് സംഭവിക്കുകയും ആയത് പൊളിച്ചു നീക്കി ലേലം ചെയ്യുന്നതിന് 30-06-2014 തിയ്യതിയിലെ പി.ആർ നമ്പർ 99/2014 പ്രകാരം തീരുമാനിക്കുകയും ചെയ്തു. ആയതിന് അസി എഞ്ചിനീയർ 57431/ രൂപ വില നിശ്ചയിച്ച് തന്നിട്ടുള്ളതും ആയത് ലേലം ചെയ്ത് 63700/ രൂപ പഞ്ചായത്തിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതുമാണ്.<br><br>സ.ഉ.(കയ്യെഴുത്ത്) നമ്പർ 89/2016 തൊഴിൽ തിയ്യതി 21/07/2016 സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്ത് ഗവ.ഐ.ടി.ഐ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഗവ.ഐ.ടി.ഐ തുടങ്ങുന്നതിന് വേണ്ടി പഞ്ചായത്തിന്റെ പക്കലുള്ള പ്രസ്തുത ഭൂമി വിട്ട് കൊടുക്കുന്നതിന് സ.ഉ സാധാ നമ്പർ 1443/2017.തസ്വഭവ തിയ്യതി 06/06/2017 സർക്കാർ ഉത്തരവ് പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭൂമി ഉപയോഗ്യമാക്കാത്തത് സംബന്ധിച്ച തടസ്സം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. ഐ.ടി.ഐ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |
| 4 | 5.3.13 | വാഴയൂർ<br><br>5.3.13(1) | വാഴയൂർ ഗ്രാമ പഞ്ചായത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ അടിസ്ഥാന സൗകര്യമൊരുക്കാനാണ് വനിതാ വ്യവസായ കേന്ദ്രമെന്ന പേരിൽ പ്രോജക്ട് തയ്യാറാക്കിയത്. 2006-07 വർഷത്തിൽ സർവ്വെ നമ്പർ 5/2011 നമ്പറിൽ വാഴയൂർ വില്ലേജിൽ 40 സെന്റ് സ്ഥലം 2,22,186/ രൂപ ചെലവിൽ ഇതിനായി വാങ്ങി.(വൗച്ചർ നമ്പർ106/31.3.08) ഇതേ വർഷം തന്നെ പ്രോജക്ട് നമ്പർ എസ്.016/07ൽ വ്യവസായ കേന്ദ്രം സ്ഥാപിക്കാനായി വാങ്ങിയ ഭൂമിയുടെ സൈറ്റ് ലെവലിംഗിനായി 31-3-2007 ന് 2 ലക്ഷം രൂപയും പദ്ധതി തുകയിൽ നിന്നും ചെലവഴിച്ചു. 2006-07 വർഷത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനായി സ്ഥലം, സൈറ്റ് | വനിതാ വ്യവസായ കേന്ദ്രത്തിനായി വാങ്ങിയ സ്ഥലം തട്ടുതട്ടായി കിടന്നതായിരുന്നതു കൊണ്ടാണ് സൈറ്റ് ലെവലിംഗിനായി ഫണ്ട് ചെലവഴിക്കേണ്ടിവന്നത്. ഓഡിറ്റിൽ പരാമർശിക്കപ്പെട്ട തുക ഉപയോഗിച്ച് വനിതാ വ്യവസായ കേന്ദ്രത്തിന്റെ സൈറ്റ് ലെവലിംഗ്, റോഡ് നിർമ്മാണം എന്നിവ 2006-07 ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. പിന്നീട് വനിതാ വ്യവസായ കേന്ദ്രം കെട്ടിടവും കുടുംബശ്രീ ജന്റർ റിസോഴ്സ് & കൗൺസിലിംഗ് സെന്റർ കെട്ടിടവും നിർമ്മിക്കുകയും ചെയ്യുകയുണ്ടായി. ആയതിനാൽ പണം യാതൊരു തരത്തിലും ദുരുപയോഗം ചെയ്തിട്ടില്ലെന്നും പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർണ്ണമായും നിറവേറ്റി കഴിഞ്ഞിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ചെലവഴിച്ച് എന്നിവക്കായി മൊത്തം 4,22,165/- രൂപ ചെലവഴിച്ചതിലും തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല. വ്യവസായ കേന്ദ്രത്തിന്റെ നിർമ്മിതിക്ക് ലക്ഷ്യങ്ങൾ കൈവരിക്കാൻ പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കേണ്ടതാണ്. | |
| 8 | 5.4.11 | പുതിയത് | <u>സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി</u> - (ഓഡിറ്റ് റിപ്പോർട്ട് വർഷം 2006-07, ഖണ്ഡിക 3(10)).<br>മേൽ പ്രോജക്ട് പ്രകാരം കൊണ്ടോട്ടിയിലെ കമ്പ്യൂട്ടർ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 3 കമ്പ്യൂട്ടറുകൾ വാങ്ങി തൃപ്പനച്ചി അൽ ഹാറൂൽ അനാഥ അഗതി മന്ദിരത്തിന് നൽകിയിട്ടുണ്ട്. ഒരു സ്വകാര്യ സ്ഥാപനമായ മേൽ ഓർഫനേജിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും സാധനങ്ങൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ലെന്ന് മെമ്മോ മുഖേന അറിയിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചവ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകരുതെന്ന് പതിനൊന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖയിൽ (31/03/2004 ലെ ജി.ഒ.(എം.എസ്).നമ്പർ 40/2004/പ്ലാനിംഗ്) വ്യക്തമാക്കിയതാണ്. പദ്ധതി മാർഗ്ഗ രേഖയിൽ ഉത്തരവിലെ നിർദ്ദേശം ലംഘിച്ച് ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലോ നിയന്ത്രണത്തിലോ അല്ലാത്ത സ്വകാര്യ സ്ഥാപനത്തിന് കമ്പ്യൂട്ടർ വാങ്ങി നൽകിയ ചെലവ് 50,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക പഞ്ചായത്തിന്റെ പദ്ധതി ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്) (നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ, ജി.എം.എൽ.പി.എസ്, പൂക്കൊളത്തൂർ) | കമ്പ്യൂട്ടർ വാങ്ങി നൽകിയ തൃപ്പനച്ചിയിലെ അൽഹാറൂൽ അഗതി അനാഥ മന്ദിരത്തിന് Central Board for Orphenages and other Charitable Institution ന്റെ അംഗീകാരം ലഭിച്ചിട്ടുള്ളതും സാമൂഹ്യക്ഷേമ വകുപ്പിന്റെ 02/09/2013 ലെ 49/2013 നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്ന് ഗ്രാന്റ് ലഭിച്ചു വരുന്നതുമാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും അനാഥരും അഗതികളുമായിട്ടുള്ള വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനുമാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. സമൂഹത്തിലെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലേക്ക് കൊണ്ട് വരിക എന്ന സദുദ്ദേശത്തോടെ നടപ്പിലാക്കിയ പ്രോജക്ട് എന്ന നിലയ്ക്കും പ്രോജക്ടിൽ വിഭാവനം ചെയ്തത് പോലെ അഗതികളും അനാഥരുമായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി ഉപകാരപ്പെട്ടു എന്ന പരിഗണിച്ചും പദ്ധതിയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടങ്ങളൊന്നും വന്നിട്ടില്ല എന്നും പരിഗണിച്ചും മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

## 2011/12 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2.7 | പാണ്ടിക്കാട് | നിഷ്ക്രിയ ആസ്തികൾ (ക്രമ നമ്പർ 2)<br>ഓഡിറ്റ് റിപ്പോർട്ട് വർഷം 2009- 10 ഖണ്ഡിക നമ്പർ 3(3)<br>വേണ്ടത്ര സാധ്യതാ പഠനങ്ങൾ നടത്താതെ പദ്ധതികൾ നിർവഹിക്കപ്പെടുമെന്നതിന്റെ ബാക്കി പത്രങ്ങളാണ് നാശോന്മുഖമായ ആസ്തികൾ. ജന പങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിലെ അപാകതകളും മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ലാത്തതും ഭൂരിഭാഗം പദ്ധതികളുടെയും പാളിച്ചകൾക്ക് വഴിതെളിയിച്ചു. ലക്ഷങ്ങൾ മുടക്കി സൃഷ്ടിച്ച ആസ്തികളിൽ പലതും യാതൊരു വരുമാനവും ലഭിക്കാതെയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെയും കിടക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി . പദ്ധതി വിഹിതം ഭാഗികമായി ചെലവാക്കിയതിന് ശേഷം പദ്ധതി പൂർത്തിയാക്കാതെ പാതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത മിക്ക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കണ്ട് വരുന്നു. പദ്ധതി വിഹിതം ഏത് വിധേനയും ചെലവാക്കുക എന്നതിലുപരി പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് നിർവഹണ ഉദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ യഥാസമയം മോണിറ്ററിംഗ് നടക്കുന്നില്ല. പൂർത്തിയായ പദ്ധതികൾ തന്നെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിലെ പിഴവ് മൂലം ലക്ഷ്യം കൈവരിക്കാനാവാതെ നിഷ്ക്രിയ ആസ്തികളായി മാറ്റപ്പെടുന്നു.<br>നിരവധി ജീവനക്കാരുടെ അദ്ധ്വാനവും പൊതു ധനവും പൊതു സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രൊജക്ടും തയ്യാറാക്കുന്നത്. സമൂഹത്തിലെ വിവിധ ജന വിഭാഗങ്ങളുടെ ഉന്നമനത്തിനും പ്രദേശത്തിന്റെ വികസനത്തിനുമായി തയ്യാറാക്കുന്ന ഈ പ്രൊജക്ടുകൾ പലവിധ കാരണങ്ങളാൽ പാതി വഴിയിൽ ഉപേക്ഷിക്കുകയോ പ്രവൃത്തി | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സമാഹൃത റിപ്പോർട്ട് 2011-12 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2.7 പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ കൊളപ്പറമ്പ് ഭാഗത്ത് പാണ്ടിക്കാട് വില്ലേജ്, ബ്ലോക്ക് നം. 148 പഞ്ചായത്ത് വക 5 ഏക്കർ സ്വന്തം ഭൂമിയിൽ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനായി 2008-09, 2009-10 വർഷങ്ങളിൽ ഫണ്ട് വകയിരുത്തുകയും 893 ച.മീ വിസ്തീർണ്ണത്തിൽ 3 ഷെഡുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ഒരു ഷെഡ് ന്യൂട്രിമിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നു. ബാക്കി ഭാഗം ഒഴിഞ്ഞ് കിടക്കുന്നതിനാൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നതായി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.<br>ടി സ്ഥലവും കെട്ടിടവും, വനിത വ്യവസായ കേന്ദ്രം, എസ്.സി വനിതകൾക്കുള്ള പ്രത്യേക കേന്ദ്രം എന്നിവ ഉദ്ദേശിച്ച് നിർമ്മിക്കുകയും എന്നാൽ പ്രസ്തുത വിഭാഗത്തിൽ നിന്ന് മതിയായ അപേക്ഷകൾ ഇല്ലാത്തതിനാൽ പൊതു വിഭാഗത്തിന് നൽകുന്നതിന് ത.സ്വ.ഭ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10/04/2014 ലെ 2473/ഡി2/14 നമ്പർ നം ഉത്തരവ് പ്രകാരം അനുമതി കിട്ടിയിട്ടുണ്ട്.<br>ഇത് സംബന്ധിച്ച് അന്വേഷണം നടത്തി സർക്കാർ വ്യവസായകേന്ദ്രമായി ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്ത് 21/06/2012 ന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ബഹു. വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം അവർക്ക് 24/07/2012 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഓർമ്മക്കുറിപ്പുകൾ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ ഉത്തരവുകൾ ഒന്നും ലഭ്യമായിട്ടില്ല.<br>ഈ വ്യവസായ കേന്ദ്രത്തിന്റെ അനുകൂല സാധ്യത പരിഗണിച്ച്, ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നിഷ്ക്രിയ ആസ്തി ഉപയോഗപ്രദമാക്കുന്നതിന് 2018-19 വർഷത്തിൽ പദ്ധതിയിൽ തുക വകയിരുത്തി പദ്ധതികൾ നടത്തിവരുന്നു.<br><br>ടി കെട്ടിടത്തിന് വൈദ്യുതീകരണം നടത്തുന്നതിന് ഫണ്ട് വകയിരുത്തി ജില്ലാ സാങ്കേതിക സമിതിയുടെ എസ്റ്റിമേറ്റും ടിഎസ് ഉം ലഭ്യമാക്കുന്നതിനും ഈ കേന്ദ്രത്തിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ത.സ്വ.ഭ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.<br>അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം എന്നിവ 2018-19 വർഷത്തിൽ തന്നെ പൂർത്തീകരിക്കുകയും ആയത് |

പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുന്നത് പദ്ധതി പരാജയമായി കണക്കാക്കാവുന്നതാണ്. പൂർത്തീകരിച്ച പല പദ്ധതികളുടെ ഉപയോഗപ്പെടുത്താതെ മൃത നിക്ഷേപമായി തുടരുന്ന അവസ്ഥയുണ്ട്. വ്യക്തമായ സാധ്യതാ പഠനങ്ങൾ നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും അതിന് വേണ്ടി പദ്ധതി പണം പാഴാക്കുകയും ചെയ്യുന്ന പ്രവണത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കണ്ട് വരുന്നു.

പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഇപ്പോഴും വിനിയോഗിക്കപ്പെടാതെ കിടക്കുന്നു.
സംരംഭകരെ കണ്ടെത്താതെയും പ്രോത്സാഹിപ്പിക്കാതെയും അടിസ്ഥാന സൗകര്യങ്ങൾ മാത്രം വികസിപ്പിക്കുന്നത് ശരിയായ പ്രവണതയല്ല. വനിതകളുടെ സാമ്പത്തികശാക്തീകരണത്തിനായി ലക്ഷ്യമിട്ട് വനിതാ വ്യവസായ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഭീമമായ തുക വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നുണ്ട്. അത്തരം കെട്ടിടങ്ങൾ നിർമ്മിച്ച് നിഷ്ക്രിയ ആസ്തികളാക്കി മാറ്റുന്നതല്ലാതെ ഉദ്ദേശ ലക്ഷ്യം കൈവരിക്കുന്നില്ല.
ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജില്ല | സ്ഥാപനം | ആസ്തിയുടെ പേര് |
|---|---|---|---|
| 1 | മലപ്പുറം | പരിക്കോട് | വനിതാ വ്യവസായകേന്ദ്രം |
| ചെലവ് | | ഓഡിറ്റ് വർഷം റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1765083 | | 2009 -10 | 3(3) |

പ്രവർത്തനസജ്ജമാക്കുകയും ചെയ്യുമെന്നുള്ള വിവരം ഗ്രാമ പഞ്ചായത്ത് ബോധിപ്പിച്ചുകൊള്ളുന്നു.

## 2013/14 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 3.5 | വാഴക്കാട് | <u>ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥന് സസ്പെൻഷൻ</u><br><br>വാഴക്കാട് ഗ്രാമപഞ്ചായത്തിൽ 09-03-2011 മുതൽ 30-07-2013 വരെ വി ഇ ഒ ആയി സേവനമനുഷ്ടിച്ച ശ്രീ ഷിബുസ്കോ പി എം, 2011-12, 2012-13 വർഷങ്ങളിൽ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി അനുവദിച്ച തുകകളിൽ നിന്നും 5398436/- രൂപ വിവിധ അക്കൗണ്ടുകളിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ച് അപഹരിച്ചു. വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും വിവിധ ചെക്കുകൾ മുഖേന നൽകിയ 535500/ രൂപ ബാങ്കിൽ നിന്നും പണമായി പിൻവലിച്ച് യഥാസമയം ഗുണഭോക്താക്കൾക്ക് നൽകാതെ തിരിമറി നടത്തി. പണാപഹരണം എന്ന വ്യക്തമായ ലക്ഷ്യത്തോടെ മുൻകൂട്ടി ആസൂത്രണം ചെയ്താണ് വി. ഇ ഒ മേൽ തുകകൾ അപഹരിച്ചത്.<br>സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിനെ (നമ്പർ എൽ.എഫ്.എം 1445/2013 തിയ്യതി 26-07-2013) തുടർന്ന് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥന് ജോലിയിലേക്ക് ഏർപ്പെടുത്തുകയും അറസ്റ്റ് ചെയ്യുകയും ചെയ്തു. | വാഴക്കാട് ഗ്രാമപഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പി.എം ഷിബുസ്കോ 2011-12, 2012-13 വർഷങ്ങളിൽ വിവിധ പ്രോജക്ടുകളിൽ നിർവ്വഹണത്തിനായി അനുവദിച്ച തുകകളിൽ നിന്നും 5398436/- രൂപ ചെക്ക് മുഖേന പണമാക്കി അപഹരിച്ചതായി കണ്ടെത്തിയതിനെ തുടർന്ന് 24/06/2016 ലെ 16863/എ.സ്റ്റാ.എ4/13 സി.ആർ.ഡി ഉത്തരവ് പ്രകാരം ടിയാനെ ക്രിമിനൽ കുറ്റത്തിന് വാഴക്കാട് പോലീസ് 331/13 നമ്പറായി കേസ് ഫയൽ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്.<br>അപഹരിച്ച തുക റവന്യൂ റിക്കവറി നടപടിയിലൂടെയോ സിവിൽ സ്യൂട്ട് ഫയൽ ചെയ്തോ ഈടാക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾക്കായി കോഴിക്കോട് ജില്ലാ കലക്ടർക്ക് റവന്യൂ റിക്കവറിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>റവന്യൂ റിക്കവറി നടപടിക്കെതിരെ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഷിബുസ്കോ കേസ് ഫയൽ ചെയ്യുകയും ടിയാന്റെ സ്റ്റേ പെറ്റിഷൻ പരിഗണിക്കുന്നതിന് ട്രിബ്യൂണൽ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. സർക്കാർ ഷിബുസ്കോ സമർപ്പിച്ച സ്റ്റേ പെറ്റിഷൻ പരിഗണിക്കുകയും സർക്കാർ ഉത്തരവ് (സാധാ) നമ്പർ 882/2018/ത.സ്വ.ഭ.വ തിയ്യതി 27-03-2018 പ്രകാരം റിക്കവറി നിർത്തി വെക്കുന്നതിന് പര്യാപ്തമായ കാരണങ്ങളുടെ അഭാവത്തിൽ ടിയാന്റെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br>സർക്കാരിന്റെ മേൽ ഉത്തരവിനെ തുടർന്ന് നിലവിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് യാതൊരു സ്റ്റേയും നിലവിലില്ല എന്ന് കാണിച്ച് കോഴിക്കോട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | 3.6 | ഇരിമ്പിളിയം | <u>ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് പലിശ സഹിതം തിരികെ ലഭ്യമായി</u><br><br>ആശ്രയ പദ്ധതിക്കായി മുൻകൂർ പിൻവലിച്ച് ചെലവാക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചു വന്ന 17 ലക്ഷം തിരികെ അടവാക്കണമെന്ന് ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2007-08, 2008-09, 2009-10 വർഷ ഓഡിറ്റ് റിപ്പോർട്ട് (നം.എൽ. എഫ്.എ13/1856/2012 തിയതി 18/07/2012) ഖണ്ഡിക 3(2) ൽ | സർക്കാർ നിർദ്ദേശപ്രകാരം തുകയും പലിശയും തിരികെ അടവാക്കിയിട്ടുള്ളതാണ് എന്ന വിവരം ബോധിപ്പിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 73581/എ.ബി 2/2012/തസ്വഭവ തീയതി 28/12/2012 നം കത്തിലൂടെ സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ തുക തിരികെ അടവാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി 21.03.2013 ലെ 23581/എ.ബി 2/2012 തസ്വഭവ നമ്പർ കത്തിലൂടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതിന് പ്രകാരം 17 ലക്ഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരികെ ഒടുക്കി (ചലാൻ നം.172/03.05.2013). ഓഡിറ്റ് ആവശ്യപ്പെട്ടതു പ്രകാരം (എൽ.എഫ്.എ13/2471/130ം നമ്പർ കത്ത് തീയതി 07.01.14) പ്രസ്തുത തുകക്ക് ലഭ്യമായ പലിശ 3,27,073/- രൂപ കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ട്രഷറിയിൽ തിരികെ ഒടുക്കി. (ചലാൻ നമ്പർ 61/15.07.2014) | |

## 2016/17 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി വിശദീകരണ പത്രിക

| ക്രമ നമ്പർ | റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | ശുപാർശ/ നിർദ്ദേശം | ശുപാർശ/ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 5.2 | മമ്പാട് | റോഡ് ടാറിംഗ് പ്രവൃത്തികൾ – ബിറ്റുമിന് അധിക നിരക്ക് നൽകി- മമ്പാട് ഗ്രാമപഞ്ചായത്തിൽ 2016–18 വർഷത്തിൽ നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ 16 എണ്ണം ഗുണഭോക്തൃസമിതികൾ വഴി നടപ്പാക്കിയവയാണ്. ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ മരാമത്തു പണികളുടെ തുക നൽകുമ്പോൾ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതികൾ യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണ് കുറവു് അതാണ് നൽകേണ്ടത്. ഡി.എസ്.ആർ 2014 അനുസരിച്ചു തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ബിറ്റുമിൻ ന്റെ വില ടണ്ണിന് 50000 + കോസ്റ്റ് ഇൻഡക്സ് 30.48% ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ ഹാജരാക്കിയ ബിൽ പ്രകാരം വില ഇതിലും വളരെ കുറവാണ്. എന്നാലും ഗുണഭോക്തൃ സമിതികൾ സമർപ്പിച്ച ചെലവു കണക്കുകളിൽ ബിറ്റുമിൻ വില ബിൽ പ്രകാരം എടുക്കുകയും പ്രവൃത്തിയുടെ കൂലിച്ചെലവ് വളരെയധികം കൂട്ടിക്കാണിച്ച് ആകെ ചെലവ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുകയേക്കാൾ കൂട്ടിക്കാണിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ നടപടി ക്രമപ്രകാരമല്ലാത്തതായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച 2016–18ലെ പ്രവൃത്തികൾ, അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണം നടത്തി, ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിൽ വരുത്തിയതുമാണ്. ടാറിംഗ് പ്രവൃത്തിക്ക് ആവശ്യമായിട്ടുള്ള മെഷീനറികൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോ , വിദഗ്ദ്ധ തൊഴിലാളികളോ ഇല്ലാതിരുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിലും ടി ഉയർന്ന വാടകയും വേതനവും നൽകിയാണ് ടി ഗുണഭോക്തൃ സമിതികൾ കാലവർഷം വരുന്നതിനു മുമ്പേ പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിച്ചത്. പെട്രോളിയം ഉൽപന്നങ്ങൾക്ക് സ്ഥിരമായി വിലയില്ലാത്തതിനാലാണ് ടാർ വാങ്ങിക്കുന്ന സമയത്ത് വിലയിൽ എസ്റ്റിമേറ്റ് നിരക്കിൽ നേരിയ കുറവുണ്ടായത് . അതേ സമയം ടാർ ഇതര മെറ്റീരിയലുകൾക്ക് എസ്റ്റിമേറ്റ് റേറ്റിനേക്കാൾ കൂടുതൽ വില നൽകി വാങ്ങിയിട്ടുമുണ്ട്. ആകെ ബിൽ തുക, പ്രോജക്ട് തുകയുടെ പരിധിക്ക് വിധേയമായിട്ട് നൽകിയിരിക്കുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക ബാധ്യത ഉണ്ടായിട്ടില്ല. മഴക്കാലത്തിനു മുമ്പേ ടി പ്രവർത്തികൾ പൂർത്തീകരിക്കുകയും തൻമൂലം പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാ സൗകര്യം വലിയ തോതിൽ വർദ്ധിച്ചിട്ടുമുണ്ട്. ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ഗുണനിലവാരത്തോടെ പൂർത്തീകരിച്ച പ്രസ്തുത പ്രവർത്തികൾ ഇപ്പോഴും നല്ല നിലയിൽ തന്നെയുള്ളതിനാൽ ഈ പരാമർശങ്ങൾ തീർപ്പാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. |

| പ്രവൃത്തിയുടെ പേര്, ബിറ്റുമിൻ അളവ് | DSR 2014 പ്രകാരമുള്ള ബിറ്റുമിൻ വില | ഗുണഭോക്തൃ സമിതികൾ ഹാജരാക്കിയ ബിൽ പ്രകാരം വില | എഞ്ചിനീയറുടെ മൂല്യ നിർണ്ണയ പ്രകാരമുള്ള പ്രവൃത്തിയുടെ തുക | ഗുണഭോക്തൃ ടെ കണക്കു തുക |
|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | കാട്ടിക്കുന്ന് - അറക്കൽ ഇബ്രാഹിം റോഡ് 4 X 161.8 kg | 42730 | 19819 | 150000 | 159549 | | |
| | | | [illegible] [illegible] പാലം റോഡ് 4 X 161.8 kg | 42730 | 20701 | 139910 | 140067 | | |
| | | | കിഴക്കേത്തല [illegible] റോഡ് 5 X 161.8 kg | 53413 | 25876 | 200000 | 202150 | | |
| | | | [illegible] മഠോട്ട് റോഡ് ടാറിംഗ് 7 X 161.8 kg | 74778 | 36227 | 298986 | 300780 | | |
| | | | [illegible] [illegible] പുന്നക്കെട്ടി റോഡ് 7 X 161.8 kg | 74778 | 36227 | 298986 | 300780 | | |
| | | | പാപ്പാടൻ മുരിക്കുട്ടി റോഡ് ടാറിംഗ് 4 X 161.8 kg | 42730 | 20849 | 106849 | 100000 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | കുറത്തിയാർ പൊയിൽ ൽ ചെമ്മം റോഡ് ടാറിംഗ് 5 X 161.8 kg | 53413 | 2606315 | 150000 | 151813 | | |
| | | | പുളിയാട് ശോഭനപ്പടി റോഡ് ടാറിംഗ് 5 X 161.8 kg | 53413 | 26063 | 150000 | 151571 | | |
| | | | പുവ്വത്തിക്കുന്ന് ചെമ്മം റോഡ് ടാറിംഗ് 5 X 161.8 kg | 53413 | 26063 | 150000 | 150662 | | |
| | | | പുള ലാട ശ്രീധരൻപ്പടി റോഡ് ടാറിംഗ് 5 X 161.8 kg | 53413 | 26064 | 150000 | 141509 | | |